GOVERNMENT OF KERALA

# സാമൂഹ്യ പാഠങ്ങൾ

പുസ്തകം 3

*Prepared by the Committee appointed by Government*

വില ഒരു രൂപ

1961

# സാമൂഹ്യപാഠങ്ങൾ

## BOOK III

*Prepared by the Committee appointed by Government*

PRINTED AT
THE DESHABHIMANI PRINTING & PUBLISHING HOUSE, LTD
CALICUT.

1961

©

GOVERNMENT OF KERALA

1961

# വിദ്യാർത്ഥികളുടെ പ്രത്യേകശ്രദ്ധയ്ക്കു്

A. സാമൂഹ്യപാഠക്ലാസ്സിലേക്കു് വിദ്യാർത്ഥികൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ:

1) ഒരു നല്ല അററ്ലസ്സ് (അടുത്ത കാലത്തു പ്രസിദ്ധപ്പെടുത്തിയതു്.)

2) കളർബോക്സ്, പെൻസിൽ, റബ്ബർ.

3) ആൽബം (Album)—പടങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ ഇവ ഒട്ടിക്കുവാൻ.

4) ഒരു നല്ല നോട്ട്ബുക്കു്—(ഇതിൽ പത്രങ്ങളിൽനിന്നും പുസ്തകങ്ങളിൽനിന്നും മററും അറിയാനിടയുള്ള പ്രധാന വാർത്തകൾ, മഹദ്വചനങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ ഇവ എഴുതിച്ചേർക്കുകയോ വെട്ടി ഒട്ടിക്കുകയോ ചെയ്യണം.)

5) മാപ്പുകൾ വരയ്ക്കാനും മററഭ്യാസങ്ങൾ ചെയ്യാനും പററിയ പുസ്തകം.

B. വിദ്യാർത്ഥികൾ സ്കൂൾ ഗ്രന്ഥശാലയുമായി അടുത്ത പരിചയം സമ്പാദിക്കണം. ഓരോ പാഠവും കഴിഞ്ഞാൽ, അതിനെപ്പററിയോ, അതിനോടു ബന്ധമുള്ളതോ ആയ പുസ്തകങ്ങളും അദ്ധ്യായങ്ങളും ഏതെന്നു കണ്ടുപിടിച്ചു് കൂടുതൽ അറിവു വർദ്ധിപ്പിക്കാൻ ഉൽസുകരായിരിക്കണം.

C. ഓരോ അദ്ധ്യായത്തിന്റെയും ഒടുവിൽ വളരെ രസപ്രദങ്ങളായ ചില പ്രായോഗികപ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. സാമൂഹ്യപാഠക്ലാസ്സുകൾ ഏററവും പ്രയോജനകരമാകേണമെങ്കിൽ

ഇവയെല്ലാം വിദ്യാർത്ഥികൾ ചെയ്തു തീർക്കണം. അറിയാത്ത വിവരങ്ങൾ മററുള്ളവരോടു ചോദിച്ചു മനസ്സിലാക്കുകയോ, പുസ്തകങ്ങളിൽനിന്നു് കണ്ടുപിടിക്കുകയോ ചെയ്യുക.

D. വർത്തമാനപത്രങ്ങൾ പതിവായി വായിച്ചാൽ മാത്രമേ സാമൂഹ്യപാഠങ്ങളുടെ പഠനം പൂർത്തിയാകൂ. യഥാർത്ഥമായ വിവരങ്ങൾ മനസ്സിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. റേഡിയോവിലൂടെ വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നതു് ദിവസേന കേട്ടു മനസ്സിലാക്കണം. ഇപ്പോൾ ഏതു കുഗ്രാമത്തിലും റേഡിയോ സുലഭമാണല്ലോ.

---

# വിഷയവിവരം


അദ്ധ്യായം — പേജ്

1. **പാശ്ചാത്യരുടെ ആഗമനം**

പുരാതന പാശ്ചാത്യ പൗരസ്ത്യ സമ്പർക്കം- നൂതന മാർഗ്ഗാന്വേഷണം—പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ—ഇംഗ്ലീഷ്-ഫ്രഞ്ച് മത്സരം—കർണ്ണാടകയുദ്ധങ്ങൾ —ബംഗാളിലെ ബ്രിട്ടീഷ് ആധിപത്യം—ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണം—ബ്രിട്ടീഷ് ഭരണത്തിന്റെ നന്മതിന്മകൾ

(20 പീരീഡ്.) — 1

2. **ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം**

1857-ലെ ഇന്ത്യൻ വിപ്ലവം—ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് — മഹാത്മാഗാന്ധി — സ്വാതന്ത്ര്യപ്രഖ്യാപനം —സർദാർ പട്ടേലും ജവഹർലാൽ നെഹ്റുവും

(20 പീരീഡ്) — 50

3. **ഇന്ത്യാ യൂണിയൻ**

വിഭാഗം 1—കേന്ദ്രവും സംസ്ഥാനങ്ങളും—മതേതര രാഷ്ട്രം

ഇന്ത്യൻ പൗരത്വവും മൗലികാവകാശങ്ങളും
(10 പീരിഡ്)

വിഭാഗം 2 — ഇന്ത്യാ ഗവണ്മെന്റ് — ഭരണവകുപ്പുകൾ
(10 പീരിഡ്.) 94

4. **ബ്രിട്ടനിലെ പാർലമെൻടറീ ഭരണസമ്പ്രദായത്തിന്റെ വളർച്ച**
(10 പീരിഡ്) 109

5. **അമേരിക്കൻ വിപ്ലവം**

ഫ്രഞ്ച് വിപ്ലവം— റഷ്യൻ വിപ്ലവം — ചൈനയിലെ വിപ്ലവം — ഏഷ്യയിലേയും ആഫ്രിക്കയിലേയും നവോത്ഥാനം — ഏകലോകാദർശം—ഐക്യരാഷ്ട്രസംഘടന—ഇന്ത്യയും പഞ്ചശീലങ്ങളും
(20 പീരിഡ്) 119

6. **സൂര്യനും ഭൂമിയും**

മേഖലകൾ—ശീതോഷ്ണ സ്ഥിതിയും കാലാവസ്ഥയും — ഭൂമിയിലെ പ്രകൃതിവിഭാഗങ്ങളും ജീവിതരീതിയും
(20 പീരിഡ്) 172

# LIST OF ILLUSTRATIONS


| | | പേജ് |
|---|---|---|
| 1. | ഹൈദർ ആലി | 18 |
| 2. | ടിപ്പു | 24 |
| 3. | ബ്രിട്ടീഷ് ഇൻഡ്യ, 1792 | 26 |
| 4. | ഇൻഡ്യ വെല്ലസ്ലിയുടെ കാലം | 29 |
| 5. | ഇൻഡ്യ, 1823 | 32 |
| 6. | രണജിത്സിംഹൻ | 38 |
| 7. | ഡൽഹൌസി | 42 |
| 8. | ഡൽഹൌസിയുടെ കാലത്തെ ഇൻഡ്യ | 43 |
| 9. | ജാൻസിറാണി | 54 |
| 10. | കാനിങ്ങ്പ്രഭു | 57 |
| 11. | സുഭാഷ് ചന്ദ്രബോസ് | 75 |
| 12. | മൌണ്ട്ബാററൻപ്രഭു | 80 |
| 13. | മഹാത്മാഗാന്ധി | 83 |
| 14. | സർദാർ പട്ടേൽ | 85 |
| 15. | പണ്ഡിററ് ജവഹർലാൽ നെഹറു | 89 |
| 16. | നമ്മുടെ രാഷ്ട്രപതി | 102 |
| 17. | അമേരിക്കൻ വിപ്ലവം 1775—83 | 120 |
| 18. | ജോർജ് വാഷിങ്ങ്ടൺ | 124 |
| 19. | റൂസ്സോ | 128 |
| 20. | ലെനിൻ | 136 |
| 21. | സൺയാത്സെൻ | 139 |
| 22. | ചൈനയിലെ വിപ്ലവം 1912 | 140 |
| 23. | മുസ്സോലിനി | 145 |
| 24. | കെമാൽ പാഷ | 146 |

| | | |
|---|---|---|
| 25. | ഏഷ്യയിലെ നവോത്ഥാനം | 147 |
| 26. | ആഫ്രിക്കയിലെ നവോത്ഥാനം | 152 |
| 27. | ക്വാമി നക്രൂമ | 154 |
| 28. | ബന്ദുങ്ങ് രാഷ്ട്രങ്ങൾ | 157 |
| 29. | സൌരയൂഥം | 174 |
| 30. | രാവും പകലും | 178 |
| 31. | സൂര്യനെ ചുററുമുള്ള ഭൂമിയുടെ ചലനം | 179 |
| 32. | മേഖലകൾ | 181 |
| 33. | വായുവിന്റെ ചലനം | 190 |
| 34. | പ്രാകൃതികവിഭാഗങ്ങൾ | 199 |

# സാമൂഹ്യപാഠങ്ങൾ

III

അദ്ധ്യായം 1

## പാശ്ചാത്യരുടെ ആഗമനം

### 1. പുരാതന പാശ്ചാത്യ പൗരസ്ത്യ സമ്പർക്കം

ഇന്ത്യയും പാശ്ചാത്യ ദേശങ്ങളുമായി വളരെ പുരാതനകാലം മുതല്ക്കുതന്നെ നിരന്തരമായ വാണിജ്യബന്ധങ്ങളുണ്ടായിരുന്നു. പുരാതന സംസ്കാരകേന്ദ്രങ്ങളായ ഈജിപ്ത്, ബാബിലോണിയ, റോം തുടങ്ങിയ രാജ്യങ്ങളും സമ്പൽസമൃദ്ധമായ ഇന്ത്യയും തമ്മിൽ പല പ്രകാരത്തിലും ഉററ സമ്പർക്കം പുലർത്തിപ്പോന്നു. കുരുമുളക്, ഏലം, ചുക്ക്, മുത്ത്, മസ്ലിൻ, പട്ട് മുതലായി ഇന്ത്യയിൽ സുലഭവും പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടാകാത്തവയും അവിടങ്ങളിൽ വളരെ പ്രിയതരവുമായ വിലയേറിയ പല സാധനങ്ങളും ഇവിടെനിന്ന് മുറയ്ക്ക് കയററുമതി ചെയ്തുവന്നു. അനേകം വൈദേശിക വിപണികൾ ഇന്ത്യൻ കച്ചവടക്കാരുടെ നിയന്ത്രണത്തിലുണ്ടായിരുന്നു. വാണിജ്യലോകത്തിൽ അസൂയാർഹമായ സ്ഥാനം കൈവശപ്പെടുത്തിയിരുന്ന ഇന്ത്യ കരമാർഗ്ഗമായി അഫ്ഗാനിസ്ഥാൻ, പേർഷ്യ എന്നീ രാജ്യങ്ങളിൽക്കൂടിയും ജലമാർഗ്ഗമായി ചെങ്കടലിൽക്കൂടിയും വ്യാപാരസാധനങ്ങൾ ഏഷ്യാമൈനറിൽ എത്തിക്കുകയായിരുന്നു പതിവ്. അവിടെനിന്ന് മദ്ധ്യധരണിക്കടൽവഴി അവയെ യൂറോപ്യൻ

രാജ്യങ്ങളിലേയ്ക്കു കൊണ്ടുപോകുകയാണു ചെയ്തുവന്നതു്. എന്നാൽ, കാലാന്തരത്തിൽ പ്രസ്തുത വ്യാപാരം അറബികളുടെ കൈവശമായിത്തീൎന്നു. ഇവരിൽനിന്നു് വെനീസിലേയും ജിനോവയിലേയും വ്യാപാരികൾ ഇന്ത്യൻ കച്ചവടച്ചരക്കുകൾ വാങ്ങിയിരുന്നു. ഈ വ്യാപാരം മൂലം അറബികൾക്കു് വമ്പിച്ച ആദായം ലഭിച്ചിരുന്നു. തന്നിമിത്തം യൂറോപ്യൻ രാജ്യക്കാർ അസൂയാലുക്കളായിത്തീൎന്നു. മുസ്ലീങ്ങളുടെ ശക്തിയും പ്രതാപവും പതിനഞ്ചാം നൂററാണ്ടായപ്പോഴേക്കും വളരെ വർദ്ധിച്ചു. മദ്ധ്യധരണിക്കടലിന്നു് സമീപമുള്ള രാജ്യങ്ങൾ പലതും തുൎക്കികളുടെ അധീനതയിലായി. അതോടുകൂടി യൂറോപ്യന്മാൎക്കു് നിർബാധവും സ്വച്ഛന്ദവുമായ ഗതാഗതവും വാണിജ്യവും അസാദ്ധ്യമാവുകയും ഇന്ത്യയിൽനിന്നു് കച്ചവടച്ചരക്കുകൾ യഥാകാലം ആവശ്യാനുസരണം അവൎക്കു് കിട്ടാതാവുകയും ചെയ്തു.

## 2. നൂതനമാർഗ്ഗാന്വേഷണം

പല ഇന്ത്യൻ വിഭവങ്ങളും യൂറോപ്യന്മാൎക്കു് അത്യന്താപേക്ഷിതങ്ങളായിരുന്നു. തന്മൂലം കപ്പലോടിച്ചു് ഇന്ത്യയിലെത്താവുന്ന ഒരു മാൎഗ്ഗം കണ്ടുപിടിക്കുന്നതിന്നു് അവർ അക്ഷീണമായി യത്നിച്ചുതുടങ്ങി. പതിനഞ്ചാം നൂററാണ്ടിൽ ഇതിലേക്കു് അശ്രാന്തപരിശ്രമം ചെയ്ത യൂറോപ്യന്മാർ സ്പെയിൻകാരും പോർട്ടുഗീസുകാരുമാണു്. സ്പെയിൻരാജാവിന്റെ സഹായത്തോടുകൂടി, ഇററലിക്കാരനായ ക്രിസ്റ്റോഫർ കൊളംബസ് ഇന്ത്യയിലെത്തുവാൻ നേരേ പടിഞ്ഞാറോട്ടു് കപ്പലോടിച്ചു്, 1492-ൽ അമേരിക്കയുടെ അടുത്തുള്ള ബഹാമാ ദ്വീപുകളിൽ എത്തിച്ചേൎന്നു. മറെറാരു പ്രസിദ്ധ നാവികവീരനും പോർട്ടു

ഗൽ സ്വദേശിയുമായ വാസ്കോഡിഗാമ ഏതാനും അനു ചരന്മാരോടുകൂടി ആഫ്രിക്ക ചുററി, ഗുഡ്ഹോപ്പ് മുനമ്പു വഴിയായി 1498-ൽ കോഴിക്കോട്ടെത്തി. ഗാമ അന്ന് കോഴിക്കോട്ട ഭരിച്ചിരുന്ന സാമൂതിരിപ്പാടിനെ മുഖംകാണിച്ച കാഴ്ചവച്ച്, പ്രസാദിപ്പിച്ചു. സാമൂതിരി ഗാമയെ സസന്തോഷം സ്വീകരിച്ച് പോർട്ടുഗീസുകാരുമായി നേരിട്ട് വാണിജ്യബന്ധത്തിലേപ്പെടുവാൻ സമ്മതിച്ചു. ഇങ്ങനെ, പാശ്ചാത്യദേശക്കാർ ഇന്ത്യയിൽ ആദ്യമായി കാലൂന്നി. ഇന്ത്യയിലെ യൂറോപ്യൻ ആധിപത്യത്തിൻെറ ആരംഭം കുറിക്കുന്ന ഈ സംഭവം നമ്മുടെ ചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. ഇതോടെ ഇന്ത്യാചരിത്രത്തിൽ ഒരു നവയുഗം പുലന്നു.

## 3. പോർട്ടുഗീസുകാർ

ഇന്ത്യയുടെ പശ്ചിമതീരവുമായി വളരെക്കാലം നിർബാധമായി കച്ചവടം നടത്തിവന്ന അറബികൾക്ക് ഈ വിദേശവ്യാപാരികളുടെ വരവ് അനിഷ്ടമായിത്തീന്നു. അവർ മത്സരബുദ്ധിയോടുകൂടി പോർട്ടുഗീസുകാരെ ഇന്ത്യൻ തീരങ്ങളിൽനിന്നു നിഷ്കാസനം ചെയ്യാൻ പല അടവുകളും പ്രയോഗിച്ചു. തൽഫലമായി സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിൽ രസക്ഷയം ഉണ്ടായി. പോർട്ടുഗീസുകാർ വേറെ വ്യാപാരകേന്ദ്രങ്ങൾ അന്വേഷിക്കേണ്ടതായിവന്നു. കോഴിക്കോട്ട സാമൂതിരിയും കൊച്ചിരാജാവും തമ്മിൽ അക്കാലത്തു ശത്രുതയിലാണ് വത്തിച്ചുവന്നതു്. അതിനാൽ സാമൂതിരിയുടെ ശത്രുക്കളായ പോർട്ടുഗീസുകാക്ക് കൊച്ചിരാജാവ് അഭയം നൽകി. അദ്ദേഹം പോർട്ടുഗീസുകാരുമായി ഒരു വാണിജ്യ ഉടമ്പടിയിൽ ഏപ്പെടുകയും അവക്കാവ

ശ്യമുള്ള സുഗന്ധവ്യഞ്ജനങ്ങൾ സംഭരിച്ചു കൊടുക്കു കയും ചെയ്തു. പോർട്ടുഗീസുകാരും അറബികളും തമ്മിൽ നടന്ന നിരന്തരമായ മത്സരത്തിൽ വിജയം നേടിയതു് പോർട്ടുഗീസുകാരായിരുന്നു. ക്രമേണ അവർ കൊല്ലം, കൊടുങ്ങല്ലൂർ മുതലായ വ്യാപാരകേന്ദ്രങ്ങൾകൂടി കൈ വശമാക്കി, അവിടങ്ങളിൽനിന്നെല്ലാം അറബികളെ ബഹിഷ്കരിച്ചു. ഇന്ത്യൻ മഹാസമുദ്രത്തിന്റെ ആധിപ ത്യവും അവക്കു ലഭിച്ചു.

അൽബുക്കക്ക്

അൽഫോൺസോ അൽബുക്കക്ക് എന്ന ഗവണ്ണ രുടെ കാലത്തു് പോർട്ടുഗീസ് ശക്തി ഒരു പുതിയ അദ്ധ്യായത്തിലേക്കു് പ്രവേശിച്ചു. മുൻ ഗവണ്ണർമാരെ പ്പോലെ വാണിജ്യംകൊണ്ടുമാത്രം അദ്ദേഹം തൃപ്തനാ യില്ല. ഇന്ത്യയിൽ പോർട്ടുഗീസ് ആധിപത്യം സ്ഥാ പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമ ലക്ഷ്യം. അതിനുവേണ്ടി വാണിജ്യസങ്കേതങ്ങളിൽ കോട്ടകൾ കെട്ടി ഉറപ്പിക്കുക, സൈന്യങ്ങളെ സജ്ജീക രിക്കുക, നാട്ടുരാജാക്കന്മാർ തമ്മിലുള്ള മത്സരങ്ങളിൽ നയചതുരതയോടെ ഇടപെട്ടു് സ്വന്തം കാര്യങ്ങൾ നേടുക, കൂടുതൽ കൂടുതൽ സ്ഥലങ്ങൾ കൈവശപ്പെടു ത്തുക മുതലായ പ്രവത്തനങ്ങളിൽ അദ്ദേഹം ബദ്ധശ്രദ്ധ നായി. ബിജപ്പൂർ സുൽത്താന്റെ വക ഗോവ എന്ന തുറമുഖം 1510-ൽ അദ്ദേഹം ആക്രമിച്ചു കീഴടക്കി, അവ രുടെ ശക്തിസങ്കേതമാക്കിത്തീർത്തു. അടുത്ത കൊല്ലം മലാക്കാ തുറമുഖം പിടിച്ചെടുത്തു. അതിനു് തെക്കുള്ള ജാവാ തുടങ്ങിയ ദ്വീപുകളുമായി വാണിജ്യബന്ധം സ്ഥാ പിച്ചു. പേർഷ്യൻ ഉൾക്കടലിലുള്ള ഓർമസ് ദ്വീപ്

അദ്ദേഹത്തിന്നധീനമായി. വിജയനഗരസാമ്രാജ്യവുമായി സ്നേഹനിലയിൽ വത്തിച്ചപോന്നു. നാട്ടകാരുമായി വിവാഹബന്ധത്തിലേപ്പെടാൻ അദ്ദേഹം പോർട്ടുഗീസു കാരെ പ്രോത്സാഹിപ്പിച്ചു. നാട്ടകാരോട്ട് അദ്ദേഹം പൊതുവിൽ സൗഹാദ്ദ്രപൂവ്വം പെരുമാറിയിരുന്നെങ്കിലും മുസ്ലീങ്ങളെ പലവിധത്തിൽ ഉപദ്രവിക്കുകയുണ്ടായി. അൽബുക്കക്കിൻെറ പരിശ്രമഫലമായി ഇന്ത്യയിൽ പോർട്ടുഗീസ് ആധിപത്യം അത്യുച്ചാവസ്ഥയെ പ്രാപിച്ചു.)

അൽബുക്കക്കിൻെറ പിൻഗാമികളും അദ്ദേഹത്തിൻെറ നയംതന്നെ തുടൻവന്നു. പോർട്ടുഗീസുകാരുടെ വാണിജ്യാധിപത്യം നൂറിൽപ്പരം വഷം നീണ്ടുനിന്നു. തന്മൂലം വലിയ നഷ്ടം നേരിട്ടതു് അറബികൾക്കായിരുന്നു. അവരുടെ വാണിജ്യംപോലെതന്നെ സ്വാധീനവും നിശ്ശേഷം തകൻ.

പോർട്ടുഗീസ് ശക്തിയുടെ അധഃപതനം

പതിനേഴാം ശതാബ്ദത്തിൻെറ ആരംഭത്തോടുകൂടി ഇന്ത്യയിൽ പോർട്ടുഗീസ് ആധിപത്യം ക്ഷയിക്കുവാൻ തുടങ്ങി. (ഒരു ചെറിയ രാജ്യമായ പോർട്ടുഗലിന് വിദൂര പൂവ്വദേശത്ത് ഒരു സാമ്രാജ്യം സ്ഥാപിക്കുക എന്നതു് അവരുടെ കഴിവിന് അതീതമായിരുന്നു. പതിനേഴാം നൂററാണ്ടിൻെറ പ്രഭാതത്തിൽ ഇന്ത്യൻ കടലോരങ്ങളിൽ വന്നെത്തിയ ഡച്ചുകാരും ഇംഗ്ലീഷുകാരും അവരെക്കാൾ ശക്തന്മാരായിരുന്നു. ഇന്ത്യയിലെ പ്രബലശക്തികളായ മഹാരാഷ്ട്രന്മാരും പോർട്ടുഗീസുകാരുടെ ബദ്ധശത്രുക്കളായി.) വിജയനഗരസാമ്രാജ്യത്തിൻെറ അധഃപ

തനമായിരുന്നു, പോർട്ടുഗീസു ശക്തിക്ഷയത്തിനുള്ള മറെറാരു കാരണം. പോർട്ടുഗീസുകാർക്കു് തീരപ്രദേശങ്ങളിൽ മാത്രമേ സങ്കേതങ്ങൾ ഉണ്ടായിരുന്നുള്ളു. മഹാരാഷ്ട്രന്മാരും മുഗളന്മാരും കരയിൽനിന്നും, ഡച്ചുകാരും ഇംഗ്ലീഷുകാരും കടലിൽനിന്നും ആക്രമണം തുടങ്ങിയപ്പോൾ അവരോടൊക്കെ എതിർത്തുനില്ക്കാൻ തക്ക സൈനികബലമോ, നാവികശക്തിയോ പോർട്ടുഗീസുകാർക്കു് ഉണ്ടായിരുന്നില്ല. അവർക്കു് മത്സരത്തിന്റെ അഭാവത്തിൽ മാത്രമേ അഭിവൃദ്ധിപ്പെടുവാൻ സാധിച്ചിരുന്നുള്ളു. അവർ മതം പ്രചരിപ്പിക്കുവാൻ ശ്രമിച്ചതു് നാട്ടുകാരിൽ വെറുപ്പുണ്ടാക്കുകയും അവരുടെ അധഃപതനത്തിനു് വഴിതെളിയിക്കുകയും ചെയ്തു. ഈ കാരണങ്ങളാൽ പോർട്ടുഗീസ്ശക്തി ഇന്ത്യയിൽ അധഃപതിക്കുവാൻ ഇടയായി. ഗോവ, ഡ്യൂ, ഡാമൻ എന്നീ പ്രദേശങ്ങൾ ഇന്നും അവരുടെ അധീനതയിലാണു്. പോർട്ടുഗീസുകാർ ആ പ്രദേശങ്ങൾ വിട്ടുപോകണമെന്നു് അന്നാട്ടുകാർ ആവശ്യപ്പെടുന്നുണ്ടെങ്കിലും അവർ വിടില്ലെന്നു് ശാഠ്യംപിടിച്ചുകൊണ്ടിരിക്കുകയാണു്.

## 4. ഡച്ചുകാർ

പോർട്ടുഗീസുകാരുടെ പൌരസ്ത്യവാണിജ്യാധിപത്യം യൂറോപ്പിലുള്ള മിക്ക രാജ്യക്കാരേയും അസൂയാഭരിതരാക്കി. അവർക്കെതിരായി ആദ്യം പ്രത്യക്ഷപ്പെട്ട ശത്രുക്കൾ ഡച്ചുകാർ ആണു്. ഹോളണ്ടുരാജ്യക്കാരേയാണു് ഡച്ചുകാർ എന്നു വിളിച്ചുവരുന്നതു്. അവർ നാവികവിദ്യയിൽ അതിസമർത്ഥന്മാരായിരുന്നു. പൌരസ്ത്യപ്രദേശങ്ങളുമായി കച്ചവടം നടത്തുവാൻ ഡച്ച് ഈസ്റ്റ്ഇന്ത്യാക്കമ്പനി 1602-ൽ ഹോളണ്ടിൽ സ്ഥാപിതമായി. ഇന്ത്യൻ തീരപ്രദേശങ്ങളിൽ വന്നെത്തിയ

അവർ ആദ്യമായി പോർട്ടുഗീസുകാരുടെ ആധിപത്യം പിടിച്ചെടുക്കുവാനായിരുന്നു ശ്രമിച്ചതു്. ഇന്ത്യയുടെ പൂർവ്വ-പശ്ചിമതീരങ്ങളിലും ജാവാ, സിലോൺ മുതലായ ദ്വീപുകളിലും അവർ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു. സൂറത്തു്, നാഗപട്ടണം, ചിൻസൂറാ, കൊച്ചി എന്നീ സ്ഥലങ്ങളായിരുന്നു ഇന്ത്യയിൽ അവരുടെ പ്രധാന വാണിജ്യസങ്കേതങ്ങൾ.

ഇന്ത്യയിൽ ഡച്ച്വാണിജ്യാധിപത്യം ഏറെനാൾ നിലനിന്നില്ല. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അവരുടെ എതിരാളികളായി പ്രത്യക്ഷപ്പെട്ടു. അവർ തമ്മിൽ മത്സരങ്ങൾ വർദ്ധിച്ചു. പതിനെട്ടാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി ഇന്ത്യയിലെ ഡച്ച്സങ്കേതങ്ങൾ ഒന്നൊന്നായി അവക്കു് നഷ്ടപ്പെടുവാൻ തുടങ്ങി. ഒടുവിൽ ഡച്ചുകാക്കു് ഇന്ത്യയുമായുള്ള വ്യാപാരത്തിൽ ശ്രദ്ധ കുറഞ്ഞു. പൂർവ്വേന്ത്യൻദ്വീപുകളിൽ കൂടുതൽ ശ്രദ്ധിക്കുകയും, അവിടെ അവർ പ്രബലന്മാരായിത്തീരുകയും ചെയ്തു. 1950-ൽ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുന്നതുവരെ ഈ പ്രദേശം ഡച്ചുകാരുടെ ഭരണത്തിലായിരുന്നു. ഈ ദ്വീപ്സമൂഹം ഇപ്പോൾ അറിയപ്പെടുന്നതു് 'ഇൻഡോനേഷ്യ' എന്നാണു്.

### 5. ഇംഗ്ലീഷുകാർ

ഇന്ത്യയുമായി കച്ചവടം നടത്തുന്നതിനു് ഇംഗ്ലണ്ടിൽ പല വാണിജ്യസംഘങ്ങളും ഉടലെടുത്തിരുന്നു. എങ്കിലും 1600-ൽ എലിസബത്തുരാജ്ഞിയുടെ അനുവാദത്തോടും അംഗീകാരത്തോടുംകൂടി ഏതാനും ലണ്ടൻകച്ചവടക്കാർ ചേന്നു് ആരംഭിച്ച ഈസ്റ്റ്ഇന്ത്യാകമ്പനിക്കാണു് ഇതിൽ വിജയം നേടാൻ സാധിച്ചതു്. ക്രമേണ വ്യാ

പാരത്തിൽ പ്രസ്തുത കമ്പനി അതിവേഗം അഭിവൃദ്ധിപ്രാപിച്ചു. കമ്പനിക്കു വ്യാപാരകാൎയ്യങ്ങളിൽ വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നു് എലിസബത്ത്'രാജ്ഞിയുടെ പിൻഗാമിയായ ജെയിംസ് ഒന്നാമൻ അന്നത്തെ മുഗൾചക്രവൎത്തിയായിരുന്ന ജഹാംഗീറിനോടു് അപേക്ഷിച്ചു. തൽഫലമായി 1613-ൽ സൂററ്റിൽ വാണിജ്യസങ്കേതം സ്ഥാപിക്കുന്നതിനു കമ്പനിക്കു് അനുമതി ലഭിച്ചു. അങ്ങനെ സ്ഥാപിച്ചതാണു് ഇംഗ്ലീഷുകാരുടെ ആദ്യത്തെ പാണ്ടികശാല. നിസ്സാരമായ ആ വിത്തിൽ നിന്നുമത്രേ ഒരു മഹാസാമ്രാജ്യം മുഴച്ചു തഴച്ചതു്. ജെയിംസ്'രാജാവിന്റെ പ്രതിനിധിയായ സർ തോമസ് റോ മുഗൾരാജധാനിയിലെത്തി ജഹാംഗീറിൽനിന്നു് പല സൌജന്യങ്ങളും കമ്പനിക്കു നേടിക്കൊടുത്തു.

ആദ്യഘട്ടത്തിൽ പോൎത്തുഗീസ്-ഡച്ചുശക്തികളുമായി ഇംഗ്ലീഷുകമ്പനി നിരന്തരം മത്സരിക്കേണ്ടിവന്നു. ഇംഗ്ലീഷുകാരാണു് മത്സരത്തിൽ വിജയം കരസ്ഥമാക്കിയതു്. അതിനാൽ മററു രണ്ടു കൂട്ടരും ഇന്ത്യൻ തീരപ്രദേശങ്ങളിൽനിന്നു് മിക്കവാറും വിട്ടുപോകേണ്ടിവന്നു.

1639-ൽ ചന്ദ്രഗിരി രാജാവിന്റെ കൈയിൽനിന്നു് ചെന്നപട്ടണം എന്ന സ്ഥലം ഇംഗ്ലീഷുകാർ വിലയ്ക്കു വാങ്ങി. അവിടെ ഒരു പാണ്ടികശാല കെട്ടുകയും അതിന്റെ രക്ഷയ്ക്കായി ഫോൎട്ടു് സെൻറു് ജോൎജ്ജ് എന്ന പേരിൽ ഒരു കോട്ട കെട്ടി ഉറപ്പിക്കുകയും ചെയ്തു. ക്രമേണ അവിടെ വളൎന്നുവന്ന പട്ടണമാണു് മദ്രാസ്. 1668-ൽ പോൎത്തുഗീസുകാരുടെ വകയായിരുന്ന ബോംബെ ഇംഗ്ലണ്ടിലെ രാജാവായ ചാറത്സ് രണ്ടാമനു് സ്ത്രീധനമായി ലഭിച്ചു. പ്രതിവൎഷം പത്തു പവൻ പാട്ടത്തിനു് അദ്ദേഹം

അതു് കമ്പനിക്കു് വിട്ടുകൊടുത്തു. കാലക്രമത്തിൽ അതു് ഒന്നാംകിടയിലുള്ള ഒരു തുറമുഖമായിത്തീൎന്നു. ഇതോടെ പശ്ചിമതീരത്തു് സൂററ്റിൻെറ വാണിജ്യപ്രാധാന്യം വളരെ കുറഞ്ഞു. (17-ാം നൂററാണ്ടിൻെറ അവസാനത്തിൽ ഒരു ഇംഗ്ലീഷ്വ്യാപാരി ബംഗാളിലുള്ള കാളീഘട്ടം എന്ന കാടുപിടിച്ച ചതുപ്പുപ്രദേശം നികത്തി വെടിപ്പാക്കി ഒരു വാണിജ്യകേന്ദ്രം സ്ഥാപിച്ചു. വാണിജ്യസംരക്ഷണത്തിനുവേണ്ടി അവിടെ ഫോൎട്ടു് വില്യം എന്ന പേരിൽ ഒരു കോട്ടയും കെട്ടി. ആ സ്ഥലം ക്രമേണ അഭിവൃദ്ധി പ്രാപിച്ചു. അതാണു് സുപ്രസിദ്ധമായ കല്ക്കട്ടാനഗരം.)

പശ്ചിമതീരത്തു് ബോംബെയും പൂൎവ്വതീരത്തു് മദ്രാസും ബംഗാളിൽ കല്ക്കട്ടായും കാലാന്തരത്തിൽ ഇംഗ്ലീഷു കമ്പനിയുടെ മുഖ്യവ്യാപാരകേന്ദ്രങ്ങളായി വികസിച്ചു. ഈ സുപ്രധാനകേന്ദ്രങ്ങളിൽ ഈസ്റ്റ്ഇന്ത്യാ കമ്പനി സുശക്തമായും തന്ത്രപരമായും പ്രവൎത്തിച്ചതിനാൽ കാലക്രമേണ ഇന്ത്യയിൽ ഇംഗ്ലീഷ്ആധിപത്യം സ്ഥാപിക്കാൻ ഇടയായി.

## 6. ഫ്രഞ്ചുകാർ

ഡച്ചുകാരേയും ഇംഗ്ലീഷുകാരേയും അനുകരിച്ചു് ഫ്രഞ്ചുകാരും വാണിജ്യത്തിന്നായി ഇന്ത്യയിൽ വന്നു. അവസാനമായി ഇവിടെ വന്നുചേൎന്ന യൂറോപ്യൻ ശക്തി അവരാണു്. ഒടുവിലാണു് ഇന്ത്യയിൽ വന്നതെങ്കിലും അവർ അതിവേഗം ഒരു പ്രബലശക്തിയായിത്തീൎന്നു. 1664-ൽ ഗവൺമെൻറുടമയിൽ സ്ഥാപിച്ച ഈ ഫ്രഞ്ചു് ഈസ്റ്റു് ഇന്ത്യാ കമ്പനി മസൂലിപട്ടണത്തിലും

സൂററിലും സാൻതോമിലും പാണ്ടികശാലകൾ സ്ഥാപിച്ച് വ്യാപാരം ആരംഭിച്ചു. 1674-ൽ ഒന്നാമത്തെ ഫ്രഞ്ചു ഗവർണ്ണരായ ഫ്രാൻസിസ് മാർട്ടിൻ പൂർവ്വതീരത്തുള്ള പോണ്ടിച്ചേരി വിലയ്ക്കുവാങ്ങി, അവിടെ ഒരു കോട്ട കെട്ടി. ക്രമേണ അവിടം ഫ്രഞ്ചുകാരുടെ പ്രധാന വ്യാപാരകേന്ദ്രമായിത്തീന്നു. 1690-ൽ ബംഗാളിൽ ചന്ദ്രനഗരത്തിലും അവർ ഒരു വാണിജ്യസങ്കേതം സ്ഥാപിച്ചു. കാരിക്കൽ, മാഹി, യാനം മുതലായവയായിരുന്നു അവരുടെ മററു പ്രധാനവാണിജ്യകേന്ദ്രങ്ങൾ. പതിനേഴാം ശതകത്തിൻെറ അന്ത്യഘട്ടമായപ്പോഴേക്ക് ഇന്ത്യയുമായുള്ള പോട്ടുഗീസ്-ഡച്ച് വ്യാപാരബന്ധം ശിഥിലമായിക്കഴിഞ്ഞിരുന്നു. തന്മൂലം ഇന്ത്യയിലെ വാണിജ്യാധിപത്യത്തിനുവേണ്ടിയുള്ള മത്സരം ഇംഗ്ലീഷ്-ഫ്രഞ്ച് കമ്പനികൾ തമ്മിലായിത്തീന്നു.

## 7. ഇംഗ്ലീഷ്-ഫ്രഞ്ച് മത്സരം

പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ രാഷ്ട്രീയവും വാണിജ്യപരവുമായ കാരണങ്ങളെ ആസ്പദമാക്കി ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ മത്സരിച്ചു കഴിയുകയായിരുന്നു. പാശ്ചാത്യദേശങ്ങളിലുണ്ടായ ഈ മത്സരത്തിൻെറ പ്രതികരണം ഇന്ത്യയിലുമുണ്ടായി. ഇന്ത്യയിൽ സാമ്രാജ്യസ്ഥാപനത്തിനും വാണിജ്യാധിപത്യത്തിനുംവേണ്ടി ഇരുകൂട്ടരും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. തെക്കേ ഇന്ത്യയിലെ നാട്ടുരാജാക്കന്മാരുടെ കലഹങ്ങളിൽ ഇടപെട്ട് 'കർണ്ണാടക യുദ്ധങ്ങൾ' എന്ന് അറിയപ്പെടുന്ന മൂന്നു യുദ്ധങ്ങളിൽ അവർ പങ്കെടുത്തു.

ഒന്നാം കർണ്ണാടകയുദ്ധം (1746-48)

1740-ൽ യൂറോപ്പിൽ ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ യുദ്ധം ആരംഭിച്ചു. ഉടനെ ഇന്ത്യയിലും പ്രത്യാഘാതങ്ങൾ ഉണ്ടായി. കർണ്ണാട്ടിക്കിലെ നവാബായ അൻവർ ഉദീൻെറ അനുമതിയോടുകൂടി ഫ്രഞ്ചുസേന മദ്രാസ് ആക്രമിച്ചു കൈവശപ്പെടുത്തി. പട്ടണം ഉടനെതന്നെ നവാബിനു വിട്ടുകൊടുത്തുകൊള്ളാമെന്നു ഫ്രഞ്ചുഗവർണ്ണരായ ഡ്യൂപ്ലെ കരാർ ചെയ്തിരുന്നു. എന്നാൽ, യുദ്ധം കഴിഞ്ഞിട്ടും അദ്ദേഹം അതിനു സന്നദ്ധനായില്ല. തന്നിമിത്തം കോപാന്ധനായിത്തീർന്ന നവാബ് ഫ്രഞ്ചുകാർക്കെതിരായി വലിയൊരു സൈന്യത്തെ അയച്ചു. ഡ്യൂപ്ലേയുടെ ചെറുസേന അവരെ മദ്രാസ്സിനു സമീപം സാൻതോമിൽവെച്ച് 1746-ൽ നിശ്ശേഷം പരാജയപ്പെടുത്തുകയാണുണ്ടായതു്. എണ്ണത്തിൽ ഗണനീയമെങ്കിലും വേണ്ടത്ര പരിശീലനമില്ലാത്ത നാടൻസേനയെ പരാജയപ്പെടുത്താൻ യൂറോപ്യൻശക്തികൾക്കു എളുപ്പമാണെന്നു് ഈ സംഭവം തെളിയിച്ചു. 1748-ൽ യൂറോപ്പിൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ സന്ധിചെയ്തതിനെ തുടൎന്നു് ഇന്ത്യയിലും അവർ സമരം നിറുത്തിവെച്ചു. സന്ധി അനുസരിച്ച് മദ്രാസ് ഇംഗ്ലീഷുകാർക്ക് തിരിയെ കൊടുത്തു.

രണ്ടാം കർണ്ണാടകയുദ്ധം (1749-54)

ഹൈദരബാദിലെ നൈസാം മരിച്ചപ്പോൾ നാസർ ജംഗും മുസഫർ ജംഗും തമ്മിൽ അവകാശത്തർക്കമുണ്ടായി. അതേസമയംതന്നെ കർണ്ണാട്ടിക്കിലെ നവാബായ അൻവർ ഉദീനെ സ്ഥാനഭ്രഷ്ടനാക്കാൻ ചന്ദാസാഹിബ്

മുതിൻ്റെ. മുസഫർ ജംഗിനേയും ചന്ദാസാഹിബിനേയും സഹായിക്കാൻ ഡ്യൂപ്ലെ തീർച്ചപ്പെടുത്തി. അവരുടെ സങ്കലിതസൈന്യം അൻവർ ഉദീനേയും നാസർ ജംഗിനേയും തോല്പിച്ച്, വധിച്ചു. മുസഫർ ജംഗിനെ നൈസാമായും ചന്ദാസാഹിബിനെ നവാബായും അവരോധിച്ചു. അങ്ങനെ, രണ്ടു പ്രബലസംസ്ഥാനങ്ങളിൽ ഫ്രഞ്ചുകാർക്ക് സ്വാധീനബലം സിദ്ധിച്ചു. അൻവർ ഉദീൻ്റെ പുത്രൻ മഹമ്മദാലി തൃശ്ശിനാപ്പള്ളിക്കോട്ടയിൽ അഭയംപ്രാപിച്ചിരുന്നു. ചന്ദാസാഹിബ് തൃശ്ശിനാപ്പള്ളിക്കോട്ടയെ വളഞ്ഞു. ആ സമയത്ത് ക്ലൈവ് കർണ്ണാട്ടിക്കിൻ്റെ തലസ്ഥാനമായ ആർക്കാട്ട് പിടിച്ചെടുക്കുകയും ഫ്രഞ്ച് സൈന്യത്തെ തോല്പിക്കുകയും ചെയ്തു. ഇതിന്നിടയ്ക്കു ചന്ദാസാഹിബ് വധിക്കപ്പെട്ടു. ഇംഗ്ലീഷുകാർ മഹമ്മദാലിയെ കർണ്ണാട്ടിക്കിലെ നവാബായി വാഴിച്ചു. അങ്ങനെ, ഇംഗ്ലീഷുകാർ കർണ്ണാട്ടിക്കിൽ പ്രബലന്മാരായി. എന്നാൽ, ഹൈദരബാദിൽ ഫ്രഞ്ചുശക്തിക്ക് യാതൊരു കോട്ടവും സംഭവിച്ചില്ല.

ഡ്യൂപ്ലേയുടെ നയം ഫ്രഞ്ചുഗവൺമെൻ്റിന്നു ഹിതകരമായിരുന്നില്ല. അദ്ദേഹത്തെ ഗവർണ്ണർസ്ഥാനത്തുനിന്നു മാററി. പോണ്ടിച്ചേരിയിൽവെച്ച് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ സമാധാന ഉടമ്പടി ചെയ്തു. പിടിച്ചെടുത്ത സ്ഥലങ്ങൾ പരസ്പരം വിട്ടുകൊടുക്കണമെന്നും നാട്ടുരാജാക്കന്മാരുടെ കലഹങ്ങളിൽ ഇടപെടരുതെന്നും ഇരുക്കൂട്ടരും തമ്മിൽ വ്യവസ്ഥചെയ്തു.

മൂന്നാം കർണ്ണാടകയുദ്ധം

1756-ൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ യൂറോപ്പിൽ വീണ്ടും സമരം ആരംഭിച്ചു. ഉടനെതന്നെ

ഇന്ത്യയിലും അവർ യുദ്ധത്തിലേർപ്പെട്ടു; അന്നത്തെ ഫ്രഞ്ച് ഗവർണ്ണറായ കൌണ്ട് ഡി ലാലി മദ്രാസ് പിടിച്ചടക്കുവാൻ ശ്രമിച്ചു. ക്ലൈവ് ഫ്രഞ്ചുകാരിൽനിന്നു ചന്ദ്രനഗരവും വടക്കേ സർക്കാർസും കൈവശപ്പെടുത്തി. തുടർന്ന് നൈസാം ഇംഗ്ലീഷുപക്ഷത്തു ചേർന്നു. 1759-ൽ വാണ്ടിവാഷിൽവെച്ച് നടന്ന യുദ്ധത്തിൽ ഇംഗ്ലീഷുകാർ ഫ്രഞ്ചുസേനയെ നിശ്ശേഷം തോല്പിക്കുകയും പോണ്ടിച്ചേരി കൈവശപ്പെടുത്തുകയും ചെയ്തു. 1763-ൽ പാരീസിൽവെച്ചു ചെയ്ത സന്ധിമൂലം യുദ്ധം അവസാനിച്ചപ്പോൾ ചന്ദ്രനഗരവും പോണ്ടിച്ചേരിയും ഫ്രഞ്ചുകാർക്ക് തിരിച്ചുകിട്ടി. എന്നാൽ, ഫ്രഞ്ചുശക്തിയുടെ പുനരുദ്ധാരണം ഇന്ത്യയിൽ സാദ്ധ്യമായിരുന്നില്ല. പോണ്ടിച്ചേരി, മാഹി, കാരിക്കൽ, ചന്ദ്രനഗരം, യാനം ഇവ മാത്രമാണ് ഫ്രഞ്ചുകാർക്ക് ശേഷിച്ച സ്ഥലങ്ങൾ. ഇപ്പോൾ അവയെല്ലാം ഇന്ത്യൻ യൂനിയനിൽ ലയിച്ചുകഴിഞ്ഞു.

## 8. ബംഗാളിലെ ബ്രിട്ടീഷാധിപത്യസ്ഥാപനം

ദക്ഷിണ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച കാലത്തിനു മുമ്പുതന്നെ, ബംഗാളിൽ ഇംഗ്ലീഷുകാർ പ്രാബല്യത്തിൽ വന്നിരുന്നു. ജനനിബിഡവും സമ്പൽസമൃദ്ധവുമായ ബംഗാളിൽ ഇംഗ്ലീഷുകാർക്ക് സിദ്ധിച്ച വിജയമാണ് ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനം എളുപ്പമാക്കിത്തീർത്തത്.

രണ്ടാം കർണ്ണാടക യുദ്ധത്തിനുശേഷം ഇംഗ്ലീഷുകാർ കല്ക്കത്തയിലെ ഫോർട്ട്‌വില്യം എന്ന കോട്ടയുടെ കേടുപാടുകൾ തീർത്തു ബലപ്പെടുത്തുവാൻ ആരംഭിച്ചു. അന്നു ബംഗാൾ നവാബായിരുന്ന സിറാജ്-ഉദ്-ദൗള, അന്നു

വാദം കൂടാതെ കോട്ട പുതുക്കി പണിയരുതെന്നു് ഇംഗ്ലീഷുകാരോടു് ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ആജ്ഞ ഇംഗ്ലീഷുകാർ വകവെച്ചില്ല. കൂടാതെ, നവാബിന്റെ ബദ്ധശത്രുവായ ഒരാൾക്കു് ഇംഗ്ലീഷുകാർ അഭയം നൽകുകയും ചെയ്തു. ഇതിൽ കുപിതനായ നവാബു് ഫോർട്ടു്വില്യം പിടിച്ചെടുത്തു. ഇംഗ്ലീഷുകാർ കോട്ട വീണ്ടെടുത്തു. തുടൎന്നു നവാബുമായി ചെയ്ത സന്ധി അനുസരിച്ചു്, ഇംഗ്ലീഷുകാൎക്കു് മുമ്പുണ്ടായിരുന്ന വ്യാപാരകേന്ദ്രങ്ങളും സൌജന്യങ്ങളും തിരിച്ചുകൊടുത്തു. എന്നാൽ സന്ധിവ്യവസ്ഥകൾക്കെതിരായി ഇംഗ്ലീഷുകാർ പലതും പ്രവൎത്തിച്ചു.

പ്ലാസിയുദ്ധം (1757)

നവാബിന്നെതിരായി ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കാനും ഇംഗ്ലീഷുകാർ ഒരുങ്ങി. അദ്ദേഹത്തിന്റെ സൈന്യാധിപനായിരുന്ന മിർജാഫറേയും നന്ദകുമാർ തുടങ്ങിയ പ്രഭുക്കന്മാരേയും കോഴകൊടുത്തു് ഇംഗ്ലീഷുകാർ വശീകരിച്ചു. സിറാജ്-ഉദ്-ദൌളായെ സ്ഥാനഭ്രഷ്ടനാക്കാനും മിർജാഫറെ നവാബാക്കാനും അവർ നിശ്ചയിച്ചു. നവാബ് സന്ധിവ്യവസ്ഥകൾ ലംഘിച്ചെന്നു പറഞ്ഞു്, ക്ലൈവ് യുദ്ധത്തിന്നൊരുങ്ങി. ഭാഗീരഥീ നദീതീരത്തുള്ള പ്ലാസി എന്ന സ്ഥലത്തുവെച്ചു് 1757-ൽ ക്ലൈവും നവാബുമായി ഏററുമുട്ടി. മിർജാഫർ യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്നു. സിറാജ്-ഉദ്-ദൌള തോല്ക്കുകയും സൎവ്വവും ഉപേക്ഷിച്ചു് ആ ഹതഭാഗ്യൻ പലായനം ചെയ്യുകയും ചെയ്തു. പ്ലാസിയുദ്ധത്തിന്റെ ഫലമായി ഇംഗ്ലീഷുകാർ ബംഗാളിൽ സൎവ്വാധിപതിക

ളായിത്തീൻ. ഈ വിജയമാണ് ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനത്തിന്ന് അസ്ഥിവാരമിട്ടത്.

പ്ലാസിയുദ്ധത്തിനുശേഷം

ഇംഗ്ലീഷുകാർ മിർ ജാഫറെ ബംഗാൾ നവാബാക്കി. പ്രതിഫലമായി അയാൾ കമ്പനിക്കും ഉദ്യോഗസ്ഥന്മാക്കും വിലയേറിയ സംഭാവനകൾ നല്കി. കൽക്കത്തായ്ക്കു സമീപമുള്ള '24 ഫർഗാനകൾ' എന്നറിഞ്ഞിരുന്ന സ്ഥലം കമ്പനിക്ക് അദ്ദേഹം വിട്ടുകൊടുത്തു. കമ്പനിക്കാർ ക്ലൈവിനെ ബംഗാൾ ഗവർണ്ണരായി നിയമിച്ചു. ബംഗാളിലെ ഇംഗ്ലീഷാധിപത്യം ഉറപ്പിച്ചശേഷം 1760 ൽ ക്ലൈവ ഇംഗ്ലണ്ടിലേയ്ക്കു് തിരിച്ചുപോയി.

മിർ കാസിമും ഇംഗ്ലീഷുകാരും

കമ്പനിയോടുള്ള ബാദ്ധ്യതകൾ നിറവേററുന്നതിന് മിർ ജാഫർ അപ്രാപ്തനാണെന്ന് ഇംഗ്ലീഷുകാക്ക് ബോദ്ധ്യമായി. നവാബിൻെറ ജാമാതാവായ മിർ കാസിം ഒരു വലിയ തുക കമ്പനിക്കു വാഗ്ദാനംചെയ്തു. അതുകൊണ്ടു്, ഇംഗ്ലീഷുകാർ മിർ ജാഫറെ സ്ഥാനഭ്രഷ്ടനാക്കുകയും മിർ കാസിം കമ്പനി ഉദ്യോഗസ്ഥന്മാക്ക് ഉദാരമായ സംഭാവനകൾ നൽകിയതിനുംപുറമെ, മൂന്നു ഡിസ്ട്രിക്ടുകൾ കമ്പനിക്കു വിട്ടുകൊടുക്കുകയുംചെയ്തു.

സമത്ഥനായ ഒരു ഭരണകത്താവായിരുന്നു മിർ കാസിം. സ്വാതന്ത്ര്യപ്രിയനായ അദ്ദേഹം ഇംഗ്ലീഷുകാരുടെ താളത്തിനൊത്തു തുള്ളാൻ തയാറായില്ല. സ്വകാര്യക്കച്ചവടം നടത്തിവന്ന കമ്പനി ഉദ്യോഗസ്ഥന്മാരെ

തീരുവ (കടൽചുങ്കം) കൊടുക്കുന്നതിൽനിന്നു് ഒഴിവാക്കണമെന്നു് അവർ ആവശ്യപ്പെട്ടതു് നവാബ് സമ്മതിച്ചില്ല. തീരുവ കൊടുക്കാതെത്തന്നെ വ്യാപാരം നടത്തുവാൻ അവർ ഉദ്യമിച്ചു. ഇന്ത്യൻവ്യാപാരികളും തീരുവ കൊടുക്കേണ്ടതില്ലെന്നു നവാബ് വിധിച്ചു. ഈ മത്സരം യുദ്ധത്തിൽ കലാശിച്ചു.

ബക്സാർ യുദ്ധം (1764)

അയോദ്ധ്യയിലെ നവാബായ ഷൂജ-ഉദ്-ദൗളാ, മുഗൾചക്രവർത്തിയായ ഷാ ആലം എന്നിവരുമായി യോജിച്ചു് ഇംഗ്ലീഷുകാരെ ബംഗാളിൽനിന്നു് തുരത്താൻ മിർ കാസിം തീവ്രമായ ഒരു ശ്രമംനടത്തി. എന്നാൽ, 1764-ൽ ബക്സാറിൽവെച്ചു് ഇംഗ്ലീഷ്സൈന്യം അവരെ നിശ്ശേഷം തോല്പിച്ചു. തൽഫലമായി അയോദ്ധ്യയിലെ നവാബും മുഗൾചക്രവർത്തിയും ഇംഗ്ലീഷുകാരുടെ ചൊൽപ്പടിയിലായി. മിർ കാസിം പലായനം ചെയ്യുകയും അശരണനായി ഡൽഹിക്കു സമീപംവെച്ചു് മരണമടയുകയും ചെയ്തു. വൃദ്ധനും ക്ഷീണിതനുമായ മിർ ജാഫറെ വീണ്ടും നവാബായി പ്രതിഷ്ഠിച്ചു. പ്ലാസിയിലാരംഭിച്ച ഇംഗ്ലീഷുകാരുടെ പ്രാബല്യം ബക്സാർയുദ്ധത്തോടുകൂടിയാണു് പൂർത്തിയായതു്. ഇതോടുകൂടി ഇംഗ്ലീഷുകാർ ഇന്ത്യയിലെ ഒരു പ്രബലശക്തിയായി പരിണമിച്ചു.

## 9. ക്ലൈവിൻെറ ബംഗാൾ ഭരണം

ക്ലൈവിനെ 1765-ൽ വീണ്ടും ബംഗാൾ ഗവർണ്ണറായി നിയമിച്ചു. അദ്ദേഹം രണ്ടുകൊല്ലം ഭരണം നടത്തി. 1765-ൽ ക്ലൈവ് അലഹബാദിൽ വച്ചു്

മുഗൾ ചക്രവർത്തി, അയോദ്ധ്യാനവാബ് എന്നിവരുമായി ഒരു ഉടമ്പടി ചെയ്തു. മുഗൾ ചക്രവർത്തി ഇംഗ്ലീഷുകാക്കു ബംഗാൾ, ബീഹാർ, ഒറീസാ എന്നീ പ്രദേശങ്ങളിലെ കരം പിരിക്കുന്നതിനുള്ള സ്വാതന്ത്ര്യം (ദിവാനി) അനുവദിച്ചുകൊടുത്തു. ഇതിനു പ്രതിഫലമായി ഇംഗ്ലീഷുകാർ 26 ലക്ഷം രൂപ ചക്രവർത്തിക്ക് കപ്പം കൊടുത്തുകൊള്ളാമെന്നും സമ്മതിച്ചു.

## ബംഗാളിലെ ദ്വിഭരണം

അലഹബാദ് ഉടമ്പടിപ്രകാരം ബംഗാൾഭരണം കമ്പനിയുടെ അധീനതയിലായി. ഭരണച്ചുമതല മുഴവൻ ഏറ്റെടുക്കുന്നതു ശ്രമകരമെന്നു കണ്ടു്, ക്ലൈവ് ഒരു പുതിയ ഭരണസമ്പ്രദായം നടപ്പിലാക്കി. കരംപിരിവും രാജ്യരക്ഷയും കമ്പനി ഏറ്റെടുത്തു. നീതിന്യായഭരണം, പോലീസ്ഭരണം ആദിയായ ചുമതലകൾ നവാബ്തന്നെ നടത്തണമെന്നും ഭരണനിർവ്വഹണത്തിനു വേണ്ടി 53 ലക്ഷം രൂപാ നവാബിനു നല്കണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു. ഇങ്ങനെ, ബംഗാൾ ഭരണം പരസ്പരബന്ധമില്ലാത്ത രണ്ടു അധികാരികളുടെ നിയന്ത്രണത്തിലായി. ക്ലൈവ് ഏർപ്പെടുത്തിയ ഈ ദ്വിഭരണം, ദുർഭരണമായി പരിണമിച്ചു. ഇംഗ്ലീഷുകാക്കു സർവ്വ അധികാരങ്ങളും, നവാബിന്നു് സർവ്വ ചുമതലകളും—അതായിരുന്നു വിഭജനം. കഴിയുന്നത്ര നികുതി പിരിക്കുവാൻ കമ്പനി ഉദ്യോഗസ്ഥന്മാർ ശ്രദ്ധിച്ചു. അധികാരമോ പണമോ ഇല്ലാതെ യാതൊരു ഗുണവും ജനങ്ങൾക്കു ചെയ്യാൻ നിവൃത്തിയില്ലാതെ നവാബ് നിസ്സഹായനായിത്തീർന്നു. ജനങ്ങൾക്കു് പലവിധത്തിലുള്ള ക്ലേശങ്ങളുണ്ടായി.

ഹൈദർ ആലി

ബംഗാളിൽ ഇംഗ്ലീഷാധിപത്യം സുസ്ഥിരമാക്കിയ കാലത്തു് മൈസൂരിൽ ഹൈദരാലി ശക്തനായിത്തീർന്നിരുന്നു. ഒരു സാധാരണ ഭടനായി ജീവിതം ആരംഭിച്ച ഹൈദർ സ്വന്തം സാമർത്ഥ്യംകൊണ്ടു് മൈസൂരിലെ സർവ്വാധികാരവും കൈവശപ്പെടുത്തി. അദ്ദേഹം മൈസൂ



ഹൈദർ ആലി

രിനെ നല്ല സൈന്യത്തോടുകൂടിയ, സുസംഘടിതവും പ്രബലവുമായ ഒരു രാജ്യമാക്കിത്തീർത്തു. ഇന്ത്യയിലെ സ്വരാജ്യപ്രേമികളുടെ കൂട്ടത്തിൽ ആദരിക്കപ്പെടേണ്ട ഒരു മഹാനത്രെ ഹൈദർ. വിദേശാധിപത്യത്തിൽ നിന്നു് ഇന്ത്യയെ സ്വതന്ത്രയാക്കുവാൻ ഇവിടത്തെ വിവിധ ശക്തികളെയെല്ലാം സംഘടിപ്പിക്കുന്നതിനും അദ്ദേഹം ശ്രമിച്ചുനോക്കി. പക്ഷേ, ഫലമുണ്ടായില്ല.

ഒന്നാം മൈസൂർ യുദ്ധം (1766-69)

ദക്ഷിണ ഇന്ത്യ മുഴവൻ കൈവശപ്പെടുത്തുവാൻ ഹൈദരിന്നു് ആഗ്രഹമുണ്ടായിരുന്നു. സമീപപ്രദേശങ്ങൾ അദ്ദേഹം ഒന്നൊന്നായി കീഴടക്കിത്തുടങ്ങി. ഹൈദരുടെ വർദ്ധിച്ചുവരുന്ന ശക്തികണ്ടു് ഇംഗ്ലീഷുകാരും മഹാരാഷ്ട്രരും നൈസാമും പരിഭ്രാന്തരായി. അവർ ഒത്തുചേൎന്നു് ഹൈദരെ അമൎച്ചചെയ്യാൻ തീൎച്ചയാക്കി. എന്നാൽ, നയജ്ഞനായ ഹൈദർ മഹാരാഷ്ട്രരേയും നൈസാമിനേയും സഖ്യത്തിൽനിന്നു് ഒഴിച്ചുനിറുത്തി. ഇംഗ്ലീഷുകാരുമായുണ്ടായ യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ ഹൈദൎക്കു് പരാജയമാണു് നേരിട്ടതു്. ഭഗ്നാശയനാകാതെ ഹൈദർ കൎണ്ണാട്ടിക്കിൽ കടന്നു്, വലിയ നാശങ്ങൾ ചെയ്തുകൊണ്ടു മദ്രാസിലേക്കിരച്ചുകയറി. ഇംഗ്ലീഷുകാർ അമ്പരന്നു. അവർ ഹൈദരാലി നിർദ്ദേശിച്ച വ്യവസ്ഥകൾ സ്വീകരിച്ചു് ഉടമ്പടി ചെയ്തു(1769-ൽ). രണ്ടുകൂട്ടരും മിത്രങ്ങളായിക്കഴിഞ്ഞുകൊള്ളാമെന്നും മററാരെങ്കിലുമായി യുദ്ധം ഉണ്ടായാൽ അന്യോന്യം സഹായിക്കാമെന്നും മദ്രാസിൽവെച്ചു ചെയ്ത ഉടമ്പടിയിൽ വ്യവസ്ഥചെയ്തു.

## 10. വാറൻ ഹേസ്റ്റിംഗ്സ്

### ബംഗാൾ ഗവൎണ്ണർ (1772-74)

ക്ലൈവ് ഇന്ത്യയിൽനിന്നു പോയതിനെ തുടൎന്നു് കമ്പനിയുടെ കാൎയ്യങ്ങൾ മോശമായിക്കൊണ്ടിരുന്നു. ഈ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിനായി 1772-ൽ വാറൻ ഹേസ്റ്റിംഗ്സിനെ കമ്പനി അധികാരികൾ ബംഗാൾ ഗവൎണ്ണരായി നിയമിച്ചു. അദ്ദേഹം നടപ്പിലാക്കിയ പ്രധാന

പരിഷ്ക്കാരം ഭ-ിഭരണസമ്പ്രദായം നിറുത്തലാക്കിയ താണ്. നവാബിനു വിട്ടുകൊടുത്തിരുന്ന ഭരണച്ചുമതല യുംകൂടി കമ്പനിതന്നെ വഹിക്കുന്നതിനു നിശ്ചയിച്ചു. പ്രോവിൻസുകളെ ഡിസ്ത്രിക്ടുകളായി വിഭജിച്ച്, ഓരോ ന്നിലും കളക്ടർമാരെ നിയമിച്ചു. കളക്ടരെ നീതിന്യായ ഉദ്യോഗസ്ഥനായി കൂടി ജോലി നോക്കുവാൻ ഹേ സ്റ്റിംഗ്സ് അധികാരപ്പെടുത്തി. ഓരോ ഡിസ്ത്രിക്ടിലും ഓരോ സിവിലും ക്രിമിനലും കോടതികളും അപ്പീൽ കേൾക്കുന്നതിനു കല്ക്കട്ടയിൽ രണ്ടു പ്രധാനകോടതികളും അദ്ദേഹം സ്ഥാപിച്ചു. കമ്പനി ഉദ്യോഗസ്ഥന്മാരുടെ അഴിമതികളും അക്രമങ്ങളും കർശനമായി നിരോധിച്ചു. ഇങ്ങനെ, അദ്ദേഹം ബംഗാളിലെ ഭരണം ക്രമീകരിച്ചു.

റെഗ്ഗുലേററിംഗ് ആക്ട് (1773)

കമ്പനിയുടെ ഇന്ത്യാഭരണം ഏറെ നാളായി അതൃ പ്തികരമായിരുന്നു. 1773-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നു് ധനസഹായം അഭ്യ ർത്ഥിച്ചു. കമ്പനിയുടെ ധനനിലയേയും ഭരണകാര്യങ്ങ ളെയുംപററി ബ്രിട്ടീഷ് പാർലമെൻറ് അന്വേഷണം നടത്തി. അതിൻെറ ഫലമായി പാർലമെൻറ് 1773-ൽ റെഗ്ഗുലേററിംഗ് ആക്ട് എന്നൊരു നിയമം പാസാക്കി.

ഇതനുസരിച്ച് ബംഗാൾഗവർണ്ണർ ബ്രിട്ടീഷ്ഇന്ത്യ യിൽ ഒട്ടാകെ അധികാരമുള്ള ഗവർണ്ണർജനറലായി.

മദ്രാസ്, ബോംബെ സംസ്ഥാനങ്ങൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിനു വിധേയമാക്കി. അദ്ദേഹത്തെ സഹായിക്കാൻ നാലംഗങ്ങൾ ഉള്ള ഒരു കൗൺസിൽ ഏർപ്പെടുത്തി. ആദ്യത്തെ ഗവർണ്ണർ ജനറലായി വാറൻഹേസ്റ്റിംഗ്സിനെതന്നെ നിയമിച്ചു. ഇതോടുകൂടി, സ്വതന്ത്രമായി കഴിഞ്ഞിരുന്ന കമ്പനി പാർലമെൻറിന്റെ നിയന്ത്രണത്തിലായിത്തീൻ. തന്മൂലം കമ്പനിഭരണം കൂടുതൽ കാര്യക്ഷമമായി ഭവിച്ചു. പക്ഷെ, ആക്ടിലെ വകുപ്പുകൾ പലതും അപൂർണ്ണങ്ങളായിരുന്നതിനാൽ പല വൈഷമ്യങ്ങളും നേരിട്ടു.

## പിററിന്റെ ഇന്ത്യാ ആക്ട് (1784)

റെഗുലേററിംഗ് ആക്ടിന്റെ ദോഷങ്ങൾ നീക്കം ചെയ്യുന്നതിനു 1784-ൽ അന്നു ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വില്യം പിററിന്റെ ഉത്സാഹത്തിൽ ഇന്ത്യാ ആക്ട് പാസാക്കി. അതനുസരിച്ച് കമ്പനിയുടെ മേൽനോട്ടത്തിനായി ഇംഗ്ലണ്ടിൽ ആറംഗങ്ങൾ അടങ്ങിയ ഒരു നിയന്ത്രണസമിതി സ്ഥാപിക്കപ്പെട്ടു. പാർലമെൻറിന്റെ അധികാരം ഈ സമിതിവഴിയായി ഇന്ത്യയിൽ പ്രയോഗത്തിൽ വരുത്തി. ഗവർണ്ണർജനറലിന്റെ ഉപദേശകസമിതിയിലെ അംഗങ്ങളുടെ എണ്ണം മൂന്നായി കുറച്ചു. അദ്ദേഹത്തിനു കൂടുതൽ അധികാരങ്ങൾ നല്കി. ഈ നിയമത്തിന്റെ ഫലമായി കമ്പനി ഭരണം ബ്രിട്ടീഷ് ഗവണ്മെൻറിന്റെ പൂർണ്ണ നിയന്ത്രണത്തിലായിത്തീൻ.

## ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണം

### വാറൻ ഹേസ്റ്റിംഗ്സ്—ഗവണ്ണർ ജനറൽ (1774—85)

റെഗുലേററിംഗ് ആക്ട് പ്രകാരം ഒന്നാമത്തെ ഗവണ്ണർ ജനറലായി നിയമിക്കപ്പെട്ട വാറൻ ഹേസ്റ്റിംഗ്സിൻെറ കാലത്തു പ്രധാനപ്പെട്ട രണ്ടു സംഭവങ്ങൾ നടന്നു.

### ഒന്നാം മഹാരാഷ്ട്രയുദ്ധം (1778—82)

ശിവാജിയുടെ കാലശേഷം മഹാരാഷ്ട്രശക്തി വർദ്ധിച്ചുതന്നെ വന്നു. 18-ാം നൂററാണ്ടിൻെറ ആരംഭകാലത്തു പേഷ്വ (പ്രധാനമന്ത്രി) മഹാരാഷ്ട്രത്തിലെ ഭരണാധികാരിയായിത്തീൻ. പേഷ്വയുടെ ആസ്ഥാനം പൂനയായിരുന്നു. ആദ്യത്തെ മൂന്നു പേഷ്വമാരുടെ ഭരണകാലത്തു മഹാരാഷ്ട്രശക്തി വടക്കേ ഇന്ത്യയിലേയ്ക്കും വ്യാപിച്ചു. മററു രാഷ്ട്രനായകന്മാരായ ഗെയിക്കവാർ ബറോഡായിലും ഹോൾക്കർ ഇൻഡോറിലും, സിൻഡ്യ ഗ്വാളിയറിലും, ബോൺസ്ലെ നാഗപ്പൂരിലും പ്രബലന്മാരായി ഭവിച്ചു. ബ്രിട്ടീഷുകാക്കെതിരായി ഇന്ത്യയിലുണ്ടായിരുന്ന ഏററവും പ്രബലമായ ശക്തി മഹാരാഷ്ട്രന്മാരായിരുന്നു.

1772-ൽ പേഷ്വ മാധവറാവു മരിച്ചപ്പോൾ സഹോദരൻ നാരായണറാവു പേഷ്വയായി. താമസിയാതെ പിതൃസഹോദരൻ രഘുനാഥറാവു പേഷ്വസ്ഥാനം മോഹിച്ച് അദ്ദേഹത്തെ വധിച്ചു. എന്നാൽ നാരായണറാ

വുവിൻെറ പുത്രൻ മാധവറാവു നാരായണനെ പേഷ്വ ആയി എതിർകക്ഷിക്കാർ പ്രഖ്യാപനംചെയ്തു. അവരുടെ നേതാവു് പ്രസിദ്ധ രാജ്യതന്ത്രജ്ഞനായ നാനാ ഫർണാവിസ് ആയിരുന്നു. ഇരുപക്ഷക്കാരും തമ്മിൽ മത്സരം ആരംഭിച്ചു. ഈ ആഭ്യന്തരകലഹം ഇംഗ്ലീഷുകാക്കു് മഹാരാഷ്ട്രരുടെ കാര്യങ്ങളിൽ ഇടപെടാൻ അവസരം നല്കി. ഇംഗ്ലീഷുകാർ രഘുനാഥറാവുവിനെ സഹായിച്ചു. മഹാരാഷ്ട്ര നേതാക്കന്മാരുമായുള്ള യുദ്ധം ഉദ്ദേശിച്ചിരുന്നതുപോലെ എളുപ്പമല്ലെന്നു് ഇംഗ്ലീഷുകാക്കു ബോദ്ധ്യപ്പെട്ടു. ആദ്യഘട്ടത്തിൽ അവക്കു് തോൽവിയാണുണ്ടായതു്. നാനാഫർണാവിസ് നിർദ്ദേശിച്ച പ്രകാരമുള്ള ഒരുടമ്പടിയിൽ ഒപ്പു വയ്ക്കാൻ അവർ നിർബ്ബന്ധിതരായി. ഉടനെ ഹേസ്റ്റിംഗ്സ് രണ്ടു സേനകളെ ബംഗാളിൽനിന്നു് അങ്ങോട്ടു് അയച്ചു. അഹമ്മദാബാദും ബസ്സീനും ഗ്വാളിയറും അവർ കൈവശപ്പെടുത്തി. ഒടുവിൽ 1782-ൽ സാൽബായ് ഉടമ്പടി മൂലം യുദ്ധം അവസാനിച്ചു. മാധവറാവുവിനെ പേഷ്വ ആയി അംഗീകരിക്കുകയും രഘുനാഥറാവുവിനു് പെൻഷൻ നൽകുകയുമാണു് ചെയ്തതു്. ഇംഗ്ലീഷുകാക്കു് സാൽസെററു് എന്ന പ്രദേശം ലഭിച്ചു. പിന്നീടു് 20 കൊല്ലത്തേക്കു് ഇരുകൂട്ടരും തമ്മിൽ യുദ്ധം ഉണ്ടായില്ല.

## രണ്ടാം മൈസൂർ യുദ്ധം (1780-84)

ഇംഗ്ലീഷുകാർ ഹൈദരുടെ അനുവാദം കൂടാതെ അദ്ദേഹത്തിൻെറ രാജ്യത്തിൽ കൂടി കടന്നു്, മലബാർ



ടിപ്പു

തീരത്തെ ഫ്രഞ്ച് തുറമുഖമായ മാഹി കൈവശപ്പെടുത്തി. അതിൽ പ്രതിഷേധിച്ചു് ഹൈദർ ഇംഗ്ലീഷുകാരോടു് യുദ്ധം പ്രഖ്യാപിച്ചു. അദ്ദേഹം കർണ്ണാടകത്തിൽ പ്രവേശിച്ചു്, ആർക്കാട്ടു് പിടിച്ചെടുത്തു. മദ്രാസിലെ അധികാരികൾ ആകെ നടുങ്ങി. ഹേസ്റ്റിംഗ്സ് ബംഗാളിൽനിന്നു് ഒരു സൈന്യത്തെ തെക്കോട്ടു് അയച്ചു. പോർട്ടോനോവോ എന്ന സ്ഥലത്തുവച്ചു ഹൈദർ തോല്പിക്കപ്പെട്ടു. താമസിയാതെ ഹൈദർ കുടലൂർ പിടിച്ചടക്കുകയും അദ്ദേഹത്തിന്റെ പുത്രനായ ടിപ്പു തഞ്ചാവൂരിൽ വച്ചു് ഇംഗ്ലീഷുകാരെ തോല്പിക്കുകയും ചെയ്തു. ഈ അവ

സരത്തിൽ വാർദ്ധക്യവും ക്ഷീണവും നിമിത്തം ഹൈദർ മരിച്ചു. ടിപ്പു സമരം തുടൎന്നു. 1784-ൽ മംഗലാപുരത്തു വെച്ചു നടന്ന സന്ധിയോടുകൂടി യുദ്ധം അവസാനിച്ചു. ഇരുകൂട്ടരും കൈവശപ്പെടുത്തിയിരുന്ന സ്ഥലങ്ങൾ പരസ്പരം വിട്ടുകൊടുത്തു.

## 2. കോൺവാലിസ് പ്രഭു (1786–93)

വാറൻ ഹേസ്റ്റിംഗ്സ് ആരംഭിച്ച ഭരണപരിഷ്കാരങ്ങൾ കോൺവാലിസ് പൂൎത്തിയാക്കി. സിവിൽക്കേസുകളും ക്രിമിനൽകേസ്സുകളുംകേട്ടു തീരുമാനിക്കാൻ അദ്ദേഹം പ്രത്യേകം പ്രത്യേകം ജഡ്ജിമാരെ നിയമിച്ചു. അദ്ദേഹം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വൎദ്ധിപ്പിക്കുകയും, സംഭാവന, കൈക്കൂലി ആദിയായവ സ്വീകരിക്കുവാൻ പാടില്ലെന്നു് നിഷ്കൎഷിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മുഖ്യമായ പരിഷ്കാരം ശാശ്വത നികുതിവ്യവസ്ഥ ആയിരുന്നു.

### ശാശ്വത ഭൂനികുതി വ്യവസ്ഥ (1793)

ജമിന്ദാർമാർ അഥവാ വലിയ ജന്മിമാരാണു് തലമുറയായി നികുതി പിരിച്ചു് ഗവൺമെൻറിനെ ഏല്പിച്ചു പോന്നതു്. നികുതിപിരിവിലുള്ള അനീതികളെ തടയാനും ആദായം ക്രമപ്പെടുത്തുന്നതിനും വേണ്ടി കോൺവാലിസ് ശാശ്വത ഭൂനികുതിവ്യവസ്ഥ നടപ്പിലാക്കി. അതനുസരിച്ചു് ജമിന്ദാർമാർ ഗവൺമെൻറിലേക്കു കൊടുക്കേണ്ട നികുതി എന്നെന്നേക്കുമായി ക്ലിപ്തപ്പെടുത്തി. ജമിന്ദാർമാരുടെ കീഴിലുള്ള വസ്തുക്കളുടെയെല്ലാം സ്ഥിരം ഉടമ അവൎക്കു സിദ്ധിച്ചു. അങ്ങനെ, സ്ഥിരമായ ഒരു ജന്മിവൎഗ്ഗം ബംഗാളിൽ ഉണ്ടായി. അവർ എക്കാലത്തും

ബ്രിട്ടീഷ് ഗവണ്മെൻറിനു പിന്തുണ നിന്നു. ഗവണ്മെൻറിനു് ഈ വ്യവസ്ഥ നിമിത്തം നഷ്ടമുണ്ടായി. വസ്തുക്കളുടെ ആദായം വർദ്ധിച്ചെങ്കിലും കരം കൂട്ടാൻ ഈ വ്യവസ്ഥപ്രകാരം സാദ്ധ്യമല്ലായിരുന്നു. കൃഷിക്കാക്കു് ഈ വ്യവസ്ഥ ഗുണകരമായിരുന്നില്ല. കുടിയാനിൽനിന്നു അമിതമായ സംഖ്യകൾ ജന്മികൾ ഈടാക്കിവന്നു.

മൂന്നാം മൈസൂർയുദ്ധം (1790-92)

മംഗലാപുരം സന്ധിക്കു ശേഷവും ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ സൗഹാർദ്ദം ഉണ്ടായിരുന്നില്ല. ഇരു



ശക്തികളും ഡക്കാനിൽ ആധിപത്യം സ്ഥാപിക്കുവാൻ യത്നിച്ചുകൊണ്ടിരുന്നു. കോൺവാലിസ് ടിപ്പുവിൻെറ പ്രാബല്യത്തെ തടയണമെന്നു നിശ്ചയിച്ച് നൈസാമുമായി സഖ്യത്തിൽ ഏർപ്പെട്ടു. അപ്പോഴ് ടിപ്പു ഇംഗ്ലീഷുകാരുടെ മിത്രരാജ്യമായ തിരുവിതാംകൂറിനെ ആക്രമിച്ചു. ഇതറിഞ്ഞു ഗവർണ്ണർ ജനറൽ ടിപ്പുവിനോടു യുദ്ധം പ്രഖ്യാപിച്ചു. ഇംഗ്ലീഷുകാർ മൈസൂരിൽ കടന്ന്, ബാംഗ്ളൂർ പിടിച്ചടക്കി. തുടന്ന് ടിപ്പുവിൻെറ രാജധാനിയായ ശ്രീരംഗപട്ടണം വളഞ്ഞു. ടിപ്പു സന്ധിക്കപേക്ഷിച്ചു. 1792-ൽ ശ്രീരംഗപട്ടണത്തുവെച്ചുണ്ടായ ഉടമ്പടിപ്രകാരം ടിപ്പു ബ്രിട്ടീഷുകാക്കു മലബാർ, ഡിൻഡിഗൽ, സേലം, കോയമ്പത്തൂരിൻെറ ഒരു ഭാഗം എന്നിവ വിട്ടുകൊടുത്തു.

## 8. വെല്ലസ്ലിപ്രഭു (1798–1805)

കോൺവാലിസിന്നുശേഷം അഞ്ചുകൊല്ലം കഴിഞ്ഞു വെല്ലസ്ലിപ്രഭു ഗവർണ്ണർ ജനറലായി. നെപ്പോളിയൻെറ നേതൃത്വത്തിൽ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാരെ എതിത്തകാലമായിരുന്നു അത്. ടിപ്പു ഇംഗ്ലീഷുകാക്കെതിരായി നെപ്പോളിയനോടു നേരിട്ടു കത്തിടപാടുകഠം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. ബ്രിട്ടീഷുകാരുടെ ശക്തിയും പ്രാബല്യവും വർദ്ധിപ്പിക്കണമെന്നായിരുന്നു വെല്ലസ്ലിയുടെ മോഹം. അതിനു വേണ്ട നടപടികഠം അദ്ദേഹം സ്വീകരിച്ചു.

<u>സഹായ വ്യവസ്ഥ (Subsidiary System)</u>

നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് കൊടിക്കീഴിൽ കൊണ്ടുവരുന്നതിനായി വെല്ലസ്ലി സ്വീകരിച്ച സംരക്ഷണ പദ്ധ

തിക്കാണ് "സബ്സിഡിയറി സിസ്റ്റം" എന്നു പറയുന്നതു്. ഇതിൽ ചേരുന്ന നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാരുടെ പരമാധികാരം സ്വീകരിക്കണം. രാജ്യത്തിനുള്ളിൽനിന്നോ പുറമേനിന്നോ, ആക്രമണങ്ങളോ ശല്യങ്ങളോ ഉണ്ടായാൽ രാജാക്കന്മാരെ സംരക്ഷിക്കുന്ന ചുമതല കമ്പനി ഏറ്റെടുത്തു. അവരുടെ ആഭ്യന്തര ഭരണ കാര്യങ്ങളിൽ കമ്പനി പ്രവേശിക്കുകയില്ല. ബ്രിട്ടീഷുകാരുടെ അനുമതി കൂടാതെ രാജാക്കന്മാർ തമ്മിലോ, മററു യൂറോപ്യന്മാരുമായോ യാതൊരു ബന്ധവും പാടില്ല. ഓരോ രാജ്യത്തും ഒരു ബ്രിട്ടീഷ് സേനയേയും റസിഡൻറിനേയും പാർപ്പിക്കണം. സൈന്യത്തിൻെറ ചെലവു് നാട്ടുരാജാക്കന്മാർ വഹിക്കണം.

ഈ വ്യവസ്ഥകൾ സ്വീകരിച്ചു്, നാട്ടുരാജാക്കന്മാർ കമ്പനിയുടെ ആശ്രിതന്മാരായിത്തീർന്നു. അവരുടെ സ്ഥാനവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. ഹൈദരബാദിലെ നൈസാം, പേഷ്വ, സിൻഡ്യ എന്നീ മഹാരാഷ്ട്രനേതാക്കന്മാർ അയോദ്ധ്യ, മൈസൂർ, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ എന്നിവർ 'സബ്സിഡിയറി സിസ്റ്റ'ത്തിൽ ചേർന്നു.

നാലാം മൈസൂർയുദ്ധം (1799)

മൂന്നാം മൈസൂർ യുദ്ധത്തിലെ പരാജയം മൂലം തൻെറ പ്രശസ്തിക്കും പ്രാബല്യത്തിനും നേരിട്ട ഇടിവും അപമാനവും ടിപ്പുവിനു മറക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കോട്ടകൊത്തളങ്ങൾ ബലപ്പെടുത്തുകയും സേനയെ സുശക്തമാക്കുകയും ഫ്രഞ്ചു് ഗവണ്മെൻറുമായി സഖ്യത്തിലേപ്പെടുകയും ചെയ്തു. ഫ്രഞ്ചുകാരുമായി ഗൂഢാലോ

ചന നടത്തിയെന്ന ആരോപണത്തെ മുൻനിറുത്തി 1799-ൽ വെല്ലസ്ലി ടിപ്പുവിനോടു യുദ്ധം പ്രഖ്യാപിച്ചു. ടിപ്പു യുദ്ധത്തിൽ പരാജിതനായി; തലസ്ഥാനമായ ശ്രീരംഗപട്ടണത്തിലേക്കു പിൻവാങ്ങി. അവസാനംവരെ വീരോടെ പൊരുതി സുൽത്താൻ വീരചരമം പ്രാപിച്ചു. അതോടുകൂടി മൈസൂർ ബ്രിട്ടീഷുകാരുടെ അധീനതയിലായി. മൈസൂരിൽനിന്നു് കാനറാ, കോയമ്പത്തൂർ, വയനാട്ടു്, നീലഗിരി എന്നീ സ്ഥലങ്ങൾ കമ്പനി കൈവശപ്പെടുത്തുകയും ശേഷിച്ച ഭാഗം ഹിന്ദു രാജവംശത്തിനു



തിരിയെ കൊടുക്കുകയും ചെയ്തു. മൈസൂർ സഹായ വ്യവസ്ഥയിൽ ചേൎന്നു.

## രണ്ടാം മഹാരാഷ്ട്ര യുദ്ധം (1802-1805)

ടിപ്പുവിൻെറ മരണശേഷം ഇംഗ്ലീഷുകാൎക്ക് ഇന്ത്യയിൽ എതിരിടേണ്ടിയിരുന്ന ഏക പ്രബലശക്തി മഹാരാഷ്ട്രന്മാരായിരുന്നു. സ്വാതന്ത്ര്യേച്ഛുക്കളായ മഹാരാഷ്ട്രർ സഹായവ്യവസ്ഥയിൽ ചേരുവാൻ വിസമ്മതിച്ചു. 1800-ൽ പ്രശസ്ത മഹാരാഷ്ട്ര നേതാവായ നാനാഫർനാവിസിൻെറ മരണത്തോടുകൂടി അവരുടെ ഇടയിൽ അന്തഃഛിദ്രം വർദ്ധിച്ചുതുടങ്ങി. ഹോൾക്കറും സിൻഡ്യയും തമ്മിൽ പ്രാമാണ്യത്തിനുവേണ്ടി മത്സരം ആരംഭിച്ചു. അന്നു പേഷ്വ ആയിരുന്ന ബാജിറാവു രണ്ടാമൻ സിൻഡ്യയോടു ചേൎന്നു. ഇതു കൂട്ടരേയും ഹോൾക്കർ തോല്പിച്ചു. നിരാശ്രയനായ പേഷ്വ കമ്പനിക്കാരുമായി ഒരുടമ്പടി ചെയ്ത്, ബ്രിട്ടീഷ് മേല്ക്കോയ്മ അംഗീകരിച്ചു. ഇതു മഹാരാഷ്ട്രന്മാൎക്ക് അപമാനകരമാണെന്നു കണ്ടു് സിൻഡ്യയും ബോൺസ്ലേയും യോജിച്ച്, ഇംഗ്ലീഷുകാരോട് എതിൎത്തു. ഗെയ്ക്വാർ നിഷ്പക്ഷനായിനിന്നു. ഹോൾക്കർ യുദ്ധത്തിൽ ചേരാതെ ഒഴിഞ്ഞുനിന്നുകളഞ്ഞു. ഗുരുതരമായ ഈ ദേശീയ വിപത്തിലും മഹാരാഷ്ട്രർ പരസ്പരം യോജിച്ചു പ്രവൎത്തിക്കുവാൻ തയാറായില്ല.

ഗവൎണ്ണർ ജനറലിൻെറ സഹോദരനായ സർ ആർതർ വെല്ലസ്ലി സിൻഡ്യയേയും ബോൺസ്ലേയേയും തോല്പിക്കയും അവർ സബ്സിഡിയറി പദ്ധതിയിൽ ചേരുകയുമുണ്ടായി. ഈ അവസരത്തിൽ ഇംഗ്ലീഷുകാരോട്

യുദ്ധത്തിന്നു പുറപ്പെട്ട ഹോൾക്കറെ പരാജയപ്പെടുത്തുവാൻ അവൎക്കു സാധിച്ചില്ല. ഹോൾക്കറുടെ വിജയം കമ്പനിയുടെ അധികൃതരെ പരിഭ്രാന്തരാക്കി. അവർ വെല്ലസ്ലിയെ തിരികെ വിളിച്ചു. 1805-ൽ മഹാരാഷ്ട്രന്മാരിൽനിന്നു് കൈവശപ്പെടുത്തിയ ചില സ്ഥലങ്ങൾ തിരികെ കൊടുത്തുകൊണ്ടു്, ഇംഗ്ലീഷുകാർ ഹോൾക്കറുമായി സന്ധിചെയ്തു.

വെല്ലസ്ലിയുടെ ആക്രമണനയത്തിൻെറ ഫലമായി ബ്രിട്ടീഷ് ഇന്ത്യ വിസ്തൃതമായി. ഈസ്റ്റ്ഇന്ത്യാ കമ്പനി ഇന്ത്യയിലെ ഏററവും പ്രബലമായ രാഷ്ട്രീയ ശക്തിയായിത്തീൎന്നു.

## 4. ഹേസ്റ്റിംഗ്സ് (1813_23)

ഗണനീയരായ ഗവൎണ്ണർ ജനറൽമാരിൽ ഒരാളായിരുന്നു ഹേസ്റ്റിംഗ്സ് പ്രഭു. അദ്ദേഹത്തിൻെറ ഭരണകാലത്തു് ബ്രിട്ടീഷ് ഇന്ത്യൻ സാമ്രാജ്യം കുറേക്കൂടി വിസ്തൃതമാവുകയും അവരുടെ ആധിപത്യം ദൃഢതരമാവുകയും ചെയ്തു.

നീപ്പാൾ യുദ്ധം (1814-16)

നീപ്പാൾ രാജ്യത്തിലെ ഗൂർഖാവൎഗ്ഗക്കാർ രണശൂരന്മാരും സ്വാതന്ത്ര്യേച്ഛുക്കളും ബലിഷ്ഠഗാത്രരുമാണു്. അവർ പല അവസരങ്ങളിലും അവരുടെ തെക്കേ അതിൎത്തി കടന്നു്, ബ്രിട്ടീഷുകാരുടെ സ്ഥലങ്ങൾ ആക്രമിച്ചുവന്നു. 1814-ൽ ഇപ്രകാരമൊരു സംഭവം നടന്നപ്പോൾ, ഹേസ്റ്റിംഗ്സ് നീപ്പാളുമായി യുദ്ധം ചെയ്യാൻ തീരുമാനിച്ചു. അദ്ദേഹം നാലു സേനാവിഭാഗങ്ങളെ




അങ്ങോട്ട നിയോഗിച്ചെങ്കിലും, അവയിൽ മൂന്നും തോററു പിൻവാങ്ങുകയാണുണ്ടായതു്. ഒടുവിൽ ഇംഗ്ലീഷുകാർ ഗൂർഖാസൈന്യത്തെ തോല്പിച്ചു്, അവരുടെ തലസ്ഥാനംവരെ എത്തി. 1816 ൽ സഗോളി സന്ധി പ്രകാരം യുദ്ധം അവസാനിച്ചു. സിംലാ, മുസ്സോറി, അൽമോറ,

നൈനിററാൾ എന്നീ പ്രസിദ്ധ സുഖവാസസ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ ബ്രിട്ടീഷുകാക്ക് ലഭിച്ചു.

ഗൂർഖാവർഗ്ഗക്കാരെ ബ്രിട്ടീഷ് സൈന്യത്തിൽ ചേരാൻ അനുവദിച്ചു. അതിനുശേഷം അവർ ബ്രിട്ടീഷുകാക്ക് പല അവസരങ്ങളിലും ഗണ്യമായ സഹായം നല്കിയിട്ടുണ്ട്.

മൂന്നാം മഹാരാഷ്ട്ര യുദ്ധം (1817-18)

പേഷ്വാ ബാജിറാവു രണ്ടാമനും ബറോഡയിലെ മഹാരാഷ്ട്ര നേതാവായ ഗെയിക്‌വാറും തമ്മിലുള്ള ഒരു വഴക്ക് മൂന്നാം മഹാരാഷ്ട്രയുദ്ധത്തിനു കാരണമായി. ഇംഗ്ലീഷുകാർ ഗെയിക്‌വാറിനെയും സിൻഡ്യാ, ഹോൾക്കർ എന്നിവർ പേഷ്വായെയും സഹായിച്ചു. ഹേസ്റ്റിംഗ്സ് അവരെ നാനാ ഭാഗത്തുനിന്നും എതിർത്തു. അനേകം യുദ്ധങ്ങളിൽ അവരെ തോല്പിച്ചു. ഇതോടെ മഹാരാഷ്ട്ര ശക്തി എന്നെന്നേയ്ക്കുമായി തകന്നു. ബാജിറാവുവിനു പെൻഷൻ നല്കിക്കൊണ്ട് പേഷ്വാസ്ഥാനം അവർ നിറുത്തൽചെയ്തു. പേഷ്വായുടെ രാജ്യം ബോംബെ പ്രസിഡൻസിയോടു ചേർത്തു. ഹോൾക്കർ, ബോൺസ്ലേ എന്നിവരുടെ രാജ്യങ്ങളിലെ കുറേ ഭാഗങ്ങൾ കമ്പനി കരസ്ഥമാക്കി, ശിവാജിയുടെ വംശജനായ ഒരാളെ സററാറായിൽ രാജാവായി ഇംഗ്ലീഷുകാർ വാഴിച്ചു.

ഹേസ്റ്റിംഗ്സിൻെറ പരിഷ്കാരങ്ങൾ

ഹേസ്റ്റിംഗ്സ് രാജ്യാഭിവൃദ്ധിക്കായി പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തി. കമ്പനിയുടെ സാമ്പ

തികനില ഭദ്രമാക്കുന്നതിന്ന വേണ്ട പരിപാടികൾ കൈക്കൊണ്ടു. നീതിന്യായപരിപാലനം കാൎയ്യക്ഷമമാക്കുവാൻ കൂടുതൽ കോടതികൾ സ്ഥാപിച്ചു. ജഡ്ജിമാരുടെ എണ്ണവും അധികാരവും വൎദ്ധിപ്പിച്ചു. അദ്ദേഹത്തിന്റെ സുപ്രധാനമായ വേറൊരു നേട്ടം നാട്ടുഭാഷാഭ്യാസനത്തിന്നും പത്രപ്രവൎത്തനത്തിന്നും അദ്ദേഹം നല്കിയ പിൻതുണയാണു്. ഇതിന്റെ ഫലമായി 1818 ൽ ആദ്യമായി ഇംഗ്ലീഷിലും ബംഗാളിയിലും വൎത്തമാനപത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ബംഗാളിൽ ഒരു ഹിന്ദു കോളേജ് സ്ഥാപിച്ചതും ഇക്കാലത്തത്രെ.

## 5. ബൎമ്മായുദ്ധങ്ങൾ

**ഒന്നാംബൎമ്മായുദ്ധം [1824-26]**

സാമ്രാജ്യം വിസ്തൃതമായപ്പോൾ ബ്രിട്ടീഷ് ഇന്ത്യയുടെ കിഴക്കേ അതിൎത്തിയിൽ, ബൎമ്മയുമായി ഏററുമുട്ടേണ്ടിവന്നു. ബൎമ്മയിലെ രാജാവു് ആസ്സാം പിടിച്ചടക്കി. കൂടാതെ ബ്രിട്ടീഷുകാരുടെ വക ഒരു ദ്വീപും അവർ ആക്രമിച്ചു. ഇതുമൂലം ഗവൎണ്ണർ ജനറൽ ആമേഴ്സ്റ്റ് പ്രഭു യുദ്ധം ആരംഭിച്ചു. ബ്രിട്ടീഷ്സേന റംഗൂൺ തുടങ്ങിയ പല പ്രദേശങ്ങളും പിടിച്ചെടുത്തു. ആസ്സാമിൽനിന്നു് ബൎമ്മാക്കാരെ പുറത്താക്കി. ബൎമ്മീസ് സേനാനിയെ തോല്പിച്ചു്, വധിച്ചു. ഈ ഘട്ടത്തിൽ ബൎമ്മാരാജാവു് സന്ധിക്കു് സമ്മതിച്ചു. 1826-ൽ ഒപ്പുവെച്ച യെൻഡാബു സന്ധിമൂലം ഇംഗ്ലീഷുകാൎക്കു് ആസ്സാം, അരാക്കാൻ, റെനാസറിം എന്നീ പ്രദേശങ്ങൾ ലഭിച്ചു.

രണ്ടാം ബൎമ്മായുദ്ധം (1852-54)

ഗവൎണ്ണർ ജനറൽ ഡൽഹൗസി പ്രഭുവിൻെറ കാലത്തു് ബൎമ്മയുമായി വീണ്ടും യുദ്ധമുണ്ടായി. ബൎമ്മാ രാജാവു് അവിടത്തെ ബ്രിട്ടീഷ് പ്രതിപുരുഷനെ അപമാനിച്ചുവെന്നും ഇംഗ്ലീഷ് കച്ചവടക്കാരെ ശല്യപ്പെടുത്തിയെന്നും ഉള്ളതായിരുന്നു കാരണങ്ങൾ. രാജാവിൻെറ സമാധാനം എന്തെന്നറിയാൻ കാത്തിരിക്കാതെ, ഡൽഹൗസി യുദ്ധം പ്രഖ്യാപിച്ചു. ഈ യുദ്ധം പത്തു മാസക്കാലമേ നീണ്ടുനിന്നുള്ളു. ബൎമ്മാക്കാർ തോല്പിക്കപ്പെട്ടുവെങ്കിലും രാജാവു് സന്ധിക്കു് സന്നദ്ധനായില്ല. ഉടനെ തന്നെ ഡൽഹൗസി തെക്കേ ബൎമ്മയെ (പെഗു) ബ്രിട്ടീഷു ഇന്ത്യയോടു് ചേൎത്തു.

## 6. വില്യം ബെൻറിക് പ്രഭു (1828-35)

സമാധനപ്രിയനും വിശാലഹൃദയനുമായ ബെൻറിക് പ്രഭുവിൻെറ മുദ്രാവാക്യം 'ബ്രിട്ടീഷ് മഹിമ, ഇന്ത്യയുടെ സന്തുഷ്ടിയിൽ' എന്നതായിരുന്നു. ജനക്ഷേമത്തിനും രാജ്യത്തിൻെറ അഭിവൃദ്ധിക്കും വേണ്ടി ബെൻറിക് പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തി, കമ്പനിയുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ദേഹം ഉദ്യമിച്ചു. ആദായം വൎദ്ധിപ്പിക്കുന്നതിനും ഭരണച്ചെലവു് കുറയ്ക്കുന്നതിനും വേണ്ടി പല പരിഷ്കാരങ്ങളും ഏൎപ്പെടുത്തി.

ആവശ്യമില്ലാത്ത പല കോടതികൾ അദ്ദേഹം നിറുത്തലാക്കി. കൂടുതൽ ഇന്ത്യക്കാരെ ജഡ്ജിമാരായി നിയമിച്ചു. പേൎഷ്യൻ ഭാഷക്കു പകരം അതതു സ്ഥലത്തെ

നാട്ടുഭാഷകൾ കോടതികളിൽ ഉപയോഗിച്ചുകൊള്ളുവാൻ അനുവദിച്ചു.

ബെൻറിക്ക്പ്രഭുവിൻെറ സാമൂഹ്യപരിഷ്കാരങ്ങൾ പ്രത്യേകം സ്മരണീയമാകുന്നു. ബ്രഹ്മസമാജസ്ഥാപകനായ രാജാറാം മോഹൻറോയി, മഹാകവി ടാഗോറിൻെറ പിതാമഹനായ ദ്വാരകനാഥ ടാഗോർ തുടങ്ങി പല മഹാന്മാരും ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ അദ്ദേഹത്തെ സഹായിച്ചു. ഉത്തരേന്ത്യയിൽ ശതാബ്ദങ്ങളായി നിലനിന്നിരുന്ന ഒരു ദുരാചാരമാണ് സതി. 1829-ൽ ബെൻറിക്ക് നിയമംമൂലം സതിസമ്പ്രദായം നിറുത്തലാക്കി, നരബലിയും, രജപുത്രരുടെ ഇടയിൽ ചിലപ്പോൾ പെൺകുഞ്ഞുങ്ങളെ കൊന്നുകളയുന്ന സമ്പ്രദായവും അദ്ദേഹം നിരോധിച്ചു.

ഇന്ത്യയിൽ വിദ്യാഭ്യാസം നാട്ടുഭാഷകളിൽക്കൂടി വേണമോ, അതോ ഇംഗ്ലീഷിൽ വേണമോ എന്ന പ്രശ്നം ഇക്കാലത്ത് ഉദിച്ചു. ഗവർണ്ണർ ജനറലിൻെറ കൗൺസിൽ അംഗവും സുപ്രസിദ്ധ സാഹിത്യകാരനുമായ മെക്കാളെയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററിയെ നിയമിച്ചു. രാജാറാം മോഹൻ റോയിയെപ്പോലെ പുരോഗമനവാദികളായ ഭാരതീയരും പാശ്ചാത്യവിദ്യാഭ്യാസത്തിനുവേണ്ടി വാദിച്ചു. മെക്കാളെയുടെ റിപ്പോർട്ട് അനുസരിച്ച്, ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. തന്മൂലം ഭാരതീയ ഭാഷകളുടെ പ്രാധാന്യം കുറഞ്ഞു. എന്നാൽ ഈ നാട്ടിൽ പാശ്ചാത്യാദർശങ്ങൾ പ്രചരിക്കുന്നതിനും ദേശീയമായ ഐക്യബോധവും പ്രബുദ്ധതയും ഉളവാക്കുന്നതിനും അത് ഇടയാക്കി.

## 7. ഇംഗ്ലീഷുകാരും അഫ്ഗാനിസ്ഥാനും

പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭമായപ്പോഴേക്കും റഷ്യൻ സാമ്രാജ്യം കിഴക്കോട്ടു വികസിച്ചു. അവർ അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയെ ആക്രമിച്ചേക്കുമെന്നു് ഇംഗ്ലീഷുകാർ ഭയപ്പെട്ടു. അഫ്ഗാൻ അമീറായ ഡോസ്റ്റ് മഹമ്മദ് റഷ്യക്കാരുമായി മൈത്രി പുലത്തിയിരുന്നു. സിക്കുകാരുടേയും മററും സഹായത്തോടുകൂടി ഗവർണ്ണർ ജനറൽ ആക്‌ലൻഡ് 1839-ൽ അഫ്ഗാനിസ്ഥാൻ ആക്രമിച്ചു് ഡോസ്റ്റ് മഹമ്മദിനെ സ്ഥാനഭ്രഷ്ടനാക്കിയശേഷം ഷാഷൂജ എന്നൊരാളെ അമീറായി വാഴിച്ചു. ഷാഷൂജയുടെ സഹായത്തിനു് ഒരു ബ്രിട്ടീഷ്സേന കാബൂളിൽ താവളമുറപ്പിച്ചു. അഫ്ഗാൻകാർ ഷാഷൂജയേയും ബ്രിട്ടീഷുകാരേയും വെറുത്തിരുന്നു. ഒരു ദിവസം അപ്രതീക്ഷിതമായി കാബൂളിൽ ലഹള പൊട്ടിപ്പുറപ്പെട്ടു. ബ്രിട്ടീഷ് റസിഡൻറിനേയും ഇംഗ്ലീഷ്പട്ടാളക്കാരേയും അവർ കൊന്നു. ഈ നഷ്ടത്തിനും അപമാനത്തിനും ഇടയാക്കിയ ആക്‌ലൻഡ്പ്രഭു ഗവണ്ണർജനറൽ സ്ഥാനത്തുനിന്നു തിരിയെ വിളിക്കപ്പെട്ടു. പകരം വന്ന എല്ലൻബറോപ്രഭു രണ്ടു സേനകളെ കാബൂളിലേക്കയച്ചു. അതിനിടയ്ക്കു ഷാഷൂജാ വധിക്കപ്പെട്ടുകയാൽ ഡോസ്റ്റ് മഹമ്മദിനെത്തന്നെ അമീറായി അംഗീകരിച്ചു് യുദ്ധം അവസാനിപ്പിച്ചു.

സിൻഡ് ആക്രമണം (1843)

സിന്ധു നദീമുഖമായ സിൻഡ് കൈവശപ്പെടുത്തേണ്ടതു് ഇംഗ്ലീഷുകാരുടെ വാണിജ്യാഭിവൃദ്ധിക്കു് ആവശ്യ

മാണെന്ന് എല്ലൻബറോ തീർച്ചപ്പെടുത്തി. അവിടെ ഭരണം നടത്തിയിരുന്ന അമീർമാർ ഇംഗ്ലീഷുകാരുമായി സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്നു എങ്കിലും, അവരുടെ പേരിൽ അന്യായമായി ചില ആരോപണങ്ങൾ ഉണ്ടാക്കി. ഇംഗ്ലീഷുകാർ അമീർമാരെ തോല്പിച്ച്, സിൻഡ് ബ്രിട്ടീഷ് ഇൻഡ്യയോടു ചേർത്തു.

## ഇംഗ്ലീഷുകാരും സിക്കുകാരും

### രണജിത് സിംഹൻ

പതിനഞ്ചാം നൂററാണ്ടിൽ ഗുരുനാനാക്ക് സ്ഥാപിച്ച ഒരു മതവിഭാഗമാണ് സിക്കുമതം. മുഗൾ ചക്രവർത്തിയായ ഔറംഗസേബിന്റെ മതഭ്രാന്തു നിമിത്തം



രണജിത് സിംഹൻ

ഗുരു ഗോവിന്ദസിംഗിന്റെ നേതൃത്വത്തിൽ അവർ ഒരു ബലമേറിയ സൈനികശക്തിയായിത്തീൎന്നു. 'പഞ്ചാബ്സിംഹം' എന്നറിയപ്പെടുന്ന രണജിത്സിംഹനാണ് സിക്കുകാരെ ഇണക്കിച്ചേൎത്ത് പഞ്ചാബിൽ സുശക്തമായ ഒരു രാജ്യം സ്ഥാപിച്ചതു്.

ഇദ്ദേഹം 1780-ൽ ജനിച്ചു. കബൂളിലെ രാജാവിന്റെ പ്രീതിക്കു പാത്രീഭവിച്ചു്, ലാഹോറിലെ ഗവണ്ണരായിത്തീൎന്നു. താമസംവിനാ അദ്ദേഹം അഫ്ഗാൻകാരെ തുരത്തി. ക്രമേണ പഞ്ചാബിലെ ചെറുരാജ്യങ്ങളും കാശ്മീരവും ഒന്നിച്ചുചേൎത്ത് ഒരു സിക്കു് മഹാരാജ്യം സ്ഥാപിച്ചു. സത്ലജ് നദി കടന്നു് ബ്രിട്ടീഷുകാരുടെ അധീനതയിലുള്ള പ്രദേശം കൈവശപ്പെടുത്തുവാനും അദ്ദേഹം ഉദ്യമിച്ചു. അതിനേത്തുടൎന്നു 1809-ൽ അമൃതസരസ്സിൽവെച്ചു നടന്ന ഉടമ്പടിക്കുശേഷം അദ്ദേഹം ഇംഗ്ലീഷ്കാരുടെ ഉററമിത്രമായിതന്നെ കഴിഞ്ഞു. അസാമാന്യമായ യുദ്ധനിപുണതയും ഭരണസാമൎത്ഥ്യവും ഉള്ള ഒരാളായിരുന്നു രണജിത്സിംഹൻ. ഇംഗ്ലീഷുകാർ ബഹുമാനത്തോടും ശങ്കയോടുംകൂടി അദ്ദേഹത്തോടു പെരുമാറിവന്നു.

## ഒന്നാം സിക്കുയുദ്ധം (1845-46)

1839-ൽ രണജിത്സിംഹൻ മരിച്ചതോടുകൂടി സിക്കുകാരുടെ പ്രാബല്യം അസ്തമിച്ചു. കലഹങ്ങളും കഴപ്പങ്ങളും ആരംഭിച്ചു, ഒടുവിൽ രണജിത്സിംഹന്റെ അഞ്ചുവയസ്സ മാത്രം പ്രായമുണ്ടായിരുന്ന പുത്രൻ ദിലീപ്സിംഹൻ രാജാവായി. ദിലീപ്സിംഹന്റെ മാതാവായ റാണി ജിൻഡാൻ, കുമാരനുവേണ്ടി ഭരണം നടത്തി. എന്നാൽ, സൎവ്വ അധികാരങ്ങളും സിക്കുസേന കൈയ

ടക്കി. ഇംഗ്ലീഷുകാർ തക്കം നോക്കി രാജ്യകാര്യങ്ങളിൽ ഇടപെടാനും ശല്യംചെയ്യാനും ഒരുമ്പെട്ടു. ഇംഗ്ലീഷു സേന പഞ്ചാബിനെ ആക്രമിക്കുമെന്ന് സിക്കുകാർ ഭയന്നു. അതിനാൽ സിക്കുസേന സത്ലജ് കടന്ന് ബ്രിട്ടീഷ്പ്രദേശങ്ങളെ ആക്രമിച്ചു. ഇങ്ങനെ, ഒന്നാം സിക്കുയുദ്ധം ആരംഭിച്ചു.

അന്നു ഗവർണ്ണർ ജനറലായിരുന്ന ഹാർഡിംജ് ഒരു സൈന്യത്തെ അയച്ച് സിക്കുകാരെ തോല്പിച്ചു. 1846-ൽ ലാഹോറിൽ വെച്ചു ചെയ്ത സന്ധിമൂലം യുദ്ധം അവസാനിച്ചു. ദിലീപ്സിംഹനെ സിക്കുരാജാവായി ഇംഗ്ലീഷുകാർ അംഗീകരിച്ചു. സത്ലജ്നദിക്കിപ്പുറമുള്ള പ്രദേശങ്ങളും കാശ്മീരവും, നഷ്ടപരിഹാരാർത്ഥം ഒന്നരക്കോടി രൂപയും കമ്പനിക്കു നൽകുന്നതിനും സിക്കുസേനയുടെ ബലം കുറയ്ക്കുന്നതിനും ലാഹോറിൽ ഒരു ബ്രിട്ടീഷ് റസിഡൻറിനെ താമസിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യപ്പെട്ടു.

### രണ്ടാം സിക്കുയുദ്ധം (1848-49)

ലാഹോർ സന്ധിക്കുശേഷവും ഇംഗ്ലീഷുകാരും സിക്കുകാരും തമ്മിൽ സൗഹാർദ്ദം ഉണ്ടായില്ല. സിക്കുകാർക്ക് അവരുടെ ഭരണകാര്യങ്ങളിൽ ബ്രിട്ടീഷ്കാർ ഇടപെട്ടതു് രസിച്ചില്ല. സ്വാതന്ത്ര്യപ്രിയരായ സിക്കുകാർ പലയിടത്തും ലഹള തുടങ്ങി. അന്നു ഗവർണ്ണർജനറലായിരുന്ന ഡൽഹൗസി സിക്കുകാരോടു് യുദ്ധത്തിന് തയാറായി. ആദ്യത്തെ യുദ്ധത്തിൽ ബ്രിട്ടീഷുകാർക്ക് പേരിന് വിജയം കിട്ടിയെങ്കിലും ഒട്ടുവളരെ നഷ്ടമുണ്ടായി. ഗുജറാത്തിൽ വെച്ചു നടന്ന രണ്ടാമത്തെ യുദ്ധത്തിൽ സിക്കുകാർ നിശ്ശേഷം തോററു. ദിലീപ് സിംഹനെ സ്ഥാനഭ്രഷ്ടനാക്കി


പെൻഷൻ കൊടുത്തിട്ടു്. ഡൽഹൗസി പാഞ്ചാബു് മുഴുവനും ബ്രിട്ടീഷ്ഇന്ത്യയോടു് ചേൎത്തു.

## 8. ഡൽഹൗസി (1848—56)

ദത്താപഹാരനയം

ഡൽഹൗസിയുടെ കാലത്താണു് നാട്ടുരാജ്യങ്ങളുടെമേൽ ബ്രിട്ടീഷുകാർ അവരുടെ ശക്തി നല്ലതുപോലെ ഉപയോഗിച്ചതു്. നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ആക്കിയാൽ മാത്രമേ ജനക്ഷേമവും സമാധാനവും സൽഭരണവും ഉണ്ടാകയുള്ളു എന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം, നാട്ടുരാജ്യങ്ങളെ ഇല്ലാതാക്കാൻ അദ്ദേഹം ഒരു പുതിയ നയം പ്രയോഗിച്ചു. ഇതാണു് ദത്താപഹാര നയം. നാട്ടുരാജാക്കന്മാരിൽ ആരെങ്കിലും ശരിയായ പിൻതുടൎച്ചാവാശികൾ ഇല്ലാതെ മരിച്ചാൽ, ആരെയും ദത്തെടുക്കരുതെന്നും രാജ്യം പരമാധികാരമുള്ള ബ്രിട്ടീഷ് ഗവൺമെൻറിൽ ചേരേണ്ടതാണെന്നും അദ്ദേഹം നിശ്ചയിച്ചു. ഈ പദ്ധതിയനുസരിച്ചു് സററാറ, സാംബൽപുരം, നാഗപുരം, ജാൻസി മുതലായ നാട്ടുരാജ്യങ്ങളെ ഡൽഹൗസി ബ്രിട്ടീഷ്ഇന്ത്യയോടു് ചേൎത്തു.

മററു പല കാരണങ്ങളെ മുൻനിറുത്തി ഡൽഹൗസി പല പ്രദേശങ്ങൾ ബ്രിട്ടീഷ്ഇന്ത്യയോടു് ഇക്കാലത്തു് ചേൎക്കയുണ്ടായി. കരക്കുടിശ്ശിക (നികുതി ബാക്കി)ക്കു വേണ്ടി ഹൈദരബാദിലെ നൈസാമിൻെറ വകയായിരുന്ന ബീറാർ പ്രദേശം അദ്ദേഹം കൈവശപ്പെടുത്തി. സബ് സിഡിയറിസഖ്യത്തിൽ ചേൎന്ന അയോദ്ധ്യയെ ദുൎഭരണം എന്ന കുററം ആരോപിച്ചു ബ്രിട്ടീഷ്ഇന്ത്യയോടു് കൂട്ടിച്ചേൎത്തു.



ഡൽഹൗസി

ഇങ്ങിനെ, പല നാട്ടുരാജ്യങ്ങളും ദത്താപഹാരനയപ്രകാരവും മററുവിധത്തിലും ബ്രിട്ടീഷ് ഇന്ത്യയോട് ചേൎത്തു. ഡൽഹൗസി പ്രഭുവാണ് ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യസ്ഥാപനം പൂൎത്തിയാക്കിയതു്.

ഡൽഹൗസിയുടെ ഭരണപരിഷ്കാരങ്ങൾ

അദ്ദേഹം രാജ്യവിസ്തൃതിയിൽ മാത്രമല്ല, രാജ്യത്തിൽ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിലും ശ്രദ്ധിച്ചു. പൊതുജനോപയോഗപ്രദമായ പല പദ്ധതികളും അദ്ദേഹം ആവിഷ്കരിച്ചു, ആദ്യമായി തീവണ്ടി




ഡൽഹൗസിയുടെ കാലത്തെ ഇന്ത്യ

പ്പാതയും കമ്പിത്തപാലും ഇന്ത്യയിൽ ഏർപ്പെടുത്തിയതു് അദ്ദേഹമാണ്. ഗതാഗതസൌകര്യം വർദ്ധിപ്പിക്കാൻ ഷേർഷാ നിർമ്മിച്ച കൽക്കട്ടാമുതൽ പെഷവാർ വരെയുള്ള പ്രധാന രാജപാത പുതുക്കുകയും വേറെ പല പുതിയ റോഡുകളും നിർമ്മിക്കുകയും ചെയ്തു. ആദ്യത്തെ വമ്പിച്ച ജലസേചന പദ്ധതിയായ ഗംഗാ തോടു് അദ്ദേഹത്തിന്റെ പ്രവർത്തനഫലമാണ്. അദ്ദേഹമാണ് എഞ്ചിനീയർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനു് ഒരു

പ്രത്യേക സ്ഥാപനവും നിർമ്മിച്ചതു്. റോഡുകൾ, തോട്ടകൾ, പാലങ്ങൾ ഇവയുടെ പണിക്കും സംരക്ഷണത്തിനുമായി ഒരു പൊതുമരാമത്തു വകുപ്പും അദ്ദേഹം ഏർപ്പെടുത്തി. അരയണ ചെലവിൽ ഇന്ത്യയിൽ എവിടെയും കത്തുകളയയ്ക്കുന്നതിനുള്ള തപാൽ സൗകര്യവും നടപ്പിലാക്കി. വിദ്യാഭ്യാസവിഷയത്തിലും ഡൽഹൗസി ശ്രദ്ധിച്ചു. നാട്ടിൽ അനേകായിരം നാട്ടുഭാഷാവിദ്യാലയങ്ങൾ സ്ഥാപിക്കുകയും സഹായധനം നൽകി വിദ്യാലയങ്ങളെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഭൂമി ശരിയായി അളന്നു തിട്ടപ്പെടുത്തി, ജന്മിക്കു കുടിയാൻ നൽകേണ്ട നികുതി ന്യായമായി തിട്ടപ്പെടുത്തിയതുമൂലം കർഷകർക്കു് ഗണ്യമായ ആശ്വാസം ലഭിച്ചു. ഇപ്രകാരമുള്ള പരിഷ്കാരങ്ങൾ മൂലം ഇന്ത്യ കുറെയേറെ അഭിവൃദ്ധി പ്രാപിച്ചു. രാഷ്ട്രീയമായും ഭരണപരമായും ഇന്ത്യയിലെ പ്രബലന്മാരായ വലിയ ബ്രിട്ടീഷ് ഭരണാധിപന്മാരിലൊരാളാണു് ഡൽഹൗസി.

## 9 ബ്രിട്ടീഷ് ഭരണത്തിൻെറ നന്മകളും തിന്മകളും

പ്ലാസിയുദ്ധം നടന്ന 1757-നും ഇന്ത്യൻ വിപ്ലവം നടന്ന 1857-നും ഇടയ്ക്കുള്ള ഒരു ശതാബ്ദക്കാലം ഇന്ത്യയിൽ ഇംഗ്ലീഷ് ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ ഭരണകാലമായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൻെറ ഫലമായി രാഷ്ട്രീയമായും സാമൂഹ്യമായും ഭരണപരമായും ഗണ്യമായ മാററങ്ങൾ ഇന്ത്യയിൽ സംഭവിച്ചു.

ഇക്കാലത്തു ഗതാഗതത്തിലും വാർത്താവിനിമയത്തിലും ഉണ്ടായ വമ്പിച്ച മാററങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാനും ജനങ്ങളെ പരസ്പരം അടുപ്പി

ക്കാനും സഹായിച്ചു. ശിഥിലമായിക്കിടന്നിരുന്ന നാട്ടിൽ ഐക്യം സാദ്ധ്യമാണെന്നുള്ള ബോധം ജനങ്ങളിൽ ഉണ്ടായിത്തുടങ്ങി. ബ്രിട്ടീഷ്ഭരണത്തിൻെറ ഏററവും മഹത്തായ നേട്ടം ഇന്ത്യയുടെ ഏകീകരണമാണ്. ഏകീകൃതമായ നിയമങ്ങളും സുസ്ഥിരമായ ഭരണരീതിയും ഇന്ത്യക്കു പൊതുവിൽ ഉണ്ടായി. സമത്ഥവും കായ്യക്ഷമവും ആയ ബ്രിട്ടീഷ് ഭരണം രാജ്യത്തിൻെറ പുരോഗതിയെ സഹായിച്ചു എന്നുള്ളതിനു് സംശയമില്ല.

ഇടത്തരക്കാക്കും വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നതിനിടയായി. ഇന്ത്യ ഒട്ടുക്കു് ഒരേ ഭാഷ സംസാരിക്കുന്നതിനും ഇന്ത്യയെപ്പററി ഒരേ രൂപത്തിൽ ചിന്തിക്കുന്നതിനും ഉതകുന്ന ഒരു വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്തി. ഇംഗ്ലീഷ് സാഹിത്യം, ശാസ്ത്രം ഇവയുടെ പ്രചാരം മൂലം പാശ്ചാത്യാദർശങ്ങൾ പ്രചരിക്കുന്നതിനും രാഷ്ട്രീയ പ്രബുദ്ധതയും ദേശീയബോധവും സംജാതമാകുന്നതിനും ഇടയായി. ഇന്ത്യൻജനതയിൽ ഉൽഭൂതമായ സ്വാതന്ത്ര്യവാഞ്ഛയും ഐക്യബോധവും പ്രബുദ്ധതയും ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ ഫലമാണ്. ഇന്ത്യയുടെ പൊതുനന്മക്കുവേണ്ടി ചിന്തിക്കാനും പ്രവത്തിക്കാനും ഇന്ത്യക്കാക്കു സാധിച്ചു. പാശ്ചാത്യരുടെ മാതൃക ഇന്ത്യയിലും സ്വീകരിക്കേണ്ടതാണെന്നു് വിദ്യാഭ്യാസം സിദ്ധിച്ച ഭാരതീയർ വാദിച്ചുതുടങ്ങി. അതിൻെറ ഗുണഫലങ്ങൾ താമസിയാതെ പല വിധത്തിലും പ്രത്യക്ഷപ്പെടുകയും ചെയ്തു.

കമ്പനിഭരണംമൂലം സാരമായ ചില ദൂഷ്യങ്ങളും ഉണ്ടായിട്ടുണ്ടു്. കഴിയുന്നതും കൂടുതൽ ആദായം ഉണ്ടാ

ക്കണം എന്നായിരുന്നു കമ്പനിയുടെ മുഖ്യലക്ഷ്യം. അല്ലാതെ ജനക്ഷേമം ആയിരുന്നില്ല. ഇന്ത്യയിൽനിന്നു ലഭിച്ച വരുമാനത്തിന്റെ ഭൂരിഭാഗവും കമ്പനിഉദ്യോഗസ്ഥന്മാരും ഓഹരിക്കാരും വീതിച്ചെടുത്തു. കോടിക്കണെക്കിനുള്ള സംഖ്യകൾ നമ്മുടെ നാട്ടിൽനിന്നു ഇംഗ്ലണ്ടിലേക്കു പൊയ്ക്കൊണ്ടിരുന്നു. പൗരാണികകാലം മുതൽ തന്നെ ഭാരതം വ്യവസായപരമായി ഒരുയന്ന സ്ഥാനം നേടിയിരുന്നു. ഇവിടത്തെ ഏററവും പ്രധാനപ്പെട്ട വ്യവസായം തുണിനെയ്ത്തായിരുന്നു. അതു പാശ്ചാത്യ രാജ്യങ്ങളിൽ വളരെ വിലമതിക്കപ്പെട്ടുമിരുന്നു. ഡാക്കാ മസ്ലിൻ, ബനാറസ് (കാശി) സിൽക്കു്, കാശ്മീർ സാൽവ തുടങ്ങിയ തുണിത്തരങ്ങൾ ലോകപ്രശസ്തിയാർജ്ജിച്ചിരുന്നു. 1757-ൽ മൂർഷിദാബാദ് എന്ന നഗരം ജനബാഹുല്യത്തിലും ധനസ്ഥിതിയിലും ലണ്ടൻനഗരത്തോടു് തുല്യമാണെന്നു് ക്ലൈവ് പ്രസ്താവിച്ചിട്ടുണ്ടു്. കമ്പനിയുടെ ഭരണം ഇവിടെ വികസിച്ചുവന്നതോടുകൂടി നമ്മുടെ വ്യവാസായങ്ങൾ അധഃപതിച്ചുതുടങ്ങി. ഇവിടെനിന്നു കയററുമതിചെയ്ത വ്യവസായോൽപന്നങ്ങൾക്കു് വലിയ തീരുവ ഈടാക്കിപ്പോന്നു. എന്നാൽ, ഇംഗ്ലണ്ടിൽനിന്നു ഇവിടെ ഇറക്കുമതിചെയ്യുന്ന സാധനങ്ങളിൽനിന്നു നാമമാത്രമായ തീരുവയേ ഈടാക്കിയിരുന്നുള്ളു. ഇന്ത്യൻ തുണിത്തരങ്ങൾ ഇംഗ്ലണ്ടിൽ ഉപയോഗിക്കുന്നതു് പാർലിമെണ്ടു് നിയമംമൂലം തടയപ്പെട്ടു. തങ്ങളുടെ വാണിജ്യ വ്യവസായങ്ങൾക്കു പ്രോത്സാഹനം നൽകണമെന്നും ആദായം വർദ്ധിപ്പിക്കണമെന്നും ഉള്ളതായിരുന്നു കമ്പനിയുടെ നയം. രണ്ടായിരത്തിൽപരം വർഷങ്ങളായി അഭിവൃദ്ധിയിലിരുന്ന ഇന്ത്യൻവ്യാപാരവും കരകൗശലങ്ങളും കൈത്തൊഴിലുകളും നാശോന്മുഖമായി. അന്നേ

കായിരം തൊഴിലാളികൾ ഉപജീവനമാൎഗ്ഗമില്ലാതെ വലഞ്ഞു്, നഗരങ്ങൾ ഉപേക്ഷിച്ചു, അവർ നാട്ടിൻപുറങ്ങളിലേക്കു കടന്നു. അവരിൽ പലരും കൃഷിക്കാരായി. കൃഷിത്തൊഴിലിൽ അപ്പോൾതന്നെ അനേകലക്ഷം പേർ ഏൎപ്പെട്ടിരുന്നു. ഇവരും കൂടി ആയപ്പോൾ കൎഷകരുടെ നിലയും പരുങ്ങലിലായി. ബ്രിട്ടൻെറ സാമ്പത്തികനയംമൂലം ഇന്ത്യ ദരിദ്രയായി. ഐശ്വര്യസമൃദ്ധങ്ങളായിരുന്ന ഇന്ത്യൻഗ്രാമങ്ങൾ ദാരിദ്ര്യത്തിൻെറ നടനരംഗങ്ങളായി.

ഇന്ത്യക്കാൎക്കു് ഭരണകാൎയ്യങ്ങളിൽ പങ്കെടുക്കാനോ അഭിപ്രായം പ്രകടിപ്പിക്കാനോ ബ്രിട്ടീഷ്കാർ അവസരം നൽകിയിരുന്നില്ല. ഉയൎന്ന ഉദ്യോഗങ്ങളെല്ലാം ഇംഗ്ലീഷുകാൎക്കും താണ ഉദ്യോഗങ്ങൾ മാത്രം നാട്ടുകാൎക്കും നല്കുകയായിരുന്നു പതിവു്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഭാരതീയ ഭാഷകളുടേയും സംസ്കാരത്തിൻേറയും വളൎച്ചയ്ക്കു് വിഘാതംവരുത്തി. ഇംഗ്ലീഷ് ഭാഷാഭ്യസനംകൊണ്ടു് പ്രയോജനമുണ്ടായതു് ധനികൎക്കു മാത്രമാണു്. പുതിയ വിദ്യാഭ്യാസരീതിയിൽ ഭാരതീയ സംസ്കാരത്തിനോ, മതങ്ങൾക്കോ പ്രാധാന്യം നൽകിയിരുന്നില്ല. അതിനാൽ അവയെക്കുറിച്ചു് ഇന്ത്യാക്കാൎക്കുതന്നെ അജ്ഞതയും അവജ്ഞയും ജനിക്കുന്നതിനുപോലും ഇടയായി.

# പ്രായോഗിക പ്രവർത്തനങ്ങൾ

## അദ്ധ്യായം 1

1. ലോകത്തിന്റെ പടത്തിൽ, ഇന്ത്യയും വിദേശ രാജ്യങ്ങളുമായുള്ള കച്ചവട മാർഗ്ഗങ്ങളേയും. വാസ്ക്കോഡിഗാമാ ഇന്ത്യയിലേക്കു വന്ന മാർഗ്ഗത്തേയും കുറിക്കുക.
2. ഇന്ത്യാ പടത്തിൽ, നമ്മുടെ രാജ്യത്തിൽ വന്നു വാണിജ്യകേന്ദ്രങ്ങൾ ഏർപ്പെടുത്തിയ യൂറോപ്യൻ ശക്തികളുടെ സ്ഥലങ്ങളെ അടയാളപ്പെടുത്തുക. ഓരോ രാജ്യക്കാരുടേയും വാണിജ്യസ്ഥലങ്ങളേയും വേറെ വേറെ നിറങ്ങൾ കൊടുത്തു കാണിക്കുക.
3. വിദ്യാർത്ഥികൾ സംഘങ്ങളായി പിരിഞ്ഞു ചുവടെ ചേർത്ത മാപ്പുകൾ വരയ്ക്കുക.
   (1) ഇന്ത്യയിൽ കർണ്ണാട്ടിക്കു യുദ്ധങ്ങൾ നടന്ന സ്ഥലങ്ങൾ
   (2) മൈസൂർ യുദ്ധങ്ങളെ കാണിക്കുന്ന മാപ്പു്.
   (3) മഹാരാഷ്ട്രയുദ്ധങ്ങൾ നടന്ന സ്ഥലങ്ങൾ.
   (4) ക്ലൈവിന്റെ കാലത്തെ ബ്രിട്ടീഷ് ഇന്ത്യാ പടം (പ്ലാസി, ബക്സാർ, പാററ്റ്ന, മുർഷിദബാദ്, മോൺഗീർ, കൽക്കട്ടാ, ബംഗാൾ, ബീഹാർ, ഒറീസ്സ, അലഹബാദ്)
   (5) ഒന്നും രണ്ടും ബർമ്മായുദ്ധങ്ങൾ കാണിക്കുന്ന പടം.
   (6) വെല്ലസ്ലിയുടെ കാലത്തെ ബ്രിട്ടീഷ് ഇന്ത്യ.
   (7) ഹേസ്റ്റിംഗ്സിന്റെ കാലത്തെ ബ്രിട്ടീഷ് ഇന്ത്യ.
   (8) ഡൽഹൗസിയുടെ കാലത്തെ ഇന്ത്യ.
   (9) സിക്കു യുദ്ധങ്ങളെ കാണിക്കുന്ന പടം.
4. വാറൻ ഹേസ്റ്റിംഗ്സ് മുതൽ രാജഗോപാലാചാരിവരെയുള്ള ഗവർണ്ണർ ജനറൽമാരുടെ കാലക്രമപട്ടിക തയ്യാറാക്കുക. അവരുടെ ചിത്രങ്ങൾ ശേഖരിച്ചു ക്രമപ്രകാരം ആൽബത്തിൽ പതിക്കുക.

5. ടിപ്പു, ഹൈദരാലി, ശിവാജി, നാനാഫർണാവിസ്, മിർകാസിം, മിർജാഫർ, സുരാജ്ദൗള, ഷാ അലം, രാജാറാം മോഹൻറോയി, റൺജിററ്സിംഗ് എന്നിവരുടെ ചിത്രങ്ങൾ ക്രമപ്രാരം ആൽബത്തിൽ ചേർക്കുക.

6. പട്ടിക പൂർത്തിയാക്കുക:—

| ഗവർണ്ണർ ജനറൽ | നടപ്പിലാക്കിയ നയം / നിയമം | അതിലെ പ്രധാന വ്യവസ്ഥകൾ |
|---|---|---|
| വാറൻ ഹേസ്റ്റിംഗ്സ് | ക്രമീകരണ നിയമം | |
| കോൺവാലീസ് | | |
| വെല്ലസ്ലി | | |
| ഡൽഹൗസി | | |

7. ഹേസ്റ്റിംഗ്സ്, ഡൽഹൗസി, വില്യം ബെൻറിക് എന്നിവരുടെ പ്രധാനമായ ഭരണപരിഷ്കാരങ്ങളെ കാണിക്കുന്ന ചാർട്ടുകൾ വരയ്ക്കുക.

8. ചർച്ച നടത്തുക:—

(1) ക്ലൈവിൻെറ ദ്വയഭരണം.

(2) 1773-ലെ ക്രമീകരണ നിയമം.

(3) 1784-ലെ പിററിൻെറ ഇന്ത്യാ ആക്ട്.

(4) ബ്രിട്ടീഷ്ഭരണത്തിൻെറ നന്മതിന്മകൾ.

അദ്ധ്യായം 2

# ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം

ബ്രിട്ടീഷ് ആധിപത്യം ഇന്ത്യയിൽ എന്നു് സ്ഥാപിച്ചുവോ അന്നു മുതൽ ബ്രിട്ടീഷുകാക്കെതിരായി ലഹളകളു മാരംഭിച്ചു. എന്നാൽ, എ. ഡി. 1857-ലാണു് ഈ ലഹളകളിൽ ഏററവും പ്രധാനപ്പെട്ടതു് ഉണ്ടായതു്. ഇതു് ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കു് വ്യാപിക്കുകയും ചെയ്തു. ചില പാശ്ചാത്യ ചരിത്രകാരന്മാർ അന്നു് അഭിപ്രായപ്പെട്ടതു് ഇതു് കേവലം ഒരു ശിപായിലഹള മാത്രമായിരുന്നു എന്നാണു്. എന്നാൽ മററുള്ളവർ ഇതിനെ മഹത്തായ ഒരു ദേശീയ വിപ്ലവമായിട്ടാണു് ചിത്രീകരിച്ചിരിക്കുന്നതു്.

ഈ വിപ്ലവം തുടങ്ങിയതു് 1857-ൽ മീററിൽ ആരംഭിച്ച ഒരു സൈനിക ലഹളയായിട്ടാണു്. ക്രമേണ അതു് ഡൽഹി, അലഹബാദു്, ലക്നൗ തുടങ്ങിയ സ്ഥലങ്ങളിലേക്കും ബാധിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നു് ഈ വിപ്ലവത്തിനു് സഹായം ലഭിക്കുകയും ചെയ്തു. ഇതു് അതിവേഗം പ്രചരിച്ചു് ജനകീയ പ്രക്ഷോഭണത്തിൻേറയും സ്വാതന്ത്ര്യ സമരത്തിൻേറയും സ്വഭാവം കൈക്കൊണ്ടു. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒന്നാം അദ്ധ്യായമായി ഇതിനെ തികച്ചും കണക്കാക്കാവുന്നതാണു്.

## 1. 1857-ലെ ഇന്ത്യൻ വിപ്ലവം

### വിപ്ലവ കാരണങ്ങൾ

കാരണങ്ങളെ രാഷ്ട്രീയം, സൈനികം, സാമൂഹ്യം, മതപരം എന്നിങ്ങിനെ വിഭജിക്കാവുന്നതാണ്.

### രാഷ്ട്രീയ കാരണങ്ങൾ

ബ്രിട്ടീഷ് ഭരണാധികാരികൾ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കുക എന്ന നയമാണ് അക്കാലത്ത് സ്വീകരിച്ചിരുന്നത്. ഈ നടപടി നാട്ടുരാജ്യങ്ങളിൽ ഭയവും സംശയവും ഉണ്ടാക്കി. ഡൽഹൗസി പ്രഭുവിൻെറ ദത്താപഹാരനയവും സാമ്രാജ്യവിസ്തൃതിക്കായുള്ള മററു പരിപാടികളും ഈ കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. ഏതൊരു നാട്ടുരാജ്യത്തെയും ന്യായവും നീതിയും നോക്കാതെ ഇംഗ്ലീഷുകാർ ഏതവസരത്തിലും കൈവശപ്പെടുത്തുമെന്നുള്ള ധാരണ പരന്നിരുന്നു. ഒരു മുസ്ലിം രാജ്യമായ അയോദ്ധ്യയെ ഇംഗ്ലീഷുകാർ ഇന്ത്യയോട് ചേർത്തത്, അവിടത്തെ പ്രബലന്മാരായ ഇടപ്രഭുക്കന്മാരുടെ എതിർപ്പിനും വിരോധത്തിനും ഇടയാക്കി. ഒടുവിലത്തെ പേഷ്വ ബാജിറാവു രണ്ടാമൻെറ ദത്തുപുത്രനായ നാനാ സാഹേബിന് ബ്രിട്ടീഷുകാർ അടുത്തൂൺ നൽകാതിരുന്നത് മഹാരാഷ്ട്രരുടെ ശത്രുതയ്ക്കും കാരണമായി. മഹാരാഷ്ട്രാധിപത്യം ഇന്ത്യയിൽ സ്ഥാപിക്കാൻ നാനാസാഹേബ് ശ്രമമാരംഭിച്ചു. ദത്തെടുക്കാനുള്ള അവകാശം നിഷേധിച്ച് രാജ്യം കൈവശപ്പെടുത്തിയതിനാൽ ജാൻസിയിലെ റാണി ലക്ഷ്മീഭായി ഇംഗ്ലീഷു

കാരുടെ ബദ്ധശത്രുവായിത്തീൻ. ഇക്കാലത്തു് മുഗൾ സാമ്രാജ്യത്തിൻെറ നിഴൽ പോലും ഉണ്ടായിരുന്നമില്ല. ചുരുക്കത്തിൽ രാജാക്കന്മാർ മാത്രമല്ല, അവരുടെ ചില വിൽ കഴിഞ്ഞിരുന്ന ഉദ്യോഗസ്ഥന്മാർ, സൈനികർ, മററു് അനുയായികൾ ഇവരും ബ്രിട്ടീഷുകാരുടെ നാട്ടുരാജ്യനയം മൂലം അവരോടു് കലശലായ വിരോധമുള്ളവരായിത്തീൻ.

സാമൂഹ്യം, മതപരം

ഇംഗ്ലീഷുകാരുടെ ഭരണകാര്യങ്ങളിൽ പലതും ഹിന്ദുക്കളുടെ പാരമ്പര്യത്തിനും സംസ്കാരത്തിനും യോജിച്ചതല്ല എന്നു് യാഥാസ്ഥിതികർ വിശ്വസിച്ചു. സതി സമ്പ്രദായം നിറുത്തൽ ചെയ്തതും വിധവാവിവാഹം അനുവദിച്ചതും റെയിൽവേ, കമ്പിത്തപാൽ ഇവ ഏർപ്പെടുത്തിയതും ജനങ്ങളിൽ പൊതുവേ ഭയവും ആശങ്കയും ഉളവാക്കി; മതപരിവത്തനം ചെയ്യുന്നവർക്കു് അനുകൂലമായി പിൻതുടർച്ചാവകാശ നിയമം നിമ്മിച്ചതും ക്രിസ്ത്യൻ മിഷ്യനറിമാരുടെ പ്രവത്തനങ്ങൾ നിർബാധം അനുവദിച്ചതും ഹിന്ദുക്കളിലും മുഹമ്മദീയരിലും സംഭ്രാന്തി ഉണ്ടാക്കി. പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായങ്ങളും ആചാര മര്യാദകളും വേഷ വിധാനങ്ങളും ഭാരതീയക്കു് പൊതുവേ അസ്വീകാര്യമായിത്തോന്നി.

സൈനികം

ഇന്ത്യൻ ഭടന്മാർ പൊതുവിൽ വളരെ അതൃപ്തരായിരുന്നു. അവരുടെ ശമ്പളം തുച്ഛമായിരുന്നു, അവർക്കു് യഥായോഗ്യം ഉദ്യോഗക്കയററം കിട്ടിയിരുന്നില്ല.

സൈന്യത്തിലെ ഉയൎന്ന ഉദ്യോഗങ്ങൾ ഇംഗ്ലീഷുകാൎക്ക് മാത്രമായി മാററി വെയ്ക്കപ്പെട്ടിരുന്നു. കടലിന്നപ്പുറത്തുള്ള സ്ഥലങ്ങളിലേക്ക് തങ്ങളെ സേവനാൎത്ഥം അയയ്ക്കുന്ന പതിവ് യാഥാസ്ഥിതികരായ ഭാരതീയ സൈന്യം ഇഷ്ടപ്പെട്ടില്ല. നിഷിദ്ധമായ കപ്പൽ യാത്ര ചെയ്യാനിടവരുന്നത് അവൎക്ക് പരാതിയുള്ള കാൎയ്യമായിരുന്നു. സൈനിക വേഷത്തിലും ആയോധന മുറകളിലും വരുത്തിയ മാററങ്ങൾ ഭടന്മാൎക്ക് അഹിതകരങ്ങളായിരുന്നു.

എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്നതുപോലെയുള്ള ഒരു സംഭവം കൂടി ഇതിന്നിടയിൽ ഉണ്ടായി. ഇതു് ഒരു പുതിയതരം തോക്കും കൊഴുപ്പു പുരട്ടിയ തോട്ടയും നടപ്പാക്കിയതാണ്, ഈ തോട്ടകളിൽ പശുവിൻെറയും പന്നിയുടെയും കൊഴുപ്പുണ്ടെന്ന് സൈന്യത്തിനു്, ശരിയായോ തെററായോ എന്തോ, തോന്നാനിടയായി. ഇത്തരം തോട്ടകൾ തങ്ങളെ തൊടാൻ ഇടയാക്കുന്നതു് തങ്ങളെ ജാതി ഭ്രഷ്ടരാക്കാനാണെന്ന് ഹിന്ദുക്കളും മുസ്ലിങ്ങളും ആയ ഭടന്മാർ ഒരുപോലെ ധരിച്ചുവശായി. ഇത്തരം തോക്കുകൾ ഉപയോഗിക്കാൻ വിസമ്മതിച്ചവരെ അധികാരികൾ കഠിനമായി ശിക്ഷിക്കുകയും ചെയ്തു. ഇതു് വിപ്ലവത്തിനു തക്ക കാരണമായിത്തീൎന്നു.

## വിപ്ലവം

1857മേയ് 10-ാംനു മീററിലെ പട്ടാളക്കാർ പെട്ടെന്നിളകി. യൂറോപ്യൻ ഉദ്യോഗസ്ഥന്മാരെ വധിച്ചശേഷം അവർ ഡൽഹിയിലേക്ക് പാഞ്ഞെത്തി. ഡൽഹി പിടിച്ചെടുത്തു് വൃദ്ധനായ ബഹദൂർ ഷായെ മുഗൾ ചക്രവ

ത്തിയായി പ്രഖ്യാപിക്കുകയാണ് അവർ അടുത്തതായി ചെയ്തതു്. ആഗ്ര, അയോദ്ധ്യ, മദ്ധ്യഭാരതം തുടങ്ങിയ പ്രദേശങ്ങളിലേക്കു് വിപ്ലവം അതിവേഗം പടന്നു പിടിച്ചു. കാൺപൂരിലെ വിപ്ലവ നേതാവു് നാനാ



ജാൻസി റാണി

സാഹേബ്ബ് ആയിരുന്നു. മദ്ധ്യഭാരതത്തിലെ വിപ്ലവം നയിച്ചതു് ധീരയും ഊർജ്ജ സ്വലയും ആയ, കേവലം 20 വയസ്സ് മാത്രം പ്രായം ഉള്ള, ജാൻസിയിലെ റാണി ലക്ഷ്മീഭായി ആണ്. പുരുഷ വേഷം ധരിച്ച് അവർ പടക്കളത്തിൽ സുധീരം പോരാടി. ധൈര്യത്തിലും സമരതന്ത്രത്തിലും ലക്ഷ്മീഭായി ആരുടേയും പിന്നിലായിരുന്നില്ല. അസംതൃപ്തരായ ഭാരതീയ ജനത ഒരു ഭാഗത്തും ഇംഗ്ലീഷ്ഭടന്മാർ മറുഭാഗത്തുമായി അക്രമങ്ങളും അനീതികളും അനവധി നടത്തി.

ഈ വിപ്ലവം അമർച്ച ചെയ്യുന്നതിന്ന് ഇംഗ്ലീഷുകാർ വേണ്ട നടപടികൾ വിജയകരമായി കൈക്കൊണ്ടു. സിക്കുകാരുടെ സഹായത്തോടെ അവർ ഡൽഹി കൈവശപ്പെടുത്തി. ബഹദൂർ ഷായെ സ്ഥാനഭ്രഷ്ടനാക്കി ബർമ്മയിലേക്കു് നാടുകടത്തി. അദ്ദേഹത്തിൻെറ രണ്ടു പുത്രന്മാരെ വെടിവെച്ചുകൊന്നു. പിന്നീടു ലക്നൌ, അയോദ്ധ്യ, കാൺപൂർ എന്നീ പ്രദേശങ്ങളും ഇംഗ്ലീഷ്സൈന്യം കൈവശപ്പെടുത്തി. നാനാസാഹേബ് പ്രാണരക്ഷാർത്ഥം വനാന്തരങ്ങളിലേക്ക് ഓടിപ്പോയി. റാണി ലക്ഷ്മീഭായി മാത്രം അവസാനംവരെ വീറോടെ പൊരുതി വീരസ്വർഗ്ഗം പ്രാപിച്ചു. ഈ വീരവനിതയെ സഹായിച്ച ടാൻറിയാറേറാപ്പിയെ ബ്രിട്ടീഷുകാർ പിടിച്ചു തൂക്കിലിട്ടു. ഇങ്ങനെ ഈ വിപ്ലവത്തിനു വിരാമമിട്ടു. ഏതാനുംമാസങ്ങൾകൊണ്ടു് നാട്ടിൽ സമാധാനം സ്ഥാപിക്കുന്നതിനും സാധിച്ചു.

## ഇന്ത്യയുടെ പരാജയകാരണങ്ങൾ

ഇന്ത്യയുടെ ഈ സ്വാതന്ത്ര്യസമരം എന്തുകൊണ്ടു് പരാജയമടഞ്ഞു എന്നു് ആലോചിക്കാം. ശക്തിയുള്ള പല വ്യക്തികളും സമൂഹങ്ങളും വിപ്ലവത്തെ എതിർക്കുകയും ഇംഗ്ലീഷുകാരെ സഹായിക്കുകയും ചെയ്തു. സിക്കുകാരും ഗൂർഖകളും ഹൈദരബാദ്, ഗ്വാളിയോർ തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാരും വിപ്ലവത്തെ അമർച്ചചെയ്യാൻ ഇംഗ്ലീഷുകാരെ സഹായിച്ചു. വിപ്ലവകാരികൾക്കു പൊതുവായ ലക്ഷ്യമോ, സമർത്ഥമായ നേതൃത്വമോ, വിശദമായ പരിപാടിയോ ഉണ്ടായിരുന്നില്ല. മുഗൾസാമ്രാജ്യം പുനർജീവിപ്പിക്കണമെന്നു് മുഹമ്മദീയരും മഹാരാഷ്ട്ര ശക്തിയുടെ പുനരുത്ഥാനം സാധിക്ക

ണമെന്നു ഹിന്ദുക്കളും ആഗ്രഹിച്ചു. ജാൻസിയിലെ റാണി മാത്രമായിരുന്നു പ്രാപ്തിയുള്ള ഏക സേനാനിപ. "ഏറ്റവും ധീരയും അനുപമയും" എന്നാണ് അവരെ എതിൎത്ത ഇംഗ്ലീഷ് സേനാനായകൻ പറഞ്ഞിട്ടുള്ളതു്. പോസ്റ്റ്, ടെലിഗ്രാഫ് മുതലായ വാൎത്താവിനിമയമാൎഗ്ഗങ്ങളും റെയിൽവെ തുടങ്ങിയ ഗതാഗതസൗകൎയ്യങ്ങളും ഗവൺമെണ്ടിന്റെ അധീനത്തിലായിരുന്നു. സാൎവ്വത്രികമായ വിപ്ലവമല്ലായിരുന്നു അതു്. പഞ്ചാബ്, ദക്ഷിണേന്ത്യ എന്നീ പ്രദേശങ്ങൾ വിപ്ലവത്തിൽ പങ്കെടുത്തില്ല. ഈ കാരണങ്ങളാലാണ് 1857-ലെ വിപ്ലവം പരാജയപ്പെട്ടതു്.

വിപ്ലവത്തിന്റെ ഫലങ്ങൾ

ഈ വിപ്ലവം ഇന്ത്യാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം ഉൽഘാടനം ചെയ്തു. 1858-ൽ ബ്രിട്ടീഷ്പാർലിമെണ്ട് ഇന്ത്യയെസംബന്ധിക്കുന്ന ഒരു പ്രത്യേകനിയമം പാസ്സാക്കി. ഇതോടെ ഇന്ത്യയിൽ നിലനിന്നിരുന്ന കമ്പനിഭരണം അവസാനിക്കുകയും ഇന്ത്യയുടെ ഭരണഭാരം ബ്രിട്ടീഷ്ഗവൺമെണ്ട് നേരിട്ടു ഏറ്റെടുക്കുകയും ചെയ്തു. ഈ പുതിയ നിയമത്തോടുകൂടി ഇംഗ്ലണ്ടിലെ രാജ്ഞി വിക്ടോറിയാ മഹാറാണി ഇന്ത്യയിലെ രാജ്ഞികൂടിയായിത്തീൎന്നു. താമസിയാതെ (1858-ൽ) വിക്ടോറിയ മഹാരാജ്ഞി ഇന്ത്യയെസംബന്ധിക്കുന്ന ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഇതിൽ ബ്രിട്ടന്റെ ഇന്ത്യാഭരണം സംബന്ധിച്ചുള്ള ലക്ഷ്യങ്ങൾപ്രസ്താവിച്ചിരുന്നു. അതുവരെ കമ്പനി ഉദ്യോഗസ്ഥനായി ഇന്ത്യയെ ഭരിച്ചിരുന്ന ഗവൎണ്ണർ ജനറൽ അന്നുമുതൽ വൈസ്രോയി (രാജ പ്രതിപുരുഷൻ) കൂടിയായിത്തീൎന്നു. ഇന്ത്യയുടെ പ്രഥമ വൈസ്രോ



കാനിങ്ങ് പ്രഭു

യിയായി കാനിങ്ങ് പ്രഭുവിനെ നിയമിക്കുകയും ചെയ്തു. ഇന്ത്യയിലെ രാജാക്കന്മാരുമായി കമ്പനി നടത്തിയിട്ടുള്ള ഉടമ്പടികൾ പാലിക്കുമെന്നും അവരുടെ രാജ്യങ്ങൾ പിടിച്ചെടുക്കുകയില്ലെന്നും ഈ വിളംബരത്തിൽ പ്രത്യേകം പറഞ്ഞിരുന്നു. പരിപൂർണ്ണമായ മതസ്വാതന്ത്ര്യം അനുവദിക്കുമെന്നും ഉദ്യോഗനിയമനങ്ങളിൽ എല്ലാവർക്കും തുല്യാവകാശം ഉണ്ടായിരിക്കുമെന്നും റാണി വാഗ്ദാനം ചെയ്തു. വിപ്ലവത്തിൽ പങ്കെടുത്തവർക്കെല്ലാം മാപ്പുകൊടുത്തു, ഭരണീയരുടെ ക്ഷേമമായിരിക്കും ഗവൺമെൻറിൻെറ ലക്ഷ്യമെന്നും ആ വിളംബരത്തിൽ ഊന്നിപ്പറഞ്ഞു. "ഇന്ത്യാക്കരുടെ അഭിവൃദ്ധിയാണ് നമ്മുടെ ബലം; അവരുടെ സംതൃപ്തിയാണ് നമ്മുടെ സ്ഥിരത; അവരുടെ കൃതജ്ഞതയാണ്

നമ്മുടെ പ്രതിഫലം'' എന്ന വിളംബരത്തിൽ പ്രസ്താവിച്ചിരുന്നു.

1877-ൽ വിക്ടോറിയ മഹാരാജ്ഞിയെ ഇന്ത്യാ ചക്രവർത്തിനിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള മറ്റൊരു വിളംബരം ഉണ്ടായി.

## ഇന്ത്യൻ നാഷണൽ കോൺഗ്രസ്

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഒരു പ്രധാന ഫലം ഇവിടെ ദേശീയബോധം ജനിപ്പിച്ചു എന്നതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസവും പാശ്ചാത്യ സംസ്കാരവും രാജ്യത്തിൽ പ്രചരിച്ചതോടുകൂടി വിദ്യാസമ്പന്നരും ചിന്താശീലരും ആയ ഭാരതീയർ മാതൃഭൂമിയുടെ അഭിവൃദ്ധിയെപ്പററി ചിന്തിക്കുവാൻ തുടങ്ങി. ഭാരതസംസ്കാരത്തിന്റെ അധഃപതനം അവക്ക് വേദനയുളവാക്കി. പുതിയ വിദ്യാഭ്യാസ രീതി ആദ്യം വേരൂന്നിയതു് ബംഗാളിലാണ്. അതിനാൽ ദേശീയപ്രബുദ്ധത ആദ്യം കണ്ടുതുടങ്ങിയതും അവിടെയാണ്. പത്തൊമ്പതാം നൂററാണ്ടിന്റെ രണ്ടാം അർദ്ധത്തിൽ മതപരവും സാമുദായികവും രാഷ്ട്രീയവുമായ പല പ്രസ്ഥാനങ്ങളും ഇന്ത്യയിൽ പൊതുവേ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഭാരതത്തിലെ അന്ധവിശ്വാസങ്ങളെ വേരോടെ നശിപ്പിക്കാനും ആത്മീയമായ ഉണർവ്വ് ഉണ്ടാക്കാനും മഹാനായ രാജാറാം മോഹൻറോയി ശ്രമിച്ചു. ഈ ഉദ്ദേശങ്ങളോടെ സ്ഥാപിതമായ സംഘടനയാണ് ബ്രഹ്മസമാജം. പഞ്ചാബിൽ സ്വാമി ദയാനന്ദസരസ്വതിയാൽ സ്ഥാപിക്കപ്പെട്ട ആര്യസമാജവും ഹിന്ദുമതത്തിന് ദേശീയബോധത്തിൽക്കൂടി ഒരു നവജീവൻ

പ്രദാനം ചെയ്തു. ഇന്ത്യ ഇന്ത്യക്കാൎക്ക് എന്ന മുദ്രാവാക്യം ഒന്നാമതു് പുറപ്പെട്ടതു് സ്വാമി ദയാനന്ദ സരസ്വതിയിൽ നിന്നാണു്. ആ നൂററാണ്ടിലെ തത്വ ചിന്തകന്മാരും ദേശാഭിമാനികളുമായ ശ്രീരാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും ജനങ്ങളുടെ ഇടയിൽ മതപ്രബുദ്ധതയോടുകൂടിത്തന്നെ ദേശീയബോധവും സ്വാതന്ത്ര്യാഭിലാഷവും വികസിപ്പിച്ചു. വിവേകാനന്ദസ്വാമികൾ സ്ഥാപിച്ച "ശ്രീരാമകൃഷ്ണമിഷ്യൻ' ലോകപ്രശസ്തി സമ്പാദിച്ചുകഴിഞ്ഞിട്ടുണ്ടു്. പ്രസിദ്ധ ചിന്തകയും വാഗ്മിയും ആയിരുന്ന മിസിസ് ആനിബസൻറിൻെറ നേതൃത്വത്തിൽ പ്രവൎത്തനം നടത്തിയിരുന്ന ബ്രഹ്മവിദ്യാസംഘവും ഹൈന്ദവസംസ്കാരത്തിൻെറ മഹത്വം വിളംബരം ചെയ്യുകയും പ്രചരിപ്പിക്കയും ദേശാഭിമാനബോധം വളൎത്തുകയും ചെയ്യാൻ യത്നിച്ചു. ഈ പ്രസ്ഥാനങ്ങളുടെയെല്ലാം പ്രവൎത്തനഫലമായി ഇന്ത്യയിൽ പൊതുവേ ഒരു നവോത്ഥാനമുളവായി. ഇത്തരം പരിശ്രമങ്ങളുടെ ഫലമായി ഉണ്ടായ സ്ഥാപനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്, മഹാദേവ ഗോവിന്ദ റാനഡെ 1884-ൽ ആരംഭിച്ച ഡക്കാൻ എഡ്യൂക്കേഷൻ സൊസൈററി. ഇതിൻെറ പ്രവൎത്തകന്മാർ വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചു രാജ്യസേവനവും സമുദായസേവനവും നിൎവ്വഹിച്ചുവന്നു. ഇവരിൽ ഏററവും പ്രശസ്തനായിരുന്നു ഗോപാലകൃഷ്ണ ഗോഖലെ. മതപരവും സാമുദായികവുമായ ഈ പ്രസ്ഥാനങ്ങൾ ദേശീയ പ്രബുദ്ധതയുടെ വളർച്ചയ്ക്കു് പരോക്ഷമായി സഹായിച്ചു.

1857-ലെ പ്രഥമ വിപ്ലവത്തിനുശേഷവും ഭരണപരമായ കാൎയ്യങ്ങളിൽ പറയത്തക്ക വ്യതിയാനമൊന്നും

ഉണ്ടായില്ല. പത്രപ്രവൎത്തനസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം ആദിയായവ ഇന്ത്യക്കാൎക്ക നിഷേധിക്കപ്പെട്ടിരുന്നു. അഭ്യസ്തവിദ്യരായ ഇന്ത്യക്കാൎക്കും വിശാലാശയരായ ഇംഗ്ലീഷുകാൎക്കും ഒരുപോലെ, ഭരണകാൎയ്യങ്ങളിൽ ഇന്ത്യക്കാൎക്ക് ഒരു പങ്കുവേണമെന്നു് തോന്നിത്തുടങ്ങി. ക്രമേണ ഇന്ത്യയുടെ നാനാ ഭാഗങ്ങളിലുമുള്ള വിദ്യാസമ്പന്നർ ജാതിമതഭേദമെന്യേ ഏകോപിക്കുവാൻതുടങ്ങി. ഇന്ത്യക്കാരുടെ ഈ ഉണർവ്വ് മനസ്സിലാക്കി അവൎക്ക് നേതൃത്വവും പ്രചോദനവും നല്കാൻ ചില ആംഗ്ലേയ സുഹൃത്തുക്കൾ ഉദ്യമിച്ചു എന്നതു് സ്മരണീയമാണു്.

1885-ൽ ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിൻെറ ആദ്യ സമ്മേളനം ബോംബേയിൽ വെച്ചു് ഒരു പ്രസിദ്ധ അഭിഭാഷകനായിരുന്ന ഡബ്ലിയു. സി. ബാനർജിയുടെ അദ്ധ്യക്ഷതയിൽ കൂടി. ഉദ്യോഗത്തിൽനിന്നു് അടുത്തുൺ പററിപ്പിരിഞ്ഞ എ. ഓ. ഹ്യൂം എന്നൊരു ബ്രിട്ടീഷുകാരനായിരുന്നു ഇതിൻെറ പ്രധാന പ്രവൎത്തകൻ. അന്നത്തെ ഇന്ത്യൻ വൈസ്രോയിയായിരുന്ന ഡഫറിൻ പ്രഭുവിൻെറ ആനുകൂല്യത്തോടുകൂടിയാണു് ഹ്യൂം ഇതിൻെറപ്രവൎത്തനത്തിലേപ്പെട്ടതു്. ഇന്ത്യയുടെ നാനാ ഭാഗങ്ങളിൽ നിന്നുമായി 70 പ്രമാണികൾ ഈ പ്രഥമ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. രണ്ടാമത്തേയും മൂന്നാമത്തേയും സമ്മേളനങ്ങൾ യഥാക്രമം കല്ക്കട്ടായിലും മദ്രാസിലും വെച്ചു് നടന്നു. ഈ സമ്മേളനങ്ങളിൽ പാസ്സാക്കിയ പ്രധാന പ്രമേയങ്ങൾ, നിയമസഭകളിൽ ഇന്ത്യക്കാൎക്ക് കൂടുതൽ പ്രാതിനിദ്ധ്യം അനുവദിക്കണം, ഉയൎന്ന സൎക്കാരുദ്യോഗങ്ങളിൽ ഇന്ത്യക്കാരെ കൂടുതലായി നിയമിക്കണം, ഇന്ത്യയുടെ സൈനികച്ചെലവു് കുറക്കണം എന്നിവയായിരുന്നു. പ്രാരംഭഘട്ടങ്ങളിൽ

ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചതു് മിതമായ ഭാഷയിലും വിനീതമായ സ്വരത്തിലും ആയിരുന്നു. അക്കാലത്തു് കോൺഗ്രസ്സിന്റെ ലക്ഷ്യം, ഇന്ത്യക്കാരെ ഏകോപിപ്പിച്ചു് ഐക്യബോധമുള്ള ഒരു ജനതയാക്കി ത്തീക്കുക, ഭാരതീയരുടെ എല്ലാ വിധത്തിലുമുള്ള ഉന്ന മനം കൈവരുത്തുക എന്നിവയായിരുന്നു. കൊല്ലം തോറും ഇന്ത്യയിലെ ഓരോ പ്രധാന നഗരത്തിൽവച്ചു് കോൺഗ്രസ്സ് സമ്മേളനം നടത്തിവന്നു. കോൺഗ്ര സ്സിന്റെ സ്വാധീനശക്തി കൊല്ലംതോറും വർദ്ധിച്ചുവന്നു കൊണ്ടിരുന്നു.

ഇന്ത്യക്കാരുടെ താല്പയ്യങ്ങൾ സംരക്ഷിക്കുവാൻ സക്കാരിനെ വ്യവസ്ഥാപിതമാൎഗ്ഗങ്ങളിലൂടെ ഉൽബോധി പ്പിക്കുകയായിരുന്നു കോൺഗ്രസ്സിന്റെ അക്കാലങ്ങ ളിലെ പ്രധാനജോലി. എന്നാൽ കോൺഗ്രസ്സിന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഇന്ത്യാഗവണ്മെന്റു് കൂട്ടാക്കിയില്ല. ഗവണ്മെന്റു് സംശയദൃഷ്ടിയോടെ യാണു് കോൺഗ്രസ്സിനെ വീക്ഷിച്ചതു്.

### ബംഗാൾ വിഭജനം

1905-ൽ കഴ്സൻപ്രഭു ഇന്ത്യാവൈസ്രോയി ആയി രുന്നപ്പോൾ ബംഗാൾസംസ്ഥാനത്തെ രണ്ടായി വിഭ ജിച്ചു. പൊതുജനാഭിപ്രായത്തെ തൃണവൽഗണിച്ചുള്ള ഒരു തീരുമാനമായിരുന്നു ഇതു്. ഈ വിഭജനം ഭരണ സൗകര്യാത്ഥമാണു് ചെയ്യുതെന്നു് പ്രഭു വിശദീകരിച്ചു. പക്ഷേ, അതു് പരമാൎത്ഥമായിരുന്നില്ല. ദേശീയ പ്രബു ദ്ധതയിൽ അന്നു് ബംഗാളികളെ ജയിക്കാൻ ആരും ഇല്ലായിരുന്നു. സക്കാരിനെതിരായി ശക്തിയേറിയ

പ്രക്ഷോഭങ്ങൾ ബംഗാളിൽ നിരന്തരം നടന്നുകൊണ്ടാണിരുന്നതു്. ഇതിനെ ഒന്നു മന്ദീഭവിപ്പിക്കുകയായിരുന്നു വിഭജനത്തിന്റെ ആന്തരോദ്ദേശ്യം. ബംഗാൾ വിഭജനം ബങ്കാളികളുടെ ദേശീയബോധത്തെ പൂർവ്വാധികം തട്ടിയുണർത്തി. സുപ്രസിദ്ധവാഗ്മി ആയിരുന്ന സുരേന്ദ്രനാഥ ബാനർജിയുടെ നേതൃത്വത്തിൽ ബംഗാളിൽ പ്രക്ഷോഭണമാരംഭിച്ചു. ഇതിനെ അടിച്ചമർത്തുവാൻ സർക്കാർ സർവ്വശ്രമങ്ങളും നടത്തി. പക്ഷെ, ബംഗാൾ വിഭജനം സംബന്ധിച്ചു് പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭണം ഒരു അഖിലഭാരതപ്രശ്നമായി രൂപാന്തരപ്പെട്ടു. ഇതോടെ ഭീകര പ്രവർത്തനങ്ങളും സ്വദേശിപ്രസ്ഥാനവും വിദേശസാമാന ബഹിഷ്കരണവും മററും ശക്തിപൂർവ്വം ആരംഭിച്ചു. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പും വെറുപ്പും സർവ്വത്ര പ്രകടമായി.

കോൺഗ്രസ്സിൽ ഭിന്നിപ്പ്

ക്രമേണ ഇന്ത്യൻ നാഷണൽകോൺഗ്രസ്സിൽ ഭിന്നിപ്പ് കണ്ടുതുടങ്ങി ഇന്ത്യയുടെ അവകാശങ്ങൾ നേടുന്നതിനു് വ്യവസ്ഥാപിതമായ പ്രക്ഷോഭണം മതി എന്നു് ഒരു കൂട്ടരും അതല്ല, ഫലപ്രദമായ എതിർപ്പുകൊണ്ടു് മാത്രമേ അവകാശങ്ങൾ സമ്പാദിക്കാനാവൂ എന്നു് മറെറാരു കൂട്ടരും വാദിച്ചു. മിതവാദികളുടെ നേതൃത്വം വഹിച്ചതു് ദാദാബായി നവറോജി, സുരേന്ദ്രനാഥ ബാനർജി, ഗോപാലകൃഷ്ണ ഗോഖലെ മുതലായവരായിരുന്നു. അമിതവാദികളുടെ നേതാക്കന്മാർ ബാലഗംഗാധരതിലകൻ, അരവിന്ദഘോഷ്, വിപിനചന്ദ്രപാലൻ ലാലാലജപത്റായി മുതലായവരാണു്. 1907-ൽ സൂററ്റ് സമ്മേളനത്തിൽവെച്ച് ഇരുകൂട്ടരും പിണങ്ങിപ്പിരിഞ്ഞു.

അമിതവാദികൾ നാഷണൽകോൺഗ്രസ്സിനെ വിട്ട് സ്വന്തം പദ്ധതികളിൽക്കൂടി രാഷ്ട്രീയപ്രവൎത്തനങ്ങൾ ആരംഭിച്ചു. അവർ ഗവൺമെൻറിനെ എതിൎക്കാനും തകൎക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു, അതോടെ സർക്കാർ മർദ്ദനമുറകൾ അഴിച്ചുവിടുകയും ചെയ്തു. അമിതവാദി നേതാക്കന്മാർ രാജദ്രോഹകുററത്തിന് ശിക്ഷിക്കപ്പെട്ടു. പക്ഷെ, മർദ്ദനനയം അതിൻെറ ലക്ഷ്യത്തിൽ പാടെ പരാജയമടഞ്ഞു. മിതവാദികളെ തൃപ്തിപ്പെടുത്തുന്നതിന് 1909-ൽ മിൻറോ-മോർലി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. രാഷ്ട്രീയ പുരോഗതിയുടെ ആദ്യത്തെ ചുവടുവയ്പായി മിതവാദികൾ ഇതിനെ സ്വാഗതം ചെയ്തു. മിതവാദികളും തീവ്രവാദികളും തമ്മിലുള്ള ഭിന്നിപ്പ് 1916-ലെ ലക്നൗ സമ്മേളനംവരെ നീണ്ടുനിന്നു. 1911-ൽ ബംഗാൾവിഭജനം റദ്ദുചെയ്തു. ഇതുവരെ മുസ്ലീങ്ങൾ കോൺഗ്രസ്സിൽ ധാരാളമായി ചേരാതെ ഒരു പ്രത്യേക സംഘടനയായി മാറിനിന്നിരുന്നു, ഈ സംഘടനയുടെ പേർ മുസ്ലീംലീഗ് എന്നായിരുന്നു. 1916-ൽ മുസ്ലീംലീഗും നാഷണൽകോൺഗ്രസ്സും തമ്മിൽ നിലവിലിരുന്ന ഭിന്നതകൾ പറഞ്ഞൊതുക്കി രമ്യതയിലെത്തി.

ആ കൊല്ലം തന്നെ മസിസ് ആനി ബസൻറിൻെറയും തിലകൻെറയും നേതൃത്വത്തിൽ രണ്ടു "ഹോംറൂൾ ലീഗ്"കൾ ആരംഭിച്ചു, അവർ കോൺഗ്രസ്സും ലീഗും തമ്മിലുള്ള ഐക്യത്തിന് പിൻതുണ നൽകി.

ആനി ബസൻറ് ഇന്ത്യൻ രാഷ്ട്രീയകാര്യങ്ങളിൽ സജീവമായി ഒരു പങ്കു വഹിച്ചു. നാഷണൽ കോൺഗ്രസ്സിൻെറ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച ആദ്യത്തെ വനിതാരത്നമത്രെ ഇവർ.

1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചു. ലോകത്തിലെ വൻകിടശക്തികൾ രണ്ടു കക്ഷികളായിപ്പിരിഞ്ഞു. ഈ ഘട്ടത്തിലാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽനിന്നു ഇന്ത്യയിൽ തിരിച്ചെത്തിയത്. ഈ വിഷമസന്ധിയിൽ ഇംഗ്ലീഷുകാരെ സഹായിക്കേണ്ടതു് തങ്ങളുടെ കടമയാണെന്നും അതുകൊണ്ടു് സകല കഴിവുകളും വിനിയോഗിച്ചു ഇംഗ്ലീഷുകാരെ സഹായിക്കാൻ ജനങ്ങൾ തയ്യാറാകണമെന്നും ഗാന്ധിജി ഉൽബോധിപ്പിച്ചു. ഇന്ത്യയുടെ സഹായം ബ്രിട്ടീഷ്‌വിജയത്തിനു വളരെയേറെ വഴിതെളിയിച്ചിട്ടുണ്ടെന്നു അവർ തന്നെ സമ്മതിച്ചിട്ടുമുണ്ടു്.

(കോൺഗ്രസ്സും ലീഗും ചേർന്നു ലക്നൗവിൽവെച്ച് ഒരു സംയുക്ത ഭരണവ്യവസ്ഥ നിർമ്മിച്ചു. എന്നാൽ, അതിന്നനുകൂലമായ നടപടികളൊന്നും ഗവമ്മേണ്ടു് കൈക്കൊണ്ടില്ല. തന്മൂലം രാജ്യമെങ്ങും യോഗങ്ങളും പ്രചരണങ്ങളും നടന്നു. പ്രക്ഷോഭണം അമർച്ചചെയ്യാൻ ഗവമ്മേണ്ടു് മർദ്ദനനയം അംഗീകരിച്ചു. പല നേതാക്കന്മാരെയും അറസ്റ്റ്ചെയ്തു കാരാഗൃഹത്തിൽ ആക്കി. ഭരണപരിഷ്കാരങ്ങൾ ഉടനെ ഉണ്ടാകുമെന്നു ഇന്ത്യാസിക്രട്ടറി മൊണ്ടേഗു പ്രസ്താവിച്ചു. സ്ഥിതിഗതികൾ നേരിട്ടറിയുന്നതിന്നു് അദ്ദേഹം ഇന്ത്യ സന്ദർശിച്ചു. അന്നത്തെ വൈസ്രോയി ചെംസ്ഫോർഡ് പ്രഭുവും മൊണ്ടേഗുവും ചേർന്നു ഒരു റിപ്പോർട്ടു് തയ്യാറാക്കി ബ്രിട്ടീഷ്‌പാർലിമെണ്ടിൽ സമർപ്പിച്ചു. അതിനെ ആസ്പദമാക്കി 1919-ൽ ഭരണപരിഷ്കാരം നടപ്പിലാക്കി. അതിനാൽ ഈ പരിഷ്കാരത്തിന്നു മോണ്ട്-ഫോർഡ് ഭരണപരിഷ്കാരം എന്നു പേർ സിദ്ധിച്ചു.) ഈ ഭരണപരിഷ്കാരം പൊതുവെ വളരെ നിരാശയുണ്ടാക്കി. ഇന്ത്യക്കു പൂർണ്ണമായ സ്വയംഭരണം ലഭിക്കുമെന്നായിരുന്നു ജനങ്ങളുടെ പ്രതീക്ഷ.

ഈ നിരാശയുടെ ഫലമായി സ്വാതന്ത്ര്യ പ്രക്ഷോഭണം പൂർവ്വാധികം ശക്തിമത്തായിത്തീൻ. കോൺഗ്രസ് അഭ്യസ്തവിദ്യരായ ഏതാനും ചിലരുടെ സംഘടനയാണെന്നുള്ള പഴയ നില മാറി. സാധാരണക്കാരായ ബഹുലക്ഷങ്ങളുടെ സംഘടനയായി രൂപം പൂണ്ടു. പക്ഷെ, ഗവമ്മെണ്ട് കക്കശമായ മർദ്ദനപരിപാടി തന്നെ പിൻതുടൻ. തന്മൂലം ഏതാനും ജനങ്ങൾ പ്രക്ഷുബ്ധരായി ഭീകരപ്രവത്തനങ്ങളിൽ ഏർപ്പെടാൻ തുടങ്ങി. റൗലററ് ആക്ട് എന്ന പേരിൽ കുപ്രസിദ്ധമായ ഒരു നിയമം സക്കാർ പുതുതായി സൃഷ്ടിച്ചു. ഈ നിയമം മൂലം ഏതൊരു ഇന്ത്യക്കാരനേയും യാതൊരു വിചാരണയും കൂടാതെ ജയിലിൽ ആക്കാനുള്ള അധികാരം ഗവർമ്മേണ്ടിന്ന് സിദ്ധിച്ചു, ഈ നിയമത്തെ എതിത്തുകൊണ്ടുള്ള യോഗങ്ങൾ നാട്ടിന്റെ നാനാഭാഗത്തും കൂടി. പഞ്ചാബിൽ പട്ടാളനിയമംതന്നെ പ്രഖ്യാപിച്ചു. ഇക്കാലത്താണ് അമൃതസരസ്സിലുള്ള ജാലിയൻ വാലാബാഗിൽ കൂടിയ സമാധാനപരമായ ഒരു യോഗം പിരിച്ചുവിടാൻ ബ്രിട്ടീഷ്സൈന്യം ജനക്കൂട്ടത്തിന്റെ നേക്ക് വെടിവെച്ചതു്. തൽഫലമായി അസംഖ്യം ഇന്ത്യക്കാർ മരിച്ചു. ഈ ദാരുണസംഭവം ഇന്ത്യക്കാരെ ഒട്ടാകെ ഇളക്കി മറിച്ചു. കോൺഗ്രസ്സും ലീഗും കൂടിച്ചേന്ന് ഇന്ത്യയുടെ ലക്ഷ്യം പൂണ്ണസ്വരാജ്യം ആണെന്ന് പ്രഖ്യാപിച്ചതു് ഈ സംഭവത്തെ തുടന്നാണ്. 1920-ൽ തിലകൻ മരിച്ചതോടെ മഹാത്മാഗാന്ധി കോൺഗ്രസ്സിന്റെ അനിഷേദ്ധ്യ നേതാവായിത്തീൻ.

## മഹാത്മാഗാന്ധി

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഗുജറാത്തിൽ പോർബന്ദർ എന്ന സ്ഥലത്ത് 1869 ഒക്ടോബർ 2-ാം തീയതി ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ കർമ്മ ചന്ദ് ഗാന്ധി രാജക്കോട്ടിലെ ദിവാനായിരുന്നു. മാതാവ് വ്രതാനുഷ്ഠാനങ്ങളിൽ തല്പരയും ഈശ്വരഭക്തയുമായിരുന്നു. അന്നത്തെ സമുദായാചാരപ്രകാരം ഗാന്ധിജി ബാല്യത്തിൽതന്നെ കസ്തൂർബായി എന്ന ബാലികയെ വിവാഹം ചെയ്തു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഗാന്ധിജി ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷ പാസായി. തിരികെ വന്ന് കുറച്ചുകാലം ബോംബെയിലും രാജ്ക്കോട്ടിലും വക്കീൽപണിയിൽ ഏർപ്പെട്ടു. വക്കീൽ പണിയിൽ വലിയ നേട്ടമൊന്നും ഉണ്ടായില്ല. 1893-ൽ ഒരു മുസ്ലീം മാന്യൻെറ വക്കീലായി അദ്ദേഹം ദക്ഷിണാഫ്റിക്കയിൽ പോയി.

അക്കാലത്തു ദക്ഷിണ ആഫ്റിക്കയിൽ അനവധി ഇന്ത്യക്കാർ പാർത്തുവന്നിരുന്നു. 1860 മുതൽ അവിടത്തെ കൃഷിത്തോട്ടങ്ങളിൽ വേലയ്ക്കു ധാരാളം കൂലിക്കാരെ ഇവിടെ നിന്ന് കൊണ്ടുപോയിരുന്നു. ചില വ്യവസ്ഥകൾക്കു വിധേയരായി 5 കൊല്ലം ജോലി ചെയ്തു കൊള്ളാമെന്ന് ഇവർ കരാർ ചെയ്യേണ്ടിയിരുന്നു. നിർദ്ദയരായ വെള്ളക്കാർ വളരെ ക്രൂരമായിട്ടാണ് ഇവരോട് പെരുമാറിയിരുന്നത്. കരാറനുസരിച്ചുള്ള 5 കൊല്ലം കഴിഞ്ഞ് പല കൂലിക്കാരും അവിടെത്തന്നെ കച്ചവടത്തിലും കൃഷിയിലും ഏർപ്പെട്ട്, അഭിവൃദ്ധിയെ പ്രാപിച്ചുതുടങ്ങി. വെള്ളക്കാരുടെ കഠിനമർദ്ദനം

കൊണ്ടു് അവർ അനവധി ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു. ആത്മാഭിമാനത്തോടും സുരക്ഷിതത്വത്തോടുംകൂടി ജീവിക്കുവാൻ അവക്കു സാദ്ധ്യമല്ലാതെ ആയിത്തീന്നു. തീവണ്ടിയിൽ മൂന്നാം ക്ലാസ്സിൽ മാത്രമേ അവക്കു സഞ്ചരിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. വെള്ളക്കാരുടെ ഹോട്ടലിൽ ഇന്ത്യക്കാക്കു് പ്രവേശനം നിഷേധിച്ചിരുന്നു.

തൻെറ നാട്ടുകാരുടെ പരിതാപകരമായ ഈ നിലയ്ക്കു പരിഹാരം വരുത്തേണ്ടതു സ്വന്തം കടമയാണെന്നു് അദ്ദേഹം തീരുമാനിച്ചു. അവരുടെ അവശതാപരിഹാരത്തിനായി അവിടെയുള്ള ഇന്ത്യക്കാരെ ഒരുമിച്ചുചേത്തു് 'ദക്ഷിണാഫ്രിക്കൻ കോൺഗ്രസ്'' എന്നൊരു സംഘടന അദ്ദേഹം സ്ഥാപിച്ചു. അക്രമരഹിതമായ സത്യാഗ്രഹം എന്ന നൂതനായുധം കൊണ്ടു് അനീതികളെ എതിക്കുകയാണദ്ദേഹം ചെയ്തതു്. ഗാന്ധിജിയും അനുയായികളും ജയിൽവാസം മുതലായ പല കഷ്ടതകളും സഹിച്ചു് 20 കൊല്ലം സധൈയ്യം പോരാടി. ഒടുവിൽ ആഫ്രിക്കൻ ഗവണ്മെൻറുമായി ഒരു ഒത്തുതീപ്പിലെത്തുന്നതിനു് അദ്ദേഹത്തിനു് സാധിച്ചു. അതിൻെറ ഫലമായി അസ്വാതന്ത്ര്യങ്ങളിൽ ചിലതെല്ലാം നീക്കുന്നതിന്നിടയായി. നമ്മുടെ നാട്ടുകാരുടെ അവിടത്തെ ജീവിതം ഇന്നും കഷ്ടപ്പാടു് നിറഞ്ഞതാണു്.

1915-ൽ ഗാന്ധിജി ഇന്ത്യയിലേക്കു് മടങ്ങി. ഒന്നാം ലോകമഹായുദ്ധത്തിൽ ഇംഗ്ലീഷുകാരെ സഹായിക്കുവാൻ അദ്ദേഹം നാട്ടുകാരോടഭ്യത്ഥിച്ചു. കോൺഗ്രസ്സിൽചേന്നു്, ഗാന്ധിജി പ്രവത്തനമാരംഭിച്ചു. അതിന്നു

ശേഷമുള്ള ഗാന്ധിജിയുടെ ചരിത്രവും ഇന്ത്യൻസ്വാതന്ത്ര്യ സമരചരിത്രവും ഒന്നുതന്നെ എന്നു് നിസ്സംശയം പറയാവുന്നതാണു്.

ദേശീയപ്രസ്ഥാനത്തിൻെറ പുരോഗമനം

1920-ൽ ലോകമാന്യതിലകൻ കാലധമ്മം പ്രാപിച്ചശേഷം കോൺഗ്രസ്സിൻെറ നേതൃത്വം ഗാന്ധിജിയിൽ വന്നുചേന്നു. മോണ്ടു്-ഫോർഡ് പരിഷ്കാരങ്ങൾ കോൺഗ്രസ്സിനു് അസ്വീകായ്യമായിരുന്നു. റൗലററു് ആക്ടു് പാസ്സാക്കൽ,ജാലിയൻവാലാബാഗിലെദുരന്തംഇവകൊണ്ടു് ഇന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷം കലങ്ങി മറിഞ്ഞിരുന്നു, ഒന്നാം ലോകമഹായുദ്ധത്തിൽ തുക്കികൾ ഇംഗ്ലീഷുകാക്കെതിരായി യുദ്ധം ചെയ്തു. തുക്കിസുൽത്താൻ മുസ്ലീങ്ങളുടെ സമുദായാദ്ധ്യക്ഷൻ (കാലിഫ്) കൂടിയായിരുന്നു. യുദ്ധാനന്തരം ഇംഗ്ലീഷുകാർ തുക്കിസുൽത്താനോടു് പ്രതികാരനടപടികൾ കൈക്കൊണ്ടു. അതുമൂലം ഇന്ത്യൻ മുസ്ലീങ്ങൾക്കു് ഗവണ്മെൻറിനോടു് വൈരം ജനിക്കുന്നതിന്നിടയായി. മുസ്ലീങ്ങൾ പ്രക്ഷോഭണം ആരംഭിച്ചു. ഇതു് ഖിലാഫത്തു് പ്രക്ഷോഭണം എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ത്യൻ മുസ്ലീങ്ങൾ കോൺഗ്രസ്സിനോടു് ചേന്നു ബ്രിട്ടീഷ് ഗവണ്മെൻറിനു് എതിരായി പ്രവത്തിച്ചു. ഖിലാഫത്തു് പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കുകയും ഇന്ത്യയ്ക്കു് സ്വരാജ്യം അനുവദിക്കുകയും ചെയ്യുന്നതുവരെ ബ്രിട്ടീഷ് ഗവണ്മെൻറുമായി നിസ്സഹകരണം അനുഷ്ഠിക്കാൻ ഗാന്ധിജി കോൺഗ്രസ്സിനെ ഉപദേശിച്ചു. 1920-ൽ കൂടിയ കോൺഗ്രസ്സ് സമ്മേളനത്തിൽ നിസ്സഹകരണപ്രമേയം പാസ്സാക്കുകയും ചെയ്തു.

1921-ൽ ഒന്നാമത്തെ നിസ്സഹകരണപ്രസ്ഥാനമാരംഭിച്ചു. ഒരുവിധത്തിലും ഗവണ്മെൻറുമായി സഹകരിക്കരുതു്. ഇന്ത്യക്കാരുടെ സഹകരണം പിൻവലിച്ചാൽ ബ്രിട്ടീഷുകാർ ഇന്ത്യ വിടാതെ ഗത്യന്തരമില്ല. ഈ പ്രസ്ഥാനത്തിൽ അസത്യമോ, അക്രമമോ, വിദ്വേഷമോ ഉണ്ടായിക്കൂടാ. വിദ്യാലയങ്ങൾ, കോടതികൾ, കൗൺസിലുകൾ എന്നിവ ബഹിഷ്കരിക്കണം. ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കണം. ചർക്ക ഉപയോഗിച്ചു് നൂൽ നൂററു് സ്വന്തം വസ്ത്രം നെയ്യണം എന്നു തുടങ്ങിയ പരിപാടികൾ നടപ്പിൽ വരുത്തുവാൻ ഗാന്ധിജി ജനങ്ങളെ ആഹ്വാനംചെയ്തു. 1922-ൽ നികുതിനിഷേധം ആരംഭിക്കുവാനും നിശ്ചയിച്ചു. ബർദോലി താലൂക്കാണു് ഇതിനു് തിരഞ്ഞെടുക്കപ്പെട്ടതു്. ഈ അവസരത്തിൽ ഒരു അനിഷ്ടസംഭവമുണ്ടായി, നിസ്സഹകരണ സമരത്തിനിടയിൽ ചൗറി ചൗറാ എന്ന സ്ഥലത്തുവെച്ചു് ജനങ്ങൾ കോപാകുലരായി പോലീസ്സ്റ്റേഷൻ ആക്രമിച്ചു തീവച്ചു നശിപ്പിച്ചു. അതിനുള്ളിൽപെട്ടു് ഏതാനും പോലീസുകാർ വെന്തുമരിക്കുന്നതിനിടയായതിനാൽ അക്രമരഹിതമായ വിപ്ലവത്തിനു് ഇന്ത്യ തയ്യാറായിട്ടില്ലെന്നു് ഗാന്ധിജി മനസ്സിലാക്കുകയും നികുതിനിഷേധപ്രസ്ഥാനം പിൻവലിക്കുകയും ചെയ്തു. അക്കൊല്ലംതന്നെ ഗാന്ധിജിയെ അറസ്റ്റ്ചെയ്തു, ആറുകൊല്ലം തടവിനു ശിക്ഷിച്ചു പക്ഷെ, രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അനാരോഗ്യം മൂലം അദ്ദേഹത്തെ മോചിപ്പിച്ചു. ജയിൽമോചിതനായ ഗാന്ധജി 1924-ൽതന്നെ നിസ്സഹകരണപ്രസ്ഥാനം തല്ക്കാലത്തേക്കു് പിൻവലിച്ചു.

## സ്വരാജ് കക്ഷിയും നിയമസഭാ പ്രവേശനവും

നിയമസഭകളിൽ പ്രവേശിച്ച് അവിടെ ഗവണ്മെൻറിനെ എതിർത്ത്, ഭരണം അസാദ്ധ്യമാക്കിത്തീർക്കുന്നതായിരിക്കും നിസ്സഹകരണത്തെക്കാളും ഫലപ്രദമെന്ന് ഒരഭിപ്രായം കോൺഗ്രസ്സിൽ പൊന്തിവന്നു. ഈ അഭിപ്രായക്കാരിൽ പ്രധാനികൾ പണ്ഡിത മോട്ടിലാൽ നെഹ്റു, ദേശബന്ധു ചിത്തരഞ്ജൻദാസ് എന്ന രണ്ട് അഭിഭാഷക പ്രമുഖന്മാരായിരുന്നു. അവർ ഗാന്ധിജിയുടെ അനുമതിയോടുകൂടി സ്വരാജ്പാർട്ടി രൂപവൽക്കരിച്ചു. 1925ലെ പുതിയ തിരഞ്ഞെടുപ്പിൽ സ്വരാജ്കക്ഷിക്കാർ ജയിച്ച്, നിയമസഭയിൽ പ്രവേശിച്ചു. ഒരു മികച്ച കോൺഗ്രസ്സുകാരനായ വിത്തൽഭായി പട്ടേൽ (സർദാർ പട്ടേലിൻെറ ജ്യേഷ്ഠൻ) കേന്ദ്ര നിയമസഭയുടെ ആദ്യത്തെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. സ്വരാജ് കക്ഷിക്കാരും പട്ടേലും ഗവണ്മെൻറിനെ പല സന്ദർഭങ്ങളിലും വളരെ വിഷമിപ്പിക്കുകയും 1919-ലെ ഭരണപരിഷ്കാരങ്ങൾ വെറും പൊള്ളയാണെന്നു വ്യക്തമാക്കുകയും ചെയ്തു.

## സൈമൺ കമ്മീഷൻ

ഇന്ത്യയിൽ നടപ്പിൽവരുത്തേണ്ട പരിഷ്കാരത്തെപ്പററി ആരാഞ്ഞു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1927-ൽ സർ ജോൺ സൈമൻ എന്ന ഇംഗ്ലീഷുകാരൻെറ നേതൃത്വത്തിൽ ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഭാരതീയരുടെ ഭാഗധേയം നിശ്ചയിക്കുവാൻ നിയുക്തമായ കമ്മീഷനിൽ ഒരൊററ ഭാരതീയൻപോലും ഇല്ലായിരുന്നു. അതുകൊണ്ട് അവർ ഇന്ത്യ സന്ദർശിച്ച

പ്പോൾ കോൺഗ്രസ്സും ബഹുജനങ്ങളും അവരോട് നിസ്സഹകരിച്ചു. ജനക്കൂട്ടവും പോലീസുമായി ചില സ്ഥലങ്ങളിൽ ഏററുമുട്ടലുകൾ ഉണ്ടായി. എന്നിരുന്നാലും രാജ്യം മുഴുവൻ സഞ്ചരിച്ച്, തെളിവുകൾ ശേഖരിച്ച്, അവർ 1929-ൽ പാർലിമെൻറിനു് റിപ്പോർട്ടുസമർപ്പിച്ചു.

## സ്വാതന്ത്ര്യപ്രഖ്യാപനം

1929-ൽ ജവഹർലാൽ നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ ലാഹോറിൽവെച്ചു കൂടിയ കോൺഗ്രസ്സ്സമ്മേളനം ഇന്ത്യയുടെ ലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്നു് പ്രഖ്യാപിക്കുന്ന നിശ്ചയം പാസാക്കി. 1930 ജനുവരി 26-ാംതീയതി കോൺഗ്രസ്സിൻെറ ആഹ്വാനമനുസരിച്ച് ഇന്ത്യയിലെല്ലായിടത്തും യോഗങ്ങൾകൂടി, സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തിനുശേഷം ഇരുപതു കൊല്ലം തികഞ്ഞ 1950 ജനുവരി 26-ാംതീയതിയാണു് പുതിയ ഭരണഘടന അനുസരിച്ച് നമ്മുടെ മാതൃഭൂമി പരമാധികാരമുള്ള ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പരിണമിച്ചതു് എന്നു് പ്രത്യേകം പ്രസ്താവ്യമാണു്.

## ഉപ്പുസത്യാഗ്രഹം

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു നിയമലംഘനം തുടങ്ങേണ്ടതു് ആവശ്യമാണെന്നു് 1929-ലെ കോൺഗ്രസ് സമ്മേളനം നിശ്ചയിച്ചിരുന്നു. അതനുസരിച്ചു ഗാന്ധിജിയും അനുയായികളും, സ്വകാര്യ വ്യക്തികൾ ഉപ്പ് ഉണ്ടാക്കിക്കൂടാ എന്ന നിയമത്തേയാണു് ആദ്യമായി ലംഘിച്ചതു്. നിയമലംഘനത്തിനായി അദ്ദേഹവും അനുയായികളും സബർമതി ആശ്രമത്തിൽനിന്നു

കടൽത്തീരത്തുള്ള ദണ്ഡിയിലേക്ക് പുറപ്പെട്ടു. ദണ്ഡിയാത്ര ജനങ്ങൾക്ക് എന്തെന്നില്ലാത്ത ആവേശം ജനിപ്പിച്ചു. ഗാന്ധിജിയും കൂട്ടരും ഉപ്പുണ്ടാക്കി നിയമം ലംഘിച്ചതോടെ രാജ്യമാസകലം നിയമലംഘനത്തിൽ മുഴുകി. ഗവണ്മെൻറ് മർദ്ദനവുമാരംഭിച്ചു. ഗാന്ധിജിയും നേതാക്കന്മാരും അനേകായിരം അനുയായികളും ബന്ധനസ്ഥരായി.

വട്ടമേശ സമ്മേളനങ്ങൾ

ഇതിന്നിടയിൽ സൈമൺ കമ്മീഷൻ റിപ്പോർട്ടിനെപ്പററി ആലോചിക്കുവാൻ ഇംഗ്ലണ്ടിൽ ഒരു വട്ടമേശ സമ്മേളനം വിളിച്ചുകൂട്ടി. കോൺഗ്രസ് അതിൽ സംബന്ധിച്ചില്ല. താമസിയാതെ ഗാന്ധിജിയും അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭുവുമായി ഒരു സന്ധിയിലേർപ്പെട്ടു. അതാണ് ഗാന്ധി-ഇർവിൻ സന്ധി. അതനുസരിച്ച് സത്യാഗ്രഹം തൽക്കാലം നിറുത്തിവയ്ക്കണമെന്നും സത്യാഗ്രഹികളെ ജയിൽവിമുക്തരാക്കണമെന്നും കോൺഗ്രസ് വട്ടമേശ സമ്മേളനത്തിൽ പങ്കുകൊള്ളാമെന്നും സമ്മതിച്ചു. ഗാന്ധിജി 1931-ൽ രണ്ടാമത്തെ സൗഹാർദ്ദസമ്മേളനത്തിൽ കോൺഗ്രസ്സിൻെറ ഏകപ്രതിനിധിയായി പങ്കെടുത്തു. ഇന്ത്യയിലെ ഭിന്നവർഗ്ഗങ്ങൾ തമ്മിൽ യോജിക്കാത്തതുകൊണ്ട് ഗാന്ധിജിക്ക് കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചില്ല. നിരാശയോടെയാണ് ഗാന്ധിജി ഇന്ത്യയിലേക്ക് മടങ്ങിയത്. ഇതിന്നിടയ്ക്ക് ഇർവിൻപ്രഭു മാറി, വില്ലിങ്ങ്ഡൺ പ്രഭു വൈസ്രോയി ആയിത്തീൎന്നു. കോൺഗ്രസ്സിനെ അടിച്ചമൎത്താൻ അദ്ദേഹം ഉദ്യമിച്ചു. പണ്ഡിത ജവഹർലാൽ നെഹറു തുടങ്ങിയ പലരേയും തുറുങ്കിലടച്ചു. നിയമ

ലംഘനം വീണ്ടും ആരംഭിച്ചു. ഗാന്ധിജി ഇന്ത്യയിലെത്തി. ഏതാണ്ടു നാലാക്കകം അദ്ദേഹവും അറസ്റ്റ്ചെയ്യപ്പെട്ടു. കോൺഗ്രസ്സിൻെറ നിയമനിഷേധം ഒരു ഭാഗത്തും ഗവണ്മെൻറിൻെറ മർദ്ദനം മറെറാരു ഭാഗത്തും മുറയ്ക്കു് നടന്നു. ഈ സമയത്താണ് മൂന്നാമത്തെ വട്ടമേശസമ്മേളനം 1932-ൽ ലണ്ടനിൽ കൂടിയതു്. അതിലെ നിർദ്ദേശമനുസരിച്ചു് 1935-ലെ ഗവണ്മെൻറ് ആഫ് ഇന്ത്യാ ആക്ട് പാസാക്കപ്പെട്ടു.

## 1935-ലെ ഇന്ത്യാ ആക്ട്

ബ്രിട്ടീഷിന്ത്യൻ പ്രോവിൻസുകളും ഇന്ത്യയിലെ അഞ്ഞൂറിൽപരം നാട്ടുരാജ്യങ്ങളും കൂടിച്ചേൎന്ന് ഒരു സംയുക്ത ഭരണഘടന (ഫെഡറേഷൻ) സൃഷ്ടിക്കണം. നാട്ടുരാജ്യങ്ങൾക്കു് ഇഷ്ടമുണ്ടെങ്കിൽ മാത്രം ഫെഡറേഷനിൽ ചേൎന്നാൽ മതിയാകും. അവയുടെ ഭൂരിപക്ഷം ചേരുമ്പോൾ ഫെഡറേഷൻ നടപ്പിൽവരുന്നതാണ്. നിയമസഭയും അതിനോടു് ഉത്തരവാദിത്വം വഹിക്കുന്ന ഒരു മന്ത്രിസഭയും ഉണ്ടായിരിക്കും. രാജ്യരക്ഷ, വിദേശബന്ധം മുതലായ കാൎയ്യങ്ങൾ വൈസ്രോയി കൈകാൎയ്യംചെയ്യുന്നതാണ്. മററു് വകുപ്പുകൾ നിയമസഭയ്ക്കു് വിട്ടുകൊടുക്കുന്നതാണ്. ഒരു ഫെഡറൽ കോടതി സ്ഥാപിക്കണം എന്നു് ആക്ടിൽ നിശ്ചയംചെയ്തിരുന്നു. ഇങ്ങനെ, കേന്ദ്രത്തിൽ ഒരുതരം ദ്വിഭരണം സ്ഥാപിക്കപ്പെടണം എന്നായിരുന്നു ഗവണ്മെൻറിൻെറ ഉദ്ദേശം. ഈ ആക്ടനുസരിച്ചു പ്രോവിൻസുകളിൽ നിലവിലിരുന്ന ദ്വിഭരണം അവസാനിപ്പിച്ചു. പകരം പൂൎണ്ണമായ സ്വയംഭരണം അനുവദിച്ചു. ബൎമ്മയെ ഇന്ത്യയിൽനിന്നു് വേർതിരിക്കാനും തീരുമാനിക്കപ്പെട്ടു.

നാട്ടുരാജാക്കന്മാരുടെ സഹാനുഭാവമില്ലാതിരുന്നതിനാൽ, ഫെഡറൽപദ്ധതി നടപ്പിൽവന്നില്ല. 1937-ൽ പ്രോവിൻസുകളിൽ സ്വയംഭരണം ഏർപ്പെടുത്തി. അന്നത്തെ വൈസ്രോയി ലിൻലിത്ഗോപ്രഭു ആയിരുന്നു. തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് മത്സരിക്കുകയും ആകെയുള്ള പതിനൊന്ന് പ്രവിശ്യകളിൽ എട്ടെണ്ണത്തിൽ കോൺഗ്രസ്സ് ഭൂരിപക്ഷം നേടുകയും ചെയ്തു.

പ്രവിശ്യകളിലെ കോൺഗ്രസ് ഗവണ്മെൻറുകൾ അവരുടെ ചുരുങ്ങിയ കാലത്തെ ഭരണത്തിനിടയിൽ പല നല്ല കാര്യങ്ങളും ചെയ്തു. കോൺഗ്രസ്സ് അധികാരത്തിലിരിക്കുമ്പോൾ 1939-ൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. പൊതുജനാഭിപ്രായം ആരായാതെയും ഇന്ത്യയിലെ ഏററവും വലിയ സംഘടനയായ കോൺഗ്രസ്സിനോട് ആലോചിക്കുകപോലും ചെയ്യാതെയും വൈസ്രോയി ലിൻലിത്ഗോപ്രഭു ഇന്ത്യ സഖ്യകക്ഷികളുടെ പക്ഷം ചേർന്ന് യുദ്ധത്തിലേർപ്പെട്ടിരിക്കുന്നതായി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ്മന്ത്രിസഭകൾ രാജിവെയ്ക്കുകയും ഇന്ത്യാ ആക്ടിലെ വ്യവസ്ഥയനുസരിച്ച് ഗവർണ്ണർമാർ ഭരണം ഏറെറടുക്കുകയും ചെയ്തു. ഇന്ത്യാഗവണ്മെൻറിൻെറ യുദ്ധയത്നങ്ങളെ തടസ്സപ്പെടുത്തുവാൻ കോൺഗ്രസ്സ് ഒരുമ്പെട്ടില്ല. എന്നാൽ, ഇന്ത്യയുടെ പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഗാന്ധിജി വ്യക്തിസത്യാഗ്രഹം എന്ന പ്രസ്ഥാനം ആരംഭിച്ചു. ഇതു് ഏകദേശം രണ്ടു വർഷക്കാലം നീണ്ടുനിന്നു. പ്രധാനപ്പെട്ട പല നേതാക്കന്മാരും ഒട്ടുവളരെ ധർമ്മഭടന്മാരും ജയിലറയ്ക്കുള്ളിലായി.

## നേതാജി ബോസ് (ഐ. എൻ. എ.)

ഗാന്ധിജിയുടെ സമാധാനപരമായ പ്രക്ഷോഭണം സ്വാതന്ത്ര്യലബ്ധിക്ക് കാലതാമസം വരുത്തുമെന്ന് അഭിപ്രായമുള്ള ഒരു വിഭാഗം വിപ്ലവകാരികൾ ഇക്കാലത്തുണ്ടായിരുന്നു. സുബാഷ് ചന്ദ്രബോസ് ആയിരുന്നു അവരുടെ നേതാവ്. വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും അധികാരം കൈവശമാക്കണമെന്ന് അവർ നിശ്ചയിച്ചു. ബോസിനെ ഗവമ്മെൻറ് വീട്ടുതടവിൽ പാർപ്പിച്ചു. അവിടെനിന്ന് അദ്ദേഹം 1941-ൽ ആശ്ചര്യകരമാംവിധം അപ്രത്യക്ഷനായി. തുടന്ന് അദ്ദേഹം ജമ്മനിയോടും ജപ്പാനോടും സമ്പക്കത്തിലേർപ്പെട്ടു. മലയാ ഉപദ്വീപ് ജപ്പാൻ കീഴടക്കിയപ്പോൾ, അനേകം ഇന്ത്യൻ പട്ടാളക്കാർ തടവുകാരായി അവരുടെ കൈയി



സുബാഷ് ചന്ദ്രബോസ്

ലകപ്പെട്ടിരുന്നു. ജപ്പാൻകാരുമായി ഒത്തുതീർപ്പിലെത്തിയ ബോസ് തൻെറ നേതൃത്വത്തിൽ ഒരു ദേശീയസേന രൂപവല്ക്കരിച്ചു. നേതാജി പരമാധികാരിയായി ഒരു ദേശീയഗവമ്മെൻറും സ്ഥാപിച്ചു. ബ്രിട്ടീഷ് ഭരണത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ദേശീയസേന ഇന്ത്യയുടെ അതിത്തിവരെ എത്തി. പക്ഷെ, ആക്രമണസംരംഭം പരാജയപ്പെടുകയാണുണ്ടായത്. ധീരതയും ത്യാഗസന്നദ്ധതയും രാജ്യാഭിമാനവും ആദർശസമ്പത്തും നിറഞ്ഞുതുളുമ്പുന്ന ഒരു ഭാരതീയനായിരുന്നു നേതാജി. 1945 ആഗസ്റ്റ് 18-ാംതീയതി ഒരു വിമാനയാത്രയിൽ അപകടം പിണഞ്ഞ് അദ്ദേഹം അകാല ചരമമടഞ്ഞു എന്ന് വിശ്വസിക്കപ്പെടുന്നു.

## ക്രിപ്സ് ദൗത്യം 1942

ജപ്പാൻ രണ്ടാം ലോക മഹായുദ്ധത്തിൽ ചേരുകയും മിന്നൽ വേഗത്തിൽ മലയാ, ബർമ്മാ മുതലായ പ്രദേശങ്ങൾ ജപ്പാൻ സൈന്യം ആക്രമിച്ചു കീഴടക്കുകയുംചെയ്തു. ഇന്ത്യയുടെ പടിവാതിൽവരെ അവർ എത്തി. ഇന്ത്യ ആക്രമിച്ചേക്കുമെന്ന് ബ്രിട്ടീഷുകാർ ഭയപ്പെട്ടു. ഇന്ത്യയുടെ ന്യായമായ അവകാശങ്ങൾ കുറച്ചെങ്കിലും അനുവദിച്ചില്ലെങ്കിൽ ഇന്ത്യ നഷ്ടപ്പെടാൻ ഇടയാകുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ചർച്ചിലിനു ബോദ്ധ്യമായി. തൽഫലമായി ബ്രിട്ടീഷ് മന്ത്രിസഭയിലെ അംഗമായ സർ സ്റ്റാഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്കയച്ചു. ക്രിപ്സും ഇന്ത്യയിലെ നേതാക്കന്മാരുമായി ദീർഘകാലം സംഭാഷണങ്ങൾ നടന്നു. ക്രിപ്സ് ഒരു പുതിയ ഭര

ണസംഘടനാപദ്ധതി നിർദ്ദേശിച്ചു. എന്നാൽ, അധികാരം കൈമാറുന്നതിനെപ്പററി വ്യക്തമായി ഒന്നും വാഗ്ദാനം ചെയ്യാൻ ക്രിപ്സിനു കഴിഞ്ഞില്ല. മുസ്ലിംലീഗും ക്രിപ്സിൻെറ വ്യവസ്ഥകളോടു് യോജിച്ചില്ല. അങ്ങിനെ ക്രിപ്സിൻെറ ദൗത്യം പരാജയപ്പെട്ടു.

## പാക്കിസ്ഥാൻെറ ആവിർഭാവം

1940-ൽ ജിന്നയുടെ നേതൃത്വത്തിൽ ലാഹോറിൽ ചേന്ന മുസ്ലീംലീഗ്സമ്മേളനം പാക്കിസ്ഥാൻപ്രമേയം പാസ്സാക്കി. ഇന്ത്യയിലെ മുസ്ലീങ്ങൾ ഒരു പ്രത്യേക രാഷ്ട്രമാണെന്നും മുസ്ലീംഭൂരിപക്ഷമുള്ള പ്രവിശ്യകളെയെല്ലാം ഇന്ത്യയിൽനിന്നു് വേർതിരിച്ചു് അവക്കു് ഒരു സ്വതന്ത്ര രാഷ്ട്രം സ്ഥാപിക്കണമെന്നുമായിരുന്നു ലീഗിൻെറ വാദം. രാജ്യത്തെ രണ്ടായി പിളക്കണമെന്നു് അവർ ശഠിച്ചു. മുസ്ലീംലീഗിനെ രഞ്ജിപ്പിക്കാൻ ഗാന്ധിജി വീണ്ടും വീണ്ടും യത്നിച്ചു. പക്ഷെ, ഫലമുണ്ടായില്ല. ഇന്ത്യാവിഭജനത്തെ കോൺഗ്രസ്സ് എതിത്തു. ലീഗിൻെറ വിഭജനസിദ്ധാന്തത്തെ ബ്രിട്ടീഷ്ഗവമ്മെൻറു് അനുകൂലിക്കുകയും അങ്ങനെ തങ്ങളുടെ ഭരണം തുടന്നുകൊണ്ടുപോകാമെന്നു് അവർ കരുതുകയും ചെയ്തു.

## ക്വിററ്ഇന്ത്യാപ്രമേയവും ആഗസ്റ്റ്വിപ്ലവവും

ബ്രിട്ടീഷുകാർ ഭരണാധികാരികളായി തുടരുന്നതാണു് യോജിപ്പിനുള്ള തടസ്സമെന്നു് ഗാന്ധിജിക്കു് ബോദ്ധ്യമായി. കൂടാതെ, ബ്രിട്ടീഷ്ഭരണം തുടരുന്നതു് ജപ്പാൻകാർ ഇന്ത്യ ആക്രമിക്കുന്നതിനു് പ്രേരകമായിത്തീരുമെന്നും അദ്ദേഹം കരുതി. ഇതിൻെറ ഫലമായി 1942

ആഗസ്റ്റ് 8-ാംതീയതി കോൺഗ്രസ്സ് കമ്മിററി ഇന്ത്യാപ്രമേയം പാസ്സാക്കി. ഇംഗ്ലീഷുകാർ ഇന്ത്യ വിട്ടുപോകണമെന്നും അല്ലാത്തപക്ഷം പൂർവ്വാധികം ശക്തിയോടെ സഹനസമരം ഇവിടെ സമാരംഭിക്കുന്നതാണെന്നും പ്രമേയം വ്യക്തമാക്കി. ആഗസ്റ്റ് 9-ാംതീയതി രാവിലെ ഗാന്ധിജിയും നേതാക്കന്മാരും അറസ്റ്റ്ചെയ്യപ്പെട്ടു. കോൺഗ്രസ്സ കമ്മിററികളെല്ലാം നിയമവിരുദ്ധങ്ങളാണെന്ന് പ്രഖ്യാപിച്ചു. അങ്ങനെ ആരംഭിച്ച ഇന്ത്യയുടെ അവസാന സ്വാതന്ത്ര്യസമരം, "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഇന്ത്യയിൽ അങ്ങോളമിങ്ങോളം പൊട്ടിപ്പുറപ്പെട്ടു. നേതാക്കന്മാർ തടവിലാക്കപ്പെട്ടു. ഭരണാധികാരികളുടെ മർദ്ദനനയം തുടന്നു. ഇതിനിടയ്ക്ക് ഗാന്ധിജി ബന്ധനസ്ഥനായിരുന്നപ്പോൾ, അദ്ദേഹത്തിൻെറ സഹധർമ്മിണിയായ കസ്തൂർബാ നിര്യാതയായി.

## ക്യാബിനററ് മിഷൻ

1945-ൽ യൂറോപ്പിലെ യുദ്ധം അവസാനിച്ചു. കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം മോചിപ്പിക്കപ്പെട്ടു. അപ്പോഴേയ്ക്കും ഇംഗ്ലണ്ടിൽ തൊഴിലാളി കക്ഷി അധികാരത്തിൽ വന്നു. അവർ ഇന്ത്യൻപ്രശ്നത്തിനു പരിഹാരമുണ്ടാക്കണമെന്ന് നിശ്ചയിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ക്ലെമൻറ് ആററ്ലി ക്യാബിനററിലെ മൂന്നംഗങ്ങളെ ഇന്ത്യയിലേക്കയച്ചു. അവർ തയാറാക്കിയ പദ്ധതി കോൺഗ്രസ്സും മസ്ലീംലീഗും അംഗീകരിച്ചു. പുതിയ ഭരണഘടന എഴുതിയുണ്ടാക്കുന്നതിന് ഇന്ത്യക്കാർ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ അടങ്ങിയ

ഒരു ഭരണഘടനാസമിതി വിളിച്ചുകൂട്ടുക, ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകുന്നതോടെ പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ചേർന്ന് ഒരു യൂണിയൻ സ്ഥാപിക്കുക, ഭരണഘടന രൂപംപ്രാപിക്കുന്നതുവരെ ഒരിടക്കാലഗവണ്മെൻറ് ഉണ്ടാക്കുക. എന്നിവയായിരുന്നു മിഷൻെറ പ്രധാന നിർദ്ദേശങ്ങൾ. ഇതനുസരിച്ച് പണ്ഡിത് ജവഹർലാൽനെഹ്റു വൈസ്പ്രസിഡണ്ടായും വിദേശകാര്യമന്ത്രിയായും ഇടക്കാലമന്ത്രിസഭ രൂപവൽക്കരിക്കപ്പെട്ടു. എന്നാൽ, ആദ്യം മുസ്ലീംലീഗ് ഇതിൽ ചേർന്നില്ല. പിന്നീട് ലീഗും സഹകരിക്കുവാൻ നിശ്ചയിച്ചിലീഗുകാർ പലതരം തടസ്സവാദങ്ങളുമുന്നയിച്ചു.

ഭരണഘടനാസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടന്നു. കോൺഗ്രസ്സിനു് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. കോൺഗ്രസ്സിൻെറ പ്രാബല്യം കണ്ടു് മുസ്ലീം ലീഗ്നേതാവായ ജിന്ന ക്യാബിനററ് മിഷൻ പദ്ധതിയെ നിരാകരിച്ച്, പാക്കിസ്ഥാൻസ്ഥാപനത്തിനായി നിലകൊണ്ടു. ഇതിനെ തുടർന്ന് കൽക്കട്ട, പൂർവ്വബംഗാൾ, ബോംബെ, ബീഹാർ എന്നിവിടങ്ങളിൽ ഭയങ്കരമായ വർഗ്ഗീയസമരങ്ങൾ ഉണ്ടായി. ജനങ്ങൾ വളരെ ക്ലേശങ്ങൾ അനുഭവിച്ചു. മുറിവിളികൾകൊണ്ടു് അന്തരീക്ഷം മുഖരിതമായി.

### രാജ്യവിഭജനം

ബ്രിട്ടീഷ് ഗവണ്മെൻറ് അന്ന് വൈസ്രോയിയായിരുന്ന വേവൽ പ്രഭുവിനെ തിരിച്ചുവിളിക്കുകയും മൗണ്ടു് ബാററൻ പ്രഭുവിനെ തൽസ്ഥാനത്തേക്ക് അയയ്ക്കുകയും ചെയ്തു. പുതിയ വൈസ്രോയി വളരെ വ്യക്തിമാഹാ

ത്മ്യമുള്ള ആളായിരുന്നു, അദ്ദേഹത്തിന്റ് ഈ നാടി നോട്ട് അത്യന്തം സഹാനുഭൂതിയുണ്ടായിരുന്നു. അപ്പോഴും സാമുദായികലഹളകൾ തുടൎന്നുകൊണ്ടിരുന്നു. ഗത്യന്തരമില്ലാതെ ലീഗ് ആവശ്യപ്പെട്ടുകൊണ്ടിരുന്ന രാജ്യവിഭജനം കോൺഗ്രസ് അംഗീകരിച്ചു. അവരുടെ അംഗീകാരത്തോടെ 1947 ജൂൺ 3-ാം തീയതി മൗണ്ട് ബാററൻ അതിപ്രധാനമായ ഒരു പ്രഖ്യാപനം ചെയ്തു. 1947 ആഗസ്റ്റ് 15-ാം തീയതി അവസാനമായി അധികാരം കൈമാററം ചെയ്യുന്നതാണെന്നും അതേ ദിവസം തന്നെ ഇന്ത്യയെ ഇന്ത്യൻയൂണിയൻ എന്നും, പാക്കിസ്ഥാൻ എന്നും രണ്ടായി വിഭജിക്കണമെന്നും അദ്ദേഹം



മൌണ്ട്ബാററൻ പ്രഭു

നിർദ്ദേശിച്ചു. 1947 ജൂലായ്മാസത്തിൽ ബ്രിട്ടീഷ്ഗവണ്മെൻറ് ഇന്ത്യയെ രണ്ടു രാഷ്ട്രങ്ങളായി വിഭജിക്കുകയും ഡൊമീനിയൻ പദവി നല്കുകയും ചെയ്തുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യനിയമം പാസ്സാക്കി. ഇപ്രകാരം ബ്രിട്ടീഷ് ഗവണ്മെൻറ് ഇന്ത്യയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചു. ഇങ്ങിനെ, 90 വർഷത്തെ സ്വാതന്ത്ര്യസമരം വിജയിച്ചു. കോൺഗ്രസ്സിൻെറ മഹത്തായ ത്യാഗങ്ങളും സേവനങ്ങളും കൊണ്ടാണ് ഇതു് സാധിച്ചതു്. ജിന്ന പാക്കിസ്ഥാൻ ഗവർണ്ണർ ജനറലും, മൗണ്ട്ബാററൻപ്രഭു ഇന്ത്യക്കാരുടെ അഭിലാഷമനുസരിച്ച് ഇന്ത്യയിലെ ഗവർണ്ണർ ജനറലുമായി. മിക്ക നാട്ടുരാജ്യങ്ങളും ഇന്ത്യൻ യൂണിയനിൽ ചേന്നു.

സ്വാതന്ത്ര്യലബ്ധിയുടെ പ്രത്യേകത

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്ക് പ്രത്യേകമായ ഒരു സവിശേഷതയുണ്ടു്. പല രാജ്യങ്ങളും രക്തപങ്കിലമായ യുദ്ധങ്ങളിൽക്കൂടിയും ക്രൂരതകളിൽക്കൂടിയുമാണ് സ്വാതന്ത്ര്യം സമ്പാദിച്ചിട്ടുള്ളതു്. അധികാരിവർഗ്ഗത്തോടു് ഒരു വിദ്വേഷവും കൂടാതെ നിരായുധരായി എതിർത്തു്, ഒരു രാജ്യം സ്വാതന്ത്ര്യം നേടുന്നതു് ലോകചരിത്രത്തിൽ ഇതാദ്യമായിട്ടാണ്. ലക്ഷ്യം നന്നായാൽ പോരാ, ലക്ഷ്യപ്രാപ്തിക്കായി കൈക്കൊള്ളുന്ന മാർഗ്ഗങ്ങളും നന്നായിരിക്കണമെന്ന് ഗാന്ധിജി സദാ നിഷ്കർഷിച്ചിരുന്നു. സ്വാതന്ത്ര്യം സമ്പാദിച്ചു എങ്കിലും ഇംഗ്ലണ്ടുമായി നമുക്കു യാതൊരു വൈരമോ, വെറുപ്പോ ഉണ്ടായിരുന്നില്ല. 1947 ആഗസ്റ്റ് 14-ാംതീയ്യതി അർദ്ധരാത്രിയിൽ


അധികാരം ഇന്ത്യൻ ഹസ്തങ്ങളിലേക്ക് പകന്നു. അതോടുകൂടി സ്വാതന്ത്ര്യത്തിനായുള്ള കോൺഗ്രസ്സിൻെറ നീണ്ടുനിന്ന സമരവും അവസാനിച്ചു.

ഗാന്ധിജിയുടെ മരണം

ഇന്ത്യ സ്വതന്ത്രയായതിനുശേഷവും, വർഗ്ഗീയലഹളകൾ വർദ്ധിച്ചുകൊണ്ടിരുന്നതേയുള്ളു. വർഗ്ഗീയവൈരംമൂലം നരകതുല്യമായിത്തീന്ന പൂർവ്വബംഗാളിൽ—നവഖാലിയിലും ബീഹാറിലും—സമാധാന സന്ദേശവും വഹിച്ചുകൊണ്ട് ഗാന്ധിജി ഗ്രാമങ്ങൾ തോറും ചുററിത്തിരിഞ്ഞു. പാക്കിസ്ഥാനിൽനിന്നു് ഹിന്ദുക്കളായ അഭയാർത്ഥികൾ ലക്ഷക്കണക്കിനു് ഇന്ത്യയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. മുസ്ലീംങ്ങളോട് സ്നേഹമായും സൗഹാർദ്ദമായും പെരുമാറണമെന്നു് അദ്ദേഹം ഭാരതീയരെ ഉപദേശിച്ചുവന്നു. ഗാന്ധിജിയുടെ സന്ദേശത്തെ മതഭ്രാന്തരായ ചിലർ ഹിന്ദുമതവിദ്വേഷമായി തെററിദ്ധരിച്ചു. അങ്ങനെയുള്ള ഒരു മതാന്ധൻ 1948 ജനുവരി 30-ാംതീയതി ഡൽഹിയിൽവെച്ചു് ലോകൈകവന്ദ്യനായ ഗാന്ധിജിയെ വെടിവെച്ചുകൊന്നു. പിറേറദിവസം അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ രാജഘട്ടിലുള്ള ഒരു സ്ഥലത്തു് സംസ്കരിക്കപ്പെട്ടു. ജനഹൃദയങ്ങളിൽ സ്നേഹത്തിൻെറയും സത്യത്തിൻെറയും സാമ്രാജ്യം സ്ഥാപിക്കുകയും സ്വന്തം നാടിനെ അടിമത്തത്തിൽനിന്നും സാമ്രാജ്യദുഷ്പ്രഭുത്വത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്ത ആ മഹാൻ ഇപ്രകാരം നമ്മിൽനിന്നു് വേർപിരിഞ്ഞു.

ഇരുപതാം നൂററാണ്ടിൽ ഗാന്ധിജിയേക്കാൾ ലോകവന്ദ്യനായ ഒരു മഹാൻ ഉണ്ടായിട്ടില്ല. അദ്ദേഹത്തി

ന്റെയും അനുയായികളുടേയും നിസ്തുലമായ ത്യാഗങ്ങളുടെ ഫലമായി രൂപംപ്രാപിച്ചിട്ടുള്ളതാണ് സ്വതന്ത്രഭാരതം. സാധാരണ ജനങ്ങളെ സമരത്തിന്റെ മുന്നണി



യിൽ കൊണ്ടുവന്നതു് അദ്ദേഹത്തിൻെറ അസാധാരണ മായ വൈഭവമാണ്. അഹിംസയും ആത്മശക്തിയും കൊണ്ടു് സമരം ചെയ്തു വിജയിച്ച ആ കർമ്മധീരനെ ലോകം ഒരു കാലത്തും മറക്കുന്നതല്ല. ഗാന്ധിജി ഒരു കെടാവിളക്കാണ്, ആ മണിദീപം അണയുകയില്ല. ആ ദീപം തെളിയിച്ചു കാട്ടിത്തന്ന ലക്ഷ്യം തെററാതെ പുരോഗമിച്ചാൽ നമ്മുടെ ഭാവി ശോഭനമായിരിക്കുമെന്നുള്ളതിനു് സംശയമില്ല.

ഇന്ത്യൻ റിപ്പബ്ലിക്

1947-ൽ മൗണ്ടു്ബാററൻ ഉദ്യോഗമൊഴിയുകയും ശ്രീ: സി. രാജഗോപാലാചാരി ഗവർണ്ണർ ജനറലാകുകയും ചെയ്തു. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൻെറ ഇരുപതാം വാർഷികദിനമായ 1950 ജനവരി 26-ാംതീയതി ഇന്ത്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായിത്തീൎന്നു. ഒന്നാമത്തെ രാഷ്ട്രപതി (പ്രസിഡൻറ്) ആയി ഡോക്ടർ രാജേന്ദ്രപ്രസാദ് അന്നു് അവരോധിക്കപ്പെട്ടു.

## സർദാർ പട്ടേൽ

ഇന്ത്യയുടെ 'ഉരുക്കു മനുഷ്യൻ' എന്നറിയപ്പെടുന്ന സർദാർ വല്ലഭഭായി പട്ടേൽ ഗാന്ധിജി നടത്തിയ മിക്ക ധൎമ്മസമരങ്ങളിലും അദ്ദേഹത്തിൻെറ വലത്തുകൈയായിരുന്നു. ത്യാഗസുന്ദരമായ ഒരു അദ്ധ്യായമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ പട്ടേലിനുള്ളതു്. അദ്ദേഹം 1875-ൽ ഗുജറാത്തിലുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ ഒരു ഗ്രാമീണ കൎഷകനായിരുന്നു. പണ ദൗർലഭ്യം മൂലം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം

ഒരു പ്ലീഡർഷിപ്പ് വക്കീലായി കഴിഞ്ഞു. സ്വന്തമായി നേടിയ പണംകൊണ്ട് ഇംഗ്ലണ്ടിൽപോയി ബാരിസ്റ്റർ പരീക്ഷ ജയിച്ചു മടങ്ങി വന്ന് അഹമ്മദാബാദ് കോടതിയിൽ വക്കീൽപ്പണി ആരംഭിച്ചു. അഭിഭാഷകൻ എന്ന നിലയിൽ അദ്ദേഹം അസൂയാവഹമായ വിജയം നേടി. താമസിയാതെ അദ്ദേഹം ഗാന്ധിജിയുടെ ശിഷ്യനായി, പൊതു പ്രക്ഷോഭണങ്ങളിൽ ചാടിവീണു. അത്ഭുതകരമായ ആത്മവിശ്വാസവും സേവനസന്നദ്ധതയും അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു. ബർദോളി സത്യാഗ്രഹമാണ് അദ്ദേഹത്തിൻെറ പ്ര



സർദാർ പട്ടേൽ

സിദ്ധി വളരെയേറെ വർദ്ധിപ്പിച്ചതു്. ഗുജറാത്തിൽ ബർദോളി ഗ്രാമത്തിൽ ഗവണ്മെൻറു് നികുതി വർദ്ധിപ്പിച്ചു. അന്യായമായ നികുതി കൊടുക്കേണ്ടതില്ലെന്നു് പട്ടേൽ കൃഷികരെ ഉപദേശിച്ചു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ എന്തു ത്യാഗവും സഹിക്കാൻ സന്നദ്ധരായി കൃഷികർ അണിനിരന്നു്, നികുതിനിഷേധം ആരംഭിച്ചു. ഗവണ്മെൻറു് ചതുരുപായങ്ങളും പരീക്ഷിച്ചുനോക്കി. ബർദോളിയിലെ കൃഷിക്കുമുമ്പിൽ ഗവണ്മെൻറു് തല കുനിച്ചു. ഈ വിജയം പട്ടേലിൻെറ സംഘടനാസാമർത്ഥ്യത്തെ തെളിയിച്ചു. അതു് ഇന്ത്യൻ സ്വാതന്ത്ര്യയത്നങ്ങൾക്കു് ആകെത്തന്നെ നവമായ ഒരു ഉത്തേജനം നല്കി. ആളുകളെ സംഘടിപ്പിച്ചു്, അച്ചടക്കമുള്ള സത്യാഗ്രഹസേനകളെ നിർമ്മിക്കുന്നതിലും അവരെ നയിക്കുന്നതിലും പട്ടേൽ അദ്വിതീയനായിരുന്നു. 1931-ലെ കറാച്ചി കോൺഗ്രസ്സിൽ അദ്ദേഹം അദ്ധ്യക്ഷനായിരുന്നു. തുടർന്നുണ്ടായ സത്യാഗ്രഹ സമരത്തിൽ പട്ടേൽ ജയിലിൽ അടയ്ക്കപ്പെട്ടു. 1937-ൽ കോൺഗ്രസ്സ് മന്ത്രിസഭകൾ സ്ഥാപിക്കപ്പെട്ടപ്പോൾ അവയുടെ നയത്തിൽ ഐകരൂപ്യം വരുത്തുന്നതിനും ആവശ്യമുള്ളപ്പോൾ അവയെ നിയന്ത്രിക്കുന്നതിനും പട്ടേലിനെയാണു് കോൺഗ്രസ്സ് ചുമതലപ്പെടുത്തിയതു്. ചില മന്ത്രിമാരെ നീക്കം ചെയ്യാൻപോലും അദ്ദേഹം മടിച്ചില്ല. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതുവരെയുള്ള സകല സമരങ്ങളിലും കൂടിയാലോചനകളിലും നെഹ്റുവിനെപ്പോലെതന്നെ അദ്ദേഹവും പങ്കുകൊണ്ടിരുന്നു. അദ്ദേഹം പല പ്രാവശ്യം ജയിൽവാസവും കഠിനയാതനകളും അനുഭവിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം കേന്ദ്ര മന്ത്രിസഭയിൽ ഡെപ്യൂട്ടി പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായി അ

ദ്ദേഹം മാതൃഭൂമിക്കു് അതുല്യമായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടു്. ഭയങ്കരമായ വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അവ അമർച്ചവരുത്തിയതു് സർദാറിൻെറ ബലിഷ്ഠഹസ്തങ്ങളാണു്.

അദ്ദേഹത്തിൻെറ അതിപ്രധാനമായ നേട്ടം നാട്ടുരാജ്യ സംയോജനമാണു്. ഇന്ത്യയിൽ ചിന്നിച്ചിതറിക്കിടന്നിരുന്ന അഞ്ഞൂറിൽപ്പരം നാട്ടുരാജ്യങ്ങളെ അദ്ദേഹം വളരെ ചുരുങ്ങിയ കാലംകൊണ്ടു് ഇന്ത്യൻയൂനിയനിൽ ചേർത്തു. ഇന്ത്യയുടെ ഏകീകരണം പൂർത്തിയാക്കി, ആഭ്യന്തരമായി രാഷ്ട്രത്തെ ശക്തിപ്പെടുത്തി. രക്തരഹിതമായ ആ വിപ്ലവം മിന്നൽപിണരിൻെറ വേഗത്തിലാണു് സാധിച്ചതു്. "പ്രവർത്തിക്കുക, പ്രവർത്തിക്കുക" ഇതായിരുന്നു പട്ടേലിൻെറ ആദർശം. തൻെറ നായകനായ ഗാന്ധിജിയുടെ കാലടികളെ അദ്ദേഹം എതവസരത്തിലും പിൻതുടർന്നുകൊണ്ടിരുന്നു. ഇന്ദ്രജാലംകൊണ്ടെന്നപോലെ ഭാരതത്തിൻെറ ഏകീകരണം സാധിച്ച ഈ മഹാമാന്ത്രികൻ 1950-ൽ ഇഹലോകവാസം വെടിഞ്ഞു.

## പണ്ഡിററു് ജവഹർലാൽ നെഹ്റു

സ്വതന്ത്രഭാരതത്തിൻെറ അഭിമാനഭാജനമായ ജവഹർലാൽ നെഹ്റു 1889 നവംബർ 14-ാംതിയ്യതി ഭൂജാതനായി. അലഹബാദിലെ അഭിഭാഷക ചക്രവർത്തിയും പേരും പെരുമയും സമ്പാദിച്ച ദേശീയനേതാവുമായിരുന്ന പണ്ഡിററു് മോട്ടിലാൽ നെഹ്റുവായിരുന്നു അദ്ദേഹത്തിൻെറ പിതാവു്. അദ്ദേഹം പുത്രനെ ഇംഗ്ലീഷ് ട്യൂട്ടർമാരെക്കൊണ്ടു് വിദ്യ അഭ്യസിപ്പിച്ചു്. ബാല്യ

ത്തിൽത്തന്നെ ഇംഗ്ലണ്ടിലേക്കയച്ചു. 'ഹാരോ' എന്ന പ്രസിദ്ധമായ വിദ്യാലയത്തിലാണ് നെഹ്റു അദ്ധ്യയനം നടത്തിയിട്ടുള്ളതു്. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഉപരിപഠനം നടത്തി അവിടെനിന്നു് ബിരുദം സമ്പാദിച്ചശേഷം അദ്ദേഹം ബാരിസ്റ്റർപരീക്ഷ പാസ്സായി. 1912-ൽ ഇന്ത്യയിൽ മടങ്ങിവന്നു.

വക്കീൽപണിയിലേർപ്പെട്ടു്, പണം സമ്പാദിക്കുന്നതിനേക്കാളും രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നതിന്നാണ് അദ്ദേഹത്തിന്നു താല്പര്യം തോന്നിയതു്. താമസിയാതെ മഹാത്മജിയുടെ ശിഷ്യത്വം സ്വീകരിച്ചു, ക്രമേണ മാതൃഭൂമിയുടെ സേവനം ജീവിതവ്രതമായി കൈക്കൊണ്ടു. ജവഹർ 1916-ൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഒരു യഥാർത്ഥ ധർമ്മപത്നിയായിരുന്ന കമലാ നെഹ്റു സ്വാതന്ത്ര്യസമരത്തിൽ ഭർത്താവിനോടൊപ്പം അഭിമാനകരമാംവണ്ണം പങ്കെടുത്തിട്ടുണ്ടു്.

1920-ൽ തുടങ്ങിയ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തു്, നെഹ്റു ജയിൽവാസം അനുഭവിച്ചു. അക്കാലം മുതൽ ഇന്ത്യ സ്വതന്ത്രയാവുന്നതുവരെയുള്ള കോൺഗ്രസ്സ്സമരങ്ങളിൽ ഒന്നിലെങ്കിലും അദ്ദേഹം ഭാഗഭാക്കാകാതിരുന്നിട്ടില്ല. കോൺഗ്രസ് ജനറൽ സെക്രട്ടറി, അലഹബാദ് മുനിസിപ്പൽ പ്രസിഡൻറ്, കോൺഗ്രസ്സ് പ്രസിഡൻറ് എന്നീ നിലകളിലെല്ലാം മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ് ശ്രീ. നെഹ്റു. ഒൻപതു പ്രാവശ്യം അദ്ദേഹം തടവുശിക്ഷ അനുഭവിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ജീവി



പണ്ഡിററു് ജവഹർലാൽ നെഹ്റു

തത്തിലെ നല്ല ഒരു ഭാഗം ഇൻഡ്യയിലെ കാരാഗൃഹങ്ങളിലാണ് കഴിച്ചുകൂട്ടിയതെന്നു പറയാം.

1929-ൽ നെഹ്റു കോൺഗ്രസ്സ് പ്രസിഡണ്ടായിരുന്ന കാലത്താണ് "പൂർണ്ണസ്വാതന്ത്ര്യപ്രമേയം" പാസ്സാക്കപ്പെട്ടതു്. 1947-ൽ സ്വാതന്ത്ര്യപ്രാപ്തിവരെയുള്ള ഇൻഡ്യയുടെ സമരത്തിൽ ഗാന്ധിജിയുടെ ഒന്നാമത്തെ പടയാളി ഇദ്ദേഹമായിരുന്നു. "ഭാരതത്തിൻെറ രത്നം" എന്നാണ് മഹാത്മജി അദ്ദേഹത്തെപ്പററി പറഞ്ഞിട്ടുള്ളതു്. മഹാത്മജിയുടെ ഉപ്പുസത്യാഗ്രഹത്തിലും നികുതിനിഷേധസമരത്തിലും പങ്കെടുത്തതിനു ജവഹർലാൽ അറസ്റ്റ് ചെയ്തു് ശിക്ഷിക്കപ്പെട്ടു. മോട്ടിലാലും കമലാനെഹ്റുവും അദ്ദേഹത്തോടൊപ്പം അറസ്റ്റ് വരിച്ചു. താമസിയാതെ മോട്ടിലാൽ ദിവംഗതനായി. 1936-ൽ കമലാനെഹ്റുവും, അതിനടുത്തു് പ്രിയമാതാവും ലോകത്തോടു യാത്രപറഞ്ഞു. ദുഃഖനിമഗ്നനായ ജവഹർലാൽ ഈ സന്ദർഭത്തിൽപോലും ദേശസേവനത്തിൽനിന്ന് പിന്തിരിയാതെ, പൂർവ്വാധികം ജാഗ്രതയോടെ പ്രവർത്തിച്ചുപോന്നു.

ക്രിപ്സുമായുള്ള സംഭാഷണങ്ങളിലും ക്യാബിനററ് മിഷനുമായുള്ള കൂടിയാലോചനകളിലും പണ്ഡിററ്ജി ഗണ്യമായ പങ്കു വഹിച്ചു. 1946-ൽ സ്ഥാപിതമായ ഇടക്കാലഗവണ്മെണ്ടിൽ അദ്ദേഹമായിരുന്നു വൈസ് പ്രസിഡൻറും വിദേശകാര്യമന്ത്രിയും. 1947-ലെ അധികാരക്കൈമാററത്തിനുശേഷം പ്രധാനമന്ത്രിസ്ഥാനം കൈയ്യേററു. ആ സ്ഥാനം അദ്ദേഹം ഇന്നും തുടരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അദ്ദേഹത്തിന്നു് ഒട്ടു വളരെ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. വർഗ്ഗീയകലാപം നാടൊട്ടുക്കു് അതിന്നുമുമ്പുതന്നെ ആളിക്കത്തിത്തുടങ്ങിയിരുന്നു. മഹാത്മജിയുടെ വധം അദ്ദേഹത്തെ ദുഃഖനിമഗ്നനാക്കി. പാക്കിസ്ഥാനിൽനിന്നു് ഇൻഡ്യയിലേക്കു പ്രവേശിച്ച അഭയാർത്ഥികളുടെ ദുരിതങ്ങൾക്കു് അറുതിവരുത്തുന്നതു് വിഷമകരമായ ഒരു പ്രശ്നമായിരുന്നു. ഏതു് ആപത്തിലും പതറാതെയും ഇടറാതെയും നെഹ്റു ധീരമായി സകല പ്രയാസങ്ങളേയും നേരിട്ടു് അവയ്ക്കു് പരിഹാരം കണ്ടെത്തിക്കൊണ്ടിരുന്നു. പണ്ഡിററ്ജിയുടെ പ്രശസ്തമായ നേതൃത്വംമൂലം ഇന്ത്യയ്ക്കു് ലോകത്തിലെ മഹാശക്തികളുടെയിടയിൽ ഒരുന്നതസ്ഥാനം ലഭിച്ചിട്ടുണ്ടു്. കൊച്ചു കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കവും മൃദുലവും ആണു് അദ്ദേഹത്തിന്റെ ഹൃദയം. അദ്ദേഹമാണു് ഇന്ത്യയിൽ ഏററവും സ്നേഹിക്കപ്പെടുന്ന വ്യക്തി. വിശാലഹൃദയത്വവും ലോകസമാധാനത്തിന്നുവേണ്ടിയുള്ള ഉദ്യമങ്ങളുംകൊണ്ടു് വിശ്വവന്ദ്യന്മാരായ മഹാന്മാരുടെ മുന്നണിയിൽ പണ്ഡിററു് നെഹറു നിലകൊള്ളുന്നു.

## പ്രായോഗികപ്രവത്തർനങ്ങഠം

### അദ്ധ്യായം 2

1. ബ്രിട്ടീഷ് ഇന്ത്യയുടെ പടത്തിൽ 1857-ൽ സമരമുണ്ടായ സ്ഥലങ്ങളെ അടയാളപ്പെടുത്തുക. ലഹള ആരംഭിച്ച സ്ഥലം മുതൽ അതു് വ്യാപിച്ചതായ സ്ഥലങ്ങളെ അസ്ത്രചിഹ്നങ്ങഠം മൂലം അടയാളപ്പെടുത്തുക.

2 സംഘങ്ങളായി പിരിഞ്ഞു് ചച്ചചെയ്യുക.

1) 1857-ലെ സ്വാതന്ത്ര്യസമരത്തിൻെറ പരാജയകാരണങ്ങഠം.

2) 1857-ലെ വിപ്ലവം യഥാത്ഥത്തിൽ ഒന്നാം സ്വാതന്ത്ര്യസമരമായിരുന്നുവോ?

3) റാണി ലക്ഷ്മിഭായിയുടെ ചരിത്രം വായിക്കുക.

4. താഴെ തന്നിട്ടുള്ള കൊല്ലങ്ങഠക്കു് യോജിച്ചതായ സംഭവങ്ങളെ ചേത്തു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രധാന സംഭവങ്ങളെ വ്യക്തമാക്കത്തക്കവണ്ണം ഒരു കാലാനുക്രമപട്ടിക നിമ്മിക്കുക.

1885, 1905, 1907, 1914, 1916, 1919, 1920, 1927 1929, 1930, 1931, 1935, 1937, 1939, 1942, 1945, 1947.

5. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ, പങ്കുവഹിച്ചതായ എല്ലാ ദേശീയ നേതാക്കന്മാരുടേയും ചിത്രങ്ങഠം ശേഖരിച്ചു് ഒരു ക്ലാസ്-ആൽബം തയ്യാറാക്കുക.

6. ഇന്ത്യൻ ദേശീയനേതാക്കന്മാരുടെ വലിയ ചിത്രങ്ങഠം ക്ലാസ്സുമുറിയിൽ പ്രദർശിപ്പിക്കുക.

7. 1931-ലെ വട്ടമേശസമ്മേളനത്തെ കാണിക്കുന്ന രീതിയിലുള്ള ഒരു രംഗം അഭിനയിക്കുക. കഴിയുന്നതും നേതാക്കന്മാരുടെ വേഷങ്ങൾ ധരിക്കുക.

8. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനുവേണ്ടി, സേവനങ്ങൾ അനുഷ്ഠിച്ച ഗാന്ധിജി, നേതാജി ബോസ്, ജവഹർലാൽനെഹ്റു, രാജഗോപാലാചാരി, സർദാർ പട്ടേൽ, ഗോഖലേ, തിലക് തുടങ്ങിയ മഹാന്മാരുടെ ജീവചരിത്രങ്ങൾ വായിക്കുക.

9. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ള കേരളീയ മഹാന്മാരെക്കുറിച്ച് പഠിക്കുക.

10. നിങ്ങളുടെ പ്രദേശത്ത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സേവനമനുഷ്ഠിച്ച മഹാന്മാരെക്കുറിച്ച് പഠനം നടത്തുക.

അദ്ധ്യായം 3

വിഭാഗം 1

## ഇന്ത്യാ യൂണിയൻ

1947 ആഗസ്റ്റ് 15-ാംതീയതി ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് ഇന്ത്യ വിമുക്തമായതായി പഠിച്ചല്ലോ. സ്വതന്ത്ര ഇന്ത്യ 1950 ജനവരി 26-ാംതീയതി ഇന്നത്തെ റിപ്പബ്ലിക്കൻ ഭരണഘടന നടപ്പിൽവരുത്തി. ഇന്ത്യ എന്നും, ഭാരതം എന്നും പറയപ്പെടുന്ന ഈ രാജ്യം സ്റ്റേയിററുകളുടെ ഒരു യൂനിയനായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. അധികാരക്കൈമാററത്തോടുകൂടി ഇന്ത്യയിൽ ഉണ്ടായിരുന്ന നാട്ടുരാജ്യങ്ങൾക്ക് ഏതെങ്കിലും ഡൊമിനിയനിൽ ചേരുകയോ സ്വതന്ത്രമായി നില്ക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നു. ഈ സംസ്ഥാനങ്ങൾ ഒററയൊററയായി നിലകൊള്ളുന്നത് സ്വതന്ത്ര ഭാരതത്തിൻെറ നിലനില്പിന് അത്യന്തം ഹാനികരമത്രേ. ഈ പ്രശ്നത്തിന്നൊരു പരിഹാരമുണ്ടാക്കുന്നതിന്നായി ഇന്ത്യാഗവമ്മെണ്ട് ഒരു നാട്ടുരാജ്യവകുപ്പ് സംഘടിപ്പിച്ചു. അതിൻെറ ചുമതല സർദാർ പട്ടേലിന് നല്കി. അദ്ദേഹത്തിൻെറ ശ്രമഫലമായി നാട്ടുരാജ്യങ്ങളെ അവയുടെ സമ്മതം അനുസരിച്ച്, സ്വതന്ത്രഭാരതത്തിൽ ലയിപ്പിച്ചു. ഇങ്ങനെ, ഇന്ത്യൻ യൂണിയനിൽ അംഗങ്ങളായിരിക്കുന്ന സ്റ്റേയിററുകളെ ഭരണസൗകര്യത്തിനായി എ. ബി. സി. ഡി. എന്ന നാലു ഭാഗങ്ങളായി തിരിച്ചിരുന്നു. എ. സ്റ്റേയിററു

കൾ ബ്രിട്ടീഷ്ഭരണകാലത്ത് ഗവണ്ണർമാരുടെ പ്രൊവിൻസുകളായിരുന്നവയും ബി. സ്റ്റെയിററുകൾ പഴയ നാട്ടുരാജ്യങ്ങളിൽ ചിലത് ഒററയും ചിലത് സൗകര്യം പോലെ സംയോജിപ്പിച്ചുണ്ടാക്കിയ യൂനിയനുകളും സി. സ്റ്റെയിററുകൾ മുമ്പ് ചീഫ്കമ്മീഷണർമാരുടെ പ്രൊവിൻസുകളും ആയിരുന്നു. ഡി. വിഭാഗത്തിൽ ആൻഡമാൻ നിക്കോബാർ എന്നീ ദ്വീപുകൾ ഉൾപ്പെടുന്നു. എല്ലാ ഘടകങ്ങൾക്കും തുല്യാധികാരമാണ്.

1956 നവമ്പർ 1-ാം തീയതി നടപ്പിലായ സ്റ്റെയിററ് പുനഃസംഘടന അനുസരിച്ച് സംസ്ഥാനങ്ങളുടെ എണ്ണം പതിനാലായി കുറവുചെയ്തു. ഇതേവരെ സംയോജനം പൂർത്തിയാകാത്ത ഏക സംസ്ഥാനം ജമ്മു-കാശ്മീർ മാത്രമാണ്. 1960-ൽ നിലവിലുണ്ടായിരുന്ന ബോമ്പെ സംസ്ഥാനത്തെ മഹാരാഷ്ട്രമെന്നും ഗുജറാത്തെന്നും രണ്ടു സംസ്ഥാനങ്ങളായി വിഭജിക്കുകയുണ്ടായി. തന്നിമിത്തം ഇപ്പോൾ സ്റ്റേററുകളുടെ എണ്ണം 15 ആണ്. ഒരു സ്റ്റെയിററിനും യൂനിയനിൽനിന്നു വിട്ടുപോകാനോ, സ്വന്തം ഭരണഘടന രൂപവൽക്കരിക്കാനോ അവകാശമില്ല. സംസ്ഥാനങ്ങളായി വിഭജിക്കുന്നത് ഭരണസൗകര്യത്തിനു മാത്രമാണ്. ഇന്ത്യൻയൂണിയന് ഒരു കേന്ദ്രഗവണ്മെൻറും ഓരോ സ്റ്റെയിററിലും ആഭ്യന്തര ഭരണനിർവ്വഹണത്തിന്നായി ഓരോ സ്റ്റെയിററുഗവണ്മെൻറും ഉണ്ട്. കേന്ദ്രത്തിലേയും സ്റ്റെയിററുകളിലേയും ഭരണഘടന ഒരേ രീതിയിലുള്ളതാകുന്നു. പാർളിമെണ്ടറി ജനാധിപത്യമാണ് ഇപ്പോഴത്തെ ഇന്ത്യൻ ഭരണരീതി.

## കേന്ദ്രവും സംസ്ഥാനങ്ങളും

ഇന്ത്യൻ യൂണിയനു് ആകമാനമോ, അതിൻെറ ഏതെങ്കിലും ഭാഗത്തിനോ ബാധകമായ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം ഇന്ത്യൻ പാർളിമെണ്ടിനാണു്. സ്റ്റേയിററു് നിയമസഭയ്ക്കു സ്റ്റേയിററിനാകമാനമോ അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും ഒരു ഭാഗത്തിനോ വേണ്ടിമാത്രം നിയമങ്ങൾ നിർമ്മിക്കാം. എന്നാൽ കേന്ദ്രത്തിൻേറയും സംസ്ഥാനങ്ങളുടേയും നിയമനിർമ്മാണസംബന്ധമായ അധികാരങ്ങൾ, ഭരണപരമായും സാമ്പത്തികമായും ഉള്ള ബന്ധങ്ങൾ എന്നിവ ഭരണഘടനയിൽ വളരെ വ്യക്തമാക്കിയിട്ടുണ്ടു്. ഏതെങ്കിലും ഒരു സംസ്ഥാനത്തിൽ ഭരണപരമായ കുഴപ്പമുണ്ടായാൽ ഇന്ത്യൻ പ്രസിഡൻറിനു് അവിടത്തെ ഭരണം ഏറെറടുത്തു നടത്തുവാൻ അധികാരമുണ്ടു്. നിയമനിർമ്മാണം ആവശ്യമുള്ള വിഷയങ്ങൾ യൂണിയനുമാത്രം അധികാരം ഉള്ളതു്, സ്റ്റേയിററിനു് മാത്രമുള്ളതു്, സ്റ്റേയിററിനും യൂണിയനും തുല്യാധികാരമുള്ളതു് എന്നു് മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ യൂണിയനിലുള്ള എല്ലാ സ്റ്റേയിററുകൾക്കും പൊതുവേ ബാധകമാകുന്ന കാര്യങ്ങളാണു് കേന്ദ്രഗവമ്മെൻറു് നടത്തുന്നതു്. പൌരത്വം, റെയിൽവേകൾ, റോഡുകൾ, വിമാനസർവ്വീസ്, കമ്പിത്തപാൽ, റേഡിയോ, ഫോൺ, ബാങ്കും ഇൻഷ്വറൻസും, കടൽച്ചുങ്കം ആദിയായ വിഷയങ്ങളിൽ പൂർണ്ണമായ അധികാരം കേന്ദ്രത്തിനാണു്.

സ്റ്റേയിററ് ലിസ്റ്റിൽ മുഖ്യമായി 66 വിഷയങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ടു്. പോലീസ്, നീതിന്യായപരിപാലനം, പൊതുജനാരോഗ്യം, വനം, പ്രാദേശികസ്വയം

ഭരണം, ജലവിതരണം, കൃഷി, വിദ്യാഭ്യാസം, ഗതാഗത മാർഗ്ഗങ്ങൾ മുതലായ വിഷയങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നു.

കേന്ദ്ര നിയമസഭയുടേയും സ്റ്റേയിററ് നിയമസഭകളുടേയും കൂട്ടധികാരത്തിലുള്ളതു് ക്രിമിനൽ നിയമം, വിവാഹവും വിവാഹമോചനവും, തൊഴിലാളിയൂണിയൻ, വിദ്യുച്ഛക്തി, തൊഴിലാളി സംരക്ഷണം, ധർമ്മസ്ഥാപനങ്ങൾ മുതലായ 47 വിഷയങ്ങളാണു്. ഈ മൂന്നു ലിസ്റ്റുകളിലും പെടാത്ത വിഷയങ്ങളെല്ലാം പാർലമെൻററ് കൈകാര്യം ചെയ്യേണ്ടതാണു്. ഈ അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തെ സ്റ്റേയിററുകളേക്കാൾ പ്രബലമാക്കിത്തീർക്കുന്നു. പരമാധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണു്.

പാർലമെൻററ് പാസാക്കുന്ന എല്ലാ നിയമങ്ങളും അനുസരിക്കേണ്ട ചുമതല സംസ്ഥാനഗവർമ്മെൻറുകൾക്കുണ്ടു്. അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാനഗവർമ്മെൻറുകൾക്കു നൽകാൻ കേന്ദ്ര ഗവർമ്മെൻറിനു് അധികാരമുണ്ടു്, സൈനികമായോ, ദേശീയമായോ പൊതുപ്രാധാന്യമുള്ള ഗതാഗതമാർഗ്ഗങ്ങൾ ഏതു സംസ്ഥാനത്തിൽക്കൂടിയും നിർമ്മിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടു്, ഒരു യുദ്ധമോ, ആഭ്യന്തരകലഹമോ മൂലം ഒരു അടിയന്തിരാവസ്ഥ നേരിട്ടാൽ അവയുമായി ബന്ധപ്പെട്ട സംസ്ഥാനത്തിൻെറ ഭരണം ഏറെറടുക്കാൻ രാഷ്ട്രപതിക്കു് അധികാരം ഉണ്ടു്. ഭരണഘടനപ്രകാരം കേന്ദ്രസഹായംകൂടാതെ കഴിയുവാനുള്ള ശേഷി ഒരു സംസ്ഥാനത്തിന്നുമില്ല. സഹായധനം ആവശ്യമെന്നു പാർലിമെൻററ് നിശ്ചയിക്കുന്ന സംസ്ഥാനങ്ങൾക്കു് കേന്ദ്രത്തിൽ

നിന്നു് സഹായംനൽകുന്നു. ഇതിൽനിന്നെല്ലാം സംസ്ഥാനങ്ങൾക്കുള്ളതിനെക്കാൾ വിപുലമായ അധികാരങ്ങളും അവകാശങ്ങളുമാണു് കേന്ദ്രഗവണ്മെൻറിനു് ഉള്ളതെന്നു് വ്യക്തമത്രേ. കേന്ദ്രം സുശക്തവും ദൃഢവുമാകുന്നു.

## ജനങ്ങളുടെ പരമാധികാരം—മതേതരരാഷ്ട്രം

ഇന്ത്യൻ യൂണിയൻ പരമാധികാരമുള്ള ഒരു ജനകീയ രാഷ്ട്രമാകുന്നു. യാതൊരു വിദേശശക്തിയുടേയും നിയന്ത്രണത്തിലല്ല ഇന്ത്യ. ഇതനുസരിച്ചു് ഭരണത്തിൻെറ അധികാരം ഓരോ പൗരനിലും നിക്ഷിപ്തമായിരിക്കുന്നു. ഗവണ്മെൻറു് ജനങ്ങളോടു് ഉത്തരവാദിത്വമുള്ളതുമത്രേ. ജനസംഖ്യയിൽ ലോകത്തിൽവെച്ചു് ഏററവും വലിയ പാർലിമെണ്ടറി ജനാധിപത്യരാഷ്ട്രമാണു് ഇന്ത്യ. ഏതൊരു അടിയന്തിരാവസ്ഥയേയും നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ നമ്മുടെ ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. എല്ലാവർക്കും തുല്യനിലയും സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണു്.

ഇന്ത്യ ഇന്നു് ഒരു മതേതരരാഷ്ട്രമാണു്. എല്ലാ മതക്കാർക്കും ഒരുപോലെയുള്ള സ്ഥാനമാണു് ഇവിടെയുള്ളതു്. ജാതിയുടേയോ, മതത്തിൻേറയോ പേരിൽ ആരുടേയും അവകാശങ്ങൾ നിഷേധിച്ചുകൂടാ. പരിപൂർണ്ണമായ ആരാധനാസ്വാതന്ത്ര്യം അംഗീകരിച്ചിട്ടുണ്ടു്. മതാടിസ്ഥാനത്തിലുള്ള വിവേചനത്തിൽ ഗവണ്മെൻറു് നിഷ്കൃഷ്ടമായി പിന്മാറിയിരിക്കുന്നു. മതകാര്യങ്ങളിൽ പരിപൂർണ്ണമായ നിഷ്പക്ഷത ഗവണ്മെൻറു് അനുഷ്ഠിക്കുന്നു.

## ഇന്ത്യൻ പൗരത്വം

ഒരു രാജ്യത്തെ പൗരനായിത്തീരാൻ എത്ര കാലത്തെ സ്ഥിരതാമസവും, മററും വേണമെന്നു് ഓരോരോ

രാജ്യങ്ങളിൽ പ്രത്യേകം പ്രത്യേകം നിയമങ്ങൾ ഉണ്ട്. ഇന്ത്യയിൽ ജനിച്ച വളൎന്നവർ, ഇന്ത്യക്കാരായ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ, ഇന്ത്യൻ യൂനിയനകത്തുള്ള സ്ഥിരതാമസക്കാർ, ജന്മനാ ഇന്ത്യക്കാർ ആണെങ്കിലും ഇന്ത്യക്കു പുറമെ താമസിക്കുന്നവർ ഇവരെല്ലാം ഇന്ത്യയിലെ പൌരന്മാരാണ്.

മറെറാരു രാജ്യത്തെ പൌരനായിത്തീരുന്ന ഒരാൾക്ക് ഇന്ത്യൻ പൌരത്വം നഷ്ടപ്പെടും. ഈ രാജ്യത്തെ സ്ഥിരതാമസംകൊണ്ട് പൌരത്വം സമ്പാദിച്ച ഒരു അന്യരാജ്യക്കാരൻെറ പൌരത്വം രാജ്യദ്രോഹം ചുമത്തിക്കൊണ്ട് ഗവണ്മെൻറിനു പിൻവലിക്കാം. തുടൎച്ചയായി ഏഴ കൊല്ലക്കാലം ഒരന്യരാജ്യത്തു കഴിഞ്ഞുകൂടുന്ന ഒരാൾക്കും ഇന്ത്യൻപൌരത്വം നഷ്ടപ്പെടും.

## മൌലീകാവകാശങ്ങൾ

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഓരോ പൌരനും ചില മൌലികാവകാശങ്ങൾ സ്ഥാപിച്ച കിട്ടിയിരിക്കുന്നു.

1. സമത്വത്തിന്നുള്ള അവകാശം. നിയമത്തിൻെറ മുമ്പിൽ എല്ലാവരും സമന്മാരാണ്. ജാതി, മതം, വൎഗ്ഗം, സ്ത്രീപുരുഷഭേദം, ജനനസ്ഥലം എന്നിവയെ മുൻനിറുത്തി യാതൊരു വിവേചനവും പാടില്ല.

2. സ്വാതന്ത്ര്യത്തിന്നുള്ള അവകാശം. പ്രസംഗസ്വാതന്ത്ര്യം, സമാധാനപരമായി സമ്മേളിക്കുന്നതിന്നുള്ള സ്വാതന്ത്ര്യം, സംഘടിക്കുന്നതിന്നുള്ള സ്വാ

തന്ത്ര്യം, രാജ്യത്തിന്നകത്തു് എവിടെയും സഞ്ചരിക്കുന്നതിന്നും താമസിക്കുന്നതിന്നും സ്വത്തു് സമ്പാദിക്കുന്നതിന്നും അവകാശകൈമാററം ചെയ്യുന്നതിന്നുമുള്ള സ്വാതന്ത്ര്യം, ഏതു തൊഴിലും സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇവയാണു് ഇതിൽ ഉൾപ്പെടുന്നതു്.

3. ചൂഷണത്തിൽനിന്നുള്ള മോചനം, ശക്തനിൽനിന്നു് ശക്തിഹീനനെ രക്ഷിക്കുന്നതിനുള്ളതാണിതു്. നിർബ്ബന്ധിച്ചോ, ഭയപ്പെടുത്തിയോ ജോലിചെയ്യിക്കുന്നതും മററും നിരോധിച്ചിരിക്കുന്നു.

4. മതസ്വാതന്ത്ര്യം, മനഃസാക്ഷിയനുസരിച്ചു ഏതു മതവും സ്വീകരിക്കുന്നതിന്നും മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിന്നും സ്വതന്ത്രമായ മതപ്രചരണം നടത്തുന്നതിന്നും എല്ലാ പൌരന്മാക്കും അവകാശമുണ്ടു്.

5. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ. പ്രത്യേക ഭാഷയോ, സംസ്കാരമോ ഉള്ള ഏതു സമൂഹത്തിനും അവയെ സംരക്ഷിച്ചു് നിലനിറുത്തുവാൻ അധികാരമുണ്ടു്. ഗവണ്മെൻറിൻെറ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ജാതി, മതം, വർഗ്ഗം, ഭാഷ എന്നിത്യാദി കാരണങ്ങളാൽ ഒരു പൌരനും പ്രവേശനം നിഷേധിച്ചുകൂടാ. മതത്തേയും ഭാഷയേയും സംബന്ധിച്ചുള്ള എല്ലാ ജനവകുപ്പുകൾക്കും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാലയങ്ങൾ നടത്തുവാൻ അവകാശമുണ്ടു്.

6. സ്വത്തിനുള്ള അവകാശം; നിയമാനുസൃതമല്ലാതെ ആരുടെ സ്വത്തും ഗവണ്മെൻറിനു് കൈവശപ്പെടുത്തുവാൻ പാടില്ല.

7. അന്യായങ്ങൾക്കെതിരായി പരിഹാര മാർഗ്ഗങ്ങൾ നേടാനുള്ള അവകാശം. നിയമപ്രകാരമുള്ള അവകാശങ്ങളുടെ ധ്വംസനങ്ങൾക്കെതിരായി കോടതികളെ സമീപിക്കാം.

## വിഭാഗം 2


## ഇന്ത്യാഗവൺമെൻറ്

മുമ്പുണ്ടായിരുന്ന അനേകം സംസ്ഥാനങ്ങളെ സൗകര്യമാംവിധം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു വലിയ യൂണിയനാണ് നമ്മുടെ രാജ്യം. ഈ ഘടകങ്ങൾക്ക് ഇപ്പോൾ സ്റ്റെയിററുകൾ എന്നാണ് പൊതുവേയുള്ള പേർ. സ്റ്റെയിററുകളുടെ പ്രവൃത്തിയെ ഏകീകരിക്കുവാനും കൂട്ടിയിണക്കുവാനുംവേണ്ടി ഇന്ത്യയ്ക്കു് പൊതുവായി ഒരു യൂണിയൻ ഗവൺമെൻറുണ്ട്. അതിനെ കേന്ദ്രഗവൺമെൻറ് എന്നും ഇന്ത്യാഗവൺമെൻറ് എന്നും ഒക്കെ വിളിക്കുന്നു. ഇന്ത്യൻ യൂണിയന് ഒരു ഫെഡറൽ അഥവാ സംയുക്തഭരണഘടനയാണ് നിർമ്മിച്ചിട്ടുള്ളതു്. ഒരു കേന്ദ്രഗവൺമെൻറും ഓരോ സ്റ്റെയിററിലും ഓരോ സ്റ്റേററുഗവൺമെൻറും ആണ് ഇവിടെയുള്ളതു്. ഇന്ത്യൻ ഭരണഘടനയ്ക്കു് അമേരിക്കയിലേയു ഇംഗ്ലണ്ടിലേയും ഭരണഘടനകളോടു് ചില സാമ്യങ്ങൾ ഉണ്ടു്. എക്സിക്യൂട്ടീവ് (ഭരണനിർവ്വാഹകവിഭാഗം), ലെജിസ്ലേച്ചർ (നിയമസഭ), ജുഡീഷ്യറി (നീതിന്യായപരിപാലനം) എന്നിവയാണ് ഇന്ത്യൻ ഭരണകൂടത്തിൻെറ പ്രധാന വിഭാഗങ്ങൾ.

### എക്സിക്യൂട്ടീവ്

കേന്ദ്രഭരണത്തിൻെറ തലവൻ രാഷ്ട്രപതി അഥവാ പ്രസിഡൻറാണ്. ഇന്ത്യൻയൂണിയനിലെ ഭരണാധി

കാരം മുഴവൻ പ്രസിഡൻറിലാണ് സ്ഥിതിചെയ്യുന്നതു്. നേരിട്ടോ ഉദ്യോഗസ്ഥന്മാർ മുഖേനയോ ഭരണഘടന അനുസരിച്ച് അദ്ദേഹം ഭരണം നടത്തുന്നു. പാർലമെൻറിൻെറ ഇരുമണ്ഡലങ്ങളിലേയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സ്റ്റേയിററ് നിയമസഭകളിലെ അംഗങ്ങളും കൂടിയാണ് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതു്. 35 വയസ്സിനുമേൽ പ്രായവും യൂണിയൻ പാർലിമെൻറിൽ അംഗമായിരിക്കുവാൻ യോഗ്യതയുമുള്ള ഏതൊരു ഇന്ത്യൻ പൌരനും ഇവിടത്തെ പ്രസിഡൻറാകാവുന്നതാണ്. അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാണ്. ഒന്നിലധികം പ്രാവശ്യം ഒരാളെ



നമ്മുടെ രാഷ്ട്രപതി

പ്രസിഡൻറായി തിരഞ്ഞെടുക്കുന്നതിന് നിയമതടസ്സമില്ല. പ്രസിഡൻറിനു താമസിക്കുവാൻ ഒരു മന്ദിരവും മാസംതോറും പതിനായിരം രൂപ ശമ്പളവുമുണ്ട്. പ്രസിഡൻറുസ്ഥാനത്തിനു വളരെ അന്തസ്സും അധികാരങ്ങളുമുള്ളതാണ്. സുപ്രീംകോടതി ജഡ്ജിമാർ, ഗവർണ്ണർമാർ, വിദേശരാജ്യപ്രതിപുരുഷന്മാർ തുടങ്ങിയ ഉയർന്ന ഉദ്യോഗസ്ഥന്മാരെ പ്രസിഡൻറാണ് നിയമിക്കുന്നത്. പാർലമെൻറ് പാസ്സാക്കുന്ന ബില്ലുകൾ നിയമമാകാൻ അദ്ദേഹത്തിൻെറ അനുമതി ആവശ്യമാകുന്നു. പ്രധാനമന്ത്രിയെ നിയമിക്കുന്നതു പ്രസിഡൻറാണ്. പ്രധാനമന്ത്രിയുടെ ഉപദേശം അനുസരിച്ച് പ്രസിഡൻറ് മററു മന്ത്രിമാരെ നിയമിക്കുന്നു. പാർലമെൻറ് വിളിച്ചുകൂട്ടുന്നതും പിരിച്ചുവിടുന്നതും അദ്ദേഹമാണ്. അടിയന്തരഘട്ടങ്ങളിൽ സ്റ്റെയിററുഗവണ്മെൻറുകളെ പിരിച്ചുവിട്ട് അവയുടെ ഭരണം ഏറെറടുക്കുന്നതിനും പ്രസിഡൻറിന്നധികാരമുണ്ട്. അദ്ദേഹംതന്നെയാണ് ഇന്ത്യയിലെ സൈന്യങ്ങളുടെ അധിപൻ. തക്കതായ കാരണം കണ്ടാൽ മാപ്പുകൊടുക്കുന്നതിനും ശിക്ഷകൾ കുറയ്ക്കുന്നതിനും അദ്ദേഹത്തിന്നധികാരമുണ്ട്. എന്നാൽ, ഭരണഘടനയെ ലംഘിക്കുന്ന എന്തെങ്കിലും ചെയ്താൽ അദ്ദേഹത്തെ പാർലമെൻറ് വിസ്തരിച്ച്, സ്ഥാനത്തുനിന്നു നീക്കാവുന്നതാണ്.

പ്രസിഡൻറിനെ സഹായിക്കാൻ ഒരു വൈസ് പ്രസിഡൻറ് അഥവാ ഉപരാഷ്ട്രപതിയുണ്ട്. പാർലമെൻറിൻെറ രണ്ടു സഭകളും കൂടിയാണ് അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നത്, കേന്ദ്രത്തിലെ ഉപരിസഭയുടെ അദ്ധ്യക്ഷൻ വൈസ്പ്രസിഡൻറാണ്. ശേഷിക്കുറവിനും കുററ

ങ്ങൾക്കും വൈസ്പ്രസിഡൻറിനെ മാററാവുന്നതാണ്.

## മന്ത്രിസഭ

പ്രസിഡൻറിനെ ഭരണകാര്യത്തിൽ സഹായിക്കുന്നതിന് മന്ത്രിസഭയുണ്ട്, പ്രധാനമന്ത്രിയാണ് അതിൻെറ തലവൻ. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രസിഡൻറ് പ്രധാനമന്ത്രിയായി നിയമിക്കുന്നു. സഹമന്ത്രിമാരെ പ്രധാനമന്ത്രിയുടെ ഉപദേശമനുസരിച്ച് പ്രസിഡൻറ് നിയമിക്കുന്നതാണ്. മന്ത്രിസഭയ്ക്ക് പ്രസിഡൻറിന് ഇഷ്ടമുള്ള കാലത്തോളം ഭരണം നടത്താം.

## നിയമസഭ

ഭരണം നടത്തിക്കൊണ്ടുപോകുന്നതിന് നിയമങ്ങൾ ആവശ്യമാണല്ലോ. ഇവ നിർമ്മിക്കുന്നത് നിയമസഭയും പ്രസിഡൻറും കൂടിയാകുന്നു. കേന്ദ്രനിയമസഭയ്ക്ക് പാർലമെൻറു എന്ന് പറയും. ഇതിനു രണ്ട് മണ്ഡലങ്ങളും ഉണ്ട്. ഉപരിമണ്ഡലത്തിന് രാജ്യസഭ എന്നും അധോമണ്ഡലത്തിന് ലോക്സഭ എന്നും ആണ് പേർ. ഇവയിൽ പ്രാധാന്യം ലോക്സഭയ്ക്കാകുന്നു.

## ലോക്സഭ

ലോക്സഭയിലെ അംഗസംഖ്യ 520-ൽ കവിയാൻ പാടില്ല. ഈ സഭയിലെ അംഗങ്ങളെ 5 കൊല്ലത്തേ

ക്കാണ് തിരഞ്ഞെടുക്കുന്നതു്. 21 വയസ്സ പൂർത്തിയായ എല്ലാവർക്കും വോട്ടു ചെയ്യാം. അഞ്ചുലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി എന്ന കണക്കിലാണ് തിരഞ്ഞെടുപ്പ് നടത്തുന്നതു്. 25 വയസ്സായ ഏതൊരു ഇന്ത്യൻ പൗരനും മററു വിധത്തിൽ അയോഗ്യതകളില്ലെങ്കിൽ ഇതിൽ അംഗമായിരിക്കാവുന്നതാണ്. ലോക്സഭയുടെ അദ്ധ്യക്ഷനെ സ്പീക്കർ എന്നും ഉപാദ്ധ്യക്ഷനെ ഡെപ്യൂട്ടി സ്പീക്കർ എന്നും പറയുന്നു. ഇവർ സഭയിൽനിന്നുതന്നെ തിരഞ്ഞെടുക്കപ്പെടുന്നു, ധനകാര്യബില്ലുകൾ കൈകാര്യം ചെയ്യുന്നതു് ലോക്സഭയാണ്. മററു ബില്ലുകളെല്ലാം രണ്ടു സഭകളും പാസാക്കി പ്രസിഡൻറിൻെറ അനുമതിക്ക് അയയ്ക്കുന്നു. ആണ്ടുതോറുമുള്ള ബഡ്ജററുകൾ പാസാക്കുന്നതിനുള്ള അധികാരവും ലോക്സഭയ്ക്കുതന്നെ.

### രാജ്യസഭ

രാജ്യസഭയിലെ അംഗസംഖ്യ 250 ആണ്. ഇവയിൽ 12 പേർ സാംസ്കാരികവും ശാസ്ത്രീയവുമായ അറിവും പരിചയവുമുള്ളവരായിരിക്കും. അവരെ പ്രസിഡൻറ് നാമനിർദ്ദേശം ചെയ്തു് നിയമിക്കുന്നു. ബാക്കിയുള്ളവരെ സംസ്ഥാന നിയമസഭകളാണ് തിരഞ്ഞെടുക്കുന്നതു്. ഇതിലെ ⅓ ഭാഗം അംഗങ്ങൾ 2 വർഷത്തിൽ ഒരിക്കൽ പിരിഞ്ഞുപോകുകയും അത്രയും പേർ പുതുതായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ ഇതൊരു സ്ഥിരം സഭയാണ്,

### നീതിന്യായ പരിപാലനം

പ്രസിഡൻറും മന്ത്രിമാരും കൂടി നിയമങ്ങളുടെ വെളിച്ചത്തിൽ ഭരണം നടത്തുന്നു. നിയമസഭ നിയമ

ങ്ങൾ ഉണ്ടാകുന്നു. എന്നാൽ, അവ പാലിക്കുന്നതിനുള്ള പരമാധികാരം ഇന്ത്യയിലെ അത്യുന്നത നീതിന്യായ പീഠമായ സുപ്രീം കോടതിക്കാകുന്നു. വിപുലമായ അധികാരങ്ങളോടുകൂടിയ ഈ കോടതി സ്വതന്ത്രമായി നിലകൊള്ളുന്നു.

സുപ്രീം കോടതിയിൽ ഒരു ചീഫ് ജസ്റ്റീസും പത്തിൽ കവിയാതെ ജഡ്ജിമാരും ഉണ്ടായിരിക്കും. പക്ഷേ ഇപ്പോൾ ജഡ്ജിമാരുടെ എണ്ണം 14 ആയി ഉയർത്തിയിട്ടുണ്ട്. ഇവരെ പ്രസിഡൻറ് നിയമിക്കുന്നു. 65 വയസ്സ് പൂർത്തിയാകുന്നവരെ ഇവർക്ക് ഉദ്യോഗത്തിൽ തുടരാം. ഭരണഘടനാനിയമങ്ങളെ വ്യാഖ്യാനിച്ചു തീരുമാനിക്കുക, കേന്ദ്രഗവണ്മെൻറും സ്റ്റെയിററുകളും തമ്മിലോ, സ്റ്റെയിററുകൾ തമ്മിൽതമ്മിലോ ഉണ്ടാകുന്ന തർക്കങ്ങൾ കേട്ട് വിധികല്പിക്കുക, സ്റ്റെയിററുകളിലെ ഹൈക്കോടതിയിൽ നിന്നുള്ള അപ്പീൽക്കേസുകൾ വിസ്തരിച്ചു തീരുമാനം ചെയ്യുക എന്നിവയാണ് സുപ്രീംകോടതിയുടെ പ്രധാന ചുമതലകൾ. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടാതെ നോക്കുന്നതും സുപ്രീംകോടതിയാകുന്നു. നിയമങ്ങളെ സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടായാൽ സുപ്രീംകോടതിയുടെ അഭിപ്രായം പ്രസിഡൻറിനു ചോദിക്കാവുന്നതാണ്. സുപ്രീംകോടതിയുടെ തീരുമാനം നിയമപരമായി അവസാന തീരുമാനമായിരിക്കും.

**സ്റ്റെയിററ് ഗവണ്മെൻറുകൾ**

സംസ്ഥാനങ്ങളിലെ ഭരണരീതിയും ഏറെക്കുറെ കേന്ദ്രത്തിലെ മാതൃകയിൽ സംവിധാനം ചെയ്യപ്പെട്ടി

രിക്കുന്നു. ഓരോ സംസ്ഥാനത്തിനും ഭരണത്തലവനായി ഓരോ ഗവർണ്ണറെ പ്രസിഡണ്ടാണ് നിയമിക്കുന്നത്. ഗവർണ്ണറുടെ കാലാവധി 5 കൊല്ലമാകുന്നു. അദ്ദേഹത്തിൻെറ കീഴിൽ ഭരണകാര്യങ്ങൾ നേരിട്ടു നടത്തുന്നത് മന്ത്രിസഭയാണ്. മന്ത്രിമാരുടെ നിയമനം കേന്ദ്രത്തിലേപ്പോലെതന്നെ. അസംബ്ലിയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവിനെ മുഖ്യമന്ത്രിയായും ശേഷം മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരവും ഗവർണ്ണർ നിയമിക്കുന്നു. ഓരോ സംസ്ഥാനത്തിനും പ്രത്യേകനിയമസഭകളുണ്ട്. കേരളത്തിൽ ഏകമണ്ഡല നിയമസഭയാണുള്ളതെന്ന് നിങ്ങൾക്കറിയാമല്ലോ. വലിയ സംസ്ഥാനങ്ങളിൽ ദ്വിമണ്ഡലനിയമസഭകളാണ്. പ്രായപൂർത്തി വോട്ടവകാശത്തിലാണ് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. നീതിന്യായഭരണത്തിനു ഓരോ സ്റ്റെയിററിലും ഓരോ ഹൈക്കോടതി ഉണ്ട്. ഈ ഹൈക്കോടതികൾ സുപ്രീംകോടതിയുടെ നിയന്ത്രണത്തിലാണ്.

## പ്രായോഗിക പ്രവർത്തനങ്ങൾ

### അദ്ധ്യായം 3

1) ഇന്ത്യൻയൂണിയൻെറയും, അതിലെ 15 സ്റ്റെയിററുകളേയും കാണിക്കുന്ന ഒരു മാപ്പ് വരയ്ക്കുക.

2) "ഭാഷാപരമായ സ്റ്റെയിററുവിഭജനം ഇന്ത്യയുടെ ഐക്യത്തിനു യോജിച്ചതാണോ?" എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടത്തുക.

3) ഇന്ത്യൻഭരണഘടനപ്രകാരം സ്റ്റേയിററുകൾക്കും, കേന്ദ്രത്തിനും, രണ്ടിനും പൊതുവേയും ഉള്ള അധികാരങ്ങളുടെ പട്ടിക തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.

4) ഒരു പൌരൻെറ ചുമതലകളും അവകാശങ്ങളും പ്രതിപാദിക്കുന്ന രീതിയിലുള്ള ഒരു പ്രഹസനമെഴുതി അഭിനയിക്കുക.

5) ഹൈക്കോടതിയിൽനിന്നു വിധിപ്രസ്താവിച്ചിട്ടുള്ള ഒരു ക്രിമിനൽക്കേസ്സിനെ സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതും അവിടെ ആ കേസ്സ് വിചാരണചെയ്യുന്നതും തീർപ്പുകല്പിക്കുന്നതുമായ ഭാഗങ്ങൾ അഭിനയിക്കുക.

അദ്ധ്യായം 4

# ബ്രിട്ടനിലെ പാർലമെണ്ടറി ഭരണസമ്പ്രദായത്തിൻെറ വളർച്ച

ബ്രിട്ടനിലെ നിയമസഭയുടെ പേരു പാർലമെണ്ട് എന്നാകുന്നു. ഭരണകാര്യങ്ങളിൽ പരമാധികാരം പാർലമെണ്ടിനാണ്. ഈ സഭയ്ക്കു രണ്ടു മണ്ഡലങ്ങളുണ്ട്. ഉപരിമണ്ഡലത്തിനു പ്രഭുസഭ (House of Lords) എന്നും അധോമണ്ഡലത്തിനു ജനസഭ (House of Commons) എന്നും പറഞ്ഞുവരുന്നു. രാജ്യത്തിലെ പ്രഭുക്കന്മാരാണ് പ്രഭുസഭയിലെ അംഗങ്ങൾ. ജനസഭയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് പ്രായപൂർത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിലാണ്. ജനസഭയും പ്രഭുസഭയും കൂടിയുള്ള പേരാണ് പാർലമെണ്ട്. പാർലമെണ്ടിൻെറ ഉത്ഭവവും വളർച്ചയും ഒരു നീണ്ട കഥയാണ്.

പാർലമെണ്ടറിഭരണത്തിനു് ഉത്തമമാതൃക നൽകിയതു് ഇംഗ്ലണ്ടാകുന്നു. ബ്രിട്ടനിൽ രാജാക്കന്മാരുടെ ഭരണം ആരംഭിച്ച കാലത്തുതന്നെ രാജാവിനെ ഉപദേശിക്കുന്നതിനു് ഒരു സമിതിയുണ്ടായിരുന്നു. റോമാക്കാർ ബ്രിട്ടനെ കീഴടക്കി വളരെക്കാലം ഭരിച്ചു. അഞ്ചാം നൂററാണ്ടിൽ റോമാക്കാർ ബ്രിട്ടൻ വിട്ടുപോയപ്പോൾ ആംഗ്ലോ-സാക്സൺ രാജാക്കന്മാരുടെ ഭരണം അവിടെ

സ്ഥാപിതമായി. രാജകുടുംബത്തിലെ പ്രധാനവ്യക്തികളും രാജ്യത്തിലെ പ്രമാണികളും അടങ്ങിയ ഒരു ആലോചനാസമിതി ആംഗ്ലോ-സാക്സൺ രാജാക്കന്മാക്ക് ഉണ്ടായിരുന്നു. ഈ സഭയ്ക്കു വിററാൻ (Witan) അഥവാ 'വിജ്ഞന്മാരുടെ സഭ' എന്നായിരുന്നു പേർ. 11-ാംനൂററാണ്ടിൽ ബ്രിട്ടനെ ഫ്രാൻസിൽനിന്നു വന്ന നോർമൻവർഗ്ഗക്കാർ കീഴടക്കി. നോർമൻ രാജാക്കന്മാരുടെ കാലത്തു് ഈ സഭ "ക്യൂറിയാറേജിസ്" എന്ന പേരിൽ നിലനിന്നുപോന്നു. ഈ ആലോചനാസമിതിയിലേക്കു പ്രധാനപ്രഭുക്കന്മാരെ നോർമൻ രാജാക്കന്മാർ ക്ഷണിക്കുക പതിവായിരുന്നു.

13-ാംനൂററാണ്ടിന്റെ ആരംഭത്തിൽ ജോൺ എന്നു പേരായ ഒരു രാജാവ് ഇംഗ്ലണ്ടു ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ ദുർഭരണം തടയുവാൻ ജനങ്ങൾ അദ്ദേഹത്തെക്കൊണ്ടു് ഒരു പൗരാവകാശപ്രമാണത്തിൽ ഒപ്പുവെയ്പിച്ചു. 'മാഗ്നാ കാർട്ടാ' എന്ന പേരിലാണ് ഇതു് അറിയപ്പെടുന്നതു്. പൊതുസഭയുടെ അനുമതികൂടാതെ പുതിയ നികുതികളൊന്നും ചുമത്തുകയില്ലെന്നു രാജാവ് സമ്മതിച്ചു. ഈ പ്രമാണത്തിനു് ഇംഗ്ലീഷുകാരുടെ പൗരാവകാശസമ്പാദനചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ടു്. രാജാക്കന്മാരുടെ സ്വേച്ഛാഭരണത്തെ നിയന്ത്രിച്ച ഒന്നാമത്തെ രേഖയാണ് ഇതു്. എന്നാൽ, ഈ വ്യവസ്ഥയനുസരിച്ചല്ല പിന്നീടു് വന്ന രാജാക്കന്മാർ ഭരിച്ചതു്. ഹെൻറി മൂന്നാമൻ ദുർഭരണം നടത്തിയപ്പോൾ ജനങ്ങൾ ഇളകിവശായി. രാജാവിന്റെ സ്യാലൻ സൈമൺ ഡി മോൺഫോർട്ട് രാജാവുമായി യുദ്ധം നടത്തുകയും ഒടുവിൽ അദ്ദേഹത്തെ

തോൽപ്പിച്ച തടവിലാക്കുകയും ചെയ്തു. സൈമൺ ഭരണം ഏറ്റെടുത്തു. രാജ്യകാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ സൈമൺ ഒരു പാർലമെൻറ് വിളിച്ചുകൂട്ടി. അതിൽ പ്രഭുക്കന്മാരോടൊപ്പം സാധാരണജനങ്ങളുടെ പ്രതിനിധികളുമുണ്ടായിരുന്നു. ജനപ്രതിനിധികളെ ആദ്യമായിട്ടാണ് രാജാവിനെ ഉപദേശിക്കുന്നതിനുള്ള സഭയിലേക്ക് ക്ഷണിച്ചത്. തന്നിമിത്തം സൈമനെ 'ജനസഭയുടെ പിതാവ്' എന്നു പറയാറുണ്ട്. ഹെൻറി മൂന്നാമൻെറ പുത്രനായ എഡ്വേർഡ് ഒന്നാമൻ പിന്നീട് രാജാവായി. 1295-ൽ അദ്ദേഹം സൈമൻെറ മാതൃകയനുസരിച്ച് പ്രഭുക്കന്മാർ, പുരോഹിതന്മാർ, ജനപ്രതിനിധികൾ എന്നിവരെ ചേർത്ത് ഒരു പാർലമെൻറ് വിളിച്ചുകൂട്ടി. ഇതിനെയാണ് ചരിത്രകാരന്മാർ 'മാതൃകാപാർലമെൻറ്' എന്നു പറയാറുള്ളത്. ജനപ്രതിനിധികളെ കൂടാതെ പിന്നീട് ഒരിക്കലും പാർലമെൻറ് കൂടിയിട്ടില്ല. എന്നാൽ, 14-ാം നൂറ്റാണ്ടിൽ പ്രഭുക്കന്മാരും ജനപ്രതിനിധികളും രണ്ടായി തിരിഞ്ഞ് വെവ്വേറെ സമ്മേളിക്കുവാൻ തുടങ്ങി. അങ്ങനെ പാർലമെണ്ടിന് രണ്ടു മണ്ഡലങ്ങൾ ഉണ്ടായി.

## വളർച്ച 1688-വരെ

ആരംഭദശയിൽ പാർലമെണ്ടിന് വലിയ അധികാരമൊന്നുമുണ്ടായിരുന്നില്ല. പുതിയ നികുതി ചുമത്തുവാൻമാത്രം രാജാക്കന്മാർ ഈ സഭ വിളിച്ചുകൂട്ടിവന്നു. ആ ഘട്ടങ്ങളിൽ രാജാവ് പാർലമെണ്ടിൻെറ ഇംഗിതങ്ങൾക്കു കീഴ്‌വഴങ്ങാതെ നിവൃത്തിയില്ലായിരുന്നു. അല്ലെങ്കിൽ നികുതിപിരിവിനുള്ള അനുവാദം കിട്ടുമാ

യിരുന്നില്ല. ഇങ്ങനെയാണ് പാർലമെണ്ടിന്റെ സ്വാധീനശക്തി വർദ്ധിച്ചു വന്നതു്.

16-ാം നൂററാണ്ടിൽ ഭരിച്ചിരുന്ന ട്യൂഡർ രാജാക്കന്മാർ സുശക്തമായ ഏകാധിപത്യം സ്ഥാപിച്ചു, പക്ഷെ അവർ പാർലമെൻറിനെ ധിക്കരിക്കുന്നതിനു മുതിർന്നില്ല. പാർലമെൻറിനെ സ്നേഹവും നയവുംകൊണ്ടു വശപ്പെടുത്തി അവക്കു് വേണ്ടതെല്ലാം ചെയ്യുകയായിരുന്നു പതിവു്. അങ്ങനെ, രാജാവും പാർലമെൻറും രമ്യതയിൽ കഴിഞ്ഞുപോന്നു. രാജാവു് വിളിച്ചുകൂട്ടുമ്പോൾ മാത്രമെ പാർലമെൻറ് സമ്മേളിച്ചിരുന്നുള്ളു,

ട്യൂഡർ വംശത്തിനു ശേഷം ബ്രിട്ടൻ ഭരിച്ചിരുന്ന സ്റ്റുവർട്ടു് രാജാക്കന്മാക്കു് പാർലമെൻറിനെ പ്രീണിപ്പിച്ചു ഭരിക്കുവാൻ സാധിച്ചില്ല, രാജാധികാരം ദൈവദത്തമാണെന്നും അതിനെ നിയന്ത്രിക്കുവാൻ ലോകത്തിൽ ഒരു ശക്തിക്കും അധികാരമില്ലെന്നും അവർ വാദിച്ചു. ജനപ്രതിനിധികൾ അടങ്ങിയ പാർലമെൻറ് ഈ വാദത്തെ എതിത്തു. തന്നിമിത്തം പാർലമെൻറും രാജാവും തമ്മിൽ നീണ്ട ഒരു മത്സരം നടന്നു. ജനങ്ങളുടെ പിന്തുണ പാർലമെൻറിനായിരുന്നതുകൊണ്ടു് ആ സമരത്തിൽ പാർലമെൻറ് ജയിച്ചു. അന്നത്തെ സ്റ്റുവർട്ടു് രാജാവായ ചാറത്സ് ഒന്നാമനെ പാർലമെൻറ് കക്ഷി തടവുകാരനാക്കുകയും വധിക്കുകയും ചെയ്തു. പിന്നീടു് 11 കൊല്ലത്തേക്കു് ഭരണം നടത്തിയതു് പാർലമെൻറ് കക്ഷി നേതാവായിരുന്ന ക്രോംവെല്ലാണ്. അതിനുശേഷം രാജാധികാരം പുനഃസ്ഥാപിക്കപ്പെടുകയും ചാറത്സ് രണ്ടാമനെ രാജാവായി

വാഴിക്കുകയും ചെയ്തു. ഇദ്ദേഹം പാർലമെൻറിനെ പിണക്കാതെ രാജ്യഭരണം നടത്തി, എന്നാൽ, അദ്ദേഹത്തിൻെറ സഹോദരനായ ജെയിംസ് രണ്ടാമൻ പാർലമെൻറിനെ ധിക്കരിച്ചു ഭരിച്ചു. അസംതൃപ്തരായ ജനങ്ങൾ അദ്ദേഹത്തിൻെറ ദുർഭരണം അവസാനിപ്പിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹത്തിൻെറ പുത്രിയായ മേരിയേയും ജാമാതാവായ വില്യമിനേയുമാണ് ഭരണാധികാരികളായി പാർലമെൻറ് ക്ഷണിച്ചതു്. സ്ഥിതിഗതികൾ തനിക്കു തികച്ചും എതിരാണെന്നു കണ്ടു് ജെയിംസ് രാജ്യം വിട്ടു. 1688-ൽ ഉണ്ടായ ഈ വിപ്ലവം "മഹത്തായ വിപ്ലവം" എന്ന പേരിൽ അറിയപ്പെടുന്നു. ഇതിൻെറ ഫലമായി പരമാധികാരം പാർലമെൻറിനാണെന്നുള്ള തത്വം അവസാനമായി സ്വീകരിക്കപ്പെട്ടു. അങ്ങനെ, രാജാധികാരം നിയന്ത്രിക്കപ്പെട്ടു. പിന്നീടുള്ള രാജാക്കന്മാർ പാർലമെണ്ടിൻെറ പരമാധികാരത്തിനു വഴങ്ങിക്കൊണ്ടാണ് ഭരണം നടത്തിപ്പോന്നിട്ടുള്ളതു്.

**1688-നു ശേഷം പാർലമെണ്ടിൻെറ പുരോഗതി**

'മഹത്തായ വിപ്ലവ'ത്തിനുശേഷം പാർലമെൻറിനു് പരമാധികാരം കിട്ടിയെങ്കിലും രാജ്യഭരണം രാജാവു് തന്നെയാണ് നടത്തിപ്പോന്നതു്. പാർലമെൻറിൽ നിന്നു് രാജാവിനു് ഇഷ്ടമുള്ള അംഗങ്ങളെ മന്ത്രിമാരായി നിയമിച്ചു. ഇതിനിടയിൽ "വിഗ്സ്" (ഉല്പതിഷ്ണുക്കൾ), "ടോറീസ്" (യാഥാസ്ഥിതികന്മാർ) എന്ന രണ്ടു കക്ഷികൾ വളർന്നുവന്നു. കക്ഷിസമ്പ്രദായം പാർലമെൻറിൻെറ ശക്തിയെ ഒന്നുകൂടി വർദ്ധിപ്പിച്ചു. കക്ഷിഭേദ

മെന്യേ രാജാവിന്റെ ഇഷ്ടംപോലെ ഉപദേശകന്മാരെ തിരഞ്ഞെടുക്കുവാൻ സാദ്ധ്യമായിരുന്നില്ല. ക്രമേണ ഭൂരിപക്ഷകക്ഷിയിൽനിന്നു മാത്രം മന്ത്രിമാരെ നിയമിക്കേണ്ടിവന്നു. ഭൂരിപക്ഷം നഷ്ടപ്പെട്ടപ്പോൾ ആ കക്ഷിയിലെ മന്ത്രിമാരെ മാററി മറുകക്ഷിക്ക് സ്ഥാനം കൊടുക്കേണ്ടതായും വന്നുകൂടി.

1714-ൽ പാർലമെണ്ടറിഭരണസമ്പ്രദായത്തിന്റെ വളർച്ചയെ സഹായിച്ച ഒരു പ്രധാനസംഭവം ഉണ്ടായി. ആ വർഷത്തിലാണ് ജർമ്മൻകാരനായ ജോർജ്ജ് ഒന്നാമൻ ബ്രിട്ടനിലെ രാജാവായതു്. അദ്ദേഹത്തിന്ന് ഇംഗ്ലീഷ് ഭാഷയും ഭരണസമ്പ്രദായവും തീരെ നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം മന്ത്രിസഭായോഗങ്ങളിൽ പങ്കുകൊണ്ടിരുന്നുമില്ല. ഏതെങ്കിലും ഒരു മന്ത്രി അദ്ധ്യക്ഷത വഹിച്ച് കാര്യങ്ങൾ നടത്തിവന്നു. ഇദ്ദേഹം പിന്നീട് പ്രധാനമന്ത്രിയായി. അങ്ങനെ, ബ്രിട്ടനിലെ ആദ്യത്തെ പ്രധാനമന്ത്രിയായതു് വിഗ്ഗകക്ഷിനേതാവായ സർ റോബർട്ട് വാൾപ്പോൾ ആണ്. ഇക്കാലത്തുതന്നെ കക്ഷിവ്യവസ്ഥയും ക്യാബിനററ് (മന്ത്രിസഭ)ഭരണവും ഒപ്പം വളർന്നുവന്നു. പാർലമെൻറിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായി നിയമിക്കുക, മററു മന്ത്രിമാരെ നിയമിക്കുന്നതിന്നുള്ള ചുമതല പ്രധാനമന്ത്രിക്കായിരിക്കുക, ഓരോ രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരെ ക്യാബിനററ്അംഗങ്ങളാക്കുക, പ്രധാനമന്ത്രി രാജിവെക്കുന്നതോടുകൂടി മന്ത്രിസഭ ആകമാനം രാജിവെക്കുക, പ്രധാനമന്ത്രിയോട് അഭിപ്രായൈക്യമില്ലാത്ത മന്ത്രിമാർ രാജിവെച്ചുപോകുക, മന്ത്രിസഭക്കു കൂട്ടുത്തരവാദിത്വമുണ്ടായിരിക്കുക എന്നിങ്ങനെയുള്ള വഴക്കങ്ങൾ ഇക്കാലത്തു് സ്ഥാപിതമായിത്തീർന്നു. ഇങ്ങിനെ,

മന്ത്രിസഭയ്ക്കു കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കണമെന്നുള്ള തത്വം നടപ്പിലായി. പാർലമെൻറ് അവിശ്വാസം രേഖപ്പെടുത്തിയാൽ മന്ത്രിസഭ രാജിവെക്കണം. ചുരുക്കത്തിൽ അക്കാലംമുതൽ രാജ്യഭരണത്തിൽ രാജാവിൻെറ പങ്ക് നാമമാത്രമായിത്തീൎന്നു. യഥാൎത്ഥഭരണം പാർലമെൻറിനോടുത്തരവാദപ്പെട്ട ക്യാബിനററിൻെറ അധീനത്തിലായി.

### പാർലമെൻറ് പരിഷ്കരണം

1688-ലെ മഹത്തായ വിപ്ലവത്തിനുശേഷം പാർലമെണ്ടറിഭരണം പുരോഗതി പ്രാപിക്കുവാൻ തുടങ്ങി, എന്നാൽ, അതു് ജനകീയമായിരുന്നില്ല. എന്തെന്നാൽ പാർലമെൻറ് യഥാൎത്ഥത്തിൽ രാഷ്ട്രത്തെ പ്രതിനിധീകരിച്ചിരുന്നില്ല. രാഷ്ട്രീയാധികാരം പ്രഭുക്കന്മാരുടേയും ഭൂവുടമകളുടേയും നിയന്ത്രണത്തിലായിരുന്നു. വോട്ടവകാശം സാധാരണക്കാൎക്കുണ്ടായിരുന്നില്ല. അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നിയന്ത്രിച്ചതു് വലിയ ഭൂവുടമകളായിരുന്നു. അതുകൊണ്ടു് പാർലമെൻറിനു് അധികാരം കിട്ടിയപ്പോഴും വലിയ പ്രഭുക്കന്മാൎക്കധികാരം കിട്ടി എന്നായിരുന്നു അൎത്ഥം. 19-ാം നൂററാണ്ടിൽ പാർലമെണ്ടിനെ കയ്യടക്കിവെച്ചിരുന്ന ഈ പ്രഭുക്കന്മാൎക്കെതിരായി ഒരു പ്രക്ഷോഭം ഉയൎന്നുവന്നു. സാധാരണക്കാൎക്കും പാർലമെൻറ് മെമ്പർമാരെ തിരഞ്ഞെടുത്തയയ്ക്കുന്നതിനുള്ള അവകാശം വേണമെന്നു വാദിച്ചു. പ്രഭുക്കന്മാർ ഈ അവകാശവാദത്തെ എതിൎക്കുകയാണുണ്ടായതു്. ഒടുവിൽ 1832-ൽ, അന്നത്തെ പ്രധാനമന്ത്രിയായ ഗ്രേപ്രഭു ഒന്നാമത്തെ പാർലമെൻറ് പരിഷ്കരണനിയമം പാസ്സാക്കി. അതുമൂലം ബ്രിട്ടനിലെ ഇടത്തരക്കാ

ക്കെല്ലാം വോട്ടവകാശം കിട്ടി. നിയോജകമണ്ഡലങ്ങൾ പുനർവിഭജിച്ച് രാഷ്ട്രത്തെ ശരിയായി പ്രതിനിധീകരിക്കുന്ന വിധത്തിൽ പാർലമെൻറിനെ സംഘടിപ്പിച്ചു. ഇങ്ങനെ പ്രസ്തുത പരിഷ്കരണനിയമപ്രകാരം പാർലമെൻറിൻെറ നിയന്ത്രണം ഇടത്തരക്കാരുടെ കൈവശമായി.

പല ഘട്ടങ്ങളിലായി വോട്ടവകാശം കൂടുതൽ കൂടുതൽ വിപുലമാക്കിയിട്ടുണ്ട്. 1867-ലും 1884-ലും പരിഷ്കരണനിയമങ്ങൾമൂലം വോട്ടവകാശം യഥാക്രമം വ്യവസായത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും ലഭിച്ചു. നിയോജകമണ്ഡലങ്ങളെ പുനർവിഭജനം ചെയ്ത്, പാർലമെണ്ടിനു ശരിയായ പ്രാതിനിധ്യം നൽകി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പാസ്സാക്കിയ പരിഷ്കരണനിയമപ്രകാരം സമ്മതിദാനാവകാശം ഒന്നുകൂടി വിപുലമാക്കി. 21 വയസ്സുകഴിഞ്ഞ എല്ലാ പുരുഷന്മാക്കും 30 വയസ്സുകഴിഞ്ഞ എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ലഭിച്ചു. അതോടുകൂടി വോട്ടുചെയ്യുന്നതിനു സ്വത്തുയോഗ്യത ആവശ്യമില്ലാതായി. സ്ത്രീകൾക്കു തുല്യമായ വോട്ടവകാശം ലഭിക്കുന്നതിനു് അവർ ശക്തിയായി പ്രക്ഷോഭണം ആരംഭിച്ചു. 1928-ലെ പരിഷ്കരണനിയമം പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും 21 വയസ്സു കഴിഞ്ഞാൽ വോട്ടുചെയ്യാമെന്നാക്കി. ഇങ്ങനെയാണു് സാർവ്വത്രികമായ പ്രായപൂർത്തി സമ്മതിദാനാവകാശം നടപ്പിലായതു്. പാർലമെണ്ടു് പരിപൂർണ്ണമായും ഒരു ജനകീയനിയമസഭയായിത്തീർന്നു. യഥാർത്ഥജനകീയ ഭരണം അവിടെ നിലവിൽ വന്നു.

## പാർലമെണ്ടിലെ രണ്ടു മണ്ഡലങ്ങൾ തമ്മിലുള്ള മത്സരം

ബ്രിട്ടനിലെ പാർലമെണ്ടിൽ പ്രഭുസഭയെന്നും ജനസഭയെന്നും രണ്ടു മണ്ഡലങ്ങളുണ്ടല്ലോ. ഉപരിമണ്ഡലമായ പ്രഭുസഭ തിരഞ്ഞെടുക്കപ്പെടുന്നതല്ല. രാജ്യത്തെ എല്ലാ പ്രഭുക്കന്മാരും ഇതിലെ അംഗങ്ങളാണു്. തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ജനസഭയിലാണുള്ളതു്. പ്രഭുസഭയിലെ അംഗങ്ങളെല്ലാം മിക്കവാറും യാഥാസ്ഥിതികന്മാരാണു്. പക്ഷെ, ജനസഭയിൽ പുരോഗമനവാദികളായ രാഷ്ട്രീയകക്ഷികൾക്കും തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയെന്നു വരാം. എങ്കിലും തത്വത്തിൽ പ്രഭുസഭയ്ക്കും ജനസഭയ്ക്കും തുല്യ അധികാരമാണുണ്ടായിരുന്നതു്. ആയതുകൊണ്ടു് പുരോഗമനവാദികൾക്കു് ജനസഭയിൽ ഭൂരിപക്ഷം കിട്ടിയാലും അവർ പാസ്സാക്കുന്ന പരിഷ്കരണനിയമങ്ങൾ പ്രഭുസഭയുടെ എതിർപ്പുമൂലം നിയമമാക്കുവാൻ സാധിക്കാതെ വന്നു. ജനസഭയും പ്രഭുസഭയും തമ്മിൽ മത്സരങ്ങൾ തുടങ്ങി. ധനകാര്യ ബില്ലുകൾ ജനസഭ പാസ്സാക്കിയാൽ പ്രഭുസഭയും പാസ്സാക്കുകയാണു് പതിവു്. 1909-ൽ ജനസഭ പാസ്സാക്കിയ ബഡ്ജററ് പ്രഭുസഭ തള്ളിക്കളഞ്ഞു. ഇതോടുകൂടി രണ്ടു മണ്ഡലങ്ങളും തമ്മിലുള്ള മത്സരം വർദ്ധിച്ചു. പ്രഭുസഭയുടെ അധികാരം പരിമിതപ്പെടുത്തുവാൻ ജനസഭ തീർച്ചയാക്കി. വലിയ വാദപ്രതിവാദങ്ങൾക്കും എതിർപ്പുകൾക്കും ശേഷം പാസ്സാക്കിയതാണു് 1911-ലെ പാർലമെൻറു് ആക്ടു്. ഈ ആക്ടു് മൂലം പ്രഭുസഭയ്ക്കു ധനകാര്യബില്ലുകളുടെ മേൽ യാതൊരധികാരവും ഇല്ലാതായി. മൂന്നു പ്രാവശ്യം തുടർച്ചയായി ജന

സഭ പാസ്സാക്കുന്ന ഏതൊരു ബില്ലും, പ്രഭുസഭ തള്ളിക്കളഞ്ഞാലും നിയമമായിക്കൊള്ളും. 1949-ൽ ഈ ചട്ടവും മാററി. ഇപ്പോൾ സാധാരണ ബില്ലുകൾ ഒരു കൊല്ലത്തേയ്ക്കു മാത്രമേ തടയുവാൻ പ്രഭുസഭയ്ക്കു് സാധിക്കയുള്ളു. ക്യാബിനററിന്നു് ജനസഭയോടാണു് ഉത്തരവാദിത്വമുള്ളതു്. ഇങ്ങനെ സാമാന്യ ജനതയുടെ അഭീഷ്ടത്തിന്നിണങ്ങിയ ഭരണം ബ്രിട്ടനിൽ സ്ഥാപിതമായി.

പാർലമെണ്ടറി ഭരണസമ്പ്രദായത്തിന്നു് ഏററവും പഴക്കമുള്ള മാതൃകയാണു് ബ്രിട്ടൻ. അവിടത്തെ പാർലമെണ്ടിനെ "പാർലമെണ്ടുകളുടെ മാതാവു്" എന്നാണു് വിളിക്കുന്നതു്. പ്രജായത്തഭരണം പ്രായോഗികവും പരിപുഷ്ടവുമാക്കുന്നതിന്നു് പാർലമെണ്ടറി ഭരണസമ്പ്രദായം ഒരു നല്ല ഉപാധിയാണു്. ഈ മാതൃക ലോകത്തിന്നു കാണിച്ചുകൊടുത്തതു് ബ്രിട്ടനത്രേ.

## പ്രായോഗിക പ്രവർത്തനങ്ങൾ

### അദ്ധ്യായം 4

1. ജോൺ രാജാവു് മാഗ്നകാർട്ട ഒപ്പുവയ്ക്കുന്നതു്, സൈമൺ ജെയിംസ് ഒന്നാമൻ, ക്രോംവെൽ എന്നീ ചിത്രങ്ങൾ ശേഖരിച്ചു ആൽബത്തിൽ പതിക്കുക.

2. ഇംഗ്ലണ്ടിൽ പാർലമെണ്ട് ചേരുന്നതിനെ ക്ലാസ്സിൽ അഭിനയിച്ചു കാണിക്കുക. കുട്ടികൾ ഇംഗ്ലീഷുകാരുടെ വേഷം ധരിക്കുന്നതു നന്നായിരിക്കും.


അദ്ധ്യായം 5

# അമേരിക്കൻ വിപ്ലവം

മനുഷ്യ സമുദായചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയ രണ്ടു് വലിയ രാഷ്ട്രീയ വിപ്ലവങ്ങളിൽ ഒന്നായിരുന്നു അമേരിക്കൻ വിപ്ലവം. അമേരിക്കൻ സ്വാതന്ത്ര്യസമരമെന്നറിയപ്പെടുന്ന ആ വിപ്ലവം അന്നു് ഇംഗ്ലണ്ടിന്റെ സ്വേച്ഛാധിപത്യത്തിന്റെ നേർക്കുണ്ടായിരുന്ന എതിർപ്പായിരുന്നു. ആ വിപ്ലവത്തോടുകൂടി സ്വാതന്ത്ര്യംപ്രാപിച്ച കോളനികൾ ഇന്നു ലോകത്തിലെ ഏററവും പ്രബലവും സമ്പൽസമൃദ്ധവും വ്യവസായപരമായി ഏററവും പുരോഗമിച്ചതുമായി നിലകൊള്ളുന്നു.

1492-ൽ കൊളംബസ് അമേരിക്കയിലേക്കു് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ഇതോടുകൂടി യൂറോപ്പിലെ പല രാജ്യങ്ങളിൽനിന്നു് ജനങ്ങൾ ഈ നൂതനലോകത്തിൽ കുടിയേറിപ്പാർത്തു. സ്പെയിൻകാരും പോർട്ടുഗീസുകാരും തെക്കെ അമേരിക്കയിൽ കോളനികൾ സ്ഥാപിച്ചു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ആയിരുന്നു വടക്കേ അമേരിക്കയിൽ കോളനികൾ അധികം സ്ഥാപിച്ചതു്. ഇംഗ്ലണ്ടിലെ എലിസബത്ത്രാജ്ഞിയുടെ കാലത്താണു് ഇംഗ്ലീഷുകാർ ആദ്യമായി ഈ പ്രസ്ഥാനം ആരംഭിച്ചതു്. അതിനെത്തുടർന്നു ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമന്റെ ഏകാധിപത്യവും മതപരമായ നയവും അസഹ്യമായി തോന്നിയ കുറെ 'പ്യൂരിട്ടാരികൾ' ഇംഗ്ലണ്ടിൽനിന്നു് അമേരിക്കയിൽ കുടിയേറിപ്പാർത്തു. ഇവർ തീർത്ഥാടക പിതാക്കന്മാർ (Pilgrim Fathers) എന്ന പേരിൽ അ

റിയപ്പെടുന്നു. 17-ാംനൂററാണ്ടിന്റെ ആദിമഘട്ടത്തിൽ തുടങ്ങിയ ഈ കുടിയേററം 18-ാംനൂററാണ്ടോടുകൂടി വടക്കേ അമേരിക്കയുടെ കിഴക്കേ തീരത്തു്, വടക്കുനിന്നു




അമേരിക്കൻ വിപ്ലവം 1775–1783

തെക്കോട്ടു് 13 ഇംഗ്ലീഷുകോളനികൾ സ്ഥാപിക്കുന്നതിനിടയാക്കി.

ഇവിടെ താമസമാക്കിയ ഇംഗ്ലീഷുകാക്ക് മാതൃ രാജ്യമായ ഇംഗ്ലണ്ടിനോടുള്ള ബന്ധം വിച്ഛേദിക്കണമെന്ന് അന്ന് ആഗ്രഹമില്ലായിരുന്നു. ദക്ഷിണഭാഗത്തുള്ള കോളനികൾ പ്രത്യേകമായും രാജാവിനെ തുണച്ചിരുന്നവരും ഇംഗ്ലണ്ടിനോട് പ്രത്യേക കൂറുള്ളവരുമായിരുന്നു. ഈ കോളനികൾ പരസ്പര ബന്ധമൊന്നുമില്ലാതെ ഓരോന്നും സ്വതന്ത്രമായി കഴിഞ്ഞുകൂടിയിരുന്നു. ഓരോ കോളനിക്കും സ്വന്തമായ ഓരോ നിയമസഭയും ഓരോ ഗവണ്മെൻറും ഉണ്ടായിരുന്നു. ഈ സ്വയംഭരണാനുഭവം അവരെ കൂടുതൽ സ്വാതന്ത്ര്യേച്ഛുക്കളാക്കി. എന്നാൽ, ബ്രിട്ടൻ ഈ സ്ഥിതിഗതികളെ അവഗണിച്ചുകൊണ്ട് കർശനമായ നിയന്ത്രണം ഈ പുത്രികാ രാജ്യങ്ങളുടെ മേൽ ചുമത്തി. അതിനെ അവർ ചെറുത്തു. സമരം ആരംഭിച്ചപ്പോൾ പരിപൂർണ്ണമായ സ്വാതന്ത്ര്യം അവരുടെ ലക്ഷ്യമായിരുന്നില്ല. എന്നാൽ, അതിവേഗത്തിൽ, 1776-ൽ 13 കോളനികളും ഒന്നിച്ചുകൂടി ചരിത്രപ്രസിദ്ധമായ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. യുദ്ധത്തിൽ ബ്രിട്ടൻ പരാജിതയായി. കോളനികൾ സ്വതന്ത്രമായി. അമേരിക്കൻ ഐക്യനാടുകൾ എന്നറിയപ്പെടുന്ന ഒരു പുതിയ രാഷ്ട്രം ഇതോടുകൂടി സംജാതമായി.

## 1. കാരണങ്ങൾ

മതപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം കൂടുതൽ അനുഭവിക്കുന്നതിനുവേണ്ടിയാണ് 17-ാം നൂററാണ്ടിൽ ബ്രിട്ടനിൽ നിന്ന് ജനങ്ങൾ വടക്കേ അമേരിക്കയിൽ കുടിയേറിപ്പാർത്തത്. ഓരോ കോളനിയും ചില സ്വയംഭരണാവകാശങ്ങൾ അനുഭവിക്കുവാൻ തുടങ്ങിയിരുന്നു.

കൂടുതൽ സ്വാതന്ത്ര്യത്തിന്നായി അവർ ആഗ്രഹിച്ചു. ഈ സ്വാതന്ത്ര്യതൃഷ്ണയെ വിലയിരുത്തുന്നതിന് ബ്രിട്ടനിലെ അന്നത്തെ ഭരണാധികാരികൾക്ക് കഴിഞ്ഞില്ലെന്നുള്ളതാണ്, അമേരിക്കൻ കോളനികളെ ബ്രിട്ടനുമായുള്ള ബന്ധം അവസാനിപ്പിച്ച് ഒരു സ്വതന്ത്രരാഷ്ട്രമാകുവാൻ പ്രേരിപ്പിച്ച പ്രധാനമായ കാരണം. കോളനികളുടെ നിയമസഭയ്ക്കു് ബ്രിട്ടീഷ് പാർലമെണ്ടിനോട് തുല്യമായ അധികാരം വേണമെന്ന് അവർ ആഗ്രഹിച്ചു, കോളനികളിലെ നികുതികൾ അവർതന്നെ ചുമത്തേണ്ടതാണെന്നും അവർ വാദിച്ചു. മാതൃരാജ്യഗവണ്മെൻറിന് കോളനികളുടെ അഭീഷ്ടമനുസരിച്ച്, വേണമെന്ന് അവക്കു തോന്നിയാൽ, സംഭാവന നൽകാമെന്നു മാത്രമായിരുന്നു അവരുടെ അഭിപ്രായം. അവക്ക് പ്രാതിനിദ്ധ്യമില്ലാത്തതും അനേകായിരം മൈൽ അകലെയുള്ളതുമായ ഒരു പാർലമെൻറ് നികുതി ചുമത്തുന്നതിനെ അവർ എതിർത്തു. പ്രാതിനിദ്ധ്യമില്ലാതെ നികുതി ചുമത്തുവാൻ പാടില്ല (No taxation Without representation) എന്നുള്ളതു്. കോളനികൾ മുദ്രാവാക്യമായി സ്വീകരിച്ച് സംഘടിതമായ പ്രക്ഷോഭണം ആരംഭിച്ചു.


രാഷ്ട്രീയാധികാരമുണ്ടായിരുന്ന ബ്രിട്ടൻ സാമ്പത്തികമായി കോളനികളെ ചൂഷണം ചെയ്തിരുന്നു. ഫ്രെഞ്ചുകാരുടെ കൈവശമിരുന്ന കാനഡ ബ്രിട്ടീഷുകാർ പിടിച്ചെടുത്തു, ആ യുദ്ധത്തിന് വേണ്ടിവന്ന ഭീമമായ ചെലവ് നികത്തുന്നതിനുവേണ്ടി കോളനികളിൽ ഒരു 'സ്റ്റാമ്പു നികുതി' ചുമത്തി. നിയമപരമായി ഉണ്ടാക്കുന്ന രേഖകൾക്ക് മുദ്രപ്പത്രം ഉപയോഗിക്കണമെന്ന് അനുശാസിച്ചു. പത്രികാരാജ്യങ്ങളിലാകമാനം പ്രതിഷേധമുണ്ടായതോടുകൂടി ആ നികുതി വേണ്ടെന്നുവെച്ചു. അതി

നെതിരെ മാതൃരാജ്യത്തിന്നു നികുതി ചുമത്തുന്നതി ന്നുള്ള അവകാശത്തിന്റെ ഒരു ചിഹ്നമെന്ന നിലയിൽ അമേരിക്കയിൽ ഇറക്കുമതി ചെയ്യുന്ന തേയിലയ്ക്കു് നി കുതി ചുമത്തി. ഇപ്രകാരം ബ്രിട്ടൻ നികുതി ചുമത്തി അമേരിക്കയിലേക്കയച്ച തേയിലപ്പെട്ടികൾ, ബോസ്റ്റൺ തുറമുഖത്തെത്തിയപ്പോൾ ചില കോളനിക്കാർ കപ്പ ലിൽനിന്നെടുത്തു് കടലിലേക്കു് എറിഞ്ഞുകളഞ്ഞു. 1773-ൽ നടന്ന ഈ സംഭവത്തെയാണു് 'ബോസ്റ്റൺ ടീ പാർട്ടി' എന്ന പേരിൽ അറിയുന്നതു്. ബ്രിട്ടനും കോളനികളും തമ്മിലുള്ള സംഘട്ടനത്തെ ഇതു് ത്വരിത പ്പെടുത്തി. എന്നു മാത്രമല്ല, അത്‌ലാന്തിക് തീരത്തു താമസിച്ചിരുന്ന കോളനിക്കാരെ അനിയന്ത്രിതമായി പടിഞ്ഞാറോട്ടു്, ഭൂഖണ്ഡത്തിന്റെ ഉൾഭാഗത്തേക്കു്, പോകുവാൻ ബ്രിട്ടൻ അനുവദിച്ചിരുന്നില്ല. ഇതും ബ്രിട്ട നോടുള്ള വിരോധത്തിനു് മറ്റൊരു കാരണമായി. ബ്രിട്ട നോടു് ശത്രുത്വവും അസൂയയും ഉണ്ടായിരുന്ന ഫ്രാൻസ്, ഹോളണ്ടു്, സ്പെയിൻ മുതലായ യൂറോപ്യൻ രാജ്യങ്ങൾ കോളനികളോടു് അനുഭാവം പ്രദർശിപ്പിച്ചതു് ബ്രിട്ട നോടു സമരം ചെയ്യുന്നതിനു് കോളനികൾക്കു ധൈര്യം നൽകി. അന്നത്തെ ബ്രിട്ടീഷ് ഗവണ്മെന്റിന്റെ കോള നികളോടുള്ള അനുകമ്പാഹീനമായ നയം സമരത്തിനു് വഴിതെളിച്ചു. 1775-ൽ ഒരു തുറന്ന സമരം ആരംഭിച്ചു.

## 2. സമരഗതി

ഈ യുദ്ധത്തിലെ ആദ്യസംഘട്ടനം 1775-ൽ ബോസ്റ്റൺ തുറമുഖത്തിനടുത്തുള്ള ഒരു സ്ഥലത്തുവെച്ചാ ണുണ്ടായതു്. സമരാരംഭത്തിൽ കോളനിക്കാർക്കു് പൊ തുവേ പരാജയമായിരുന്നു. എന്നാൽ, യുദ്ധഗതി മാറുന്ന

തിന്ന് അധികകാലം വേണ്ടിവന്നില്ല. 1776 ജൂലൈ 4-ാം തീയതി 13 കോളനികളുടെ പ്രതിനിധികൾ സമ്മേളിച്ചു നടത്തിയ 'സ്വാതന്ത്ര്യപ്രഖ്യാപന'മാണ് ഈ



ജോർജ്ജ് വാഷിങ്ങ്ടൺ

യുദ്ധത്തിലെ സുപ്രധാന സംഭവം. കോളനികളുടെ സർവസൈന്യാധിപനായി ജോർജ്ജ് വാഷിങ്ങ്ടനെ നിയമിച്ചു. അദ്ദേഹത്തിൻെറ സമർത്ഥമായ നേതൃത്വം ആകമാനം ആവേശം പരത്തി. 1777-ൽ സാരട്ടോഗ യുദ്ധത്തിൽ അവർ ജയിച്ചു. ഫ്രാൻസും സ്പെയിനും ബ്രിട്ടനെതിരായി യുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസ് സജീവമായ പിൻതുണനൽകി. 1781-ൽ ബ്രിട്ടീഷ് സൈന്യം യോർക്ക്ടൗൺ എന്ന സ്ഥലത്തുവെച്ച് കീഴടങ്ങി. അമേ

രിക്കൻവിജയം ഇതോടുകൂടി സുനിശ്ചിതമായി. 1783-ൽ നടത്തിയ 'വെഴ്സായ് സന്ധി'യോടുകൂടി അമേരിക്കൻ സ്വാതന്ത്ര്യസമരം അവസാനിച്ചു. അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യം ബ്രിട്ടൻ അംഗീകരിക്കുകയും ചെയ്തു.

അവസാനവിജയത്തിനു പല കാരണങ്ങളുമുണ്ടായിരുന്നു. യുദ്ധംനടന്ന പ്രദേശങ്ങളെസംബന്ധിച്ച് കോളനിക്കാർക്കുണ്ടായിരുന്ന വിശദമായ അറിവ് വിജയത്തിന് ഒരു കാരണമായിരുന്നു. ജോർജ്ജ്‌വാഷിങ്ങ്ടൻെറ സ്വഭാവദാർഢ്യവും സമരതന്ത്ര സാമർത്ഥ്യവും സുധീര നേതൃത്വവും കോളനിക്കാർക്ക് അസാധാരണമായ ആവേശം നൽകി. ഇംഗ്ലണ്ടിൽനിന്നു അമേരിക്കയിലേക്കുള്ള ദൂരം ബ്രിട്ടീഷുകാർക്ക് യുദ്ധനിർവ്വഹണത്തിന് അനുകൂലമല്ലാത്ത ഒരു ഘടകമായിരുന്നു. അന്നത്തെ ഇംഗ്ലീഷ് ഗവൺമെണ്ടിൻെറ കാര്യക്ഷമതയില്ലായ്മ പരാജയത്തിനു മറെറാരു കാരണമായി. അമേരിക്കൻ ജനതയുടെ അമർച്ച ചെയ്യാൻ വഹിയാത്ത സ്വാതന്ത്ര്യാവേശം അവരെ പരിപൂർണ്ണമായ വിജയത്തിലെത്തിച്ചു. സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ഒരു മർദ്ദിതജനതയുടെ സമരാവേശവും വീര്യവും ഏറെക്കാലം തടഞ്ഞുനിർത്തുവാൻ ലോകത്തിലെ ഒരു ശക്തിക്കും സാദ്ധ്യമല്ല.

### 3. അമേരിക്കൻവിപ്ലവത്തിൻെറ പ്രാധാന്യം

യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന രണ്ടു രാജ്യങ്ങളുടെ എന്നല്ല, ലോകചരിത്രത്തിൽ തന്നെ അമേരിക്കൻവിപ്ലവത്തിന് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. 13 കോളനികളുടെ നഷ്ടം ബ്രിട്ടൻെറ നയരൂപീകരണത്തിൽ മാററം വരുത്തേണ്ടതാണെന്നു പഠിപ്പിച്ചു. ചൂഷണാട

സ്ഥാനത്തിൽ കെട്ടിപ്പടുത്ത കൊളോണിയൽ നയം അവർ പാടെ ഉപേക്ഷിച്ചു. പടിപടിയായി സ്വാതന്ത്ര്യം നൽകുന്ന അനുരഞ്ജനനയം കോളനികളോട് അനുവർത്തിക്കുവാൻ നിർബ്ബന്ധിതയായി.

ഈ വിപ്ലവത്തോടു കൂടി അമേരിക്കൻ ഭൂഖണ്ഡത്തിൽ ഉദയംചെയ്ത സ്വാതന്ത്ര്യരാഷ്ട്രം ലോകത്തിലെ അത്ഭുതപൂർവ്വമായ ഒന്നായിത്തീർന്നു. സമരകാലത്ത് ഒന്നിച്ചുനിന്നു പോരാടി, 1776-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഈ 13 കോളനികൾ യുദ്ധാനന്തരം 1787-ൽ ഒരു സംയുക്തരാഷ്ട്രം സൃഷ്ടിച്ചു. അമേരിക്കൻ ഐക്യനാടുകൾ അഥവാ യു. എസ്. എ. (The United States of America) എന്നറിയപ്പെടുന്ന രാഷ്ട്രം അവർ സ്വീകരിച്ച ഭരണഘടനപ്രകാരം അമേരിക്കൻ ഐക്യനാടുകളെ ഒരു റിപ്പബ്ലിക്കാക്കുകയാണ് ചെയ്തതു്. 13 രാജ്യങ്ങൾ ചേർന്ന് ആരംഭിച്ച അമേരിക്കൻ ഐക്യനാടുകളിൽ ഇന്ന് 50 അംഗരാജ്യങ്ങളുണ്ട്. യു. എസ്. എ. ആണ് ഒരു ലിഖിത ഭരണഘടനയോടുകൂടിയ ഒന്നാമത്തെ രാഷ്ട്രം. അമേരിക്കൻ ഐക്യനാടുകളുടെ രൂപവല്ക്കരണത്തിനുശേഷം സംയുക്ത ഭരണഘടനകൾക്കും റിപ്പബ്ലിക്കൻ ഭരണ സമ്പ്രദായത്തിനും സർവ്വോപരി, ലിഖിത ഭരണഘടനകൾക്കും പ്രചാരം ലഭിച്ചു. അമേരിക്കയിലും യൂറോപ്പിലും ഉണ്ടായ പല സ്വാതന്ത്ര്യസമരങ്ങൾക്കും അമേരിക്കൻ വിപ്ലവം ഉത്തേജനം നൽകി. യൂറോപ്പിൽ ആദ്യമായി ഫ്രാൻസിൽ വിപ്ലവം ആരംഭിച്ചു. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കകം സ്പെയിനിന്റേയും പോർട്ടുഗലിന്റേയും അമേരിക്കൻ കോളനികളിൽ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടു. ശതാബ്ദങ്ങൾക്കുശേഷവും, വിദേശാധിപത്യത്തിന്നെതിരായി

സ്വാതന്ത്ര്യസമരം നടത്തുന്ന ഏതൊരു ജനതയ്ക്കും ആവേശം നൽകുന്ന ഒരു പ്രോജ്ജ്വല സംഭവമാണ് അമേരിക്കൻ വിപ്ലവം.

## ഫ്രഞ്ച് വിപ്ലവം

18-ാം നൂററാണ്ടു മുഴുവനുംതന്നെ ഫ്രാൻസ് സ്വേച്ഛാധിപത്യത്തിൻേറയും ദുർഭരണത്തിൻേറയും കെടുതികൾ സഹിച്ചുകൊണ്ടു കഴിഞ്ഞു. 1789-ൽ മർദ്ദനവും ചൂഷണവും അനുഭവിച്ചുകഴിഞ്ഞ ജനങ്ങൾ സഹികെട്ട് സമരത്തിനൊരുങ്ങി. സമരാരംഭം സമാധാനപരമായിത്തന്നെയായിരുന്നെങ്കിലും അതിവേഗത്തിൽ അതു അക്രമത്തിലും യുദ്ധത്തിലും ചെന്നവസാനിച്ചു. അഴിമതിക്കു കാരണമാക്കിയ ഏകാധിപത്യരാജ്യവാഴ്ചയും പ്രഭുവർഗ്ഗങ്ങൾ അനുഭവിച്ചുപോന്ന ആനുകൂല്യങ്ങളും ആ വിപ്ലവത്തിൻെറ ഫലമായി അവസാനിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇതായിരുന്നു വിപ്ലവത്തിൻെറ അതിപ്രധാനമായ മുദ്രാവാക്യം. അവയിൽ അടിയുറച്ച ഒരു പുതിയ സാമൂഹ്യ രാഷ്ട്രീയവ്യവസ്ഥ ഫ്രാൻസിൽ സ്ഥാപിതമായി രാജവാഴ്ച അവസാനിപ്പിക്കുന്നതിനുവേണ്ടി സമാരംഭിച്ച വിപ്ലവം രാജകുടുംബാംഗങ്ങളെപ്പോലും വധിച്ച് ആ കാര്യം സാധിച്ചെങ്കിലും വീണ്ടും രാജവാഴ്ചയിൽ ചെന്നെത്തി. നെപ്പോളിയൻ അധികാരം കരസ്ഥമാക്കി ചക്രവർത്തിഭരണം തുടങ്ങി. 1815-ൽ നെപ്പോളിയൻെറ പരാജയത്തിനുശേഷവും രാജവാഴ്ച തുടർന്നു. എന്നാലും വിപ്ലവത്തിൻെറ ഫലമായി സാമൂഹ്യ-രാഷ്ട്രീയവ്യവസ്ഥിതിയിൽ വന്നുചേർന്ന കാതലായ മാററങ്ങൾ തുടർന്നുപോന്നു. ഈ പ്രബലവും പ്രകടവുമായ മാററത്തെയാണ് ഫ്രഞ്ച് വിപ്ലവം എന്നു പറയുന്നതു്.

## 1. കാരണങ്ങൾ

ഏറെ നാളായി ഫ്രാൻസിൽ നിലനിന്നുപോന്ന ഏകാധിപത്യ ദുർഭരണം മൂലം ജനങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ് അവിടെ വിപ്ലവത്തിന് കാരണമാക്കിയത്, സാധാരണ ജനങ്ങൾക്ക് യാതൊരു രാഷ്ട്രീയാധികാരവും ഉണ്ടായിരുന്നില്ല. പ്രഭുക്കന്മാരും പുരോഹിതന്മാരും നികുതി കൊടുത്തിരുന്നില്ല. അത് പിരിച്ചെടുക്കുന്നതിനുള്ള സാമർത്ഥ്യവും ശക്തിയും രാജാവിനോ, ഗവണ്മെൻറിനോ ഉണ്ടായിരുന്നില്ല. നികുതിഭാരമെല്ലാം സാധാരണക്കാരുടെ ചുമലിലായിരുന്നു. പ്രഭുക്കന്മാരും മററും പല നികുതികളും സാധാരണ ജനങ്ങളുടെ മേൽ ചുമത്തി സുഖലോലുപന്മാരായി കഴിഞ്ഞിരുന്നു. ഈ ദുരിതാനുഭവം അടിക്കടി ദുസ്സഹമായി വർദ്ധിച്ചു. വോൾട്ടയർ മോണ്ടെസ്ക്യൂ, റൂസ്സോ മുതലായ സാഹിത്യകാര



റൂസ്സോ

ന്മാരുടേയും തത്വചിന്തകന്മാരുടേയും ലേഖനങ്ങളും ഗ്രന്ഥങ്ങളും ഫ്രഞ്ചു ജനതതിയെ തട്ടിയുണർത്തി, അവരനുഭവിച്ചുപോന്ന ദുരവസ്ഥയ്ക്കെതിരായി ശബ്ദമുയർത്തുന്നതിന് പ്രേരിപ്പിച്ചു. വിപ്ലവാത്മകമായ അവയിലെ

ആദർശങ്ങൾ സാധാരണക്കാരുടെ ഇടയിൽ വേഗം പ്രചരിച്ചു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു് മടങ്ങിയ ഫ്രഞ്ചുകാർ ജനകീയസ്വാതന്ത്ര്യങ്ങൾ സ്വന്തം നാട്ടിലും സമ്പാദിക്കുന്നതിൽ അത്യന്തം ആവേശമുള്ളവരായിരുന്നു. 1789-ൽ ഫ്രാൻസ് ഭരിച്ചിരുന്ന ലൂയി പതിനാറാമൻ ഭരണകാര്യങ്ങളിൽ അപ്രാപ്തനായിരുന്നു. സാമ്പത്തികമായ കുഴപ്പങ്ങൾകൊണ്ടു് പിന്നേയും പിന്നേയും നികുതി വർദ്ധിപ്പിച്ചു സാധാരണജനങ്ങൾ ഗത്യന്തരമില്ലാതെ നിരാശയിലാണ്ടുപോയി. അതോടുകൂടി അതിരൂക്ഷമായ ഭക്ഷണദൌർല്ലഭ്യവും അനുഭവമായി. ഫ്രാൻസിലെ പാർലമെൻറായ സ്റ്റെയിററ് ജനറൽ (State General) എന്ന പൊതുസഭ വിളിച്ചുകൂട്ടി. ഇതു് 1789-ൽ ആയിരുന്നു. 1614-നു് ശേഷം ആദ്യമായി പൊതുസഭ കൂടിയപ്പോൾ രാജ്യത്തിലെ ദുർഭരണം അവസാനിപ്പിച്ചു് ഭരണഘടനാവിധേയമായ രാജവാഴ്ച സ്ഥാപിക്കുവാൻ ശ്രമിച്ചു. ഇതായിരുന്നു വിപ്ലവത്തിൻെറ ആരംഭം.

## 2. വിപ്ലവത്തിൻെറ ഗതി

1789-ൽ ആരംഭിച്ച വിപ്ലവം 1799-ൽ നെപ്പോളിയൻ ബോണപ്പാർട്ടു് രാജാവായതോടുകൂടി അവസാനിച്ചെന്നു പറയാമെങ്കിലും, 1815-ൽ മാത്രമാണു് എല്ലാ യുദ്ധങ്ങളും കലാപങ്ങളും അവസാനിച്ചു് സമാധാനം സ്ഥാപിതമായതു്.

1789-ൽ സ്റ്റെയിററു് ജനറൽ പരിഷ്കാരങ്ങൾ വരുത്തുവാൻ തുടങ്ങി. പ്രഭുക്കന്മാരും പുരോഹിതന്മാരും തടസ്സങ്ങളുണ്ടാക്കിയതോടുകൂടി സാധാരണക്കാരുടെ പ്ര

തിനിധികർ ചേൻറ് ഒരു "നാഷനൽ അസംബ്ലി" ഉണ്ടാക്കി. ആ സഭയാണ് "മനുഷ്യാവകാശപ്രഖ്യാപനം" എന്ന അതിപ്രധാനമായ പ്രമാണം അവതരിപ്പിച്ചതു്. ഇതോടുകൂടി യൂറോപ്പിലെ പല രാജാക്കന്മാരും ഭയവിഹ്വലരായി. 1792-ൽ അവരിൽ ചിലർ ഫ്രാൻസിനെ ആക്രമിച്ചു. അതോടുകൂടി പൊതുസഭ, രാജവാഴ്ച അവസാനിപ്പിച്ച്, ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കാക്കി.

ഇതിനെത്തുടൻറ് 1793-ൽ ഫ്രഞ്ചുകാർ രാജാവിനെ വധിച്ചു. റിപ്പബ്ലിക്കിനെ സംരക്ഷിക്കാൻ വിപ്ലവകാരികൾ അതികക്ശമായ നടപടികൾ കൈക്കൊണ്ടു. അതിൻെറ ഫലമായി രാജകുടുംബാംഗങ്ങളേയും പ്രഭുക്കളേയും രാജകീയകക്ഷി എന്നു സംശയിക്കപ്പെട്ടവരേയും പല വിദേശികളേയും നിഷ്ഠുരണം കൊന്നൊടുക്കി. ഈ കൂട്ടക്കൊലകൾ യൂറോപ്പിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ബ്രിട്ടൻ മുതലായ രാജ്യങ്ങൾ ഗവണ്മെൻറിനെതിരായി യുദ്ധത്തിനു് പുറപ്പെട്ടു. 1794-ൽ ഉല്പതിഷ്ണുക്കൾ അധികാരത്തിൽനിന്നു് പുറന്തള്ളപ്പെട്ടു. അതോടുകൂടി ആ "ഭീകരഭരണം" അവസാനിച്ചു.

ഇതിനെത്തുടൻ അഞ്ചു് അംഗങ്ങളുള്ള 'ഡയരക്ടറി' എന്നൊരു സമിതിയാണ് ഭരണം നടത്തിയതു്. അവർ റിപ്പബ്ലിക്കിൻെറ ശത്രുക്കളെ തോല്പിച്ച് രാജ്യത്തിനുള്ളിൽ ക്രമസമാധാനങ്ങൾ സ്ഥാപിച്ചു. എന്നാൽ, ഈ സമിതിക്കും 1799-നോടുകൂടി ജനസമ്മതി നഷ്ടപ്പെട്ടു.

വിപ്ലവസൈന്യങ്ങളുടെ സേനാനിയായിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് 1799-ൽ അധികാരം കരസ്ഥമാക്കി. പ്രധാന നേതാവായി ആദ്യം ഭരണം തുടങ്ങിയ നെപ്പോളിയൻ 1804-ൽ ചക്രവർത്തിയായി പ്ര

ഖ്യാപിച്ചുകൊണ്ടു് രാജവാഴ്ച തുടങ്ങി. ഫ്രാൻസിലെ ഭരണക്രമം അദ്ദേഹം പുനഃസംഘടിപ്പിച്ചു. ക്രമവും സമാധാനവും രാജ്യത്തിനകത്തു നടമാടി. സാമ്രാജ്യവിസ്തൃതിക്കുവേണ്ടി നിരന്തരം അദ്ദേഹം യുദ്ധംചെയ്തു, 1815-ൽ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയനെ ബ്രിട്ടൻ, പ്രഷ്യ എന്നീ രാജ്യങ്ങൾ ചേൎന്നു തോല്പിച്ചു. ഫ്രാൻസിലെ പഴയ രാജവംശത്തിലെ ഒരു അംഗം സിംഹാസനത്തിൽ അവരോധിക്കപ്പെട്ടു. ഫ്രഞ്ചുവിപ്ലവം ഇതോടുകൂടി അവസാനിച്ചു.

## 3. ഫലങ്ങൾ

വിപ്ലവത്തിന്റെ അവസാനഘട്ടത്തിൽ രാജവാഴ്ച പുനഃസ്ഥാപിക്കപ്പെട്ടുവെങ്കിലും, വിപ്ലവം വിഫലമായിരുന്നില്ല. ഗുണകരമായ പല നേട്ടങ്ങളും ജനങ്ങൾക്കുണ്ടായി. സ്വേച്ഛാധികാരപ്രമത്തമായ രാജവാഴ്ചയ്ക്കു ജനങ്ങൾ വഴങ്ങിക്കൊടുക്കുന്നതല്ലെന്നു പ്രകടമായി. നിയമത്തിന്റെ മുമ്പിൽ പ്രഭുവും പുരോഹിതനും സാധാരണക്കാരനും തുല്യരാണെന്നു് സ്ഥാപിച്ചു, അന്യായവും അനൎഹവുമായ ഫ്യൂഡൽ അവകാശങ്ങൾ എന്നേക്കുമായി നിഷേധിക്കപ്പെട്ടു. അവയെ സംരക്ഷിച്ചുപോന്ന നിയമങ്ങൾ റദ്ദാക്കപ്പെട്ടു. നികുതിപിരിവുസമ്പ്രദായം പരിഷ്കരിച്ചു. സാമ്പത്തികകഴിവനുസരിച്ചു് എല്ലാ പൗരന്മാരിൽനിന്നും നികുതിപിരിക്കുന്ന സമ്പ്രദായം നടപ്പായി.

## 4. പ്രാധാന്യം

ഫ്രഞ്ചു്വിപ്ലവം ലോകചരിത്രത്തിലെ അതിപ്രധാനമായ സംഭവങ്ങളിൽ ഒന്നാണു്. മാനവ വംശചരിത്രത്തിൽ ഒരു നവയുഗം ആ വിപ്ലവം സമുൽഘാടനം

ചെയ്തു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾ ലോകചരിത്രത്തിൽ പ്രബലമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പത്തൊമ്പതാം ശതകത്തിലെ എല്ലാ വിപ്ലവങ്ങളുടേയും ഉറവിടം ഫ്രഞ്ചുവിപ്ലവമായിരുന്നു. യൂറോപ്പിലെ ഫ്യൂഡൽവ്യവസ്ഥയ്ക്കു് ആ വിപ്ലവം മാരകമായ ഒരു ആഘാതമായിരുന്നു. എല്ലാ രാജ്യങ്ങളിലും ജനകീയപ്രസ്ഥാനങ്ങൾ ഉടലെടുക്കുകയും ശക്തിപ്പെടുകയും ഏകാധിപത്യപരമായ രാജവാഴ്ച അവസാനിക്കുകയും ചെയ്തു.

## റഷ്യൻവിപ്ലവം

റഷ്യൻ വിപ്ലവം 20-ാം നൂററാണ്ടിലെ അതിപ്രധാനമായ ഒരു സംഭവമാണ്. 300 വർഷക്കാലം നീണ്ടു നിന്ന റഷ്യയിലെ സാർഭരണം 1917-ൽ അവിടത്തെ കർഷകരും തൊഴിലാളികളും പട്ടാളക്കാരുംകൂടി അവസാനിപ്പിച്ചു്, അവിടെ അവർ ഒരു ജനകീയ റിപ്പബ്ലിക്ക് സ്ഥാപിച്ചു. വിപ്ലവകാരികളുടെ ലക്ഷ്യം അവിടെ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കുകയായിരുന്നു. തൊഴിലാളികളുടെയും കർഷകരുടേയും പട്ടാളക്കാരുടേയും പ്രതിനിധികൾ കൂടിച്ചേർന്ന "സോവിയററ്" എന്ന സംഘടനകളായിരുന്നു ഭരണാധികാരം നടത്തിയതു്. ലെനിൻെറ നേതൃത്വത്തിൽ റഷ്യൻ വിപ്ലവകാരികൾ സ്ഥാപിച്ച "സംയുക്ത സോവിയററു് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്" (Union of Soviet Socialist Republic) ലോകചരിത്രത്തിൽ ഒരു പുതിയ പരീക്ഷണമായിരുന്നു.

### 1. കാരണങ്ങൾ

ജനങ്ങൾക്കു് സ്സാറിൻെറ ദുർഭരണത്തോടു അത്യധികമായ വെറുപ്പുണ്ടായിരുന്നു. തൻെറ സേച്ഛാധിപത്യത്തി

ന്നെതിരായി നിലകൊണ്ട സകലരേയും സ്സാർ നിക്കോളാസ് രണ്ടാമൻ അടിച്ചമർത്തി. 1905-ൽ ജനങ്ങൾ ബഹളംകൂട്ടി. ക്രൂരമായ വിധത്തിൽ സ്സാർ അതിനെ അമർച്ച ചെയ്തു. "സ്സാറിനാ"യും അവരുടെ ഉററമിത്രമായിരുന്ന റാസ്പൂട്ടിൻ എന്ന കപടസന്ന്യാസിയും നടത്തിയ അക്രമങ്ങൾ ജനങ്ങൾക്കു് വളരെ അസഹ്യമായിത്തീൻ. രാജ്യത്തിലെ വലിയ ഒരു വിഭാഗം ജനങ്ങളും വെറും അടിമകളെപ്പോലെയാണു് ജീവിച്ചുവന്നതു്. വളരെ കുറഞ്ഞ കൂലിക്കു കൃഷികരും തൊഴിലാളികളും ജോലി ചെയ്യേണ്ടിവന്നു. തൊഴിൽസമയം വളരെ ദീർഘമായിരുന്നു. ടോൾസ്റ്റോയി, ഗോർക്കി മുതലായ സാഹിത്യകാരന്മാരുടെ നോവലുകളും കമ്മ്യൂണിസ്റ്റു് തത്വചിന്തകനായ കാറൽ മാർക്സിൻെറ കൃതികളും ജനമദ്ധ്യത്തിൽ വിപ്ലവാവേശം പരത്തി. പല രഹസ്യസംഘടനകളും വിപ്ലവത്തിനുവേണ്ടി പ്രചരവേല നടത്തിക്കൊണ്ടിരുന്നു. ഒന്നാംലോകമഹായുദ്ധത്തിൽ റഷ്യ ചേൻ യുദ്ധം തുടങ്ങിയതോടുകൂടി നിരവധി കഷ്ടപ്പാടുകൾ സഹിച്ചിരുന്ന ജനങ്ങളുടെ ദുരിതങ്ങൾ ദുസ്സഹമായിത്തീൻ. കൃഷിയും കച്ചവടവും തകൻ. അഴിമതികൾകൊണ്ടു് ഭരണയന്ത്രം അലങ്കോലമായി. സ്സാർ യുദ്ധരംഗത്തായിരുന്നു. സ്സാറിനായും റാസ്പൂട്ടിനും കുഴപ്പങ്ങൾ വർദ്ധിപ്പിച്ചു. 1916-ൽ റാസ്പൂട്ടിൻ വെടിവെച്ചു കൊല്ലപ്പെട്ടു. 1917 മാർച്ച് മാസത്തിൽ വിപ്ലവം പരസ്യമായി പൊട്ടിപ്പുറപ്പെട്ടു.

## 2. വിപ്ലവഗതി

റഷ്യൻ വിപ്ലവം രണ്ടു ഘട്ടങ്ങളിലായാണു് നടന്നതു്. 1917 മാർച്ച് മാസത്തിലാണു് ആദ്യത്തെ ഘട്ടം. രണ്ടാമത്തേതു് ഒക്ടോബർ മാസത്തിലും.

പെട്രോഗ്രാഡിലേയും (ഇപ്പോഴത്തെ ലെനിൻ ഗ്രാഡ്) മോസ്കോയിലേയും തൊഴിലാളികൾ പണിമുടക്കിയതോടുകൂടിയാണ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. ഒരു പ്രത്യേക പദ്ധതിയോ, നേതൃത്വമോ ഇതിന്നില്ലായിരുന്നു. തൊഴിലാളികളുടെ യാതനകളിൽനിന്ന് സ്വാഭാവികമായും എന്നാൽ, യാദൃച്ഛികമായും ആരംഭിച്ചതായിരുന്നു അത്. പട്ടാളം തൊഴിലാളികളുടെ പക്ഷത്തു ചേന്നു. ചക്രവത്തി സ്ഥാനത്യാഗം ചെയ്തു. റഷ്യയിലെ പാർലമെൻറായ "ഡ്യൂമ" ഭരണഭാരം കയ്യേററു, സമ്പന്നരായ ജനവിഭാഗത്തിൻെറ പ്രാതിനിദ്ധ്യം മാത്രമായിരുന്നു അന്ന് ഡ്യൂമയ്ക്കുണ്ടായിരുന്നത്.

വിദേശങ്ങളിൽ അഭയം പ്രാപിച്ചിരുന്ന പല വിപ്ലവകാരികളും മാച്ച് വിപ്ലവം കഴിഞ്ഞതോടുകൂടി റഷ്യയിലേയ്ക്കു മടങ്ങിവന്നു. ഈ അവസരത്തിലാണ് ലെനിൻ പെട്രോഗ്രാഡിൽ എത്തിയതു്. യുദ്ധത്തിൽനിന്ന് റഷ്യ ഉടൻ പിൻവാങ്ങണമെന്നും ജന്മിമാരുടെ സ്ഥലങ്ങൾ കണ്ടുകെട്ടണമെന്നും ജോലിസമയം 8 മണിക്കൂറായി ക്ലിപ്തപ്പെടുത്തണമെന്നും തൊഴിലാളികൾ അധികാരം പിടിച്ചെടുക്കണമെന്നും ലെനിൻ ആവേശപൂർവ്വം തൊഴിലാളികളെ ഉൽബോധിപ്പിച്ചു. വിപ്ലവകക്ഷിയിൽ ഈ ഉൽബോധനം ഒരു പിളപ്പുണ്ടാക്കി. ഭൂരിപക്ഷം ലെനിൻെറ കക്ഷിക്കാണ് കിട്ടിയതു്. അതിനെ "ബോൾഷെവിക്ക്" കക്ഷി എന്ന് അറിയപ്പെട്ടു. കെറൻസ്കിയായിരുന്നു അന്നത്തെ ഭരണാധികാരി. അദ്ദേഹം ലെനിൻെറ അഭിപ്രായത്തോട് യോജിച്ചില്ല. ഒക്ടോബർമാസത്തിൽ കെറൻസ്കിഗവണ്മെണ്ടിനെ മറിച്ചിട്ട്, ലെനിൻ പ്രസിഡണ്ടായും ട്രോട്സ്കി വിദേശകാര്യമന്ത്രിയായും മോസ്കോവിൽ ഒരു പുതിയ ഗവണ്മെൻറ് രൂപീകൃതമായി. എതു

നിലയിലും റഷ്യയെ യുദ്ധത്തിൽനിന്നു പിൻവലിക്കുക യെന്നുള്ളതായിരുന്നു ഈ ഗവണ്മെൻറിൻെറ പ്രഥമ ലക്ഷ്യം. അതു സാധിച്ചതോടുകൂടി ജന്മികളുടെ ഭൂമി പിടിച്ചെടുത്തു് കർഷകക്കു് വിതരണം ചെയ്തു, യുദ്ധക്കളത്തിൽനിന്നു മടങ്ങിയ കർഷകരായ പട്ടാളക്കാർ കണ്ടതു് അവർ ഭൂവുടമകളായിത്തീൎന്നു എന്നുള്ളതാണു്. ഇതു് പുതിയ ബോൾഷെവിക്കു് ഗവണ്മെൻറിനു് അവരുടെ ഉറച്ച സഹായം ലഭിക്കുന്നതിനു് ഇടയാക്കി. തൊഴിൽശാലകളെ ഗവണ്മെൻറുടമയിലാക്കി. ഇങ്ങനെ, സോഷ്യലിസ്റ്റ് പരിപാടികൾ ഓരോന്നായി നടപ്പിലാക്കുവാൻ തുടങ്ങി.

## 3. അഭ്യന്തര സമരം

ഈ ബോൾഷെവിക്കു് പരിപാടികളെ എതിൎത്ത പലരും റഷ്യയിലന്നുണ്ടായിരുന്നു. അയൽ രാജ്യങ്ങളിലെ ഗവണ്മെൻറുകളും അവരെ സഹായിച്ചു. ഇങ്ങനെ, ആഭ്യന്തര കലഹത്തിനൊരുങ്ങിയവരെ നശിപ്പിക്കുവാൻ കേന്ദ്ര സോവിയററു് ഗവണ്മെൻറു് അതിരൂക്ഷമായ നടപടികൾ കൈക്കൊണ്ടു. തടവിൽ പാൎപ്പിച്ചിരുന്ന സ്സാറിനേയും കുടുംബാംഗങ്ങളേയും നിർദ്ദയം വധിച്ചു. ഒഴിവാക്കാമായിരുന്ന അനവധി ക്രൂരകൃത്യങ്ങൾ രാജ്യത്തെങ്ങും നടന്നു. ട്രോട്സ്കിയുടെ നേതൃത്വത്തിൽ ഒരു സോവിയററു് സൈന്യം സംഘടിതമായി, തുടൎന്നുണ്ടായ യുദ്ധത്തിൽ ആഭ്യന്തരശത്രുക്കളും വിദേശസൈന്യങ്ങളും പരാജിതരായി. റഷ്യയിലാകമാനം സോവിയററു്ഗവണ്മെൻറിൻെറ അധികാരം വ്യാപിച്ചു. 1920-ൽ ഉണ്ടായ സമാധാന സഖ്യത്തിൻെറ ഫലമായി ബോൾട്ടിക്കു് പ്രവിശ്യകൾ

റഷ്യയ്ക്കു നഷ്ടപ്പെട്ടു. റഷ്യയിലെ കമ്മ്യൂണിസത്തെ അടിച്ചമർത്തുന്നതിന് യൂറോപ്യൻ രാജ്യങ്ങൾക്ക് കഴിഞ്ഞില്ല. റഷ്യൻ വിപ്ലവത്തിന യൂറോപ്യൻ രാജ്യങ്ങളെ കമ്മ്യൂണിസത്തിലേക്ക് പരിവർത്തനം ചെയ്യുന്ന



ലെനിൻ

തിന്നും കഴിഞ്ഞില്ല. 1924-ൽ ലെനിൻ മരിക്കുമ്പോൾ റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് വേരൂന്നിക്കഴിഞ്ഞിരുന്നു. ലെനിൻെറ സ്മരണയ്ക്കായി പെട്രോഗ്രാഡ് പട്ടണത്തെ 'ലെനിൻഗ്രാഡ്' എന്ന് റഷ്യക്കാർ നാമകരണം ചെയ്തു. ലെനിൻെറ മരണശേഷം നേതൃത്വത്തിനുവേണ്ടി ട്രോട്സ്കിയും സ്റ്റാലിനും തമ്മിൽ മത്സരമുണ്ടായി. സ്റ്റാലിൻ വിജയിച്ചു.

## 4. പ്രാധാന്യം

ലോകചരിത്രത്തിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒരു സംഭവമാണ് സോവിയററ് വിപ്ലവം. ഒരു പുതിയ സാമ്പത്തികവ്യവസ്ഥയും അതിൻെറ ഫലമായുള്ള ഒരു നൂതനസാമൂഹ്യവ്യവസ്ഥിതിയും ഈ വിപ്ലവംമൂലം

ഉണ്ടായി. അമേരിക്കൻ വിപ്ലവത്തിൽനിന്നും ഫ്രഞ്ച് വിപ്ലവത്തിൽനിന്നും ഭിന്നമായ ഒന്നായിട്ടാണ് റഷ്യൻ വിപ്ലവം പരിഗണിക്കപ്പെടുന്നതു്. അതു് രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ഒരു പുതിയ പരീക്ഷണമാകുന്നു. സമ്പത്തെല്ലാം സമുദായത്തിൻേറതാണെന്നും സമുദായത്തിലെ എല്ലാ അംഗങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും അതു് ഉപയോഗിക്കേണ്ടതാണെന്നുമുള്ള ഒരു നവീനസിദ്ധാന്തമാണ് റഷ്യൻവിപ്ലവം മൂലം ഉത്ഭവിച്ചതു്. ഉല്പാദനത്തിലും വിതരണത്തിലും ഒരു പുതിയ രീതി ആസൂത്രണം ചെയ്തിട്ടാണ് വിപ്ലവാനന്തരം സോവിയററ് ഗവണ്മെൻറ് വലിയ പുരോഗതി നാട്ടിലുണ്ടാക്കിയതു്. സ്റ്റാലിൻ നടപ്പാക്കിയ പഞ്ചവത്സരപദ്ധതികളാണ് ഈ സാമ്പത്തികപുരോഗതിക്കടിസ്ഥാനമായിട്ടുള്ളതു്. ജന്മസിദ്ധമായ വ്യക്തിസ്വാതന്ത്ര്യത്തെ കക്ശമായി നിയന്ത്രിക്കാമെങ്കിൽ കേവലമായ ഭൌതികപുരോഗതി സുഗമമാണെന്നു തെളിയിക്കുന്നതാണ് റഷ്യയുടെ ഭൌതികപുരോഗതി.

## 1. ചൈനയിലെ വിപ്ലവം

19-ാം നൂററാണ്ടിൽ ചൈനയുടെ സ്ഥിതി ശോചനീയമായിരുന്നു. രാജ്യം ഭരിച്ചിരുന്ന മാഞ്ചു വംശം സുശക്തമായ ഒരു ഗവണ്മെൻറ് സ്ഥാപിക്കുന്ന കാര്യത്തിൽ വിജയിച്ചില്ല. ചൈനയുടെ പലഭാഗത്തും യൂറോപ്യൻ ശക്തികളുടെ സ്വാധീനം പ്രബലപ്പെട്ടു. ചൈനയെ തോല്പിച്ച് ബ്രിട്ടൻ ഹോങ്ങ്കോങ്ങ് പിടിച്ചെടുത്തു. ജപ്പാൻ ഫോർമോസയും കൊറിയയും കൈവശപ്പെടുത്തി. റഷ്യ പോർട്ട് ആർതർ കരസ്ഥമാക്കി. ജർമ്മനിയും ഫ്രാൻസും മററു ചില സ്ഥലങ്ങളും കൈയടക്കി.

ചൈന ഭരിച്ചിരുന്ന ഝ്സി (Tzu Hsi) റാണി തുടരെയുള്ള ഈ വിദേശീയാക്രമണങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി ധർമ്മഭടന്മാരുടെ ചില സംഘങ്ങൾ രൂപവൽക്കരിച്ചു. ഇവരെ അമർച്ച ചെയ്യുന്നതിന് വിദേശീയർ ഉടനെ സൈന്യങ്ങളെ ചൈനയിലിറക്കി. നാടെങ്ങും വിദേശികളുമായി ഈ ധർമ്മഭട സംഘങ്ങൾ ഏററുമുട്ടി. യൂറോപ്പ്യൻ പടയാളികൾ 'ബോക്സർ ലഹള' എന്നു പേരുള്ള ഈ ലഹള പെട്ടെന്നു അവസാനിപ്പിച്ചു. ഇതു വളരെ നാശനഷ്ടങ്ങൾക്ക് കാരണമായി. 1901-ൽ വെള്ളക്കാരുടെ സ്വാധീനം അനിയന്ത്രിതമായിത്തീൻ, 1908-ൽ ഝ്സിറാണി മരിച്ചു, ബലഹീനമായ മാഞ്ചുവംശത്തെ ജനങ്ങൾ വെറുത്തു. ബാലനായ ഒരു രാജകുമാരൻെറ സ്ഥാനാരോഹണത്തോടുകൂടി കുഴപ്പങ്ങൾ വർദ്ധിച്ചു. 1911-ൽ വിപ്ലവം ആരംഭിച്ചു.

ചൈനയിലെ രാജ്യസ്നേഹികളുടെ നേതാവ് ഡോക്ടർ സൺയാത്സെൻ ആയിരുന്നു. ഒരു സാധുകർഷകൻെറ പുത്രനായ. 1867-ൽ ഇദ്ദേഹം ജനിച്ചു. ഹോങ്ങ് കോങ്ങിൽ പോയി വൈദ്യം പഠിച്ച് ഒരു ഡോക്ടർ ആയി. 1894-ൽ "ചൈനാ പുനരുദ്ധാരണ സഭ" എന്ന പേരിൽ അദ്ദേഹം ഒരു കക്ഷി രൂപവൽക്കരിച്ചു. ഈ പ്രസ്ഥാനം രാജ്യത്തിലെ യുവാക്കന്മാരെ വളരെ ആകർഷിക്കുകയും അതു രാജ്യമെങ്ങും വ്യാപിക്കുകയും ചെയ്തു. വിപ്ലവത്തിന്നുള്ള സംരംഭത്തോടുകൂടി സൺയാത്സെൻ നാടുകടത്തപ്പെട്ടു. പതിനേഴ് കൊല്ലങ്ങൾ ഒളിവിൽതന്നെ കഴിച്ചുകൂട്ടി. ഇതിനിടയ്ക്കു് രണ്ടു പ്രാവശ്യം ലോകസഞ്ചാരം ചെയ്തു. 1911-ൽ ഇദ്ദേഹത്തിൻെറ കക്ഷിയുടെ പേർ "ക്വമിന്താങ്ങ്" അഥവാ

ജനങ്ങളുടെ ദേശീയകക്ഷി എന്നു മാററി. ആ വർഷത്തിൽത്തന്നെയാണ് വിപ്ലവത്തിന്റെ ആവിർഭാവം. മാഞ്ചുരാജവംശം സ്ഥാനഭ്രഷ്ടമായി. ഡോക്ടർ സൺയാത്സെൻ പ്രസിഡണ്ടായി ചൈനയിൽ റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ തലസ്ഥാനം നാങ്കിങ്ങ് ആയിരുന്നു. 1912 ജനുവരി ഒന്നാം തീയതിയാണ് റിപ്പബ്ലിക്ക് പ്രഖ്യാപിതമായതു്.

## 2. സൺയാത് സെന്നിന്റെ ഭരണം

ദക്ഷിണചൈനയിൽ റിപ്പബ്ലിക്ക് സ്ഥാപിച്ചപ്പോൾ, ഉത്തരചൈനയിൽ യുവാൻഷിക്കായി എന്നൊരു സേനാനായകൻ ആധിപത്യം സ്ഥാപിച്ചു ഭരണംതുടങ്ങി. ആഭ്യന്തരകലഹത്തെ ഒഴിവാക്കുവാൻ വേണ്ടി സൺയാത്സെൻ യുവാൻഷിക്കായിക്കു് സ്ഥാനം ഒഴിഞ്ഞുകൊടുത്തു. അയാൾ ക്രമിന്താങ്ങിനേയും റിപ്പബ്ലിക്കിനേയും നശിപ്പിക്കുവാൻ തുടങ്ങിയതോടുകൂടി ക്രമിന്താങ്ങ്കക്ഷി കാൻറൺ തലസ്ഥാനമാക്കി സൺയാത്



സൺയാത്സെൻ


ചൈനയിലെ വിപ്ലവം 1912
റഷ്യാ
ചൈനാ
കൊറിയ
ജപ്പാൻ
ഫോർമോസ
ഫിലിപ്പൈൻ ദ്വീപുകൾ
ബർമ്മാ
സയാം
മലയാ

സെന്നിൻെറ കീഴിൽ വീണ്ടും ഒരു റിപ്പബ്ലിക്കൻ ഗവ ണ്മെണ്ടു് രൂപവൽക്കരിച്ചു പ്രവത്തനം തുടങ്ങി.

പ്രശസ്തമായ നിലയിൽ കാൻറൺ ഗവണ്മെൻറു് പുരോഗമിച്ചു. ചൈനയുടെ ഉദ്ധാരണത്തിനുവേണ്ടി ഒരു മൂന്നിനപരിപാടിയാണു് സൺയാത്സെൻ പ്രാവത്തികമാക്കിയതു്. വിദേശാധിപത്യത്തിൽനിന്നു ചൈനയെ പരിപൂണ്ണമായി മോചിപ്പിക്കുക. പ്രബലമായ ഒരു ജനകീയറിപ്പബ്ലിക്കൻഭരണം കെട്ടിപ്പടുക്കുക. ജീവിതത്തോതു് ഉയത്തുന്നതിനു് സാമൂഹ്യ-സാമ്പത്തികപരിഷ്കാരങ്ങൾ നടപ്പിലാക്കുക—ഇതായിരുന്നു ആ പരിപാടി. ബ്രിട്ടൻെറയും അമേരിക്കയുടേയും സഹായം ചൈനയ്ക്കു് ലഭിക്കുമെന്നു് സൺയാത്സെൻ പ്രതീക്ഷിച്ചെങ്കിലും അതു് ഫലവത്തായില്ല. നിരാശനായ സൺയാത്സെൻ റഷ്യയുടെ സഹായം തേടി. സോവിയററു് റഷ്യ ചൈനയെ വേണ്ടവിധത്തിൽ സഹായിക്കുകയും സൺയാത്സെൻ അദ്ദേഹത്തിൻെറ പരിപാടികൾ വിജയപ്രദമായി നടപ്പിലാക്കുകയും ചെയ്തു. 1925-ൽ ആധുനികചൈനയുടെ ജനയിതാവായ ആ മഹാൻ അന്തരിച്ചു.

### 3. ചിയാങ്ങ് കയ്ഷെക്ക്

സൺയാത്സെന്നിൻെറ മരണശേഷം കാൻറൺ ഗവണ്മെൻറിലെ സൈന്യാധിപനായ ചിയാങ്ങ് കയ്ഷെക് വടക്കൻചൈന കീഴടക്കി. ചൈനയെ മിക്കവാറും ഏകീകരിച്ചു. കാൻറണിൽനിന്നു് ഹാങ്കോവിലേയ്ക്കു് തലസ്ഥാനം അദ്ദേഹം മാററി. ഏറെ താമസിയാതെ ക്വമിന്താങ്ങ് കക്ഷിയിലെ ഇടതുപക്ഷമായ കമ്മ്യൂണിസ്റ്റുകാരുമായി രൂക്ഷമായ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും ക്വമിന്താങ്ങ് രണ്ടായി പിളരുകയും ചെയ്തു. ചിയാ

ങ്ങ് തലസ്ഥാനം നാങ്കിങ്ങിലേയ്ക്കു മാററി. ചൈനയുടെ ഉൾപ്രദേശങ്ങളിലേയ്ക്കുപിൻവാങ്ങിയകമ്മ്യൂണിസ്റ്റ്കാർ അവിടെ സംഘടിച്ചു പ്രവർത്തിച്ചു. രണ്ടുക്കൂട്ടരും തമ്മിൽ തുടരെ സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ അവസരമുപയോഗിച്ച്; ജപ്പാൻകാർ വടക്കെ ചൈനയിൽ ആക്രമണം തുടങ്ങി ജപ്പാനെ തടയുവാൻ ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കുവാൻ തരമില്ലാത്ത വിധത്തിൽ അദ്ദേഹത്തിൻെറ ശ്രദ്ധ കമ്മ്യൂണിസ്റ്റ്കാർക്കെതിരായി തിരിച്ചുവിടേണ്ടിവന്നു. ഏറെ കഴിയുന്നതിനു മുമ്പ് ജപ്പാൻ ഭീമമായ തോതിൽ ചൈനയെ ആക്രമിക്കുവാൻ ഒരുമ്പെട്ടു. ജപ്പാൻസൈന്യങ്ങൾ തുരുതുരെ ചൈനയിൽ ഇറങ്ങി. കമ്മ്യൂണിസ്റ്റ്കാരും ചിയാങ്ങും യോജിക്കാതെ തരമില്ലെന്നു വന്നു. 1941 വരെ ചൈന കീഴടങ്ങാതെ പോർചെയ്തു. ആ വർഷത്തിൽ ബ്രിട്ടനും അമേരിക്കയും എതിരായി ജപ്പാൻ രണ്ടാം ലോകമഹായുദ്ധത്തിൽ ചേർന്നു. അതോടുകൂടി ജപ്പാനെതിരായി ആ വൻശക്തികൾ ചൈനയെ സഹായിക്കാൻ തുടങ്ങി. 1945-ൽ ജപ്പാനെ അവർ തോല്പിച്ചു. അതോടുകൂടി ചൈന ജപ്പാൻെറ പിടിയിൽ നിന്നു വിമുക്തമായി.

## 4. കമ്മ്യൂണിസ്റ്റ്‌വിജയം

ജപ്പാൻെറ ആക്രമണത്തിൽനിന്ന് രക്ഷ നേടിയ ചൈനയുടെ കഷ്ടകാലം അവസാനിച്ചില്ല. വീണ്ടും അവിടെ അഭ്യന്തരസമരമുണ്ടായി. പൊതുവിപത്ത് മാറിയതോടുകൂടി കമ്മ്യൂണിസ്റ്റ്കാരും ചിയാങ്ങിൻെറ അനുയായികളായ 'നാഷണലിസ്റ്റ്'കാരും തമ്മിൽ യുദ്ധമാരംഭിച്ചു. സോവിയററുയൂനിയൻെറ കനത്ത സഹായം കമ്മ്യൂണിസ്റ്റ്കാർക്ക് നിർല്ലോഭം ലഭിച്ചു. അമേരിക്കയുടെ നാമമാത്രമായ സഹായം കയ്ഷെക്കിനും കിട്ടിയിരുന്നു.

1949-ൽ ചൈനാവൻകര മുഴവനും കമ്യൂണിസ്റ്റ്കാക്കധീനമായി. ചിയാങ്ങ് ഗത്യന്തരമില്ലാതെ ഫോർമോസയിൽ രക്ഷപ്രാപിക്കേണ്ടിവന്നു. അമേരിക്കൻ സഹായത്തോടുകൂടി ചിയാങ്ങ് അവിടെ ഭരണം നടത്തുന്നു. കമ്യൂണിസ്റ്റ് ചൈനയെ ഐക്യരാഷ്ട്രസംഘടനയിലെ ഒരു അംഗമായി ഇന്നും അംഗീകരിച്ചിട്ടില്ല. 1949 മുതൽ ദീർഘകാലത്തെ യുദ്ധങ്ങളുടെ കെടുതികൾ സഹിച്ചശേഷം, ചൈന സമാധാനവും അഭിവൃദ്ധിയും അനുഭവിക്കുകയാണ്. എന്നാൽ സാമ്രാജ്യദുർമ്മോഹം നിമിത്തം യുദ്ധത്തിൻെറ വിനകൾ വീണ്ടും വരിക്കുവാൻ വെമ്പൽകൊള്ളുന്ന ലക്ഷണങ്ങൾ പ്രകടമായി കാണുന്നുണ്ട്,

## ഏഷ്യയിലേയും ആഫ്രിക്കയിലേയും നവോത്ഥാനം

A. ഏഷ്യയിലേയും ആഫ്രിക്കയിലേയും രാഷ്ട്രീയ ഉണർവും ദേശീയബോധത്തിൻെറ വളർച്ചയും

പോർട്ടുഗീസുകാരനായ വാസ്കോഡിഗാമ 1498-ൽ തെക്കേ ആഫ്രിക്ക ചുററി ഇന്ത്യയിൽവന്നിറങ്ങി, അന്നുമുതൽ യൂറോപ്യന്മാർ ധാരാളം താവളങ്ങൾ ഈ രണ്ടു ഭൂഖണ്ഡങ്ങളിലും സ്ഥാപിക്കുവാൻ തുടങ്ങി. ക്രമേണ വെള്ളക്കാക്ക് ആഫ്രിക്കയിലും ഏഷ്യയിലും രാഷ്ട്രീയമേധാവിത്വം കിട്ടി. ഏതാണ്ട് ആഫ്രിക്ക മുഴവനും ഏഷ്യയിലെ ഭൂരിപക്ഷം രാജ്യങ്ങളും വെള്ളക്കാരുടെ അധീനതയിലായി. 19-ാം നൂററാണ്ടിൻെറ അന്ത്യംവരെ അവരുടെ മേധാവിത്വം അവിടെ അചഞ്ചലമായി തുടന്നുപോന്നു. പൊതുവേ കറുത്ത വർഗ്ഗക്കാരായ ഏഷ്യയിലേയും ആഫ്രിക്കയിലേയും ജനങ്ങൾ വെള്ളക്കാരുടെ മേൽക്കോയ്മയിൽനിന്ന് രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ലെന്നു

വിചാരിച്ചിരുന്നു. എന്നാൽ, 1896-ൽ എത്തിയോപ്യ ആക്രമിച്ച ഇററലിക്കാരെ എത്തിയോപ്യക്കാർ തോല്പിച്ചു. 1905-ൽ റഷ്യയെ ജപ്പാൻ തോല്പിച്ചു. ഒന്നാം മഹായുദ്ധാനന്തരം കെമാൽപാഷയുടെ നേതൃത്വത്തിൽ തുർക്കികൾ യൂറോപ്യന്മാരെ തുരത്തി ഒരു സ്വതന്ത്ര റിപ്പബ്ലിക്ക് സ്ഥാപിച്ചു. ഈ സംഭവങ്ങൾ യൂറോപ്യന്മാർ അജയ്യരാണെന്നുള്ള തെററിദ്ധാരണ പൗരസ്ത്യരിൽനിന്ന് മാററുന്നതിന് ഇടയായി. ഇതു് പൗരസ്ത്യരുടെ ദേശീയ ബോധത്തേയും സ്വാതന്ത്ര്യതൃഷ്ണയേയും തട്ടിയുണർത്തി. പാശ്ചാത്യ വിദ്യാഭ്യാസവും അമേരിക്കൻ, ഫ്രഞ്ചു്, റഷ്യൻ വിപ്ലവങ്ങളുടെ ആദർശങ്ങളും പൗരസ്ത്യരുടെ വീക്ഷണഗതിയിൽ മാററംവരുത്തി. യൂറോപ്യന്മാരുടെ മർദ്ദനവും ചൂഷണവും അവരോടുള്ള എതിർപ്പിനേയും അവരിൽനിന്ന് സ്വാതന്ത്ര്യം നേടുന്നതിനുള്ള ദൃഢനിശ്ചയത്തേയും ശക്തിപ്പെടുത്തി. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പു് ജപ്പാൻകാർ "ഏഷ്യ ഏഷ്യക്കാർക്കു്" എന്ന പ്രചാരവേല നടത്തി. "വെള്ളക്കാർ ഇന്ത്യ വിടുക" എന്നു നമ്മുടെ നേതാക്കന്മാർ ഉയർത്തിയ മുദ്രാവാക്യം ഏഷ്യയിലും ആഫ്രിക്കയിലും അങ്ങോളമിങ്ങോളം മാറെറാലിക്കൊണ്ടു. ഇതിന്റെയെല്ലാം ഫലമായി യൂറോപ്യൻ മേധാവിത്വം തകർന്നുവീഴുന്ന കാഴ്ചയാണു് കഴിഞ്ഞ കുറേ വർഷങ്ങളായി നാംകണ്ടുകൊണ്ടിരിക്കുന്നതു്.

## B. ഏഷ്യയിലെ നവോത്ഥാനം

ഇന്ത്യ, ചൈന എന്നീ രണ്ടു രാജ്യങ്ങളുടെ നവോത്ഥാനത്തെപ്പററി നമ്മൾ നേരത്തെ പഠിച്ചുകഴിഞ്ഞുവല്ലോ.

## 1. ജപ്പാൻ

ഏഷ്യയിൽ പാശ്ചാത്യപരിഷ്കാരം സ്വീകരിച്ച് പ്രബലമായ ഒരു ആധുനികരാജ്യമായി ആദ്യം തീന്നതു് ജപ്പാനാണ്. മുസ്സിഹിതോ ചക്രവത്തിയുടെ കാലത്തു് (1867-1912) ജപ്പാൻ ഒരു വലിയ ശക്തിയായി



മുസ്സിഹിതോ

ഉയൻറു. പക്ഷെ, സാമ്രാജ്യദുർമ്മോഹം നിമിത്തം ജപ്പാൻ രണ്ടാം മഹായുദ്ധത്തിൽ ചേൻറു. ജപ്പാൻ യുദ്ധത്തിൽ തോററതോടുകൂടി അമേരിക്കൻ സൈന്യം ജപ്പാനിൽ പ്രവേശിച്ച് പാളയമടിച്ചു. 1951-ൽ മാത്രമാണ് സമാധാനസന്ധിചെയ്തു് വിദേശസൈന്യങ്ങൾ അവിടെനിന്നു് പിൻവാങ്ങിയതു്. സമാധാനപ്രിയയായ ഒരു ആധുനിക ജപ്പാൻ ഇന്നു് വേഗത്തിൽ ഉയൻറുവരികയാണ്.

## 2. തുർക്കി

ഒന്നാം മഹായുദ്ധത്തിൽ പരാജയപ്പെട്ടതോടുകൂടി തുർക്കി വളരെ ദുർബലയായി. ബ്രിട്ടീഷുകാരുടേയും ഗ്രീക്കുകാരുടേയും ഒരു പാവമാത്രമായിരുന്നു സുൽത്താൻ.



കെമാൽ പാഷ

ദേശീയപ്രബുദ്ധരായ തുർക്കികൾ കെമാൽ പാഷയുടെ നേതൃത്വത്തിൽ അണിനിരന്നു. യൂറോപ്യന്മാരെ യുദ്ധത്തിൽ തോല്പിക്കുന്നതിന്നും തുർക്കിയുടെ സ്വാതന്ത്ര്യം നേടുന്നതിന്നും അദ്ദേഹത്തിന്നു സാധിച്ചു. താമസിയാതെ സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. കെമാൽ പാഷ തുർക്കി റിപ്പബ്ലിക്കിൻെറ ആദ്യത്തെ പ്രസിഡണ്ടായി. വിദ്യാഭ്യാസത്തിലും വസ്ത്രധാരണത്തിലും മററു പല സാമൂഹ്യാചാരങ്ങളിലും പാശ്ചാത്യരെ മാതൃകയായി സ്വീകരിക്കുവാൻ അദ്ദേഹം ജനങ്ങളെ നിർബ്ബന്ധിച്ചു. ക്ഷയോന്മുഖമായി കിടന്ന തുർക്കിയെ കെമാൽ പാഷ ഇങ്ങനെ ഉദ്ധരിച്ചു.

## 3. സിറിയ, ലബനോൺ, ഫിലിപ്പൈൻസ്, കൊറിയ

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ സിറിയയും ലബനോണും ഫ്രഞ്ച് മേധാവിത്വത്തിൽനിന്ന് സ്വാതന്ത്ര്യം നേടി. സിറി



യായും ഈജിപ്തും കൂടിച്ചേൎന്ന് ഐക്യഅറബി റിപ്പ ബ്ലിക് എന്നപേരിൽ ഒരു പുതിയ രാഷ്ട്രം രൂപമെടുത്തി രിക്കുന്നു.

ഫിലിപ്പൈൻസ് ദ്വീപുകൾ യു. എസ്. എ. യുടെ അധീശാവകാശത്തിൽ ഉള്ള ഒരു രാജ്യമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്നുമുമ്പുതന്നെ യു. എസ്. എ. ഫിലിപ്പൈൻസ് ദ്വീപുകൾക്ക് സ്വാതന്ത്ര്യം കൊ ടുക്കാമെന്ന് തീൎച്ചയാക്കിയിരുന്നു. 1946-ൽ ഫിലി പ്പൈൻസ് ദ്വീപുകൾക്ക് സ്വാതന്ത്ര്യം കിട്ടി.

രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം കൊറിയ ജപ്പാനിൽനിന്നു വിമോചിതമായി. പക്ഷെ, ഒരു ഏകീ കൃത കൊറിയാരാഷ്ട്രം ഇതുവരെ സ്ഥാപിതമായിട്ടില്ല. വടക്കൻകൊറിയ എന്നും തെക്കൻ കൊറിയ എന്നും രണ്ടു സ്വതന്ത്രരാജ്യങ്ങളായി അതു വിഭജിക്കപ്പെട്ടിരി ക്കയാണ്.

## 4. ബൎമ്മ

ബ്രിട്ടീഷുകാരുടെ അധീനത്തിലായിരുന്ന ബൎമ്മയെ രണ്ടാം മഹായുദ്ധകാലത്ത് ജപ്പാൻ കീഴടക്കി. ജപ്പാ ൻെറ തോൽവിക്കുശേഷം ബ്രിട്ടൻ അതു് തിരിച്ചുപിടിച്ചു. എന്നാൽ, ബൎമ്മക്കാർ ആരുടേയും കീഴിൽ ഇരിക്കാൻ ഇഷ്ടപ്പെട്ടില്ല. സ്വാതന്ത്ര്യത്തിന്നായി അവർ ആയുധ മേന്തി സമരം ചെയ്തു. 1947-ൽ ബ്രിട്ടനും ബൎമ്മയും തമ്മിൽ ഒരു ഒത്തുതീൎപ്പുണ്ടായി. അതനുസരിച്ച് 1948-ൽ ബൎമ്മ ഒരു പരിപൂൎണ്ണസ്വാതന്ത്ര്യരാജ്യമായി. ബൎമ്മ കോ മൺവെൽത്തിലെ അംഗമല്ല.

5. സിലോൺ, മാലദ്വീപുകൾ

1948-ൽ സിലോൺ ബ്രിട്ടൻെറ പിടിയിൽനിന്നു വിട്ട് ഒരു സ്വതന്ത്രരാഷ്ട്രമായി. തുടന്ന് മാലദ്വീപുകൾക്കും ബ്രിട്ടൻ സ്വാതന്ത്ര്യം കൊടുത്തു. 1953-ൽ മാലദ്വീപുകൾ ഒരു റിപ്പബ്ളിക്കൻ രാജ്യമായി.

6. ഇന്തോനേഷ്യ

വളരെക്കാലമായി ഡച്ചുകാരുടെ കീഴിലായിരുന്നു ഇന്തോനേഷ്യ എന്ന് ഇന്നറിയപ്പെടുന്ന പൂർവ്വേന്ത്യാദ്വീപുകൾ. 1941-ൽ ജപ്പാൻ അവയെ കീഴടക്കി. 1945-ൽ ജപ്പാൻെറ തോൽവിക്കുശേഷം സുക്കാർണോ എന്ന നേതാവ് ഇന്തോനേഷ്യയിൽ ഒരു സ്വതന്ത്ര റിപ്പബ്ലിക് സ്ഥാപിച്ചു. ഡച്ചുകാരും ബ്രിട്ടീഷുകാരും അവരെ അടിച്ചമത്താൻ ശ്രമിച്ചുവെങ്കിലും ഫലിച്ചില്ല. താമസിയാതെ ഇന്തോനേഷ്യയെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി എല്ലാ രാജ്യങ്ങളും അംഗീകരിച്ചു.

7. ഇന്തോ-ചൈന

ഇന്തോ-ചൈന ഫ്രഞ്ചുകാരുടെ അധീനത്തിലായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവിടേയും സ്വാതന്ത്ര്യപ്രസ്ഥാനം മുന്നേറി. 1954-ൽ ഫ്രാൻസിന്നും ഇന്തോ-ചൈനയിലെ ആധിപത്യം ഉപേക്ഷിച്ചു പോകേണ്ടിവന്നു. അന്നുമുതൽ അവിടെ 4 സ്വതന്ത്ര രാഷ്ട്രങ്ങൾ ഉണ്ട്. അവ വിയററ്നാം ജനകീയ റിപ്പബ്ളിക്ക്, വിയററ്നാം റിപ്പബ്ളിക്ക്, ലാവോസ്, കമ്പോഡിയ എന്നിവയാകുന്നു. ലാവോസിൽ പലപ്പോഴും ആഭ്യന്തരകലഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

## 8. മലയാ

രണ്ടാം ലോകമഹായുദ്ധകാലത്തു് ജപ്പാൻ മലയാ കീഴ്പ്പെടുത്തി. യുദ്ധത്തിനുശേഷം ബ്രിട്ടൻ മലയാ തിരികെ പിടിച്ചു. എന്നാൽ, അവക്ക് അവിടുത്തെ ജനങ്ങളുടെ ശക്തിയായ സ്വാതന്ത്ര്യപ്രസ്ഥാനത്തെ നേരിടേണ്ടിവന്നു. 1957-ൽ ബ്രിട്ടൻ മലയായ്ക്കും സ്വാതന്ത്ര്യം കൊടുത്തു. എന്നാൽ, സിങ്കപ്പൂർ മലയായോട്ട് സംയോജിക്കപ്പെട്ടിട്ടില്ല. അതിന്ന് പൂർണ്ണസ്വാതന്ത്ര്യം കിട്ടിയിട്ടുമില്ല.

## 9. ഇറാനും പാലസ്തൈനും

രണ്ടാം മഹായുദ്ധത്തിന്നുശേഷം ഇറാനിൽ നിന്നു് റഷ്യക്കാക്ക് അവരുടെ സൈന്യങ്ങളെ പിൻവലിക്കേണ്ടിവന്നു. ഇംഗ്ലീഷുകാരുടെ വക ഇറാനിലെ എണ്ണക്കമ്പനി ഇറാൻ ദേശസാൽക്കരിച്ചു. ഇംഗ്ലീഷുകാരുടെ സംരക്ഷണത്തിൽ ഇരുന്ന പാലസ്തൈൻ വിഭജിച്ചു് 1948-ൽ ഇസ്രേൽ എന്ന യഹൂദരാജ്യം സ്ഥാപിച്ചു.

## 10. അറബി രാഷ്ട്രങ്ങൾ

ഈജിപ്ത്, ബ്രിട്ടീഷ് മേൽക്കോയ്മയിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു. മറ്റ് അറബിരാഷ്ട്രങ്ങൾ ഈജിപ്തിൻെറ നേതൃത്വത്തിൽ പാശ്ചാത്യ മേധാവിത്വത്തെ വലിച്ചെറിഞ്ഞുകൊണ്ടിരിക്കുന്നു. 1945-ൽ അറബിലീഗ് സ്ഥാപിതമായി. 1957-ൽ ഈജിപ്ത് സൂയസ് കനാൽ കമ്പനി ദേശസാൽക്കരിച്ചു. അതിന്നെതിരായി

ബ്രിട്ടനും ഫ്രാൻസും ഈജിപ്റ്റിനെ ആക്രമിച്ചുവെങ്കിലും ലോകാഭിപ്രായത്തിന്റെ സമ്മർദ്ദംമൂലം അതിൽനിന്ന് പിൻവാങ്ങേണ്ടിവന്നു. 1958-ൽ ഈജിപ്തും സിറിയായും ചേർന്നുള്ള ഐക്യഅറബിറിപ്പബ്ലിക്ക് സ്ഥാപിതമായി. ഇതിൽ മററ് അറബിരാജ്യങ്ങളും ചേരുന്ന ലക്ഷണമുണ്ട്. ഏതായാലും അറബിരാഷ്ട്രങ്ങളിൽനിന്ന് പാശ്ചാത്യരാജ്യങ്ങളുടെ ആധിപത്യം നീങ്ങിക്കൊണ്ടിരിക്കുകയാണ്.

### C. ആഫ്രിക്കയിലെ നവോത്ഥാനം

#### (i) എത്തിയോപ്യയും ലൈബീരിയായും

ഇവ പണ്ടുമുതല്ക്കേ ആഫ്രിക്കയിലെ രണ്ടു സ്വതന്ത്രരാജ്യങ്ങളാണ്. എത്തിയോപ്യയെ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ഇററലി പിടിച്ചടക്കിയെങ്കിലും മഹായുദ്ധത്തിൽ ഇററലി തോററതോടുകൂടി എത്തിയോപ്യ വീണ്ടും സ്വതന്ത്രയായി. എത്തിയോപ്യയിൽ ചക്രവർത്തിഭരണവും ലൈബീരിയായിൽ റിപ്പബ്ലിക്കൻഭരണവുമാണ് നിലവിലുള്ളത്.

#### (ii) ഈജിപ്റ്റ്, ലിബിയ, സുഡാൻ

ഏഷ്യനാഫ്രിക്കൻ നവോത്ഥാനത്തിൽ ഈജിപ്റ്റിന്ന് ഒരു സുപ്രധാന പങ്കാണ് ഉള്ളത്. ബ്രിട്ടൻ ഈജിപ്റ്റിൽ ആധിപത്യം സ്ഥാപിച്ച് അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ അവിടെ സ്വാതന്ത്ര്യസമരം ആരംഭിച്ചു. സൂയസ്കനാലിൽ ബ്രിട്ടനുണ്ടായ താല്പര്യംമൂലം ബ്രിട്ടൻ ഈ സമരം അടിച്ചമർത്തുവാൻ ശ്രമിച്ചു. 1936-ൽ ഒരു




സന്ധിപ്രകാരം ബ്രിട്ടൻ ഈജിപ്റ്റിന്നു് ഏറെക്കുറെ സ്വയം ഭരണം അനുവദിച്ചു. 1952-ൽ ജനറൽ നഗീബ് അധികാരം പിടിച്ചെടുത്തു് ഈജിപ്റ്റിൽ രാജവാഴ്ച അവസാനിപ്പിച്ചു് ഒരു റിപ്പബ്ലിക്ക് സ്ഥാപിച്ചു.

1954-ൽ ബ്രിട്ടനും ഈജിപ്റ്റും തമ്മിൽ സൂയസ് കനാൽകാര്യത്തിൽ ഉണ്ടായ ഒത്തുതീർപ്പനുസരിച്ചു് 20മാസത്തിനുള്ളിൽ ബ്രിട്ടൻ സൂയസ് കനാൽപ്രദേശത്തുനിന്നു്

ഒഴിഞ്ഞുപൊായ്ക്കൊള്ളാമെന്നേററു. ഇതിനിടയ്ക്കു് കേണൽ ഗമാൽ അബ്ദുൽ നാസ്സർ ഈജിപ്തിലെ പ്രസിഡണ്ടായി. 1957 ജൂലൈ മാസത്തിൽ സൂയസ്കനാൽ കമ്പനി ദേശസാല്ക്കരിച്ചതും തുടർന്നുണ്ടായ ബ്രിട്ടീഷ് ഫ്രഞ്ച് ആക്രമണത്തെ ധൈര്യപൂർവ്വം നേരിട്ടതും ഇദ്ദേഹമത്രെ. 1958-ൽ ഈജിപ്തും സിറിയയും തമ്മിൽ കൂട്ടിഇണക്കി ഏക സംസ്ഥാനം രൂപീകരിച്ചതിനു പിന്നിലുള്ള ശക്തിയും ഇദ്ദേഹമാകുന്നു. അറബികൾക്കു് ആവേശകരമായ നേതൃത്വം നൽകിക്കൊണ്ടു് പ്രസിഡണ്ടു് നാസ്സാർ, ഏഷ്യൻ ആഫ്രിക്കൻ ദേശീയപ്രബുദ്ധതയുടേയും സ്വാതന്ത്ര്യതൃഷ്ണയുടേയും ഒരു പ്രതീകമായി പരിലസിക്കുന്നു.

1956-ൽ സുഡാനും ബ്രിട്ടൻ സ്വാതന്ത്ര്യം കൊടുത്തു പിൻവാങ്ങി.

ലിബിയ ഇററലിയുടെ ഭരണത്തിലായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഇററലി തോററപ്പോൾ അതു് ബ്രിട്ടീഷുകാരുടേയും ഫ്രഞ്ചുകാരുടേയും അധീനത്തിലായി. 1951-ൽ ഐക്യരാഷ്ട്രസംഘടനയുടെ നിർദ്ദേശപ്രകാരം സ്വാതന്ത്ര്യം കൈവന്ന ആദ്യത്തെ രാജ്യമാണു് ലിബിയ.

(iii) മൊറോക്കൊ, ആൾജീരിയ, ടുണീഷ്യ

ഈ മൂന്നു രാജ്യങ്ങളും വടക്കു പടിഞ്ഞാറേ ആഫ്രിക്കയിലെ ഫ്രഞ്ചു് അധീന പ്രദേശങ്ങളാണു്. രണ്ടാം ലോകമഹായുദ്ധത്തിൻെറ ഫലമായി വന്നുചേർന്ന സ്വാതന്ത്ര്യാവേശം ഇവിടങ്ങളിലും പ്രത്യക്ഷ

പ്പെട്ടു. 1956-ൽ മൊറോക്കോയുടേയും ടുണിഷ്യയുടേയും സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടു. അവക്ക് യു. എൻ. ഒ. യിൽ അംഗത്വവും നൽകപ്പെട്ടു. എന്നാൽ, അൾജീരിയായുടെ സ്വാതന്ത്ര്യം ഇന്നും ഒരു പ്രശ്നമായി അവശേ



ക്വാമി നക്രൂമ

ഷിച്ചിരിക്കുന്നു. പരിപൂർണ്ണസ്വാതന്ത്ര്യത്തിനു വേണ്ടി അവർ പ്രക്ഷോഭണം കൂട്ടുകയാണ്.

(iV) ബ്രിട്ടന്റെ നയം

കാലത്തിനു് അനുകൂലമായ ഒരു നയമാണ് സ്വീകരിക്കേണ്ടതെന്നു മനസ്സിലാക്കിയ ബ്രിട്ടൻ ഒരു അനുരഞ്ജന നയം ആഫ്രിക്കയിൽ നടപ്പിലാക്കിത്തുടങ്ങിയിട്ടു

ണ്ടു്. വടക്കൻ റൊഡേഷ്യയും ന്യാസാലാണ്ടും ഒന്നിച്ചു ചേർത്തു് ഒരു ഫെഡറേഷൻ സൃഷ്ടിച്ചിരിക്കുന്നു. ഇവയ്ക്കു് സ്വയംഭരണവും നൽകപ്പെട്ടിട്ടുണ്ടു്. ഭരണം വെള്ളക്കാരുടേതാണു്. ഗോൾഡ്കോസ്റ്റ് കോളനിക്കു് പരിപൂർണ്ണസ്വാതന്ത്ര്യം നല്കപ്പെട്ടിട്ടുണ്ടു്. അതിന്റെ ഇപ്പോഴത്തെ പേർ ഘാന എന്നാണു്. അവിടത്തെ പ്രധാനമന്ത്രി തദ്ദേശിയനായ ക്വാമി എൻക്രൂമയാണു്. ഭരണം നാട്ടുകാരുടെ കൈയിൽത്തന്നെയാണു്. ഫ്രാൻസ്, പോർട്ടുഗൽ, ബെൽജിയം, ബ്രിട്ടൻ എന്നീ യൂറോപ്യൻ രാഷ്ട്രങ്ങളുടെ കീഴിൽ കിടക്കുന്ന ആഫ്രിക്കയിലെ മററു രാജ്യങ്ങൾക്കും സ്വാതന്ത്ര്യം നൽകാതെ തരമില്ലാത്ത നിലയിലാണു് ആഫ്രിക്കയിലെ നവോത്ഥാനത്തിന്റെ ഗതി.

(V) സൗത്ത് ആഫ്രിക്കൻ യൂണിയൻ


ആഫ്രിക്കയുടെ തെക്കേ അററത്തു കിടക്കുന്ന ഈ സ്വതന്ത്രരാജ്യം ഇന്ത്യ, പാക്കിസ്ഥാൻ എന്നിവയോടൊപ്പം ഒരു കോമൺവെൽത്ത് രാഷ്ട്രമാണു്. ഭരണം വെള്ളക്കാരുടെ പക്കലാണു്. നാട്ടുകാരായ കറുത്ത വർഗ്ഗക്കാരോടെല്ലാം അവൎക്കു് ഒരു അവജ്ഞയാണു്. പ്രാഥമികമായ പല സ്വാതന്ത്ര്യങ്ങൾപോലും അവൎക്കു് നിഷേധിക്കപ്പെട്ടിരിക്കയാണു്. അവശതകൾ പലതും അവരിന്നും അനുഭവിക്കുന്നുണ്ടു്. യു. എൻ. ഒ. അംഗീകരിച്ച മനുഷ്യാവകാശങ്ങളിൽ പലതുപോലും അവിടത്തെ നാട്ടുകാരനുഭവിക്കുന്നില്ല. ഇന്നും വർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ നിന്ദ്യമായ വിവേചനം അവിടത്തെ ഭരണാധികാരികൾ വച്ചുപുലർത്തുകയാണു്, ചരിത്രത്തിന്റെ മുന്നറിയിപ്പു മനസ്സിലാക്കാതെ കഴിയുന്ന വെള്ളമേ

ധാവിതപത്തിന്ന് അധികനാൾ ഇങ്ങനെ കഴിയുവാൻ സാധിക്കുകയില്ലെന്നുള്ളതു് നിശ്ചയമാണ്.

D. ആഫ്രോ-ഏഷ്യൻ കൂട്ടുകെട്ടു്

ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങൾ പങ്കെടുത്ത ഒരു സമ്മേളനം 1955 ഏപ്രിലിൽ ഇന്തോനേഷ്യയിലെ ബന്ദുങ്ങ് എന്ന സ്ഥലത്തു ചേൻ. രണ്ടു മഹാ ഭൂഖണ്ഡങ്ങളിലെ രാഷ്ട്രപ്രതിനിധികൾ പൊതുതാല്പര്യങ്ങളേക്കുറിച്ചു് ചർച്ചചെയ്യുന്നതിന്ന് ഒരു സമ്മേളനം നടത്തുകയെന്നുള്ളതു് ഈ വൻകരകളെ സംബന്ധിച്ചിടത്തോളം ഇദംപ്രഥമമായിരുന്നു. സാമ്പത്തിക-സാംസ്കാരികമണ്ഡലങ്ങളിൽ കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള ആഹ്വാനമാണ് അവിടെ പ്രധാനമായുണ്ടായതു്. യു.എൻ.ഒ. വിലും ലോകകാര്യങ്ങളിലും ഒരു സ്വതന്ത്രനിലപാടു കൈക്കൊള്ളുവാനാണ് ഈ രാജ്യങ്ങൾ സാമാന്യമായി ആഗ്രഹം പ്രകടിപ്പിച്ചതു്. ലോകസമാധാനത്തിന്ന് ഏഷ്യയിലും ആഫ്രിക്കയിലും ഉള്ള വെള്ളക്കാരുടെ മേധാവിത്വവും കൊളോണിയൽ വാഴ്ചയും അവസാനിപ്പിക്കേണ്ടതാണെന്നു് ആ രാഷ്ട്രങ്ങൾ അഭിപ്രായപ്പെട്ടു. യു. എൻ. ഒ. വിൻെറ സാമ്പത്തികസഹായം ഏഷ്യയിലും ആഫ്രിക്കയിലും ഉള്ള അവികസിത രാജ്യങ്ങൾക്കു് കൂടുതൽ നൽകേണ്ടതാണെന്നു് അവർ ആവശ്യപ്പെട്ടു. കൂടാതെ, യു. എൻ. ഒ.വിൻെറ ആദർശങ്ങൾക്കും അതിൻെറ ചാർട്ടറിൽപറഞ്ഞിട്ടുള്ള മനുഷ്യാവകാശങ്ങൾക്കും ഈ കോൺഫ്രൻസ് പിന്തുണ വാഗ്ദാനംചെയ്തു.

സാമ്രാജ്യശക്തികൾ കൂടിച്ചേർന്നിട്ടുള്ള പല സംഘടനകളും ഇന്നു നിലവിലുണ്ടു്. ഇവ കൊളോണിയൽ വാഴ്ചയ്ക്കു് പിന്തുണ നൽകിക്കൊണ്ടു് ഏഷ്യയിലും ആഫ്രി



ക്കയിലും പ്രവൎത്തിക്കുന്നുണ്ടു്. അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൻ, പോൎട്ടുഗൽ ആദിയായവ അംഗങ്ങളായിട്ടുള്ള നാറേറാവിൽ (NATO—North Atlantic Treaty Organisation) തുൎക്കിയും അംഗമാണു്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് മുതലായവ ചേൎന്നുള്ള സീറേറാവിൽ (SEATO—South East Asia Treaty Organisation) ഫലിപ്പൈൻസും പാക്കിസ്ഥാനും തായ്‌ലണ്ടും അംഗങ്ങളാണു്. ഇറാക്കും തുൎക്കിയും പാക്കിസ്ഥാനും ചേൎന്നതാണു് ബാഗ്ദാദ്‌സഖ്യം. അമേരിക്കയും ബ്രിട്ടനും ഇറാക്കും പാക്കിസ്ഥാനുംകൂടി മെഡോ (MEDO—Middle East Defence Organisation) സഖ്യമുണ്ടാക്കിയിട്ടുണ്ടു്.

ഈ സാമ്രാജ്യത്വക്കൂട്ടുകെട്ടുകൾ ലോകസമാധാനത്തിനു് സഹായകമല്ലെന്നാണു് ഏഷ്യയിലും ആഫ്രിക്കയിലും ഉള്ള പൊതുജനാഭിപ്രായം. കൊളോണിയൽവാഴ്ചയോടും സാമ്രാജ്യത്വത്തോടും സന്ധിയില്ലാത്ത സമരം പ്രഖ്യാപനം ചെയ്യുന്ന ബാന്ദുങ്ങ്മനോഭാവം ശക്തിപ്പെടുകയാണു്. ഇന്നു് ഏഷ്യയിലും ആഫ്രിക്കയിലും ഉള്ള ഒരു രാജ്യവും വിദേശീയമേധാവിത്വത്തിന്റെ നിഴൽപോലും വീഴുവാൻ അനുവദിക്കുന്ന മനോഭാവമല്ല കൈക്കൊണ്ടിട്ടുള്ളതു്.

# ഏകലോകാദർശം

## 1. ഐക്യരാഷ്ട്രസംഘടന (U. N. O.)

### (i) ഏകലോകാദർശത്തിന്റെ വളർച്ചയും ഐക്യരാഷ്ട്രസംഘടനയുടെ ഉത്ഭവവും

19-ാം നൂററാണ്ടിന്റെ ആരംഭം മുതൽ ഉണ്ടായ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ജനങ്ങളുടെ ജീവിതത്തിലും ആദർശത്തിലും വലിയ മാററമുണ്ടാക്കി. സമയം, ദൂരം എന്നിവ നിസ്സാരങ്ങളാക്കിത്തീർത്ത അനവധി കണ്ടുപിടുത്തങ്ങൾ ഉണ്ടായി. വിസ്തൃതമായ ലോകം ചുരുങ്ങി ചെറുതായതായ അനുഭവമുണ്ടായി. അന്തർദ്ദേശീയ ഐക്യത്തിന്നു ഇതു വഴിതെളിയിച്ചു. ഒന്നാം ലോകമഹായുദ്ധം വരുത്തിവെച്ച വമ്പിച്ച വിനകൾ ഒരു ഏകലോകസംഘടന സ്ഥാപിക്കുന്നകാര്യത്തിൽ ലോകത്തിന്റെ നാനാഭാഗത്തുമുള്ള വിവിധ ജനവിഭാഗങ്ങളുടെ ഇടയിലുണ്ടായ ആഗ്രഹത്തെ ദൃഢപ്പെടുത്തി. 1919-ൽ ഒന്നാം ലോകമഹായുദ്ധത്തിന്നുശേഷം, ഉണ്ടാക്കിയ സർവ്വരാഷ്ട്രസമിതി ലോകസമാധാനസംരക്ഷണത്തിനു പര്യാപ്തമായില്ല. രണ്ടാം ലോകമഹായുദ്ധത്തിൽ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളും നഷ്ടങ്ങളും മറെറാരു യുദ്ധമുണ്ടാകുമെങ്കിൽ മനുഷ്യവംശത്തേയും സംസ്കാരത്തേയും തന്നെ തികച്ചും നശിപ്പിക്കുന്നതിനു പര്യാപ്തമാകുമെന്നൊരു ഭീതി പരക്കെ ഉണ്ടാക്കി. രണ്ടാംലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ലോകസമാധാനം സ്ഥാപിക്കുന്നതിനുള്ള ശ്രമം ജനങ്ങളും നേ

താക്കന്മാരും തുടങ്ങി. 1945-ൽ, യുദ്ധാവസാനത്തിനു മുമ്പുതന്നെ, 50 രാഷ്ട്രങ്ങൾ സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ചു. ഒരു അഖിലലോക സംഘടനയുടെ ചാർട്ടറും സാമാന്യരൂപവും ചർച്ചകൾശേഷം അംഗീകരിച്ചു. സാൻഫ്രാൻസിസ്കോയിലെ തീരുമാനം 1945 ഒക്ടോബർ 24-ാംതിയതി 51 രാജ്യങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചതായി പ്രഖ്യാപിച്ചു. അതിനുശേഷം ഒക്ടോബർ 24-ാംതിയതി യു. എൻ. ഒ. ദിനമായി ലോകമാസകലം ആഘോഷിച്ചുപോരുന്നു.

(ii) ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും

ഓരോ രാഷ്ട്രവും ഈ സംഘടനയിൽ അംഗമായി ചേരുമ്പോൾ സമ്മതിച്ചു സ്വീകരിക്കേണ്ടതായ യു. എൻ. ചാർട്ടറിൽ ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന ഈ സഭയുടെ ആദർശങ്ങളും ലക്ഷ്യങ്ങളും വിവരിച്ചിട്ടുണ്ട്. ലോകത്തെ യുദ്ധത്തിൽനിന്നു സംരക്ഷിക്കുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശം. നീതി, സാമൂഹ്യപുരോഗതി, ഉയന്ന ജീവിതത്തോതു് ഇവയ്ക്കുവേണ്ടിയാണ് യു. എൻ. ഒ. നിലകൊള്ളുന്നതു്. അംഗങ്ങൾ എല്ലാംതന്നെ അവരുടെ ശക്തിയും കഴിവും പരമാവധി ഉപയോഗിച്ചു ലോകസമാധാനവും ഭദ്രതയും സംരക്ഷിക്കേണ്ടതാണ്. പൊതുതാല്പര്യത്തിനുവേണ്ടി മാത്രമേ ആയുധമേന്തി ബലം പ്രയോഗിക്കുവാൻപാടുള്ളു. എല്ലാ ജനവിഭാഗങ്ങളുടേയും സാമൂഹ്യസാമ്പത്തിക പുരോഗതിക്കായി ഈ അന്തർദ്ദേശീയസമാധാനസംഘടന ഉപയോഗിക്കേണ്ടതാണ്. എല്ലാ ജനങ്ങൾക്കും ജാതി-മത-ഭാഷ ലിംഗഭേദമെന്യേ തുല്യാവകാശങ്ങളുണ്ടായിരിക്കേണ്ട

താണ്. ഭദ്രതയ്ക്കും നീതിക്കും ക്ഷേമത്തിനും പ്രാഥമിക മനുഷ്യാവകാശങ്ങൾക്കും വേണ്ടി യു. എൻ. ഒ. സ്ഥാപിതമായി. അവയ്ക്കുവേണ്ടി സംഘടന നിലകൊള്ളുന്നു.

(iii) അംഗങ്ങൾ

സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ പങ്കെടുത്ത 51 അംഗങ്ങളോടുകൂടിയാണ് ഈ സംഘടന ആരംഭിച്ചതു്. ഒന്നാമത്തെ യു. എൻ. പൊതുയോഗം 1946 ജനവരിയിൽ ലണ്ടനിൽവെച്ചു കൂടി. യു. എൻ. ചാർട്ടർ സ്വീകരിക്കുന്ന ഏതു രാഷ്ട്രത്തെയും അംഗമായി ചേർക്കാം. 12-ാമത്തെ പൊതുയോഗം ന്യൂയോർക്കിൽവെച്ചാണ് ചേന്നതു്. അതിൽ 81 അംഗരാഷ്ട്രങ്ങൾ ഉണ്ടായിരുന്നു. അന്നു് മലയായെ 82-ാമത്തെ അംഗമായി ഐക്യരാഷ്ട്ര സഭയിൽ ചേത്തു. ഇതിൽ ഇപ്പോഴും അംഗങ്ങളല്ലാത്ത പ്രധാന രാഷ്ട്രങ്ങൾ ജനകീയചൈന, പശ്ചിമജമ്മനി, പൂവ്വജമ്മനി, സ്വിററ്സർലണ്ടു് എന്നിവയാണ്.

(iv) ഐക്യരാഷ്ട്രസംഘടനയുടെ സാമാന്യരൂപം

ആറു ഘടകസമിതികളുള്ള ഒരു ഭരണഘടനയാണ് യു. എൻ. ഓ. യ്ക്കുള്ളതു്. പൊതുസഭ (General Assembly), രക്ഷാസമിതി (Security Council), സാമ്പത്തിക സാമുദായിക സമിതി (Economic and Social Council), പരിരക്ഷകസമിതി (Trusteeship Council) അന്തർദ്ദേശീയ കോടതി, സെക്രട്ടേറിയററ് എന്നിവയാണ് ഈ ആറു ഘടകങ്ങൾ.

പൊതുസഭയിൽ അംഗങ്ങളായ എല്ലാ രാഷ്ട്രങ്ങളുടേയും പ്രതിനിധികൾക്കു സ്ഥാനമുണ്ടു്. ഒരു രാഷ്ട്രത്തിന്

ഒരു വോട്ട് മാത്രമേയുള്ളൂ. പ്രധാന കാര്യങ്ങൾ തീരുമാനിക്കുന്നതിന് 2/3 ഭാഗം പേരുടെ പിന്തുണ വേണം. പൊതുസഭയാണ് മററു ഘടകങ്ങളിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ചാർട്ടറിൽ പറയുന്ന ഏതു കാര്യത്തെക്കുറിച്ചും ചർച്ചചെയ്ത് ശുപാർശകൾ സമർപ്പിക്കുന്നതിന് സഭയ്ക്ക് അധികാരമുണ്ട്.

11 അംഗങ്ങളാണ് രക്ഷാസമിതിയിലുള്ളത്. യു. എസ്. എ., ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ചൈന എന്നീ പഞ്ചമഹാശക്തികൾ സ്ഥിരം അംഗങ്ങളാണ്. ബാക്കി 6 അംഗങ്ങളെ രണ്ടുകൊല്ലത്തിലൊരിക്കൽ പൊതുസഭ തിരഞ്ഞെടുക്കുന്നു. സമാധാനഭംഗമോ, അക്രമമോ ഉണ്ടായാൽ അതിന്നെതിരായി സാമ്പത്തിക നടപടികൾ എടുക്കുന്നതിനും, വേണ്ടിവന്നാൽ അംഗരാഷ്ട്രങ്ങളിൽനിന്ന് സൈന്യങ്ങളെ അയച്ച് ബലം പ്രയോഗിച്ച് അക്രമം അവസാനിപ്പിക്കുന്നതിനും രക്ഷാസമിതിക്കധികാരമുണ്ട്.

സാമ്പത്തിക-സാമുദായിക സമിതി അതിപ്രധാനമായ ഒരു ഘടകമാണ്. പഴയ സർവ്വരാഷ്ട്രസമിതിയിൽ ഇങ്ങനെ ഒരു ഘടകമുണ്ടായിരുന്നില്ല. സാമ്പത്തികവും സാമൂഹികവുമായ എല്ലാ വിഷയങ്ങളിലുമുള്ള അന്തർദ്ദേശീയപ്രശ്നങ്ങളെ പഠിച്ച് ചർച്ചചെയ്ത് അവയിൽ വേണ്ട നടപടികൾ നടത്തുന്നതിന് പൊതുസഭയിലേക്ക് ശുപാർശചെയ്യുകയും ലോകസമ്മേളനങ്ങൾ സംഘടിപ്പിച്ച് അവയെപ്പററി പരിചിന്തനം ചെയ്യുകയുമാണ് ഈ സമിതിയുടെ പ്രധാന ജോലി. രാഷ്ട്രീയമല്ലാത്ത എല്ലാ രംഗങ്ങളിലും ഈ സമിതി സംഘടിപ്പിച്ച പല

സംഘങ്ങളും സ്തുത്യർഹമായ ജോലി ചെയ്യുന്നുണ്ട്. അന്തർദ്ദേശീയ ആരോഗ്യവകുപ്പ് W. H. O.—World Health Organisation), അന്തർദ്ദേശീയ തൊഴിലാളിവകുപ്പ് (I. L. O.—International Labour Organisation). ഐക്യരാഷ്ട്രവിദ്യാഭ്യാസ-സാങ്കേതിക-സാംസ്കാരിക സംഘടനയായ 'യുനെസ്കോ' (U. N. E. S. C. O.—United Nations Educational, Scientific and Cultural Organisation) ആദിയായവ ഇപ്രകാരമുള്ള സംഘങ്ങളാണ്.

പരിരക്ഷകസമിതിയിൽ അംഗങ്ങളായുള്ളത് ട്രസ്റ്റ് പ്രദേശങ്ങൾ ഭരിക്കുന്ന രാഷ്ട്രങ്ങളും പൊതുസഭ തിരഞ്ഞെടുക്കുന്ന ചില രാഷ്ട്രങ്ങളും ആണ്. സ്വയംഭരണമില്ലാത്ത, കൊളോണിയൽ വാഴ്ച നടക്കുന്ന, ട്രസ്റ്റിപ്രദേശങ്ങളിലെ ജനങ്ങളെ സ്വയംഭരണപ്രാപ്തിയുള്ളവരാക്കിത്തീർക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുകയാണ് അതിന്റെ പ്രധാന ജോലി.

അന്തർദ്ദേശീയകോടതിയുടെ ആസ്ഥാനം ഹേഗിൽ ആണ്. ഇതിൽ 15 അംഗങ്ങൾ ഉണ്ട്. പൊതുസഭയും രക്ഷാസമിതിയും ആണ് ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നത്. ഒരിക്കൽ തിരഞ്ഞെടുത്താൽ 9 കൊല്ലത്തേയ്ക്ക് അവർക്ക് ഉദ്യോഗം വഹിക്കാം. അന്തർദ്ദേശീയതർക്കങ്ങൾ തീർക്കുന്നതിന് ഈ കോടതി ഉപകരിക്കുന്നു.

പൊതുസഭ തിരഞ്ഞെടുക്കുന്ന ഒരു സെക്രട്ടറി ജനറലും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥവൃന്ദവുമാണ് സെക്രട്ടേറിയററ്. വിവിധഘടകങ്ങളെ തമ്മിൽ കൂട്ടിയിണ

ക്കുന്ന ഒരു സ്ഥിരമായ കാര്യനിർവ്വഹണകേന്ദ്രമാണ് ഇതു്. ഇതിലെ ഉദ്യോഗസ്ഥന്മാർ എല്ലാ രാഷ്ട്രങ്ങളിൽനിന്നും ഉള്ളവരാണ്. ന്യൂയോർക്ക് നഗരമാണ് ഇതിന്റെ ആസ്ഥാനം.

(v) 14 സംവത്സരങ്ങളിലെ പ്രവർത്തനം

1959 ഒക്ടോബർ 24-ാംതിയതി യു. എൻ. ഒ. ജനിച്ചിട്ട 14 വർഷങ്ങൾ കഴിഞ്ഞു. ലോകത്തിനാകമാനം അനുഗ്രഹപ്രദമായ അനവധി നല്ല കാര്യങ്ങൾ ഇതിനകം സംഘടനയ്ക്കു ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇറാൻ, സിറിയ ലബനോൺ, പാലസ്റ്റൈൻ എന്നിവിടങ്ങളിൽനിന്നു് ചില മഹാശക്തികൾക്കു് അവരുടെ സേനകളെ സംഘടനയുടെ സമ്മർദ്ദംകൊണ്ടു പിൻവലിക്കേണ്ടിവന്നു. കാഷ്മീരിലും കൊറിയായിലും പാലസ്റ്റൈനിലും ഇന്തോനേഷ്യയിലും ഉണ്ടായ സമരങ്ങൾ യു. എൻ. ഒ. ഇടപെട്ടു് അവസാനിപ്പിച്ചു. ഇന്തോ-ചൈനയിൽ ഉണ്ടായ യുദ്ധവും സംഘടന ഇടപെട്ടു് ഒരുവിധത്തിൽ നിറുത്തി. പ്രശ്നങ്ങൾ പൂർണ്ണമായി അവസാനിപ്പിച്ചെന്നു് അവകാശപ്പെടുവാൻ നിവൃത്തിയില്ലെങ്കിലും, യുദ്ധം അവസാനിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതു് ആശ്വാസപ്രദമാണല്ലോ. ഈജിപ്തിനെ ആക്രമിച്ച ഇസ്രായേൽ, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളും അതിൽനിന്നു് പിന്തിരിയേണ്ടിവന്നു. അൾജീരിയായിൽ ഫ്രാൻസും അവിടത്തെ ദേശീയവാദികളും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾ തടയുവാൻ യു. എൻ. ഒ. വിനു ഇതുവരെ സാധിച്ചിട്ടില്ല. തെക്കെ ആഫ്രിക്കയിലെ വർണ്ണവിദ്വേഷത്തിന്റെ ഫലമായി നടക്കുന്ന

മനുഷ്യാവകാശനിഷേധത്തിനെതിരായ ഫലപ്രദമായ യു. എൻ. ഒ. വിനു് ഒന്നുംതന്നെ ചെയ്യുവാൻ സാധിച്ചിട്ടില്ല. ജർമ്മനിയുടെ ഏകീകൃതപ്രശ്നം യു. എൻ. ഒ. വിനെ അലട്ടുന്ന ഒരു കട്ടത്ത പ്രശ്നമാണു്. ജനകീയ ചൈനയുടെ പ്രാതിനിദ്ധ്യപ്രശ്നവും പരിഹരിക്കപ്പെടാതെ കിടക്കുന്നു.

പ്രാഥമികാവകാശങ്ങൾക്കുവേണ്ടിയും കോളനിവാഴ്ച അവസാനിപ്പിക്കുന്നതിനുവേണ്ടിയും നടത്തുന്ന കറുത്ത വർഗ്ഗക്കാരുടെ സമരങ്ങളിൽ യു എൻ. ഒ. ഫലപ്രദമായ നടപടികളെടുക്കുന്നില്ലെന്നു് ഒരു പരാതി അവശേഷിക്കുന്നു. യു. എൻ. ഒ.യുടെ പ്രവർത്തനങ്ങളെ ക്ഷീണിപ്പിക്കുന്നതു് അമേരിക്കയും റഷ്യയും തമ്മിലുള്ള മത്സരമാണു്. ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ സ്വാധീനശക്തി സംഘടനയിൽ വർദ്ധിച്ചുവരുന്നതു് ഒരു നല്ല ലക്ഷണമായി പരിഗണിക്കാം. സാമ്പത്തിക-സാംസ്കാരിക മണ്ഡലങ്ങളിലുള്ള സംഘടനയുടെ നേട്ടങ്ങൾ നിശ്ചയമായും വിലമതിക്കപ്പെടേണ്ടതാണു്. രാഷ്ട്രീയ മണ്ഡലത്തിൽ അത്രതന്നെ നേട്ടങ്ങളുണ്ടായിട്ടില്ലെന്നു പറയണം.

## 2. ഇന്ത്യയും പഞ്ചശീലങ്ങളും

(i) ഇന്ത്യയുടെ വിദേശനയം

1947-ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി ലോകത്തിലുള്ള മററു സ്വതന്ത്രരാഷ്ട്രങ്ങളുമായി സമ്പർക്കത്തിലേപ്പെട്ടു. അതിപുരാതനമായ ഇന്ത്യയുടെ സംസ്കാരത്തിനും പാരമ്പര്യത്തിനും അനുയോജ്യമായ വിധത്തിൽ

ഏററവും സ്വാതന്ത്ര്യമായ ഒരു നിഷ്പക്ഷനയമാണ് ആദ്യം മുതൽ ഇന്ത്യ പാലിച്ചുപോരുന്നതു്. ലോകത്തിലെ രണ്ടു മഹാശക്തികളായ അമേരിക്കയുടേയോ, റഷ്യയുടേയോ ചേരിയിൽ ചേരുന്നില്ലെന്നുള്ളതു് തികച്ചും അഭിമാനാഹ്മാണ്. ലോകസമാധാനത്തിനു് ഇന്ത്യ കൈക്കൊണ്ട നിലപാടു് അത്യന്തം സഹായകമാണ്. ലോകത്തിലെവിടെയുമുള്ള സ്വാതന്ത്ര്യപ്രസ്ഥാനങ്ങളോടും വിമോചനപ്രസ്ഥാനങ്ങളോടും ഇന്ത്യ കാണിക്കുന്ന അനുകൂല മനോഭാവം, വിദേശാധിപത്യത്തിൽ നിന്നു് ദീർഘവും അക്രമരഹിതവുമായ ഒരു സമരത്തിനു ശേഷം മോചനം പ്രാപിച്ച ഇന്ത്യയ്ക്കു് തികച്ചും അനുയോജ്യമായതാണ്. ഏഷ്യൻ-ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ നേതൃസ്ഥാനത്തേക്കു് ഇന്ത്യ ഈ ധാമ്മികവും സുദൃഢവുമായ നയത്തിന്റെ ഫലമായി അതിവേഗം ഉയന്നു. ഡച്ചുകാരുടെ സ്വാധീനത്തിൽനിന്നു് ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യം സ്ഥാപിച്ചു കിട്ടുന്ന കായ്യത്തിൽ ഇന്ത്യ മുൻകൈ എടുത്തു പ്രവത്തിച്ചു. ലോകത്തിലെ പല രാജ്യങ്ങളും നമ്മുടെ പ്രധാനമന്ത്രി സന്ദശിച്ചു് അവയുമായി മൈത്രീബന്ധം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വ്യക്തിപരമായ മഹത്വം ഇന്ത്യയുടെ അന്തസ്സിനെ വളരെ ഏറെ വർദ്ധിപ്പിച്ചു. യു. എൻ. ഒ. യിലും അതിപ്രധാനമായ ഒരു പങ്കാണ് ഇന്ത്യ വഹിച്ചുവരുന്നതു്. എല്ലാ രാഷ്ട്രങ്ങളോടും സമാധാനത്തിലും സഹിഷ്ണുതയിലും വത്തിക്കുന്നതുകൊണ്ടു് അന്താരാഷ്ട്രീയ കായ്യങ്ങളിൽ ഇന്ത്യയ്ക്കു് അസാധാരണമായ സ്വാധീനശക്തിയുണ്ടു്. കൊറിയൻ സന്ധി കായ്യത്തിലും, ഇന്തോചൈനയിൽ യുദ്ധം അവസാനിപ്പിച്ച കായ്യത്തിലും യു. എൻ. ഒ. യിൽ പുതിയ അംഗങ്ങളെ ചേത്ത വിഷയത്തിലും ഇന്ത

അസൂയാഹ്മായ പങ്കു വഹിച്ചിട്ടുണ്ട്. കൊളോണിയൽ വാഴ്ചക്കെതിരായി സമരംനടത്തുന്ന ജനങ്ങൾ ഉററുനോക്കുന്നതു് ഇന്നു് ഇന്ത്യയെയാണു്.

(ii) പഞ്ചശീലങ്ങൾ

ഇന്ത്യയുടെ വിദേശനയത്തിൻെറ അഞ്ചു തത്വങ്ങളെയാണു് പഞ്ചശീലങ്ങൾ എന്നു പറയുന്നതു്. 1954-ൽ ഇന്ത്യയും ജനകീയചൈനയും തമ്മിലുണ്ടായ ഒത്തുതീപ്പിലാണു് പഞ്ചശീലങ്ങൾ ലോകസമക്ഷം സ്പഷ്ടമായി പ്രഖ്യാപിച്ചതു്. ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവും ജനകീയ ചൈനയുടെ പ്രധാനമന്ത്രി ചൗ എൻ ലായിയും പഞ്ചശീലങ്ങളിലുള്ള തങ്ങളുടെ വിശ്വാസം ആവത്തിച്ചു പറഞ്ഞു. എന്നാൽ, പുരാതനമായ ഇന്ത്യയുടെ അതിത്തിപ്രദേശങ്ങളിൽ ജനകീയചൈന അക്രമമായി പ്രവേശിച്ചതു് പഞ്ചശീല വാദത്തലംഘനം മാത്രമല്ല, തികച്ചും അധാമ്മികമായ ഒരു പ്രവൃത്തികൂടെയാണു്. പഞ്ചശീലങ്ങൾ ചുവടെ ചേക്കുന്നു: "ഓരോ ജനതയുടേയും പരമാധികാരത്തേയും അവർ അധിവസിക്കുന്ന ഭൂപ്രദേശത്തിൻെറ അഭിന്നതയേയും ബഹുമാനിക്കുക; ഒരു രാജ്യത്തിൻെറയും ആഭ്യന്തരകായ്യങ്ങളിൽ ഇടപെടാതിരിക്കുക; അനാക്രമണം ഒരു തത്വമായി സ്വീകരിക്കുക; സമത്വവും പരസ്പരസഹായവുംഅംഗീകരിക്കുക; സമാധാനപരമായ സഹവത്തിത്വം പാലിക്കുക." മനുഷ്യരുടെ പരസ്പരമുള്ള പെരുമാററത്തിൽ അനുസരിക്കേണ്ട ചട്ടങ്ങളെ ബുദ്ധമതക്കാരുടെ ശൈലിയിൽ 'ശീലങ്ങൾ' എന്നു പറയുന്നു. പഞ്ചശീലങ്ങളായി വിഭാവനം ചെയ്തിട്ടുള്ളതു്.രാഷ്ട്രങ്ങൾ തമ്മിലുള്ള പെരുമാററത്തിൽ അനുസരിക്കേണ്ട അഞ്ചു നിയമങ്ങളേയാണു്.

### (iii) പഞ്ചശീലതത്വങ്ങളുടെ പ്രചാരം

1954-ൽ ഇന്ത്യയും ചൈനയും പഞ്ചശീലതത്വങ്ങൾ സ്വീകരിച്ചതിനുശേഷം അവയുടെ പ്രചാരം വർദ്ധിച്ചുവന്നു. കൂടുതൽ രാജ്യങ്ങൾ ഈ തത്വങ്ങൾക്ക് പിന്തുണ നൽകുകയും അവയിലുള്ള വിശ്വാസം രേഖപ്പെടുത്തുകയും ചെയ്തു. ഇവയുടെ അടിസ്ഥാനത്തിൽ ബർമ്മ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുമായി ഇന്ത്യ സൗഹാർദ്ദസന്ധികൾ ചെയ്തിട്ടുണ്ട്. 29 ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ പങ്കെടുത്ത ബന്ദൂങ് സമ്മേളനം പൊതുവേ പഞ്ചശീലങ്ങളെ സ്വാഗതംചെയ്തു. യൂഗോസ്ലാവിയ പോളണ്ട്, സോവിയററ്യൂണിയൻ, ചെക്കോസ്ലോവാക്കിയ എന്നീ യൂറോപ്യൻ രാജ്യങ്ങളും ഇവയുടെ അടിസ്ഥാനത്തിൽ ഇന്ത്യയുമായി സൗഹാർദ്ദസന്ധികളിൽ ഏർപ്പെട്ടു. ഈ സൗഹാർദ്ദഉടമ്പടികൾ ലോകരാഷ്ട്രങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിനും ഏകലോകാദർശം പ്രായോഗികമാക്കുന്നതിനും സഹായിക്കും.

## പ്രായോഗിക പ്രവർത്തനങ്ങൾ

### അദ്ധ്യായം 5

1. അമേരിക്കയിലെ 13 കോളനികളുടെ മാപ്പ് വരച്ച് അവയുടെ പേരെഴുതുക.

2. വാഷിങ്ടന്റെ ജീവചരിത്രം വായിക്കുക. അതിൽ ഏററവും ആകർഷകമായ സംഭവത്തെപ്പററി ഉപന്യസിക്കുക.

3. പ്രസിഡണ്ട് വാഷിങ്ങ്ടൺ, ലിങ്കൺ, വിൽസൻ, ഫ്രാങ്ക്ളിൻ, റൂസ്‌വെൽററ്, ഐസൻഹോവർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ പതിക്കുക. അവരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ ചിത്രത്തിന്നടിയിൽ രേഖപ്പെടുത്തുക.

4. ഒരു സംഘം വിദ്യാർത്ഥികൾ സ്വാതന്ത്ര്യത്തിനുവേണ്ടി വെമ്പൽ കൊള്ളുന്ന കോളനിയിലെ ആളുകളാണെന്ന് സങ്കൽപിക്കുക അവർ ബ്രിട്ടനോട് സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന തരത്തിലുള്ള പ്രസംഗങ്ങൾ ചെയ്യുക.

5. ഒരു വിദ്യാർത്ഥി വിപ്ലവത്തിനു മുമ്പുള്ള ഫ്രാൻസിലെ പൗരനാണെന്ന് സങ്കൽപിക്കുക. മററുള്ള കുട്ടികൾ അവനോടും ഫ്രാൻസിലെ 1) പുരോഹിതന്മാർ, 2) പ്രഭുക്കന്മാർ, 3) സാധാരണക്കാർ ഇവരുടെ ജീവിതത്തെപ്പററി ചോദിക്കുക. അത്തരം ചോദ്യങ്ങൾക്ക് ഫ്രഞ്ചുകാരനാണെന്ന് നടിക്കുന്ന കുട്ടി ഉത്തരം നൽകുക.

6. വോൾട്ടയർ, റൂസ്സോ, നെപ്പോളിയൻ തുടങ്ങിയ മഹാന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ പതിക്കുക.

7. ടോൾസ്റ്റോയി, ഗോർക്കി, കാറൽ മാർക്സ്, ലെനിൻ, സ്റ്റാലിൻ തുടങ്ങിയ റഷ്യൻ മഹാന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ പതിക്കുക,

8. അററ്ലസിൽ ലെനിൻഗ്രാഡ്, മോസ്കോ എന്നീ പട്ടണങ്ങൾ എവിടെയാണ് എന്ന് നോക്കി മനസ്സിലാക്കുക.

9. ചൈനയുടെ മാപ്പിൽ അടയാളപ്പെടുത്തുക:—

1) കാൻറൻ, 2) ഹോങ്ങ്കോങ്ങ്, 3) പെക്കിങ്ങ്, 4) നാങ്കിങ്ങ്, 5) ഫോർമോസ.

10. പട്ടിയ പൂർത്തിയാക്കുക:—

| വിപ്ലവം നടന്ന രാജ്യം | കൊല്ലം | പ്രധാന വ്യക്തികൾ | ഫലങ്ങൾ |
| --- | --- | --- | --- |
| അമേരിക്ക | | | |
| ഫ്രാൻസ് | | | |
| റഷ്യ | | | |
| ചൈന | | | |

11. ഏഷ്യയുടെ മാപ്പിൽ അടയാളപ്പെടുത്തി പേരെഴുതുക:
1) ജപ്പാൻ, 2) തുർക്കി, 3) സിറിയ, 4) ലബനോൻ 5) ഫിലിപ്പൈൻസ് ദ്വീപുകൾ, 6) കൊറിയ, 7) ബർമ്മ 8) സിലോൺ, 9) മാലദ്വീപുകൾ, 10) ഇന്തൊനേഷ്യ, 11) ഇന്തോചൈന, 12) മലയ, 13) ഇറാൻ, 14) പാലസ്റ്റൈൻ, 15) ബന്ദൂങ്.

12. ആഫ്രിക്കയുടെ പടത്തിൽ സ്ഥലങ്ങൾ അടയാളപ്പെടുത്തുക :-
1) ഈജിപ്തും നൈൽ നദിയും, 2) എത്തിയോപ്യ, 3) ലൈബീരിയ, 4) സുഡാൻ, 5) ലിബിയ, 6) മൊറോക്കോ, 7) അൽജീരിയ, 8) ടൂണീഷ്യ, 9) യൂണിയൻ ഓഫ് സൗത്ത് ആഫ്രിക്ക.

13. 1955-ൽ ബന്ദൂങ്ങിൽ നടന്നതായ സമാധാന സമ്മേളനം വിദ്യാർത്ഥികൾ അഭിനയിച്ചു കാണിക്കുക. (ഈ സമ്മേളനത്തിൽ ഏഷ്യയിലും ആഫ്രിക്കയിലും ഉള്ളതായ രാഷ്ട്രങ്ങളുടെ മിക്ക പ്രതിനിധികളും സംബന്ധിച്ചിരുന്നു.)

14. U. N. O. വിൻെറ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വലിയ ചാർട്ടാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

15. U. N. O. വിലെ പ്രധാനഘടകങ്ങളെ കാണിക്കുന്ന ചാർട്ട് വരയ്ക്കുക.

16. ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും ഒന്നായിച്ചേർന്ന് U. N. O. വിൻെറ ഒരു സമ്മേളനം ചേരുന്നവിധം അഭിനയിക്കുക. വിദ്യാർത്ഥികൾ പല രാജ്യക്കാരുടേയും വേഷങ്ങൾ ധരിക്കണം. ആ രാജ്യങ്ങളിലെ പതാകകൾ സമ്മേളനസ്ഥലത്തെ അലങ്കരിക്കുവാൻ ഉപയോഗപ്പെടുത്തണം. ചുവടെ ചേർത്ത വിഷയങ്ങളെക്കുറിച്ച് ആ സമ്മേളനത്തിൽ ചർച്ച നടത്തുക:—
   1) ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള കാശ്മീർതർക്കം.
   2) തെക്കേ ആഫ്രിക്കയിലെ വർണ്ണവിവേചനം. പ്രസംഗങ്ങൾ മുൻകൂട്ടി എഴുതി പഠിച്ചിരിക്കണം.

17. സംഘങ്ങളായി ചർച്ച നടത്തുക:—
   1) ഇന്ത്യയുടെ വിദേശനയം.
   2) പഞ്ചശീലങ്ങൾ.

അദ്ധ്യായം 6

# സൂൎയ്യനും ഭൂമിയും

## വിശ്വമണ്ഡലം

മേഘങ്ങളെക്കൊണ്ടോ മറേറാ മറവില്ലാതെ നല്ലവണ്ണം തെളിഞ്ഞിരിക്കുന്ന ഒരു രാത്രിയിൽ നാം ഒരു തുറന്ന പ്രദേശത്തു മലൎന്നുകിടന്നു മേല്പോട്ടു് ആകാശത്തിലേയ്ക്കു നോക്കിയാൽ കാണുന്ന അത്ഭുതകരമായ കാഴ്ച നമ്മെ വിസ്മയിപ്പിക്കുന്നതാണു്. എണ്ണിയാൽ ഒടുങ്ങാത്തവിധം ആയിരക്കണക്കിനു് മിന്നി പ്രകാശിക്കുന്ന നക്ഷത്രങ്ങളെ നമുക്കു കാണാം. ഇവയിൽ എല്ലാററിനും വലുപ്പം ഒരുപോലെയല്ല; ചിലതു് വലുതും ചിലതു് ചെറുതുമാണു്. അവ തമ്മിലുള്ള അകലവും ഒരേവിധത്തിലല്ല. ചിലതു് ഒന്നിച്ചു കൂടിച്ചേൎന്നും ചിലതു് അകന്നും കാണപ്പെടുന്നു. അതുപോലെ പ്രകാശത്തിലും ഇവയ്ക്കു വ്യത്യാസമുണ്ടു്. ചിലതു് ഒരേതോതിൽ വ്യത്യാസമില്ലാതെ പ്രകാശിക്കുന്നു. മററു ചിലതു് മങ്ങിയും മിന്നിയും പ്രകാശിക്കുന്നു; അവയാണു് നക്ഷത്രങ്ങൾ. ഒരേ തോതിൽ പ്രകാശിക്കുന്നവ ഗ്രഹങ്ങളാണു്. അവയ്ക്കു സൂൎയ്യനിൽനിന്നാണു് വെളിച്ചം കിട്ടുന്നതു്; സ്വയംപ്രകാശങ്ങളല്ല. നഭോമണ്ഡലത്തിൽ കാണുന്ന ഈ തേജോഗോളങ്ങളെല്ലാംതന്നെ മേല്പറഞ്ഞ രണ്ടിനത്തിൽ പെട്ടവയാണു്.


ഓരോ നക്ഷത്രവും സൂൎയ്യനെപ്പോലെ സ്വയംപ്രകാശമുള്ള ഗോളമാണ്. അവ കോടിക്കണക്കിനുണ്ട്. ചിലതു സൂൎയ്യനേക്കാൾ വലുപ്പം കുറഞ്ഞും ചിലതു് കൂടിയുമിരിക്കും. അവ വളരെ ചെറുതായി കാണുന്നതു് ഭൂമിയിൽനിന്നു് സൂൎയ്യനേക്കാളും അകലെ സ്ഥിതിചെയ്യുന്നതുകൊണ്ടാണ്. ഭൂമിയിൽനിന്നു 9 കോടിയിൽപ്പരം മൈൽ അകലെയാണ് സൂൎയ്യൻ സ്ഥിതിചെയ്യുന്നതു്. നക്ഷത്രങ്ങൾ തമ്മിലുള്ള ദൂരം ഇതിലും വലുതാണ്. ഇവയെല്ലാം എപ്പോഴും സ്വയം ചലിച്ചുകൊണ്ടിരിക്കുന്നവയുമാണ്. എന്തെങ്കിലും കാരണവശാൽ ഇവ തമ്മിൽ കൂട്ടിമുട്ടുവാൻ ഇടയായാൽ അതുകൊണ്ടുണ്ടാകാവുന്ന നാശം ഭയങ്കരമായിരിക്കും. ഇങ്ങനെ കോടിക്കണക്കിന്നു് അപരിമിതവും അസംഖ്യേയവുമായ നക്ഷത്രങ്ങളെ പരസ്പരം സംഘട്ടനം കൂടാതെ അനവരതം ചുററിതിരിയിക്കുന്ന ആ ജഗദീശ്വരന്റെ ശക്തി നമ്മെ വിസ്മയിപ്പിക്കാതിരിക്കയില്ല. അതു് അപാരമാണ്, അഗാധമാണ്, അപരിമേയമാണ്. അതിനെ അതിക്രമിക്കുവാൻ ഒരുവനും സാദ്ധ്യമല്ല.

## സൗരയൂഥം

ഈ വിശ്വമണ്ഡലത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് സൗരയൂഥം. സൂൎയ്യനും സൂൎയ്യനിൽനിന്നും പ്രകാശം ലഭിക്കുന്നതും സൂൎയ്യനു ചുററും പ്രദക്ഷിണം ചെയ്യുന്നതുമായ ഗ്രഹങ്ങളും ഭൂമിയും ചേൎന്നതാണ് സൗരയൂഥം. സൂൎയ്യൻ എപ്പോഴും കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു നക്ഷത്രമാണ്. ഭൂമിക്കു് ഏററവും അടുത്തുള്ള നക്ഷത്രവുമാണ്. ഭൂമിയേക്കാൾ അനേകായിരം ഇരട്ടി വലുപ്പമുണ്ടു് സൂൎയ്യന്നു്. ഈ സൂൎയ്യനെ ചുററി തിരിയുന്ന

പല ഗോളങ്ങളുമുണ്ടു്. അവയെ ഗ്രഹങ്ങളെന്നു പറയുന്നു. സൂൎയ്യന്റെ പ്രകാശംകൊണ്ടാണു് അവ പ്രകാശിക്കുന്നതു്. പ്രധാനമായി 9 ഗ്രഹങ്ങളുണ്ടു്. അവ സൂൎയ്യ

സൗരയൂഥം



നിൽനിന്നു് അകലക്രമത്തിൽ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്ററ്യൂൺ, പ്ലൂട്ടോ എന്നിവയാണു്. ഇവയിൽ ഏററവും വലുതു് വ്യാഴവും ഏററവും ചെറുതു് ബുധനുമാകുന്നു. ഈ ഗ്രഹങ്ങളെ ചുററിത്തിരിയുന്ന ചില ഉപഗ്രഹങ്ങളുമുണ്ടു്. ഇവയെ ചന്ദ്രന്മാർ എന്നു പറയുന്നു. ഭൂമിക്കു് ഒരു ചന്ദ്രനേ ഉള്ളൂ. അതിനെയാണു് നാം രാത്രിയിൽ കാണുന്നതു്. എന്നാൽ മററു ഗ്രഹങ്ങൾക്കു് ഒന്നിലധികം ചന്ദ്രന്മാരുണ്ടു്. വ്യാഴത്തിന്നു പന്ത്രണ്ടും യുറാനസ്സിന്നു് നാലും ഉപഗ്രഹങ്ങളുണ്ടു്.

## സൂര്യൻ

സൗരയൂഥത്തിൻെറ കേന്ദ്രമാണു് സൂര്യൻ. സൂര്യഗോളത്തിന്നു ഭൂമിയെക്കാൾ എത്രയോ അധികം വലുപ്പമുണ്ടു്. ഭൂമിയുടെ വ്യാസം 8000 മൈലാണു്; സൂര്യൻേറതു് 8,86,000 മൈലാണെന്നു കണക്കാക്കിയിരിക്കുന്നു. ആദികാലങ്ങളിൽ ഭൂമി സ്ഥിരമായി നില്ക്കുന്നുവെന്നും മററുള്ള ഗ്രഹങ്ങളും നക്ഷത്രങ്ങളുമെല്ലാം അതിനെ ചുററിത്തിരിയുന്നു എന്നുമാണു് വിശ്വസിച്ചിരുന്നതു്. പക്ഷെ, നക്ഷത്രങ്ങൾ അവ്യവസ്ഥിതമായി സഞ്ചരിക്കുന്നു എന്നു തോന്നിയതിൽനിന്നാണു് ഗലീലിയോ എന്ന ശാസ്ത്രജ്ഞൻ പഴയ വിശ്വാസത്തെ ഖണ്ഡിച്ചു ഭൂമിയാണു് ചലിക്കുന്നതെന്നും സൂര്യൻ സ്ഥിരമായി നില്ക്കുകയാണെന്നും അതു് സൂര്യനുചുററും സഞ്ചരിക്കുന്നുണ്ടെന്നും മനസ്സിലാക്കിയതു്. മററുള്ള ഗ്രഹങ്ങൾ വലിയ ഗോളങ്ങളായി നമുക്കു തോന്നുന്നതുപോലെ നാം അടുത്തുള്ള ചൊവ്വഗ്രഹത്തിലോ മററോ ചെന്നുനോക്കുന്നതായാൽ

നമുക്കു ഭൂമി ഒരു വലിയ ഗ്രഹമായി തോന്നിയേക്കാൻ ഇടയുണ്ടു്. ഭൂമിക്കു സൂൎയ്യനെ ഒരു വട്ടം പ്രദക്ഷിണം ചെയ്യുന്നതിന്നു വേണ്ട സമയമാണു് ഒരു കൊല്ലം. ഭൂമി സൂൎയ്യനിൽനിന്നു് 930 ലക്ഷം മൈൽ അകലെയാണു്. മററു ചിലതു് ഇതിലുമധികം ദൂരെയാണു്. ഭൂമിയിൽ നിന്നു് മണിക്കൂറിൽ 60 മൈൽ വേഗത്തിൽ ഒരു വാഹനത്തിൽ രാവും പകലും യാത്ര ചെയ്യുകയാണെങ്കിൽ ഒരുവനു സൂൎയ്യനിലെത്തുവാൻ 175 കൊല്ലം വേണ്ടിവരും അടുത്ത കാലത്തു മണിക്കൂറിൽ 18000 മൈൽ സഞ്ചരിക്കുന്ന റോക്കററുകൾ നിൎമ്മിച്ച ചന്ദ്രഗോളവുമായി സമ്പൎക്കം പുലൎത്തുവാനുള്ള പ്രാരംഭസംരംഭങ്ങളിൽ ശാസ്ത്രജ്ഞന്മാർ വിജയിച്ചിട്ടുള്ള സ്ഥിതിക്കു് ഒരുകാലത്തു് ആകാശത്തിൽ കൃത്രിമതാവളങ്ങളുണ്ടാക്കി മററു ഗോളത്തിലേക്കും മനുഷ്യന്നു പോകുവാൻ സാദ്ധ്യതയില്ലെന്നു പറയുവാൻ നിവൃത്തിയില്ല.


നക്ഷത്രങ്ങൾക്കു ചലനമില്ലെന്നാണു് നമുക്കു തോന്നുന്നതു്. അവയുടെ സ്ഥാനത്തിന്നു സ്ഥിരതയുള്ളതുകൊണ്ടു് അവ നമുക്കു് ദിക്കുകൾ അറിയുന്നതിന്നും ഉപകരിക്കുന്നു. പകൽസമയത്തു സൂൎയ്യനെ നോക്കി നാം കിഴക്കു പടിഞ്ഞാറു് മനസ്സിലാക്കുന്നതുപോലെ രാത്രിസമയത്തു ചില നക്ഷത്രങ്ങളെ നോക്കി നമുക്കു് ദിക്കു മനസ്സിലാക്കാൻ കഴിയും. എല്ലാവരുടെ കയ്യിലും വടക്കുനോക്കിയന്ത്രം (Compass) ഉണ്ടായെന്നുവരില്ല. അവൎക്കു് ധ്രുവനക്ഷത്രത്തെ നോക്കി വടക്കു മനസ്സിലാക്കാൻ കഴിയും. അതു് വടക്കെ ധ്രുവത്തിന്റെ സ്ഥാനത്തെ കാണിക്കുന്നതുകൊണ്ടാണു് അതിന്നു ധ്രുവനക്ഷത്രമെന്ന പേർ സിദ്ധിച്ചതു്.

## ഭൂമിയും അതിൻെറ ചലനങ്ങളും

നാം അധിവസിക്കുന്നതായ ഭൂമി ഗോളാകൃതിയായ ഒരു ഗ്രഹമാണ്. സൗരയൂഥത്തിൽ പറയപ്പെട്ടതായ 9 ഗ്രഹങ്ങളിൽ സൂര്യനിൽനിന്ന് അകലെയായി ചുററുന്ന മൂന്നാമത്തെ ഗ്രഹമാണ് ഭൂമി. ആകൃതിയിൽ കുറ്റ് മധുരനാരങ്ങപോലെ വടക്കെ ധ്രുവം കഴിഞ്ഞും തെക്കെ ധ്രുവം അല്പം പൊങ്ങിയുമാണെന്നു നവീന ഭൂമിശാസ്ത്ര ജ്ഞന്മാർ പറയുന്നു. ഗോളാകൃതിയായ ഭൂമിയുടെ വ്യാസം 8000 മൈലും ചുററളവ് 25000 മൈലുമാണ്. ഇത്രയും വലുപ്പമുള്ള ഭൂമിയുടെ ഒരു ചെറിയ ഭാഗം മാത്രമേ നമ്മുടെ കണ്ണിൽ പെടുന്നുള്ളു. ആ ഭാഗം പരന്നു കാണുന്നതുകൊണ്ട് ഭൂമി പരന്നതാണെന്നു പണ്ടുള്ളവർ പലരും വിശ്വസിച്ചിരുന്നു. ഇന്ത്യയിലെ ജ്യോതിശ്ശാസ്ത്രത്തിൽ ഭൂമിയെ ഗോളാകൃതിയായിട്ടുതന്നെയാണ് വർണ്ണിച്ചിട്ടുള്ളതു്. ഭൂമി ഗോളാകൃതിയാണെന്നുള്ളതിന്നു പല തെളിവുകളും ഉണ്ട്. ഭൂമിയുടെ ഉപരിഭാഗത്തിന്ന് 197 ലക്ഷം ചതുരശ്രമൈൽ വിസ്താരമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഈ ഗോളത്തിൻെറ ഘടനയിൽ ഏററവും അന്തർഭാഗത്തു വളരെ ഉറച്ച് ഘനമുള്ള ലോഹമയമായ ഒരു പ്രദേശവും അതിന്നു ചുററും കട്ടിയായ പാറക്കെട്ടുകളും അവയോടൊപ്പം നിമ്നങ്ങളായ ഭാഗങ്ങളിൽ ജലവും ഇങ്ങനെ മൂന്നു പതനങ്ങൾ ഉണ്ടെന്നു നമുക്കു മനസ്സിലാക്കാം. അതിൽ രണ്ടാമത്തെ പാറക്കെട്ടുകൾ അടങ്ങിയ പതനത്തിലാണ് നാമെല്ലാം പാക്കുന്നതു്. ജലമയമായ പതനം സമുദ്രങ്ങളാണ്. ഈ മൂന്നു പതനങ്ങൾക്കും ഉപരി വായുമണ്ഡലവും അതിന്നും ഉപരിയായി നഭോ

മണ്ഡലവുമാണ്. അവയും ഭൂമിയെ സാരമായി ബാധിക്കുന്നതുകൊണ്ടു് അവയെ ഭൂമിയോടു ചേർന്നതായി കണക്കാക്കാം. ഭൂമിയുടെ മുകൾപ്പരപ്പിൽ മുക്കാൽ ഭാഗത്തോളം ജലവും ബാക്കി കരയുമാണ്. ജലഭാഗത്തു പ്രധാനമായി ശാന്തസമുദ്രം, അററ്ലാന്തിക്ക്സമുദ്രം, ഇന്ത്യൻ സമുദ്രം, ഉത്തര ധ്രുവ സമുദ്രം, ദക്ഷിണ ധ്രുവ സമുദ്രം ഇങ്ങനെ അഞ്ചു മഹാസമുദ്രങ്ങളും കരഭാഗത്തു് ഏഷ്യ,





## രാവും പകലും

ആഫ്രിക്ക, യൂറോപ്പ്, വടക്കേഅമേരിക്ക, തെക്കേ അമേരിക്ക, ആസ്ത്രേലിയ, അൻറാർട്ടിക്ക എന്നിങ്ങനെ ഏഴു വൻകരകളുമാണുള്ളതു്.

ഭൂമിക്കു പ്രധാനമായി രണ്ടു ചലനങ്ങളുണ്ടു്:
(1) അതിൻെറ സാങ്കല്പികമായ അച്ചുതണ്ടിന്മേൽ.
(2) അതിൻെറ സൂര്യനെ ചുററുമുള്ള വാർഷിക ചലനം.
ഇവയിൽ ആദ്യത്തേതുകൊണ്ടാണ് രാപകലുകൾ ഉണ്ടാകുന്നതു്. രണ്ടാമത്തേതുകൊണ്ടു കാലഭേദങ്ങൾ ഉണ്ടാകുന്നു.

ഭൂമി അതിന്റെ സാങ്കല്പിക അച്ചുതണ്ടിന്മേൽ തിരിയുന്നതു് പടിഞ്ഞാറുനിന്നു് കിഴക്കോട്ടാണു്. അതുകൊണ്ടുതന്നെയാണു് നമുക്കു് സൂര്യൻ കിഴക്കുദിച്ചു് പടിഞ്ഞാട്ടുപോയി അസ്തമിക്കുന്നു എന്നു തോന്നുന്നതു്. ഭൂമിയുടെ അച്ചുതണ്ടു് ശരിക്കു നേരെയല്ല, അല്പം ഒരു




* സൂര്യന്നു ചുറ്റുമുള്ള ഭൂമിയുടെ ചലനം *

ഭാഗത്തേക്കു ചാഞ്ഞുകൊണ്ടാണു് ഭൂമി തിരിയുന്നതു്. ഇതു് 23½ ഡിഗ്രിയുണ്ടു്. സ്കൂളിലെ ഗ്ലോബിലും ഈ ചായ്‌വു് കാണാം. സ്കൂളിലെ ഗ്ലോബെടുത്തു് ഒരു സ്ഥലത്തു വെയ്ക്കുക. അതിന്റെ മദ്ധ്യത്തിനു് നേർക്കായി ഒരു കത്തുന്ന ഇലക്ട്രിക്‌ബൾബോ നാളമോ വെയ്ക്കുക. എന്നിട്ടു് ഈ ഗ്ലോബു് അതിന്റെ അച്ചുതണ്ടിന്മേൽ തിരിക്കുക. അപ്പോൾ അതിന്റെ ചില ഭാഗത്തു്


എപ്പോഴം വെളിച്ചമുള്ളതായും ചില ഭാഗത്തു് വെളിച്ചം തീരെ തട്ടാതേയും കാണാം. സൂൎയ്യൻ ഉത്തരായനരേഖയ്ക്കു് നേക്കായി വരുമ്പോൾ വടക്കേ ധ്രുവപ്രദേശത്തു് എപ്പോഴം വെളിച്ചവും തെക്കേ ധ്രുവപ്രദേശത്തു് എപ്പോഴം ഇരുട്ടും ആയിരിക്കും. നേരേമറിച്ചു് സൂൎയ്യൻ ദക്ഷിണായനരേഖയ്ക്കു് നേക്കാകുമ്പോൾ, വടക്കേ ധ്രുവത്തിൽ ഇരുട്ടും തെക്കേ ധ്രുവത്തിൽ വെളിച്ചവും ഉണ്ടാകും. ഭൂമദ്ധ്യത്തിൽനിന്നു് ഇരുപത്തിമൂന്നര ഡിഗ്രി തെക്കും വടക്കും ഉള്ള ഭൂഭാഗത്തിൽ മാത്രമേ സൂൎയ്യൻ തലയ്ക്കു മീതെ കാണപ്പെടുകയുള്ളൂ. ഭൂമിയെ അപേക്ഷിച്ചു് സൂൎയ്യൻെറ സ്ഥാനത്തിന്നു് ഈ വ്യത്യാസങ്ങൾ വരുന്നതു ഭൂമിയുടെ സൂൎയ്യനു ചുററുമുള്ള പ്രദക്ഷിണം അഥവാ വാൎഷിക ചലനംകൊണ്ടാണു്. ഈ വാൎഷികചലനംകൊണ്ടാണു് കാലഭേദങ്ങളുണ്ടാകുന്നതും.

## മേഖലകൾ

ഗോളാകൃതിയായ ഭൂമിക്കു മദ്ധ്യത്തിൽനിന്നു് 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും ദൂരം കണക്കാക്കാം. ഭൂമദ്ധ്യത്തിൽനിന്നു് 23½ ഡിഗ്രി തെക്കും വടക്കും ഉള്ള പ്രദേശങ്ങളിൽ മാത്രമേ സൂൎയ്യൻ തലയ്ക്കു മീതേ കാണപ്പെടുകയുള്ളൂ എന്നു പറഞ്ഞുവല്ലോ. ആ പ്രദേശമാണു് ഉഷ്ണമേഖല. അതുപോലെ സൂൎയ്യൻെറ സ്ഥിതിഭേദം അനുസരിച്ചു് വടക്കും തെക്കും ധ്രുവപ്രദേശങ്ങളിൽ ഓരോ കാലത്തു് വെളിച്ചം ഇല്ലാതെ കാണാം എന്നും പറഞ്ഞുവല്ലോ. ഈ ഛായാവൃത്തത്തിൻെറ പരിധി 66½ ഡിഗ്രി തെക്കും വടക്കും ആണു്. ഇവിടെ സൂൎയ്യരശ്മികൾ അധികം തട്ടാത്തതുകൊണ്ടും അഥവാ തട്ടുകയാണെങ്കിൽതന്നെ അവ ചാഞ്ഞു പതിക്കുന്നതുകൊണ്ടും ശൈത്യം കഠിനമായിരിക്കും. അതുകൊണ്ടു്

ആ പ്രദേശത്തിനു ശീതമേഖല എന്നു പറയുന്നു. വടക്കേ ധ്രുവത്തിനും തെക്കേ ധ്രുവത്തിനും അടുത്തായി ഇങ്ങിനെ രണ്ടു ശീതമേഖലകളുണ്ടു്. ഉഷ്ണമേഖലയ്ക്കും

മേഖലകൾ




ശീതമേഖലയ്ക്കും മദ്ധ്യേ കിടക്കുന്ന ഭാഗത്തിന്നാണു് മിതോഷ്ണമേഖല എന്നു പറയുന്നതു്, രണ്ടു് അയന രേഖകളും രണ്ടു് ധ്രുവവൃത്തങ്ങളുമാണു് മേഖലകളുടെ

അതിരുകളെ കുറിക്കുന്നതു്. ഇങ്ങനെ, സൂര്യരശ്മികൾ തട്ടുന്നതിൻെറ തോതനുസരിച്ച് ഭൂമിയുടെ ഉപരിതലത്തെ അഞ്ചു മേഖലകളായി തിരിക്കാം. (1) ഭൂമദ്ധ്യത്തിൽ നിന്നു് 23½ ഡിഗ്രി വടക്കും തെക്കുമുള്ള ഉഷ്ണമേഖല. ഇതു് ഒന്നായി കിടക്കുന്നു. (2) ഭൂമദ്ധ്യത്തിൽനിന്നു് 66½ ഡിഗ്രിക്കപ്പുറം വടക്കുള്ള ഉത്തരശീതമേഖല. (3)ഭൂമദ്ധ്യത്തിൽ നിന്നു് .66½ ഡിഗ്രിക്കപ്പുറം തെക്കുള്ള ദക്ഷിണശീതമേഖല. (4) വടക്കേ മിതോഷ്ണമേഖല. (5) തെക്കേ മിതോഷ്ണമേഖല എന്നിങ്ങിനെ അഞ്ചു മേഖലകളാണു്. ഓരോ രാജ്യത്തെയും കാലാവസ്ഥയെ ഈ മേഖലകളിലുള്ള സ്ഥിതി സാരമായി ബാധിക്കും. അതായതു്. ഉഷ്ണമേഖലയിലെ രാജ്യങ്ങളുടെ കാലാവസ്ഥ പ്രായേണ ഉഷ്ണവും ശീതമേഖലയിലെ രാജ്യങ്ങളുടെ കാലാവസ്ഥ പ്രായേണ ശീതവുമായിരിക്കും, മദ്ധ്യഅമേരിക്ക, തെക്കേ അമേരിക്കയുടെ വടക്കുഭാഗം, മദ്ധ്യ ആഫ്രിക്ക, ഇന്ത്യ, സിലോൺ, മലയാ, ഈസ്റ്റ് ഇന്ത്യാ ദ്വീപുകൾ, വടക്കൻ ആസ്ത്രേലിയ, വെസ്റ്റ് ഇന്ത്യാ ദ്വീപുകൾ, എന്നിവ ഉഷ്ണമേഖലയിലും, വടക്കേ അമേരിക്ക, ഏഷ്യ, യൂറോപ്പ്, എന്നീ വൻകരകളുടെ വടക്കേ അററം വടക്കേ ശീതമേഖലയിലും അൻറാർട്ടിക്ക തെക്കെ ശീതമേഖലയിലും മററുള്ള രാജ്യങ്ങൾ തെക്കും വടക്കുമുള്ള മിതോഷ്ണമേഖലകളിലും സ്ഥിതി ചെയ്യുന്നു,

ഭൂമിയുടെ അച്ചുതണ്ടിന്മേലുള്ള ചലനംകൊണ്ടാണു് രാപ്പകലുകൾ ഉണ്ടാകുന്നതെന്നു പറഞ്ഞുവല്ലോ. ഈ അച്ചുതണ്ടു് 23½ ഡിഗ്രി ചാഞ്ഞുകൊണ്ടാണെന്നും പറഞ്ഞുവല്ലോ. ഭൂമി സ്വന്തം അച്ചുതണ്ടിന്മേൽ ചുററിക്കൊണ്ടു സൂര്യനു ചുററും പ്രദക്ഷിണം ചെയ്യുമ്പോഴും

അച്ചുതണ്ടിൻെറ സ്ഥിതി ഒരേ വിധത്തിലാണ്. അതിൻെറ ഫലമായിട്ടാണ് കാലഭേദങ്ങൾ ഉണ്ടാകുന്നതു്. സൂൎയ്യൻ ദക്ഷിണായന രേഖയ്ക്കു മുകളിൽ വരുന്നതു് ഡിസംബർ 22-ാം തീയതിയാണ്. (പടം നോക്കുക). അന്നു തെക്കേ അർദ്ധഗോളത്തിൽ ഉഷ്ണകാലമാണു്. തെക്കേ ധ്രുവത്തിൽ നില്ക്കുന്നവന്നു് 24 മണിക്കൂറും സൂൎയ്യനെ കാണാം. മുഴുവൻ സമയവും പകലായിരിക്കും പക്ഷെ, ചൂടും വെളിച്ചവും വളരെ ശക്തി കുറഞ്ഞിരിക്കും. അന്നേ ദിവസംതന്നെ ഒരാൾ വടക്കേ ധ്രുവത്തിൽനിന്നു നോക്കുകയാണെങ്കിൽ അവന്നു് സൂൎയ്യനെ കാണുവാൻ സാധിക്കുകയില്ല. മുഴുവൻ സമയവും രാത്രിയായിരിക്കും. പൊതുവേ ഈ കാലത്തു് ദക്ഷിണാർദ്ധഗോളത്തിൽ പകൽ കൂടിയും രാവു കുറഞ്ഞും ഇരിക്കും. ഉത്തരാർദ്ധഗോളത്തിൽ നേരേ മറിച്ചുമാണ് സ്ഥിതി.

ഡിസംബർ 22 കഴിഞ്ഞാൽ സൂൎയ്യൻെറ സാങ്കല്പികയാത്ര വടക്കോട്ടായി. മാർച്ച് 21-നു സൂൎയ്യൻ മദ്ധ്യരേഖയ്ക്കു മുകളിലായി കാണപ്പെടുന്നു. അന്നു ലോകത്തിലെല്ലായിടത്തും രാവും പകലും 12 മണിക്കൂർ വീതം തുല്യമായിരിക്കും. അന്നാണ് വിഷുവദ്ദിനമെന്നു പറയുന്നതു്. പടത്തിൽ B ആ നിലയെയാണ് കുറിക്കുന്നതു്

സൂൎയ്യൻെറ വടക്കോട്ടുള്ള സാങ്കല്പികയാത്ര ജൂൺ 21 വരെ തുടരുന്നതാണ്. അന്നാണ് സൂൎയ്യൻ ഉത്തരായന രേഖയ്ക്കു മുകളിലായി കാണപ്പെടുന്നതു്. അതു വടക്കോട്ടുള്ള ഗതിയുടെ അഥവാ ഉത്തരായനത്തിൻെറ അവസാനത്തെ കുറിക്കുന്നു. പടത്തിൽ C ആ സ്ഥിതിയെ കാണിക്കുന്നു. അന്നു വടക്കേ ധ്രുവപ്രദേശത്തു

മുഴവൻ സമയവും പകലും തെക്കേ ധ്രുവത്തിനടുത്ത മുഴവൻ രാത്രിയുമായിരിക്കും. അന്നാണ് ഉത്തരാർദ്ധ ഗോളത്തിലുള്ള രാജ്യങ്ങളിലെ ഉഷ്ണകാലം. പിന്നീട സൂര്യന്റെ സാങ്കല്പികയാത്ര തെക്കോട്ടായി. സെപ്തംബർ 21-നു വീണ്ടും മദ്ധ്യരേഖയ്ക്കു നേരേ ഉദിക്കുന്നു. പട ത്തിൽ D നോക്കുക. അതാണ് തുലാവിഷു. അന്നും രാവിന്റെയും പകലിന്റെയും ദൈർഘ്യം തുല്യമായി രിക്കും. ഇങ്ങനെ, കൊല്ലത്തിൽ മാർച്ചിലും സെപ്തംബ റിലും ആയി രണ്ടു വിഷുവും ഡിസംബറിൽ ദക്ഷിണായ നത്തിന്റെ അവസാനവും ജൂണിൽ ഉത്തരായനത്തിന്റെ അവസാനവും ഉണ്ടു്. ഈ നാലു സംക്രമങ്ങൾ വളരെ പ്രധാനമായവയാണ്. കാലഭേദങ്ങളെ കുറിക്കുന്നവ യാണ് ഈ സംക്രമങ്ങൾ. ശീതകാലവും ഉഷ്ണകാലവും തെക്കും വടക്കും അർദ്ധഗോളങ്ങളിൽ എപ്പോഴും വിപ രീത കാലങ്ങളായിരിക്കും.

ഭൂമിയുടെ കരഭാഗത്തേയും ജലഭാഗത്തേയും പററി നാം അല്പം മനസ്സിലാക്കി. ഇനി അവയുടെ ഉപ രിഭാഗത്തുള്ള വായുമണ്ഡലത്തെപ്പററിയും അറിയേണ്ട തുണ്ടു്. അതു ഭൂമിയിലുള്ള സസ്യജാലങ്ങളേയും ജീവ ജാലങ്ങളേയും സാരമായി ബാധിക്കുന്നതാണ്. ഭൂമണ്ഡ ലത്തെ ആവരണം ചെയ്തുകൊണ്ടു് ഒരു വായുമണ്ഡല മുണ്ടു്. ഇതിലാണ് നമ്മുടെ ജീവിതത്തിന്നു് അത്യാ വശ്യമായ പ്രാണവായു അടങ്ങീട്ടുള്ളതു്. അതില്ലെങ്കിൽ നാം അല്പനിമിഷത്തിന്നുള്ളിൽ മരിച്ചുപോകും. വായു മണ്ഡലത്തിൽ പ്രാണവായുവിനോടൊപ്പം പാക്യജ നകവും (Nitrogen) ഉണ്ടു്. തനി കൂട്ടില്ലാത്ത പ്രാ ണവായുവിനെ നമുക്കു താങ്ങുവാൻ സാദ്ധ്യമല്ല. അ

തിൽ നൈട്രജൻ കൂടിച്ചേരുമ്പോഴേ അതു് ഉപയോഗപ്രദമാകയുള്ളു. ആ വായുവിനെ ശ്വസിച്ചു നാം പുറത്തുവിടുന്ന വായു അംഗാരാമ്ലമാണു്, അതു നമുക്കു വിഷമാണു്. പക്ഷെ, സസ്യങ്ങളുടെ വളച്ച്യ്ക്കു് അതു് അത്യാവശ്യമാണു്. ഇങ്ങനെ ജീവജാലങ്ങളും സസ്യജാലങ്ങളും ആത്മരക്ഷയ്ക്കുവേണ്ടി വായുവിനെ അന്യോന്യം മാറി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കു പുറമേ വായുവിൽ അല്പം നീരാവിയുമുണ്ടു്. നീരാവി അധികമായാൽ വായു ഈൎപ്പമുള്ളതായിരിക്കും. മഴക്കാലത്തെ വായുവിന്നു് ഈൎപ്പം കൂടുതലുള്ളതായികാണാം. നേരേമറിച്ചു ശീതകാലത്തെ വായു ശുഷ്കമായും ഇരിക്കും. ഇവയെല്ലാം പുറമെ വായുവിൽ അദൃശ്യങ്ങളായ അനേകം പരമാണുക്കളും ഉണ്ടു്. ഒരു ചെറിയ സുഷിരത്തിൽക്കൂടിവരുന്ന സൂൎയ്യന്റെ വെളിച്ചത്തിൽ ഇവയെ കണ്ടറിയുവാൻ സാധിക്കും. മേൽപ്പുരയിലുള്ള സുഷിരങ്ങളിൽക്കൂടി വരുന്ന വെയിലിൽ ഇത്തരം പരമാണുക്കളെ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ഇവ വൃഷ്ടിപാതം, മൂടൽമഞ്ഞു് ഇത്യാദികൾക്കു് ആവശ്യമാണു്.

വായു കണ്ണുകൊണ്ടു് അദൃശ്യമാണെങ്കിലും അതു ചലിക്കുമ്പോൾ നമുക്കു് അനുഭവവേദ്യമാകുന്നു. നാം കൈകൾ വീശുമ്പോൾ വായു അവയെ അല്പമൊന്നു തടുക്കുന്നതായി നമുക്കു അനുഭവപ്പെടുന്നു. നാം ഒരു കടലാസിന്റെ തുണ്ടു് കീഴോട്ടിടുമ്പോൾ അതു തൽക്ഷണം ഭൂമിയിൽ വന്നു വീഴുന്നില്ല. വായു അതിനെ തടുക്കുന്നു. വായുവിന്റെ ഈ സഹജമായ പ്രതിരോധശക്തി (Resistance) കൊണ്ടാണു് നമുക്കു വിമാനങ്ങൾ വായുമണ്ഡലത്തിൽ പറപ്പിക്കുവാൻ സാധിക്കുന്നതു്.

ഇങ്ങനെ, വായുമണ്ഡലം ജീവജാലങ്ങളുടേയും മററും ജീവിതത്തെ സാരമായി ബാധിക്കുന്നു.

### ശീതോഷ്ണസ്ഥിതിയും കാലാവസ്ഥയും

ഭൂമിയുടെ ഉപരിതലത്തിനു കിട്ടുന്ന ചൂടു് മിക്കവാറും സൂര്യനിൽനിന്നാണു്, എന്നാൽ, സൂര്യരശ്മികൾ ഭൂമിയിൽ എല്ലാ ഭാഗത്തും ഒരുപോലെയല്ല പതിക്കുന്നതെന്നു മേഖലാവിഭാഗത്തിൽ പഠിച്ചുവല്ലോ. സൂര്യരശ്മികൾ ലംബമായി പതിക്കുന്ന ഉഷ്ണമേഖലകളിൽ ഉഷ്ണം കൂടിയും, മററു പ്രദേശങ്ങളിൽ അവ ചാഞ്ഞു പതിക്കുന്നതുകൊണ്ടു് ഉഷ്ണം കുറഞ്ഞും ഇരിക്കും.

ഈ ചൂടിനെ അളക്കുവാൻ ഒരു യന്ത്രമുണ്ടു്. അതിനു് 'ഉഷ്ണമാപിനി'യന്ത്രം (Thermometer) എന്നു പറയുന്നു. അതിൽ ഗ്ലാസ്സുകൊണ്ടു് ഒരു കുഴലും അതിനുള്ളിൽ രസവും ഉണ്ടു്. ഗ്ലാസ്സിന്മേൽ ഡിഗ്രികൾ കാണിക്കുന്ന വരകൾ ഉണ്ടു്. കുഴലിനകത്തുള്ള രസം ചൂടുകൂടുമ്പോൾ വികസിച്ചു പൊങ്ങുകയും ചൂടുകുറയുമ്പോൾ താഴുകയും ചെയ്യും. അന്തരീക്ഷത്തിലെ വായുവിൻെറ ശീതോഷ്ണസ്ഥിതി അനുസരിച്ചായിരിക്കും ഇതിൻെറ വികാസവും സങ്കോചവും. ഇതിൻെറ സഹായത്തോടുകൂടി നമുക്കു് ഓരോ ദിവസവും ഏററവും കൂടിയ ചൂടും കുറഞ്ഞചൂടും അറിയുവാൻ സാധിക്കും. അവയുടെ ശരാശരിയാണു് (ആവറേജ്) ശരാശരി ശീതോഷ്ണസ്ഥിതി. ഓരോ ദിവസത്തേയും ശരാശരി കണ്ടു കൂട്ടി മാസിക ശരാശരികളും അവ തമ്മിൽ കൂട്ടി വാഷിക ശരാശരികളും അങ്ങനെ, ഒരു അർദ്ധശതാബ്ദകാലം വാഷിക ശരാശരി

കൾ കൂട്ടിക്കിട്ടുന്നതിൻെറ ശരാശരിയാണ്° ഒരു രാജ്യത്തിൻെറ കാലാവസ്ഥയെ നിണ്ണയിക്കുന്നതിൽ പ്രധാനമായ ഒരു ഘടകം. ഇങ്ങനെ ശീതോഷ്ണസ്ഥിതിയും കാലാവസ്ഥയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നു നമുക്കു കാണാം.

ശീതോഷ്ണസ്ഥിതിയെ കണക്കാക്കുമ്പോൾ അതിന്നു നിദാനമായ വെയിലിൻെറ ചൂടല്ല നാം അളക്കുന്നതു്; ആ വെയിൽകൊണ്ടു° അന്തരീക്ഷത്തിന്നുണ്ടായിട്ടുള്ള ചൂടാണ്° നാം അളക്കേണ്ടതു്. അതുകൊണ്ടു° ഭൂമിയിൽ നിന്ന്° ഏതാണ്ടു° 4 അടി ഉയരത്തിൽ നിഴലിലായി സ്ഥാപിക്കപ്പെട്ട ഉഷ്ണമാപിനി യന്ത്രമേ നമുക്കു ശരിയായ ചൂടിനെ മനസ്സിലാക്കി തരികയുള്ളൂ.

ഈ സൂര്യോഷ്ണം ഭൂമിയേയും വെള്ളത്തേയും ഒരു പോലെയല്ല ചൂടുപിടിപ്പിക്കുന്നതു്. ഭൂമിക്കു വേഗം ചൂടു പിടിക്കും; ആ ചൂടു വേഗത്തിൽ ശമിക്കുകയും ചെയ്യും. എന്നാൽ വെള്ളത്തിന്നു വേഗം ചൂടുപിടിക്കുകയില്ല; പിടിച്ചാൽ അത്രവേഗം വിടുകയുമില്ല. തെളിവുള്ള ദിവസങ്ങളിൽ കരഭാഗത്തു് പകൽ ശക്തിയായ ചൂട്° അനുഭവപ്പെടുന്നു; എന്നാൽ, ആ ചൂട്° രാത്രിയിലില്ല. വായുവിന്നു ചൂടുണ്ടാകുന്നതു് സൂര്യരശ്മികളുടെ സമ്പക്കം കൊണ്ടും, ചൂടുപിടിച്ച ഭൂമിയിൽനിന്നും ജലത്തിൽനിന്നും വരുന്ന പ്രതിഫലനം (Radiation) കൊണ്ടുമാണ്°.

ഈ ഉഷ്ണത്തെ നിയന്ത്രിക്കുന്നതിൽ സമുദ്രനിരപ്പിൽനിന്നുള്ള ഉയരത്തിന്നു° പ്രധാനമായ ഒരു പങ്കുണ്ടു° ഉഷ്ണമേഖലയിൽപ്പെട്ട ഒരു രാജ്യമാണെങ്കിലും, അതു്

സമുദ്രനിരപ്പിൽനിന്നു് വളരെ പൊങ്ങിയതാണെങ്കിൽ അവിടെ ഉഷ്ണം കറവായിരിക്കും. മേൽപ്പോട്ടുപോകുന്തോറും കൂടുതൽ തണുപ്പു് അനുഭവപ്പെടുന്നു എന്നു് പറയുമ്പോൾ നമുക്കു് അത്ഭുതം തോന്നിയേക്കാം. പക്ഷേ, അതിങ്ങനെയാണു് സംഭവിക്കുന്നതു്. അന്തരീക്ഷത്തിൽ വായുവിന്റെ അട്ടുകകൾ ധാരാളമുണ്ടു്. ഒരുത്തൻ അനേകം കമ്പിളികൾകൊണ്ടു് പുതച്ചുകിടക്കുന്നതുപോലെയാണു് നാം ഈ വായുവിന്റെ അട്ടുകകൾകൊണ്ടു് ആവരണം ചെയ്യപ്പെട്ടിരിക്കുന്നതു്. കമ്പിളികളുടെ സംഖ്യ കുറയുന്തോറും ചൂടു് കുറയുന്നതുപോലെ മേൽപ്പോട്ടുപോകുമ്പോൾ ഈ വായുരൂപമായ അട്ടുകകൾ കുറയുന്തോറും ചൂടു് കുറഞ്ഞുകുറഞ്ഞു വരുന്നു. അതുകൊണ്ടാണു് വേനൽക്കാലത്തു് സമതലപ്രദേശങ്ങളിൽ ഉഷ്ണം അസഹ്യമായിത്തീരുമ്പോൾ ജനങ്ങൾ ഉയരമുള്ള സുഖവാസസ്ഥലങ്ങളിൽ പോയി താമസിക്കുന്നതു്. 300 അടി ഉയരത്തിൽ ഒരു ഡിഗ്രി എന്ന തോതിൽ ചൂടു കുറയുമെന്നാണു് കണക്കാക്കീട്ടുള്ളതു്. സമുദ്രനിരപ്പിൽ 80 ഡിഗ്രി ചൂടുള്ളപ്പോൾ 9000 അടി ഉയരമുള്ള നമ്മുടെ പശ്ചിമഘട്ടത്തിലെ ചില പർവ്വതാഗ്രങ്ങളിൽ (80-30) 50 ഡിഗ്രി ചൂടേ അനുഭവപ്പെടുകയുള്ളു.


ശീതോഷ്ണസ്ഥിതിയെ ആശ്രയിച്ചാണു് കാലാവസ്ഥയുടെ ഘടകങ്ങളായ കാററു്, മഴ എന്നിവ നിലകൊള്ളുന്നതു്. സൂര്യോഷ്ണംകൊണ്ടു് വായുവിനു ചൂടുപിടിക്കുമ്പോൾ അതു ഘനം കുറഞ്ഞു വികസിച്ചു് മേല്പോട്ടുയരുന്നു. ആ പ്രദേശത്തേക്കു് തണുത്ത വായു പ്രവേശിക്കുന്നു. ഇങ്ങിനെയാണു് വായു ചലിച്ചു കാററുണ്ടാ

കുന്നതു്. ഇങ്ങനെ, വായുവിൻെറ അമൎച്ച കുറഞ്ഞ പ്രദേശളിലേക്കു് അമൎച്ച കൂടിയ പ്രദേശങ്ങളിൽനിന്നുള്ള തണുത്ത വായു വീശുന്നു. സൂൎയ്യൻെറ ചൂടു് ഏററവും കൂടുതലുള്ള ഭൂമദ്ധ്യരേഖാപ്രദേശത്തെ വായുവിന്നു അമൎച്ച കുറഞ്ഞു് മേല്പോട്ടുയരുമ്പോൾ അവിടെ ഒരു നിവാതപ്രദേശം (Belt of Calms) ഉണ്ടാകുന്നു. അതിന്നഭിമുഖമായി തെക്കും വടക്കുമുള്ള മിതോഷ്ണമേഖലകളിലെ തണുത്ത വായു മദ്ധ്യരേഖയ്ക്കഭിമുഖമായി വീശുന്നു. ഭൂഭ്രമണശക്തികൊണ്ടു്, വടക്കുനിന്നും തെക്കുനിന്നും വീശുന്ന ഈ കാററുകൾ വടക്കുകിഴക്കുനിന്നും തെക്കുകിഴക്കുനിന്നും വരുന്നതായിട്ടാണു് നമുക്കു് തോന്നുക. ഉല്പത്തിസ്ഥാനത്തെ അനുസരിച്ചാണു് കാററുകൾക്കു് പേരുകൾ കൊടുത്തിട്ടുള്ളതു്. അങ്ങനെ, ഉഷ്ണമേഖലയിൽ വടക്കുകിഴക്കനെന്നും തെക്കുകിഴക്കനെന്നും രണ്ടു കാററുകൾ വീശുന്നുണ്ടു്. ഇവ കാലഭേദം കൂടാതെ എന്നും വീശുന്നു.

ഈ കിഴക്കൻ കാററുകളുടെ ഉല്പത്തിസ്ഥാനമായ തെക്കും വടക്കുമുള്ള മിതോഷ്ണമേഖലയിലെ 30 ഡിഗ്രിക്കും 40 ഡിഗ്രിക്കും മദ്ധ്യേയുള്ള പ്രദേശങ്ങളിൽനിന്നു തന്നെ ധ്രുവാഭിമുഖമായി മറെറാരു കാററും വീശുന്നുണ്ടു്. അങ്ങനെ, അവിടെയും ഓരോ നിവാതവലയങ്ങളുണ്ടാകുന്നു. വടക്കേ അൎദ്ധഗോളത്തിൽ തെക്കുനിന്നും തെക്കേ അൎദ്ധഗോളത്തിൽ വടക്കുനിന്നുമാണല്ലോ ഇവ ധ്രുവാഭിമുഖമായി വീശുക. പക്ഷെ, ഭൂഭ്രമണശക്തികൊണ്ടു് വടക്കേ അൎദ്ധഗോളത്തിൽ തെക്കുപടിഞ്ഞാറൻ കാററുകളായും തെക്കേ അൎദ്ധഗോളത്തിൽ വടക്കുപടിഞ്ഞാറൻ കാററുകളായുമാണു് തോന്നുക. ഇവയാണു് രണ്ടു പടിഞ്ഞാറൽ കാററുകൾ. ഇവ ദക്ഷിണാൎദ്ധഗോളത്തിൽ 40 ഡിഗ്രിക്കും 50 ഡിഗ്രിക്കും മദ്ധ്യേ കരകളുടെ തടസ്സ

മില്ലാത്തതുകൊണ്ടു് വളരെ ശക്തിയായിട്ടാണു് വീശുന്നതു്. ഇതിൻെറ ശക്തികൊണ്ടു് ആ ഭാഗങ്ങളിൽ സമുദ്രസഞ്ചാരം വളരെ പ്രയാസമുള്ളതാകുന്നുണ്ടു്.

EQU- ഭൂമധ്യരേഖ. CAN ഉത്തരായനരേഖ.




→ വായുവിൻെറ ചലനം ←

S സൂര്യൻ. CAP- ദക്ഷിണായനരേഖ.

ഇതിനപ്പുറമുള്ള ധ്രുവപ്രദേശങ്ങളിൽ ജനവാസം കുറവായതുകൊണ്ടു് മനുഷ്യരെ സംബന്ധിച്ചിടത്തോളം ഈ പറഞ്ഞ കാററുകൾക്കേ പ്രാധാന്യമുള്ളൂ.

സൂൎയ്യൻ ഭൂമദ്ധ്യരേഖയ്ക്കു നേരെ മുകളിൽ ഉദിക്കുന്ന കാലത്തെ സ്ഥിതിവിശേഷമാണ് മേൽ വിവരിച്ചതു്. സൂൎയ്യൻ വടക്കോട്ടും തെക്കോട്ടും നീങ്ങിക്കാണപ്പെടു മ്പോൾ കാററിന്റെ വലയങ്ങളും അതനുസരിച്ചു നീങ്ങി ക്കൊണ്ടിരിക്കും. ചുരുക്കത്തിൽ കാററ് സൂൎയ്യനെ അനുഗ മിക്കുന്നു; മഴ കാററിനെ അനുഗമിക്കുന്നു. സൂൎയ്യൻ എവി ടെയാണോ, അവിടേക്കാണ് കാററുകളുടെ വലയങ്ങൾ നീങ്ങുക. കാററെവിടെയാണോ, അവിടെയാണ് മഴ യുണ്ടാവുക. ഈ സ്ഥിതിവിശേഷം കാലാവസ്ഥയിലുള്ള വ്യത്യാസങ്ങൾക്കു കാരണമായിത്തീരുന്നു.

ഈ കാററുകൾ നിയമേന എന്നും വീശിക്കൊണ്ടിരി ക്കുന്നതുകൊണ്ടു് ഇവയെ നിയതവാതങ്ങൾ(Prevailing Winds) എന്നു പറയുന്നു. അതുപോലെ ഭൂമിയുടെ എല്ലാഭാഗത്തും ഒരുപോലെ വീശുന്നതുകൊണ്ടു് ഇവയെ ആഗോളവാതങ്ങൾ (Planetary Winds) എന്നും പറ യുന്നു.

ഈ കാററുകൾ തന്നെയാണ് മൺസൂൺ കാററുക ളായി പരിണമിക്കുന്നതു്. അതിന്നുള്ള കാരണം മേൽ പ്രസ്താവിച്ച വിധത്തിൽ സൂൎയ്യന്റെ സ്ഥിതി അനുസരി ച്ചുള്ള വാതവലയങ്ങളുടെ നീക്കമാണ്. ജൂലായി പടം നോക്കുക. സൂൎയ്യൻ ഉത്തരായനരേഖക്കടുത്തുവരുമ്പോൾ വാതവലയങ്ങൾ വടക്കോട്ടു നീങ്ങുന്നു. അപ്പോൾ മദ്ധ്യ രേഖയ്ക്കു് അഭിമുഖമായി വീശുന്ന തെക്കുകിഴക്കൻ കാററു മദ്ധ്യരേഖ കടന്നു തെക്കുപടിഞ്ഞാറൻ മൺസൂൺ കാററു കളായിത്തീരുന്നു. ഭൂമദ്ധ്യരേഖയ്ക്കു് വടക്കുള്ള കാററുക ളെല്ലാം വലത്തോട്ടും തെക്കുള്ള കാററുകളെല്ലാം ഇട ത്തോട്ടും ചാഞ്ഞുകൊണ്ടാണ് വീശുക. ഈ (Ferrels'

Law) എന്ന നിയമം അനുസരിച്ച തെക്കുപടിഞ്ഞാറു നിന്നു വീശുന്ന മൺസൂൺ കാററുകളാണു് ജൂൺ, ജൂലായി, ആഗസ്റ്റ് മാസങ്ങളിൽ ഇന്ത്യയിലെ വേനൽക്കാലത്തു് കേരളക്കരയിലും വടക്കുകിഴക്കൻ അതിർത്തിപ്രദേശങ്ങളിലും സമൃദ്ധിയായി മഴ പെയ്യിക്കുന്നതു്. ഇതുപോലെയുള്ള മഴ ഇക്കാലത്തു് ആഫ്രിക്കയിലും അമേരിക്കയിലും വടക്കേ ഉഷ്ണമേഖലയിൽ കിടക്കുന്ന രാജ്യങ്ങളിലെല്ലാമുണ്ടു്. തെക്കേ അർദ്ധഗോളത്തിൽ അപ്പോൾ ശീതകാലമാണു്. മിതോഷ്ണമേഖലയിൽ പടിഞ്ഞാറൻ കാററുകൊണ്ടു് മഴയുണ്ടു്.

മേല്പറഞ്ഞവിധംതന്നെ സൂര്യൻ ദക്ഷിണായന രേഖയ്ക്കടുത്തു വരുമ്പോൾ വാതവലയങ്ങളെല്ലാം തെക്കോട്ടു നീങ്ങി വീശുന്നു. ജനുവരി പടം നോക്കുക. അപ്പോൾ വടക്കേ ഉഷ്ണമേഖലയിൽ മദ്ധ്യരേഖകൾക്കു് അഭിമുഖമായി വീശുന്ന വടക്കു കിഴക്കൻ കാററു്, ഭൂമദ്ധ്യരേഖയിൽനിന്നു തെക്കോട്ടു കടന്നു വടക്കുപടിഞ്ഞാറൻ മൺസൂൺ കാററുകളായി പരിണമിക്കുന്നു. അതു് തെക്കേ അർദ്ധഗോളത്തിൽ ഉഷ്ണമേഖലയിൽകിടക്കുന്ന വടക്കൻ ആസ്ട്രേലിയ, മദ്ധ്യാഫ്രിക്ക, ബ്രസീൽ മുതലായ പ്രദേശങ്ങളിൽ ഉഷ്ണകാലത്തു് മഴ പെയ്യിക്കുന്നു. അക്കാലത്തു തന്നെ വടക്കേ മിതോഷ്ണമേഖലയിൽ പടിഞ്ഞാറൻ കാററുകളെക്കൊണ്ടു് ശീതകാലത്തെ മഴയും ഉണ്ടാകുന്നു.

ഇങ്ങനെ വേനല്ക്കാലത്തു് മഴ, ശീതകാലത്തു് മഴ, എല്ലാക്കാലത്തും മഴ എന്നീ കാലാവസ്ഥയിലുള്ള വ്യത്യാസങ്ങളെല്ലാംകാററിൻെറ ഗതിവിഗതികളെക്കൊണ്ടാണു് ഉണ്ടാകുന്നതു്, അതിന്നുള്ള നിദാനം സൂര്യോഷ്ണവുമാണു്.

## സമുദ്ര ജല പ്രവാഹങ്ങൾ

സൂര്യോഷ്ണംകൊണ്ടു് ചൂടുപിടിച്ച വായു വികസിച്ചുയൻ കാററായി പ്രവഹിക്കുന്നതുപോലെ, സമുദ്രജലവും ചൂടുപിടിച്ചു വികസിച്ചു പ്രവഹിക്കുന്നുണ്ടു്. ഉഷ്ണമേഖലകളിലുള്ള സമുദ്രങ്ങളിലെ ജലം ചൂടേററു വികസിച്ചു സമുദ്രത്തിന്റെ ഉപരിഭാഗത്തുകൂടി ധ്രുവാഭിമുഖമായി ശീതപ്രദേശങ്ങളിലേക്കു പ്രവഹിക്കുന്നു. അപ്പോൾ ആ കുറവു് നികത്തുവാൻവേണ്ടി ശീതപ്രദേശങ്ങളിൽനിന്നു് മദ്ധ്യരേഖയ്ക്കു് അഭിമുഖമായി സമുദ്രത്തിന്റെ അടിഭാഗത്തുകൂടി ശീതജലപ്രവാഹവും ഒഴുകുന്നു. ഇതു വടക്കേ അർദ്ധഗോളത്തിലും തെക്കേ അർദ്ധഗോളത്തിലും എപ്പോഴും നടക്കുന്ന സംഗതിയാണു്. കാററിന്റെ ഗതിക്കു ഭൂഭ്രമണംകൊണ്ടു് മാററം വരുന്നതുപോലെ ജലപ്രവാഹ ഗതിക്കും അതേതരത്തിലുള്ള മാററം സംഭവിക്കുന്നു. കാററിന്റെ ഗതിയെ പർവ്വതങ്ങളുടെ കിടപ്പു് നിയന്ത്രിക്കുന്നതുപോലെ ജലപ്രവാഹങ്ങളുടെ ഗതിയെ കരയുടെ കിടപ്പ് സാരമായി ബാധിക്കുന്നുണ്ടു്. ഇങ്ങനെ, വടക്കേ അർദ്ധഗോളത്തിൽ മദ്ധ്യരേഖാപ്രദേശത്തുനിന്നു് പുറപ്പെടുന്ന ഉഷ്ണജലപ്രവാഹത്തിന്റെ ശാഖയാണു് ശാന്തസമുദ്രത്തിൽ ജപ്പാൻ ദ്വീപുകൾക്കടുത്തും വടക്കേ അമേരിക്കയുടെ പടിഞ്ഞാറേ തീരത്തിന്നടുത്തുമുള്ള കൊറോസിവൊ പ്രവാഹവും, അത്ലാന്തിക് സമുദ്രത്തിൽ വടക്കോട്ടൊഴുകി ബ്രിട്ടീഷ് ദ്വീപുകൾ, യൂറോപ്പിന്റെ പടിഞ്ഞാറേക്കര, ഇവയ്ക്കടുത്തുകൂടി ഒഴുകുന്ന ഗൾഫ്സ്ട്രീമും. അതേ സമയം തന്നെ ആർട്ടിക് സമുദ്രത്തിൽനിന്നുള്ള ശീതജലപ്ര

വാഹം ഗ്രീൻലൻഡിൻെറ കിടപ്പുകൊണ്ടു് രണ്ടു ശാഖകളായി പിരിഞ്ഞു തെക്കോട്ടം ഒഴുകുന്നു. തെക്കെ അർദ്ധഗോളത്തിലും ഇതേ രീതിയിൽ ഭൂമദ്ധ്യപ്രദേശങ്ങളിൽനിന്നുള്ള ഉഷ്ണജലപ്രവാഹം അനേകം ശാഖകളായി ആസ്ത്രേലിയായുടേയും ആഫ്രിക്കയുടേയും തെക്കെ അമേരിക്കയുടേയും കിഴക്കെ തീരങ്ങളിൽക്കൂടി തെക്കോട്ടൊഴുകുന്നു. അതേസമയംതന്നെ, അൻറാർട്ടിക്ക സമുദ്രത്തിൽനിന്നുള്ള ശീതജലപ്രവാഹം ഭിന്നശാഖകളായി പിരിഞ്ഞു് ഈ വൻകരകളുടെ പടിഞ്ഞാറേ തീരത്തുകൂടി വടക്കോട്ടം ഒഴുകുന്നു, അവയാണു് തെക്കുപടിഞ്ഞാറേ ആസ്ത്രേലിയൻ പ്രവാഹം, ബാങ്കചാല്ലാ പ്രവാഹം, പെറുവിയൻ പ്രവാഹം എന്നിവ. ശീതപ്രവാഹത്തിന്നടുത്തുള്ള പ്രദേശങ്ങളിൽ ശൈത്യവും ഉഷ്ണപ്രവാഹത്തിന്നടുത്തുള്ള പ്രദേശങ്ങളിൽ ഉഷ്ണവും കൂടുതൽ അനുഭവപ്പെടുന്നതുകൊണ്ടു് ഈ പ്രവാഹങ്ങൾ കാലാവസ്ഥയെ സാരമായി ബാധിക്കുന്നവയാണു്. ഇംഗ്ലണ്ടു്, ജപ്പാൻ എന്നീ രാജ്യങ്ങളിലെ തണുപ്പിന്നു്, അടുത്തുള്ള ഉഷ്ണജലപ്രവാഹങ്ങൾ നിമിത്തം വളരെ ശമനം കിട്ടുന്നുണ്ടു്. ശീതജലപ്രവാഹവും ഉഷ്ണജലപ്രവാഹവും കൂടി ഒന്നിച്ചുചേരുന്ന സ്ഥലങ്ങളിൽ ശക്തിയായ മൂടൽമഞ്ഞുണ്ടാകും. കപ്പലുകളിൽ യാത്രചെയ്യുന്നവക്കു് അന്യോന്യം കാണുവാൻ സാധിക്കുകയില്ല. അങ്ങനെ, കപ്പലുകൾ തമ്മിൽ കൂട്ടിമുട്ടി വലിയ നാശങ്ങൾ അവിടങ്ങളിൽ സംഭവിക്കുവാനിടയുണ്ടു്.

കാലാവസ്ഥയെ നിശ്ചയിക്കുന്നതായ ഘടകങ്ങൾ താഴെ പറയുന്നവയാണു്. (1) ഭൂമദ്ധ്യത്തിൽനിന്നുള്ള അകലം. (2) പവ്വതങ്ങളുടെ കിടപ്പു്. (3) കാററു

കളുടെ ഗതി. (4) സമുദ്രസാമീപ്യം. (5) സമുദ്രനിരപ്പിൽനിന്നുള്ള ഉയരം. ഇവയെല്ലാം ശീതോഷ്ണസ്ഥിതിയേയും ശീതോഷ്ണസ്ഥിതി ഇവയേയും സാരമായി ബാധിക്കുന്നു. അതുകൊണ്ട്, ശീതോഷ്ണസ്ഥിതി കാലാവസ്ഥയുടെ പ്രധാന നിർണ്ണായക ഘടകമാണ്.

## ശീതോഷ്ണസ്ഥിതിയും സസ്യജാലങ്ങളും

സൂര്യൻെറ പ്രകാശവും ചൂടും സസ്യങ്ങളുടെ വളർച്ചയ്ക്കു് അത്യാവശ്യമാണ്. അവയുടെ തോതനുസരിച്ച് സസ്യങ്ങളുടെ വളർച്ച കൂടിയും കുറഞ്ഞും ഇരിക്കും. സസ്യങ്ങളുടെ വളർച്ചയ്ക്കു് അത്യാവശ്യമായ മറ്റൊന്നു മഴയാണ്. മഴ സൂര്യോഷ്ണത്തെ ആശ്രയിച്ചാണല്ലോ നില്ക്കുന്നതു്. സൂര്യോഷ്ണവും വർഷപാതവും സമൃദ്ധിയായുള്ള പ്രദേശങ്ങളിലാണ് സസ്യങ്ങൾ നല്ലവണ്ണം വളരുന്നതു്. ഇവ രണ്ടും ധാരാളമുള്ള മദ്ധ്യരേഖാപ്രദേശത്തും ഉഷ്ണമേഖലയിലെ മൺസൂൺ പ്രദേശങ്ങളിലുമാണ് ലോകത്തിലുള്ള വൻകാടുകളെല്ലാം ഉള്ളതു്. ഈ പ്രദേശങ്ങളിൽ മാത്രമേ പൊക്കവും വണ്ണവും ധാരാളമുള്ള വൃക്ഷങ്ങൾ കാണുകയുള്ളു. ഭൂമദ്ധ്യരേഖയിൽനിന്ന് ധ്രുവങ്ങളോടടുക്കുംതോറും സസ്യങ്ങളുടെ ഉയരവും വണ്ണവും പ്രായേണ കുറയുന്നതായി കാണാം.

കാലാവസ്ഥയേയും ഉല്പന്നങ്ങളേയും അനുസരിച്ചിരിക്കും ജീവജാലങ്ങൾ. ധാന്യങ്ങൾ ധാരാളം കൃഷിചെയ്യുന്നിടത്തെല്ലാം പലതരത്തിലുള്ള പക്ഷികളെ കാണാം. അവയുടെ ആഹാരം ധാന്യമാണ്. സിംഹം, പുലി, കരടി, ചെന്നായ മുതലായ കാട്ടുമൃഗങ്ങളെ അതിഗഹനങ്ങളായ വനപ്രദേശങ്ങളിൽ ഉള്ളിടത്തു മാത്രമേ കാണുക

യുള്ളു. അവ മററു ജീവജാലങ്ങളെ കൊന്നു തിന്നുന്ന തുകൊണ്ടു് ആത്മരക്ഷയ്ക്കുവേണ്ടി ഗഹനങ്ങളായ വനങ്ങൾ അവയ്ക്കു് താമസത്തിന്നത്യാവശ്യമാണു്. ശാഖോപശാഖകളായി പിരിഞ്ഞു പന്തലിച്ചു നില്ക്കുന്ന വന്മരങ്ങളുള്ള പ്രദേശങ്ങളിലേ കുരങ്ങുകളെ സാധാരണയായി കാണുകയുള്ളു. ശാഖാചംക്രമണം അവയ്ക്കു സ്വഭാവസിദ്ധമായിട്ടുള്ളതാണു്. ഒട്ടകങ്ങളെ മരുഭൂമികളിലേ കാണുകയുള്ളു; മററു പ്രദേശങ്ങളിൽ കൊണ്ടുവന്നേ കാണുവാൻ സാധിക്കുകയുള്ളു. പുൽപ്രദേശങ്ങളിൽ ആട്ടുമാട്ടുകളെ കാണാം. ഇങ്ങനെ, പക്ഷിമൃഗാദികളും ജലജീവികളും അതാതു പ്രദേശത്തെ സ്വഭാവവും ഉല്പന്നങ്ങളുമനുസരിച്ചാണു് കാണപ്പെടുന്നതു്.

മേല്പറഞ്ഞ മൂന്നു സംഗതികളുമനുസരിച്ചായിരിക്കും മനുഷ്യരുടെ ജീവിതവും തൊഴിലുകളും. വനപ്രദേശങ്ങളിലുള്ളവരുടെ തൊഴിൽ നായാട്ടായിരിക്കും. ആത്മരക്ഷയ്ക്കുവേണ്ടി അതു് അവക്കു് ചെയ്യാതെ നിവൃത്തിയില്ല. അതുപോലെ തടികൾ വെട്ടി ശേഖരിക്കുകയും അവർ ചെയ്യുന്നു. സമതലപ്രദേശങ്ങളിൽ സൂര്യോഷ്ണവും വർഷപാതവും ധാരാളമുള്ളിടത്തു് ജനങ്ങളുടെ തൊഴിൽ കൃഷിയായിരിക്കും. കടലോരങ്ങളിൽ താമസിക്കുന്നവരുടെ തൊഴിൽ മത്സ്യബന്ധനമായിരിക്കും. പുൽപ്രദേശങ്ങൾ ധാരാളമുള്ളിടത്തു് ആട്ടുമാട്ടുകളെ വളത്തലും ക്ഷീരവ്യാപാരവുമായിരിക്കും തൊഴിൽ. ഇങ്ങനെ പരിതഃസ്ഥിതികൾ അനുസരിച്ചാണു് മനുഷ്യർ ഉപജീവനമാർഗ്ഗം തേടുന്നതു്.

കാലാവസ്ഥയനുസരിച്ചു മനുഷ്യരുടെ ജീവിതരീതിക്കും സ്വഭാവത്തിന്നും മാററങ്ങളുണ്ടു്. ഉഷ്ണപ്രദേശ

ങ്ങളിൽ ഉള്ളവരുടെ ഉടുപ്പു വളരെ പരിമിതമായിരിക്കും. എന്നാൽ, ശീതപ്രദേശങ്ങളിൽ ഘനമുള്ള കമ്പിളിവസ്ത്രങ്ങളെക്കൊണ്ടു ശരീരം ആവരണംചെയ്യേണ്ടതുണ്ടു്. ശീതപ്രദേശങ്ങളിലുള്ളവക്കു് എളുപ്പത്തിൽ ക്ഷീണം ബാധിക്കാതിരിക്കുന്നതുകൊണ്ടു് അവർ കൂടുതൽ പ്രയത്നശീലമുള്ളവരായിരിക്കും.

ഇങ്ങനെ, ശീതോഷ്ണസ്ഥിതി കാലാവസ്ഥയേയും, അവ രണ്ടും സസ്യസമൃദ്ധിയേയും, അവ മൂന്നും ജീവജാലങ്ങളേയും, അവ നാലും മനുഷ്യരുടെ ജീവിതത്തേയും നിർണ്ണയിക്കുന്നു. അതുകൊണ്ടു് ഇതിന്നെല്ലാം അടിസ്ഥാനം ശീതോഷ്ണസ്ഥിതിയാണു്. അതിനെ നിയന്ത്രിക്കുന്നതു് സൂര്യനമാണു്.

## ഭൂമിയിലെ പ്രകൃതി വിഭാഗങ്ങളും ജീവിതരീതിയും

കഴിഞ്ഞ അദ്ധ്യായത്തിൽ ശീതോഷ്ണസ്ഥിതിയും കാലാവസ്ഥയും സസ്യോല്പന്നങ്ങളും, ജീവജാലങ്ങളും മനുഷ്യരും, അവരുടെ ജീവിതരീതിയും തമ്മിൽ അഭേദ്യമായ പരസ്പര ബന്ധമുണ്ടെന്നു് സൂചിപ്പിച്ചുവല്ലോ. ഈ പരസ്പരബന്ധം ഭൂമിയുടെ വിവിധഭാഗങ്ങളിൽ എത്രത്തോളം പ്രത്യക്ഷപ്പെടുന്നുവെന്നു് പരിശോധിക്കാം. കാലാവസ്ഥയും അതിൻെറ ഫലമായ ഉല്പന്നങ്ങളും അനുസരിച്ചു് ഭൂമിയെ മേഖലാടിസ്ഥാനത്തിൽ ഉഷ്ണമേഖലയിൽ നാലും മിതോഷ്ണമേഖലയിൽ അഞ്ചും ശീതമേഖലയിൽ രണ്ടും എന്നിങ്ങനെ 11 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ടു്. അവ താഴെ ചേക്കുന്നു.

ഉഷ്ണമേഖല

(1) മദ്ധ്യരേഖാ പ്രദേശങ്ങൾ, (2) ഉഷ്ണമേഖലയിലെ സുഡാൻ മാതൃകാ പ്രദേശങ്ങൾ, (3) മൺസൂൺ പ്രദേശങ്ങൾ, (4) ഉഷ്ണ മരുഭൂമികൾ.

മിതോഷ്ണമേഖല

(5) മദ്ധ്യധരണി പ്രദേശങ്ങൾ, (6) ചൈനാ മാതൃകയിലുള്ള വനങ്ങൾ, (7) മിതോഷ്ണ മേഖലാ മരുഭൂമികൾ, (8) മിതോഷ്ണ മേഖലാ പുൽപ്രദേശങ്ങൾ, (9) ഇലകൊഴിയും കാടുകൾ.


ശീതമേഖല

(10) സൂചിയിലക്കാടുകൾ, (11) ടൺഡ്രാ ശീത മരുഭൂമികൾ, ഈ വിധത്തിലുള്ള കാലാവസ്ഥയും വിളവുകളും ഭൂമദ്ധ്യരേഖയ്ക്കു് ഇരുവശവും രണ്ടർദ്ധഗോളങ്ങളിലും ഒരുപോലെ കാണാം.

1. ഭൂമദ്ധ്യരേഖാ പ്രദേശങ്ങൾ

ഭൂമദ്ധ്യരേഖയ്ക്കു് 5 ഡിഗ്രി വടക്കും തെക്കും ഉള്ള ഭൂഭാഗങ്ങളാണു് ഇവയിൽ അടങ്ങിട്ടുള്ളതു്. ആമസോൺ നദീതടം, കോങ്ഗോ തടം, മദ്ധ്യാഫ്രിക്ക, പൂർവ്വേന്ത്യാ ദ്വീപുകൾ എന്നീ പ്രദേശങ്ങളാണു് ഭൂമദ്ധ്യത്തിലായി കിടക്കുന്നതു്. ഇവിടെ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതുകൊണ്ടു് എന്നും അത്യുഷ്ണമാണു്, ഈ ചൂടുകൊണ്ടു് ഇവിടെയുള്ള വായു വികസിച്ചു് ഘനം

കുറഞ്ഞു് മേല്പോട്ടുയരുന്നു. സമുദ്രങ്ങളിൽനിന്നുള്ള നീരാവി അടങ്ങിയതുകൊണ്ടു് ഇതു വീണ്ടും ഘനം



കുറഞ്ഞു് അന്തരീക്ഷത്തിൽ വളരെ ദൂരം മേല്പോട്ടു പൊങ്ങി അവിടെയുള്ള തണുപ്പു തട്ടി ആ നീരാവി മഴയായി പെയ്യുന്നു. ഈ മഴയ്ക്കു് പർവ്വതങ്ങളുടെ സഹായം ആവശ്യമില്ല. ഇതിന്നു് ഉച്ചലിതവൃഷ്ടി എന്നു പറയുന്നു. ഇങ്ങനെയുള്ള മഴ എല്ലാക്കാലത്തും ഈ പ്രദേശങ്ങളിൽ പെയ്യുന്നു. പകലൊക്കെ നല്ല വെയിലും ചൂടും ഉണ്ടു്. വൈകുന്നേരമായാൽ അന്തരീക്ഷത്തിന്റെ വിധമെല്ലാം മാറും. മേഘങ്ങൾ വന്നു നിറയുന്നു. ഇടി, മിന്നൽ, ശക്തിയായ മഴ ഇതെല്ലാം സംഭവിക്കുന്നു. അതു രാത്രി കുറേനേരത്തേക്കുണ്ടാകും. കാലത്തു് വീണ്ടും ആകാശം തെളിഞ്ഞുകാണാം. ഇങ്ങനെ മിക്കവാറും കൊല്ലത്തിൽ എല്ലാ ദിവസവും മഴയും വെയിലും സമൃദ്ധിയായി കിട്ടുന്ന ഒരു പ്രദേശമാണിതു്. അതുകൊണ്ടു് അവിടെ സസ്യങ്ങളുടെ വളർച്ച നല്ലവണ്ണമുണ്ടു്, ഗഹനങ്ങളായ വനങ്ങൾ എല്ലാം ഈ പ്രദേശങ്ങളിലാണു്. അവയിലുള്ള വൃക്ഷങ്ങൾക്കു നല്ല വണ്ണവും പൊക്കവുമുണ്ടായിരിക്കും. വനങ്ങൾ ഗഹനങ്ങളാകകൊണ്ടു് അവിടങ്ങളിൽ കാട്ടുമൃഗങ്ങളായ സിംഹം, പുലി, കരടി, ചെന്നായ, ആന, കുരങ്ങു് മുതലായ മൃഗങ്ങളെ ധാരാളം കാണാം. എന്നും മഴയുള്ളതുകൊണ്ടു നദികളിൽ വെള്ളത്തിന്നു ക്ഷാമമില്ല. കാടുകളിലെ മരങ്ങളിൽ എന്നും പച്ചിലകൾ കാണാം. മഴനിമിത്തം അവയ്ക്കു് ഉണക്കം തട്ടുന്നില്ല. അതുകൊണ്ടു് അവയെ പച്ചിലക്കാടുകൾ എന്നും പറയുന്നു. കാടുകൾ ചിലേടത്തു് വെട്ടിത്തെളിയിച്ചു് മനുഷ്യർ കൃഷിചെയ്യുന്നു.

ഈ കാടുകൾ തോട്ടകൃഷിക്കു് പററിയ പ്രദേശങ്ങളാണു്. റബ്ബർ, തെങ്ങു്, കൊയിന, കൊക്കൊ മുതലാ

യവ കൃഷിചെയ്യപ്പെടുന്നു. ഭക്ഷ്യപദാൎത്ഥങ്ങളേക്കാൾ അധികം വാണിജ്യപദാൎത്ഥങ്ങളാണ് ഇവിടെ ഉണ്ടാകുന്നതു്. അത്യുഷ്ണവും അതിവർഷവും ഉള്ളതായ ഇവിടത്തെ കാലാവസ്ഥ സുഖകരമല്ല. അതുകൊണ്ടു് പ്രയത്നശീലരായ ചില കാടരെമാത്രമേ ഈ പ്രദേശങ്ങളിൽ പ്രായേണ കാണുകയുള്ളു. അവർ നായാട്ടുകൊണ്ടു് ഉപജീവിക്കുന്നു.

2. ഉഷ്ണമേഖലയിലെ പുൽപ്രദേശങ്ങൾ

അഥവാ സാവന്നകൾ

മദ്ധ്യരേഖാപ്രദേശങ്ങളുടെ വടക്കും തെക്കും രണ്ടു് അൎദ്ധഗോളങ്ങളിലും പുൽപ്രദേശങ്ങൾ കാണപ്പെടുന്നു. മഴ വളരെ കുറവാണ്. വരൾച്ചയുള്ള മാസങ്ങളാണ് അധികവും. പുല്ലു് ധാരാളം വളരുന്നു. മഴയുള്ള ഭാഗങ്ങളിൽ വൃക്ഷങ്ങളുണ്ടു്. ഇവിടെ കാററ് വളരെ ശക്തിയോടെവീശുന്നു. അതും സസ്യങ്ങളുടെ വളൎച്ചക്കു് സഹായകമല്ല. കുരങ്ങുകൾ, മാൻ, ജിറാഫ്, വരയൻകുതിര എന്നിവയും അവയെ തിന്നുന്ന സിംഹം, പുലി എന്നീ ക്രൂരമൃഗങ്ങളും ഇവിടെയുണ്ടു്. പുൽപ്രദേശങ്ങൾ ധാരാളമാണെങ്കിലും അതു തിന്നുന്നതിന്നു് മൃഗങ്ങൾക്കു് സൈ്വരംകിട്ടുന്നില്ല; അപ്പോഴേക്കും ക്രൂരമൃഗങ്ങളെ കണ്ടു് പേടിച്ചോടേണ്ടതായിവരുന്നു. അതുകൊണ്ടു്, ഇവിടെയുള്ളവരുടെ തൊഴിൽ ഈ ക്രൂരമൃഗങ്ങളെ നായാടികൊല്ലുകയും ആടുമാടുകളെ വളൎത്തലുമാണ്. ഇങ്ങനെയുള്ള പ്രദേശങ്ങൾ ആസ്ത്രേലിയായിലെ വടക്കുഭാഗത്തും ദക്ഷിണഅമേരിക്കയിൽ ബ്രസീലിലും ഉണ്ടു്.

3. മൺസൂൺപ്രദേശങ്ങൾ.

ഇന്ത്യയിൽ അധികം ഭാഗവും മൺസൂൺ പ്രദേശങ്ങളാണ്. ഇവിടെയുണ്ടാകുന്ന സ്വാഭാവികോല്പന്നങ്ങൾ തന്നേയാണ് ഈ കാലാവസ്ഥയുള്ള ലോകത്തിലെ മററുരാജ്യങ്ങളിലും കാണുന്നതു്. ഇവിടെ തേക്കു്, സാൽ മുതലായ വൻമരങ്ങൾ വളരുന്നു. അനേകം മുള്ളുള്ള മരങ്ങളും ഇവിടെ കാണപ്പെടുന്നു. മൺസൂൺ കാടുകൾ മദ്ധ്യരേഖാവനങ്ങളെപ്പോലെ വൃക്ഷനിബിഡങ്ങളല്ല. അവയെ എളുപ്പത്തിൽ വെട്ടിത്തെളിക്കാം. തെങ്ങു്, വാഴ, നെല്ലു്, തിനവർഗ്ഗങ്ങൾ, കരിമ്പു്, തേയില, പരുത്തി, ചണം, കാപ്പി, കുരുമുളകു് എന്നിവയെല്ലാം ഈ പ്രദേശങ്ങളിൽ കൃഷിചെയ്തുണ്ടാക്കുന്നു. ഉത്തരചൈനയും ജപ്പാനും മൺസൂൺകാററുകൾ അനുഭവിക്കുന്ന പ്രദേശങ്ങളാണെങ്കിലും അവ മിതോഷ്ണമേഖലയിലാണ് സ്ഥിതിചെയ്യുന്നതു്. വടക്കെ അമേരിക്കയിൽ മെക്സിക്കൊ, ആഫ്രിക്കയിൽ വടക്കുകിഴക്കേഭാഗം, ആസ്ത്രേലിയായിലെ വടക്കുഭാഗം എന്നീ പ്രദേശങ്ങളിലെല്ലാം മൺസൂൺ കാലാവസ്ഥ അവ്യക്തമായി കാണാം. ഇവയെല്ലാം നല്ല മഴയും ചൂടുമുള്ള പ്രദേശങ്ങളാണ്. ശീതകാലത്തു് മഴ ഇല്ല. കാടുകളിൽ ഇന്ത്യയിലെപ്പോലെ പലതരം മാനുകളേയും കുരങ്ങു്, കാട്ടുപോത്തു്, ആന, സിംഹം, പുലി, നരി എന്നീ മൃഗങ്ങളേയും കാണാം. ഭക്ഷ്യസാധനങ്ങൾ കൃഷിചെയ്യുന്നതിന്നു് സൗകര്യമുള്ള പ്രദേശങ്ങളാകകൊണ്ടു് മൺസൂൺപ്രദേശങ്ങളിൽ താരതമ്യേന ജനസാന്ദ്രത കൂടുതലായിരിക്കും.

4. മരുഭൂപ്രദേശങ്ങൾ

ഉഷ്ണമേഖലയിലും മിതോഷ്ണമേഖലയിലും മരുപ്രദേശങ്ങളുണ്ട്. ഉഷ്ണമേഖലയിലുള്ളവ ആഫ്രിക്കയിലെ സഹാറ, കൽഹാരി, ഏഷ്യയിലെ അറേബിയ, പെർസ്യ, താർ, ആസ്ട്രേലിയായുടെ മദ്ധ്യഭാഗം, വടക്കേ അമേരിക്കയിലെ മെക്സിക്കൊ, തെക്കേ അമേരിക്കയിലെ അത്തക്കാമ എന്നിവയാണ്. അയന രേഖകൾക്കടുത്ത് മഴനിഴൽ പ്രദേശങ്ങളിലായിട്ടാണ് ഇവ സ്ഥിതിചെയ്യുന്നത്. മിതോഷ്ണ മേഖലയിൽ ഗോബി മരുഭൂമിയും വടക്കേ അമേരിക്കയിലെ കൊളറാഡൊ മരുഭൂമിയും തെക്കേ അമേരിക്കയിലെ പററഗോണിയാ മരുഭൂമിയുമുണ്ട്. ഇവിടങ്ങളിലെ കാലാവസ്ഥ ഉഷ്ണകാലത്ത് അത്യുഷ്ണവും ശീതകാലത്ത് അതിശൈത്യവുമാണ്. മഴ തീരെ ഇല്ല. വെള്ളം കിട്ടാവുന്ന മരുപ്പച്ചകളിൽ ഈന്തപ്പനകളും പുൽത്തകിടികളും കാണാം. അവ മാത്രമേ ജനവാസയോഗ്യമായുള്ളു. ഈ മരുപ്രദേശങ്ങളിൽ സസ്യങ്ങൾ വളരുകയില്ലെങ്കിലും ഇവ ലോഹസമ്പത്തിന് ശ്രുതിപ്പെട്ടവയാണ്. തെക്കേ അമേരിക്കയിലെ അത്തക്കാമയിൽനിന്ന് പല ധാതുക്കളും കുഴിച്ചെടുക്കുന്നുണ്ട്. അറേബിയ, പെർഷ്യ എന്നിവിടങ്ങളിലെ മരുഭൂമികൾ എണ്ണ കുഴിച്ചെടുക്കുന്ന പ്രദേശങ്ങളാണ്. നൈൽ, നൈജർ എന്നീ നദികളിൽ അണകെട്ടി വെള്ളം ശേഖരിച്ച് ജലസേചനംചെയ്ത് സഹാറാ മരുഭൂമിയെ കൃഷിക്കുപയോഗപ്പെടുത്തുവാൻ ആലോചനയുണ്ട്. ഈജിപ്ത് എന്ന രാജ്യം നൈൽ നദിയില്ലായിരുന്നുവെങ്കിൽ വെറും ഒരു മരുഭൂമിയായിത്തീരുമായിരുന്നു. ജലസേചനംകൊണ്ടാണ് അത് സസ്യസമൃദ്ധമായിത്തീർന്നത്. ഇതുപോലെ,

സഹാറയും മററ് ഉഷ്ണമേഖലാ ഭൂമികളും ജലസേചനം കൊണ്ടു് മനുഷ്യക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മരുഭൂമികളിൽ ഒട്ടകമാണ് പ്രധാനമായ മൃഗം. അവയെ സഞ്ചാരത്തിന്ന് ഉപയോഗപ്പെടുത്തുന്നു.

## മിതോഷ്ണമേഖലയിലെ സ്വാഭാവിക വിഭാഗങ്ങൾ

മദ്ധ്യധരണ്യാഴി പ്രദേശവും ഇറാൻ മാതൃകയിലുള്ള മരുഭൂമികളും ചൈനാ മാതൃകയിലുള്ള വനപ്രദേശവും മിതോഷ്ണമേഖലാ പുൽപ്രദേശങ്ങളും ഇലകൊഴിയും കാടുകളുമാണ് ഈ മേഖലയിലെ പ്രധാനവിഭാഗങ്ങൾ. ഉഷ്ണമേഖലയോടു് അടുത്ത് വൻകരകളുടെ പടിഞ്ഞാറു ഭാഗത്ത് മദ്ധ്യധരണ്യാഴി പ്രദേശവും കിഴക്ക് ചൈനാ മാതൃകയിലുള്ള വനപ്രദേശങ്ങളും മദ്ധ്യഭാഗത്തു പുൽമൈതാനങ്ങളും ധ്രുവപ്രദേശങ്ങളോടു് സമീപിക്കുമ്പോൾ ഇലകൊഴിയും കാടുകളും കാണപ്പെടുന്നു.

### 5. മദ്ധ്യധരണ്യാഴി പ്രദേശങ്ങൾ

തെക്കേ അർദ്ധഗോളത്തിലും വടക്കേ അർദ്ധഗോളത്തിലും 35-ം 45-ം ഡിഗ്രികൾക്കുള്ളിൽ കിടക്കുന്ന വൻകരകളുടെ തെക്കുപടിഞ്ഞാറെ തീരപ്രദേശങ്ങളിലാണ് ഈ കാലാവസ്ഥ അനുഭവപ്പെടുന്നതു്. വേനല്ക്കാലത്തു ചൂടും ശീതകാലത്തു മഴയും ഇവിടെ ഉണ്ടാകുന്നു. സൂര്യന്റെ സാങ്കല്പിക ഗതി അനുസരിച്ച് കാററുകളുടെ മേഖലകൾ മാറുന്നതുകൊണ്ടാണ് ഈ പ്രദേശങ്ങളിൽ ശീതകാലത്തു മഴയുണ്ടാകുന്നതു്. വടക്കേ അമേരിക്കയിലെ കാലിഫോർണിയ, തെക്കെ അമേരിക്കയിലെ

മദ്ധ്യചിലി, യൂറോപ്പിലെ മദ്ധ്യധരണ്യാഴിതീരപ്രദേശങ്ങൾ, സ്പെയിനിൻെറ പടിഞ്ഞാറേ തീരം, ആഫ്രിക്കയുടെ തെക്കും വടക്കും പടിഞ്ഞാറേ അററങ്ങൾ, ആസ്ത്രേലിയായുടെ തെക്കുപടിഞ്ഞാറേ അററം ഇവയാണ് ഈ കാലാവസ്ഥയുള്ള പ്രദേശങ്ങൾ. ഒലീവ്, മുന്തിരി, മധുരനാരങ്ങ എന്നിവ ധാരാളം വളരുന്നു. ഗോതമ്പും ബാർളിയും ചില സ്ഥലങ്ങളിൽ നെല്ലും കൃഷി ചെയ്യപ്പെടുന്നു. പട്ടുനൂൽപുഴുക്കളെ വളർത്തുന്നതിനു് ഉപയോഗപ്പെടുത്തുന്ന മൾബറി വൃക്ഷങ്ങൾ ധാരാളം ഇവിടെയുണ്ടു്. ചിലേടങ്ങളിൽ പരുത്തിയും കൃഷിചെയ്യപ്പെടുന്നു. പട്ടുനൂൽ വ്യവസായം, വീഞ്ഞു നിർമ്മാണ വ്യവസായം, ഒലിവെണ്ണ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കു പ്രസിദ്ധപ്പെട്ടവയാണ് ഈ പ്രദേശങ്ങൾ.

6. ചൈനാമാതൃകയിലുള്ള വനപ്രദേശങ്ങൾ

മിതോഷ്ണമേഖലയിൽ വൻകരകളുടെ പൂർവ്വതീരത്തു ചൈനാ മാതൃകയിലുള്ള പ്രദേശങ്ങൾ കാണപ്പെടുന്നു. പ്രധാനമായി മദ്ധ്യചൈനയിലും വടക്കേ അമേരിക്കയുടെ തെക്കുകിഴക്കേ ഭാഗത്തും ഈ കാലാവസ്ഥയാണ്. ഇവിടങ്ങളിൽ ഉഷ്ണകാലത്തു മഴയും ശീതകാലത്തു ശൈത്യവുമായിരിക്കും. ഇവിടെ വനങ്ങൾ വെട്ടിത്തെളിച്ച് കൃഷി നടത്തുന്നു. ചൈനയിൽനിന്നും നെല്ലും തേയിലയും പട്ടും, അമേരിക്കയിൽനിന്നു കരിമ്പും പുകയിലയും പരുത്തിയും കിട്ടുന്നു. ജനവാസയോഗ്യമായ കാലാവസ്ഥയാകകൊണ്ടു് ഇവിടെ ജനസാന്ദ്രതയുണ്ടു്.

7. മിതോഷ്ണ മേഖലാ പുൽപ്രദേശങ്ങൾ

വടക്കേ അമേരിക്കയിലെ പ്രെയറിയും, തെക്കേ അമേരിക്കയിലെ പമ്പാസും, യൂറേഷ്യയിലെ സ്റ്റെപ്പിയും,

തെക്കേ ആഫ്രിക്കയിലെ വെൽഡും, ആസ്ത്രേലിയായിലെ തെക്കുകിഴക്കുള്ള ഡൗണും ഈ ഇനത്തിൽ പെട്ടവയാണ്. ശീതകാലത്തു മഞ്ഞുകൊണ്ടു മൂടപ്പെട്ടുകിടക്കും. ഉഷ്ണകാലാരംഭത്തിൽ ഈ സ്ഥലങ്ങൾ പുൽമൈതാനങ്ങളായി മാറും. കുതിര, ആടുമാടുകൾ, ചെന്നായ് എന്നീ മൃഗങ്ങൾ ധാരാളമുണ്ട്. ഗോതമ്പുകൃഷിക്കു പ്രസിദ്ധപ്പെട്ട പ്രദേശങ്ങളാണിവ. ആടുമാടുകളിൽനിന്ന് കമ്പിളിയും പാലും മാംസവും ധാരാളം ലഭിക്കുന്നു. അവകൊണ്ടുള്ള വ്യവസായങ്ങളാണ് ഇവിടെയുള്ളവർ ചെയ്യുന്നതു്.

8. ഇലകൊഴിയും കാടുകൾ

യൂറേഷ്യയിലെ മിതോഷ്ണമേഖലയിലെ തണുപ്പുകൂടിയ വടക്കൻപ്രദേശങ്ങളിലാണ് ഈ കാടുകൾ ധാരാളമായുള്ളതു്. ഓക്ക്, എൽമ്, ആഷ്ബീച്ച്, മാപ്പിൾ, ബർച്ച് എന്നീ മരങ്ങൾ സമൃദ്ധിയായി വളരുന്നു. ഈ കാടുകളെല്ലാം വെട്ടിത്തെളിച്ചു കൃഷിക്കുപയോഗിക്കുന്നു. വടക്കേ അമേരിക്കയിൽ കനഡയിലും ഇത്തരം വനങ്ങളുണ്ട്. ഇവയും ക്രമേണ നശിപ്പിച്ചു മേച്ചിൽസ്ഥലങ്ങളായും കൃഷിഭൂമികളായും രൂപാന്തരപ്പെടുത്തീട്ടുണ്ട്. ഗോതമ്പ്, ബാർളി, ഓട്ട്സ്, പെയർ, പ്ലം, ചെറി എന്നിവയാണ് പ്രധാന വിളവുകൾ. ഈ പ്രദേശങ്ങളിൽ കിഴക്കുഭാഗത്തുള്ളവ പടിഞ്ഞാറുഭാഗത്തുള്ളവയേക്കാൾ അല്പം വ്യത്യസ്തമാണ്. അവിടെ ശീതകാലത്തു ശൈത്യവും ഉഷ്ണകാലത്തു ഉഷ്ണവുമുണ്ടായിരിക്കും. ഇവിടങ്ങളിൽ ഇല പൊഴിയുന്ന വൃക്ഷങ്ങളോടുകൂടി സൂചിയിലവൃക്ഷങ്ങളും ഇടകലർന്നു നിൽക്കുന്നതായി കാണാം. ഇവയ്ക്കു പ്രത്യേകമായി ലാറൻഷ്യൻ മാതിരി വനപ്രദേശമെന്നും പറയാറുണ്ട്.

9. ടൺഡ്രാ പ്രദേശങ്ങൾ

ശൈത്യമേഖലയിൽ രണ്ടു പ്രകൃതിവിഭാഗങ്ങളാണു് കണ്ടുവരുന്നതു്. സൂചിയിലക്കാടുകളും ടൺഡ്രാ പ്രദേശങ്ങളും. അൻറാർട്ടിക്കയും, വടക്കേ അമേരിക്കയുടേയും യൂറേഷ്യയുടേയും ധ്രുവപ്രദേശത്തിന്നു തൊട്ടുകിടക്കുന്ന സ്ഥലങ്ങളുമാണു് ശീതമേഖലയിലുള്ളതു്. നീണ്ട രാത്രികളും പകലുകളും ഉള്ള ഈ പ്രദേശങ്ങളിൽ ഒമ്പതു മാസക്കാലവും അതിശൈത്യമായിരിക്കും. ജനവാസം ഇല്ലെന്നുതന്നെ പറയാം. യൂറോപ്പിൽ ലാപ്പ്‌വർഗ്ഗക്കാരും അമേരിക്കയിൽ എസ്കിമോ വർഗ്ഗക്കാരും ഇവിടെ താമസിക്കുന്നു. കൃഷിചെയ്തല്ല ഇവർ ജീവിക്കുന്നതു്. അവിടങ്ങളിൽ കാണുന്ന റെയിൻ ഡിയർ എന്ന ഒരുതരം മാൻ, സീൽ എന്നൊരുതരം മത്സ്യം, വൽറസ് എന്നൊരുതരം ജലജന്തു എന്നിവയെ വേട്ടയാടിയോ വളർത്തിയോ അവയുടെ തോലും പാലും മാംസവും ഉപയോഗിച്ചു ജീവിക്കുന്നവരാണിവർ. അടുത്തകാലത്തു് ഈ മേഖലയിൽനിന്നു് ഇരുമ്പു്, ചെമ്പു്, നിക്കൽ, സ്വർണ്ണം, യൂറേനിയം മുതലായവ ഖനനംചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. ശൈത്യമേഖലയിലെ സൂചിയിലക്കാടുകൾ മൃദുത്വമുള്ള മരങ്ങൾ നിറഞ്ഞവയാണു്. കടലാസ് വ്യവസായത്തിന്നും തീപ്പെട്ടി വ്യവസായത്തിന്നും ഉപയോഗമുള്ളതാണു് ഈ വൃക്ഷങ്ങൾ, അധികം രോമമുള്ള തോലോടുകൂടിയ പല ചെറിയ മൃഗങ്ങളും ഇവിടെയുണ്ടു്. അവയുടെ തോൽ വിദേശങ്ങളിലേക്കു കയററി അയയ്ക്കുന്നു.

## പ്രായോഗിക പ്രവർത്തനങ്ങൾ

### അദ്ധ്യായം 6

1. സൗരമണ്ഡലത്തിലെ പ്രധാന ഘടകങ്ങളെ കാണിക്കുന്ന ചിത്രം വരയ്ക്കുക.
2. ഭൂമിയിലെ പ്രധാന മേഖലകളെ കാണിക്കുന്ന പടം വരയ്ക്കുക ഓരോ മേഖലയേയും കാണിക്കുന്ന അക്ഷാംശരേഖകളെ അടയാളപ്പെടുത്തുക.
3. ലോകത്തിൻെറ സ്വാഭാവിക (Natural Regions) വിഭാഗങ്ങൾ കാണിക്കുന്നതായ മാപ്പ് വരയ്ക്കുക. ഒരേ അക്ഷാംശത്തിൽ കിടക്കുന്ന രാജ്യങ്ങളിൽ കാലാവസ്ഥയിലോ, ഭൂപ്രകൃതിയിലോ വല്ല സാമ്യവ്യത്യാസങ്ങളും കാണുന്നുണ്ടോ?
4. ലോകത്തിലെ മൂന്നു പ്രധാന മേഖലകളെ കാണിച്ച്, അവയിൽ ഓരോന്നിലും കണ്ടുവരുന്ന പക്ഷിമൃഗാദികളുടെ ചിത്രങ്ങൾ വരയ്ക്കുകയോ, വെട്ടിയൊട്ടിക്കുകയോ ചെയ്യുക.
5. ഒരു മരുപ്പച്ചയുടെ മാതൃക നിർമ്മിക്കുക. ഒട്ടകങ്ങൾ, അറബികൾ, കൂടാരം, വെള്ളം, ഈന്തപ്പന, കള്ളിച്ചെടികൾ എന്നിവ കാണിക്കണം. ചിത്രങ്ങൾ വരച്ച് കാർഡ്ബോഡിൽ ഒട്ടിച്ച വെട്ടിയെടുത്ത് മണലിൽ തറച്ചുനിറുത്തുക.
6. ധ്രുവപ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതരീതി മനസ്സിലാക്കുവാൻ അവരുടെ വാസസ്ഥലത്തിൻെറ മാതൃക നിർമ്മിക്കുക. (Igloo, റെയിൻ ഡിയർ, സീൽ മത്സ്യം, തോൽവസ്ത്രങ്ങൾ ധരിക്കുന്ന എസ്കിമോകൾ എന്നിവ കാണിക്കുക).
7. ഉഷ്ണമാപിനി ഉപയോഗിച്ച് ഒരു ദിവസത്തെ ഏററവും കൂടുതൽ ഉഷ്ണവും, ഏററവും വർദ്ധിച്ച ശൈത്യവും കണ്ടുപിടിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കുക.

---

COVER PRINTED AT THE
GOVERNMENT PRESS, TRIVANDRUM, 1961.